# ജനകീയാസൂത്രണം

## വികസന റിപ്പോർട്ട്

ബാലരാമപുരം ഗ്രാമപഞ്ചായത്ത്

ബാലരാമപുരം-695 501
ഫോൺ: 400342

# സമർപ്പണം

കേരള ചരിത്രത്തിലെ ധന്യമുഹൂർത്തമാണ് ഒൻപതാം പദ്ധതിയുടെ ആവിഷ്ക്കാരം. ഗ്രാമസഭകളിൽ മുഴങ്ങികേട്ട അനുഭവസമ്പന്നരുടെ ദീനതയുടെയും പരാധീനതകളുടെയും അഭിപ്രായങ്ങളുടെയും ക്രോഡീകരണവും, പഞ്ചായത്തുതല ആസൂത്രണ വിദഗ്ധസമിതി വിവിധ ആഫീസുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും, ശേഖരിച്ച ദ്വിതീയ വിവരശേഖരണവും പഞ്ചായിലുടനീളം നടത്തിയ ഭൂപ്രകൃതി പഠനയാത്രയും സംയോജിപ്പിച്ചപ്പോൾ ഈ റിപ്പോർട്ടായി. 1997 ഏപ്രിൽ മുതൽ 2002 വരെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് വേണ്ടിയുള്ള ഒരു വികസനറിപ്പോർട്ടും അതോടൊപ്പം പുതിയ തലമുറയ്ക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിനെക്കുറിച്ചുള്ള ഒരു പഠനരേഖയും ആണിതെന്ന് അറിയിച്ചുകൊള്ളട്ടെ. സമഗ്രമായ ചർച്ചകളിലൂടെ പൂർണമാക്കാൻ സവിനയം സമർപ്പിക്കട്ടെ!

സ്നേഹാദരങ്ങളോടെ

എസ്. കൃഷ്ണൻകുട്ടി
പ്രസിഡൻറ്
ബാലരാമപുരം ഗ്രാമപഞ്ചായത്ത്

ബാലരാമപുരം
7-12-1996

## എഡിറ്റോറിയൽ ബോർഡ്

ശ്രീ. എസ്. കൃഷ്ണൻകുട്ടി (പ്രസിഡൻറ്)
ശ്രീ. ബി. കൃഷ്ണൻകുട്ടി (മെമ്പർ)
ശ്രീ. എസ്. കുമാർ (മെമ്പർ)

## വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

കെ. ഗോപിനാഥൻ
കെ.പി. സജികുമാർ
എൻ.ആർ. ജയപാൽ
എം. അനിൽകുമാർ

### സഹായികൾ

അഡ്വ. എൻ. നാഗപ്പൻനായർ
ശ്രീ. ആർ.ജി. അശോക്കുമാർ
ശ്രീ. വി. ഹരികുമാർ
ശ്രീ. എ. ഷഹാബുദീൻ
ശ്രീ. വിശ്വനാഥൻ
ശ്രീ. സജീവ്
ശ്രീ. വിനോദ്
ശ്രീ. സുരേന്ദ്രൻ നായർ (ആർട്ടിസ്റ്റ്, അമ്പാ ഫോട്ടോസ്, ബാലരാമപുരം)

*അച്ചടി - ജി.വി. പ്രിന്റേഴ്സ്, ബാലരാമപുരം. ഫോൺ - 400516*

'ഏറ്റവും അടിത്തട്ടിലുള്ളവർക്ക്
പോലും ഇതെന്റെ നാടാണെന്നും
ഇതിന്റെ നിർമ്മിതിയിൽ എനിക്കും
പങ്കുണ്ടെന്നും ബോധ്യമാവണം'
അതാണ് സ്വരാജിലേയ്ക്കുള്ള വഴി

– ഗാന്ധിജി –



## ഇ.എം.എസ് നമ്പൂതിരിപ്പാട്

ചെയർമാൻ
ഉന്നതതലമാർഗ നിർദ്ദേശക സമിതി
ജനകീയാസൂത്രണ പ്രസ്ഥാനം

ജാതിയുടേയും മതസമുദായത്തിന്റേറയും രാഷ്ട്രീയ പാർട്ടി യുടേയും പേരിൽ ഭിന്നിച്ചു നിൽക്കുന്ന കേരള ജനത യ്ക്ക് വികസനത്തിന്റെ കാര്യത്തിൽ ഒന്നിക്കാൻ കഴിയു മെന്ന് ജനകീയാസൂത്രണത്തിന്റെ അനുഭവം തെളിയിച്ചി രിക്കുന്നു. യോജിച്ച പ്രവർത്തനത്തിന്റെ മേഖല വിക സിപ്പിക്കാനുള്ള സാധ്യത വളർന്നുവരികയാണെന്നർത്ഥം. അതു തികച്ചും ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവരെല്ലാം ശ്രമിക്കണമെന്നാണ് എന്റെ ആഗ്രഹം.

ഇ.കെ. നായനാർ (മുഖ്യമന്ത്രി)
സംസ്ഥാന പ്ലാനിംഗ് ബോർഡ് ചെയർമാൻ

ഡോ. എസ്. കരുണാകരൻ നായർ



പി. ഫക്കീർഖാൻ

സി.എം. അരുണാചലം

പ്രസിഡൻറ്
എസ്. കൃഷ്ണൻകുട്ടി



വൈസ് പ്രസിഡൻറ്
മുഹമ്മദ് റാഫി ഫക്കീർഖാൻ



പ്രചാരണ കമ്മിറ്റി ചെയർമാൻ
പി. കൃഷ്ണൻ

*ഭരണസമിതി അംഗങ്ങൾ*



ബി. കൃഷ്ണൻകുട്ടി - X



എസ്. കുമാർ - IX



എം. ശരത്കുമാർ - VII



ഫ്രാൻസിസ് - XII



വി. അജികുമാർ - III

എം. ശാന്തി - XI

കുമാരി ഗീത - IV

റംലാബീവി - VIII

കെ. ലതിജകുമാരി - II

## നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ പേരും പദവിയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എസ്.ഡി. ഗോപകുമാർ | - | *സെക്രട്ടറി* |
| ആർ. രാധാകൃഷ്ണൻ നായർ | - | *ജൂനിയർ സൂപ്രണ്ട്* |
| കെ. മോഹനകുമാരൻ നായർ | - | *യു.ഡി. ക്ലാർക്ക്* |
| എസ്. കുമാരി ശ്യാമള | - | *യു.ഡി. ക്ലാർക്ക്* |
| ജി. കുമാരി സുധ | - | *യു.ഡി. ക്ലാർക്ക്* |
| ജെ. വത്സലം | - | *എൽ.ഡി. ക്ലാർക്ക്* |
| ആർ. സദാശിവൻ നായർ | - | *എൽ.ഡി. ക്ലാർക്ക്* |
| ബി. രാജേന്ദ്രൻ തമ്പി | - | *എൽ.ഡി. ക്ലാർക്ക്* |
| കെ. സുരേന്ദ്രൻ | - | *എൽ.ഡി. ക്ലാർക്ക്* |
| എ. ഡെയ്സി | - | *ഓവർസിയർ ഗ്രേഡ്-2* |
| എ. പീരുമുഹമ്മദ് | - | *പ്യൂൺ* |
| ആർ. രാധ | - | *പ്യൂൺ* |
| പി. സുഗതൻ | - | *ടില്ലർ ഡ്രൈവർ* |
| ബി. സ്വർണ്ണമ്മ | - | *ഫുൾടൈം സ്കാവഞ്ചർ* |
| ജെ. ബേബി | - | *ഫുൾടൈം സ്വീപ്പർ* |
| എസ്. ജോയിസ് | - | *ഫുൾടൈം സ്വീപ്പർ* |
| സി. കൃഷ്ണമ്മ | - | *ഫുൾടൈം സ്വീപ്പർ* |
| ഇ. സാറാമ്മ | - | *ഫുൾടൈം സ്വീപ്പർ* |
| എസ്. ബേബി | - | *ഫുൾടൈം സ്കാവഞ്ചർ* |


BALARAMAPURAM GRAMA PANCHAYAT
N
1
Thempamuttam
2
Russelpuram
3
Punnacadu
4
Balaramapuram Town
5
Thalayal
6
Manaliyil
7
Ithiyoor
8
office ward
9
thope
10
Anthiyoor
11
Nellivila
12
kottukalkonam
TVM
NTL

# വികസന റിപ്പോർട്ടിന് ആധാരമായ രേഖകൾ

1. ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം.
2. ദ്വിതീയ വിവരശേഖരണം.
3. പഠന പര്യടനം.
4. ചരിത്രപഠനം.
5. നടപ്പു സ്കീമുകളുടെ അവലോകനം.

## ഉള്ളടക്കം

1. ആമുഖം
2. പൊതുവിവരണങ്ങളും - ഭരണപരമായ ചരിത്രവും.
3. സാമൂഹ്യ-സാംസ്കാരിക ചരിത്ര പശ്ചാത്തലം.
4. ഭൂപ്രകൃതി.
5. സാമൂഹ്യ-സാമ്പത്തിക മേഖലകൾ.
6. ഉപസംഹാരം.

# ആമുഖം

അധികാരവികേന്ദ്രീകരണ സങ്കൽപ്പം സാർത്ഥകമാക്കിക്കൊണ്ടുള്ള ഐതിഹാസികമായ പഞ്ചായത്തീരാജ് നിയമം നിലവിൽവന്നു കഴിഞ്ഞു. ഗാന്ധിയൻ ചിന്തകളുടെ സാക്ഷാൽക്കാരവും രാഷ്ട്രപിതാവിന്റെ സ്വപ്ന സാഫല്യവുമായിട്ടാണ് പഞ്ചായത്തീരാജ് സംവിധാനത്തെ ഉത്ഘോഷിക്കുന്നത്. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജും ഐക്യകേരളത്തിൽ അടുത്ത കാലത്ത് രൂപം കൊണ്ട പഞ്ചായത്തീരാജ് സംവിധാനവും ഏറേ ചർച്ച ചെയ്യപ്പെടേണ്ടതും പഠനവിഷയമാക്കേണ്ടതുമാണ്.

ഭാരതസ്വാതന്ത്ര്യ ലബ്ധിക്കുശേഷം പഞ്ചവൽസരപദ്ധതികൾ എട്ടും പിന്നിട്ടപ്പോൾ കാര്യക്ഷമതയും ദീർഘവീക്ഷണവുമുള്ള ഭരണാധികാരികൾ, വിഭാവനംചെയ്ത പദ്ധതി ആസൂത്രണങ്ങൾ, വിലയിരുത്തപ്പെട്ടപ്പോൾ ഉണ്ടായ ആസൂത്രണ വൈകല്യങ്ങൾ കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണവൈകല്യങ്ങൾ ഉന്നതതല അധികാരസമിതി സമഗ്രമായി ചർച്ച ചെയ്യുകയും ഉണ്ടായ കുറവുകൾ പരിഹരിക്കപ്പെടാൻ ദശാബ്ദങ്ങളായി ചർച്ചകൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന വേളയിലാണ് ഭരണഘടനയുടെ 73, 74 ഭാഗങ്ങൾ ഭേദഗതികൾ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഇന്ത്യാ ഗവൺമെൻറ് അധികാര വികേന്ദ്രീകരണ വിളംബരം നടത്തിയത്. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ് ഗാന്ധിജിയുടെ ആവാക്കുകൾ ഭരണതലങ്ങളിലും, ജനപഥങ്ങളിലും ഒരു പ്രതിധ്വനിയായി ഇന്നും നിലകൊള്ളുകയാണ് അധികാര വികേന്ദ്രീകരണ വിളംബരത്തോടുകൂടി ഗാന്ധിയൻ സ്വപ്നങ്ങൾ പൂവണിയുകയാണ് എന്ന് നമുക്ക് പ്രതീക്ഷിക്കാം.

ശാസ്ത്രസാങ്കേതികരംഗത്ത് ഭാരതത്തിന്റെ വളർച്ച വികസിതരാഷ്ട്രങ്ങൾക്കിടയിൽപ്പോലും അസൂയ ഉളവാക്കുന്നതരത്തിൽ ഏറെ പ്രശംസനീയമാണ്. അഗ്നി, പ്രിഥ്വി, അർജുൻ, തുടങ്ങിയ ഹ്രസ്വ- ദീർഘ-വേധ-മിസൈലുകളുടെ നിർമ്മാണവും സാമ്രാജ്യത്വ ശക്തികൾക്കെതിരെ ആണവനിരോധന കരാറിൽ ഒപ്പിടാത്ത ഇൻന്ത്യയുടെ തന്റേടവും, ധൈര്യവും, ഏതൊരു ദേശസ്നേഹിയേയും പുളകം കൊള്ളിക്കുന്ന ഒന്നാണ്. എന്നാൽ രാഷ്ട്രത്തിന്റെ മൗലിക പ്രശ്നങ്ങൾ സൂഷ്മമായി പരിശോധിക്കുമ്പോൾ നമ്മുടെ പദ്ധതികൾ വിഭാവനംചെയ്തതരത്തിൽ ജനങ്ങൾക്കിടയിൽ എത്തിയിട്ടില്ല എന്ന സത്യം ഏതൊരു ദേശസ്നേഹിയേയും ദുഖിപ്പിക്കുന്ന ഒന്നാണ്.

ഐക്യകേരള പിറവിക്കുശേഷം സാക്ഷരകേരളം ദശാബ്ദങ്ങളായി കാത്തിരുന്ന ഒന്നാണ് പഞ്ചായത്തീരാജ് സംവിധാനം. ഈ പുത്തൻസംവിധാനത്തിന്റെ ഭാഗമായിട്ടുള്ള ത്രീതല ഭരണസംവിധാനം കേരളത്തിൽ നിലവിൽവന്നു എന്നുള്ളത് കേരളീയരെ സംബന്ധിച്ചിടത്തോളം അഭിമാനം ഉണർത്തുന്ന ഒന്നാണ്. "ജനങ്ങൾ ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണ സംവിധാനമാണ് ജനാധിപത്യം" എബ്രാഹം ലിങ്കൺ പറയുകയുണ്ടായി. ഈ ജനാധിപത്യ നിർവചനത്തിലധിഷ്ഠിതമായ ഒരു ഭരണ സംവിധാനമാണ് ഭാരതത്തിലും കേരളത്തിലും നിലനിൽക്കുന്നതെങ്കിലും നിർഭാഗ്യവശാൽ ബ്യൂറോക്രേറ്റുകളുടെയും തത്പദീക്ഷയില്ലാത്ത ഭരണാധികാരികളുടെയും കരവലയങ്ങൾക്കുള്ളിൽ ജനാധിപത്യമൂല്യങ്ങൾ ഹിംസിക്കപ്പെടുകയാണ് എന്ന് സംശയിക്കപ്പെടേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള ഉദ്യോഗസ്ഥ പ്രഭുക്കൻമാരും ഭരണാധികാരികളും കേരളത്തിൽ രൂപം കൊണ്ട പഞ്ചായത്തീരാജ് സംവിധാനത്തെ ഒരു പരീക്ഷണവസ്തുവായി കാണുകയും സങ്കൽപ്പിക്കുകയും ചെയ്യുന്നു.

ഐക്യകേരളപ്പിറവിക്കുശേഷം സംവത്സരങ്ങളായി കേരളത്തിന്റെ വികസനരംഗത്ത് ഒരു മുരടിപ്പു അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതായി പലതരത്തിലുള്ള പഠനങ്ങളും

തെളിയിക്കുകയുണ്ടായി. ദീർഘവീക്ഷണമുള്ള ഭരണകർത്താക്കളും കാര്യക്ഷമതയുള്ള സാമ്പത്തിക വിദഗ്ധരും പ്രതിഭാശാലികളായ ശാസ്ത്രജ്ഞൻമാരും വരും തലമുറയുടെ നില നില്പിന് ഭീക്ഷണിയായിട്ടുള്ള വികസനമുരടിപ്പ് ശ്രദ്ധിക്കുകയും ചർച്ചചെയ്യുകയും ഉണ്ടായി, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വലിപ്പത്തിൽ ചെറുതും ജനസംഖ്യാനുപാദത്തിൽ വലുതുമാണ്. ഇവിടത്തെ സാമൂഹികക്രമം, കാലാവസ്ഥ, ഭൂപ്രകൃതി ഇവയെല്ലാം മറ്റു സംസ്ഥാനങ്ങളിൽനിന്നും കുടിയേറിപ്പാർക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങളാണ്. ഇത്തരത്തിൽ കാലാന്തരത്തിൽ കേരളം മറുനാടൻ ജനവിഭാഗങ്ങളുടെ പ്രതീക്ഷാ കേന്ദ്രമായിത്തീരാൻ സാധ്യതയേറെയുള്ളതുകൊണ്ട് വർത്തമാനകാല ജീവിതക്രമങ്ങളിൽനിന്നും ഭാവികാലജീവിതചര്യ തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്. കേരളത്തിലെ ബൗദ്ധികതേജസ്സുകളും, ശാസ്ത്ര-സാഹിത്യ-സാങ്കേതികരംഗത്ത് സേവനം നടത്തുന്ന സംഘടനകളും ചേർന്ന് ഒരു പൊതുചർച്ച ഉയർത്തിക്കൊണ്ടുവരികയും അതിലൂടെ കേരളത്തിന്റെ നിലനിൽപ്പിനും വികസനത്തിനും സ്വാശ്രയത്വം അനിവാര്യമാണെന്നുള്ള ആശയം രൂപപ്പെടുത്തുകയും ചെയ്യുകയുണ്ടായി. എല്ലാത്തിനും നമ്മിലുള്ള പരാശ്രയത്വം വെടിഞ്ഞ് സ്വാശ്രയത്വം എന്ന തത്വം ഇതിനകം തന്നെ കേരളീയമനസ്സുകളിൽ പതിഞ്ഞുകഴിഞ്ഞു.

കേരളത്തിൽ അടുത്ത കാലത്തുണ്ടായ ഭരണമാറ്റം കേരളത്തിലെ ഗ്രാമങ്ങളെ സ്വാശ്രയത്വമുള്ളതാക്കാൻ ഗഹനമായി ചിന്തിപ്പിക്കുകയും തൽഫലമായി ഒൻപതാം പഞ്ചവൽസരപദ്ധതി ജനകീയആസൂത്രണ പദ്ധതി ആയി ആവിഷ്ക്കരിക്കുവാൻ സംസ്ഥാനഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു. നാളിതുവരെ കേരളീയമനസ്സിലുണ്ടായിരുന്ന വികസനസങ്കൽപ്പങ്ങളെ ദുരീകരിച്ചുകൊണ്ട് ഒരു പുത്തൻ വികസനസംസ്കാരപ്രകീയക്കാണ് തുടക്കംകുറിച്ചിരിക്കുന്നത്. ഈ പുത്തൻ രാഷ്ട്രീയ വികസനസംസ്കാര ചർച്ച കേരളത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന ഒന്നാണ്. രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക- സാമ്പത്തിക നഭോമണ്ഡലങ്ങളിൽ ദശാബ്ദങ്ങളായി പ്രശോഭിച്ചുനിൽക്കുന്ന കേരളത്തിലെ സമാദാരണീയ രാഷ്ട്രീയ നേതാക്കൾ കക്ഷിരാഷ്ട്രീയ മതിൽക്കെട്ടുകൾ മറന്നുകൊണ്ട് ഐകരൂപ്യത്തിന്റെ ഭാഗമായി ഒരു മേശയ്ക്കുചുറ്റിലും ഇരുന്നുകൊണ്ട് കൂട്ടായി ചിന്തിച്ചു. കേരളത്തിന്റെ വികസനമുരടിപ്പുമാറ്റാൻ- ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്ക്കാര സൃഷ്ടിക്കായി കേരളത്തിന് ഒരു ജനകീയപ്രസ്ഥാനം കാലഘട്ടത്തിന്റെ അനിവാര്യഘടകമാണ്. അങ്ങനെ ഒൻപതാം പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യാൻ സംസ്ഥാന ആസൂത്രണ ബോർഡ് ജനകീയ ആസൂത്രണപ്രസ്ഥാനത്തെ ചുമതലപ്പെടുത്തുകയുണ്ടായി.

സാമൂഹ്യതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതു പ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുകയും ചെയ്യുന്ന പ്രക്രിയക്കാണ് ആസൂത്രണം എന്ന് പറയുന്നത്. ഈ ആസൂത്രണപ്രകീയ ജനകീയ വൽക്കരിക്കുമ്പോൾ അത് ജനകീയആസൂത്രണ പ്രസ്ഥാനമായി മാറുന്നു. അഞ്ചുവർഷത്തിലൊരിക്കൽ വോട്ടുരേഖപ്പെടുത്തുവാനുള്ള അവകാശം മാത്രമല്ല, നമ്മുടെ നാട്ടിൽ ഏതെല്ലാം പദ്ധതികൾ നടത്തണം എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം കൂടിയാണ് ജനകീയ ആസൂത്രണപ്രസ്ഥാനത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് കൈവന്നിരിക്കുന്നത്.

ചരിത്രമുറങ്ങുന്ന അനന്തപുരിയുടെ നെറുകയിൽ സർവ്വകലാശാലാസെനറ്റ് ഹാളിൽ, ആയിരക്കണക്കിന് ചരിത്രകാരൻമാരെയും, സാമ്പത്തികവിഗദ്ധൻമാരെയും രാഷ്ട്രീയ സാമൂഹ്യ-സാംസ്ക്കാരിക ആചാര്യൻമാരെയും സാക്ഷിനിർത്തി, കേരളപ്പഴമയുടെ പ്രൗഢി ഉത്ഘോഷിച്ചുകൊണ്ട്, രാഷ്ട്രീയ, സാമൂഹ്യസാംസ്ക്കാരികരംഗത്തെ കുലപതിയും ഐക്യകേരളത്തിന്റെ പ്രഥമമുഖ്യമന്ത്രിയുമായ ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാട്. ജനകീയആസൂത്രണ പ്രസ്ഥാനത്തിന്റെ ഔപചാരികമായ ഉത്ഘാടനകർമ്മം ചിങ്ങമാസപുലരിയിൽ നിർവഹിക്കുകയുണ്ടായി. തുടർന്ന് കേരള

ത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും ജനകീയആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ആരവം ഉയരുകയുണ്ടായി.

ജനകീയ ആസൂത്രണപ്രസ്ഥാനം അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യ മാക്കുന്നതിനുള്ള ജനകീയമുന്നേറ്റമാണ്. അധികാരം ജനങ്ങളിലേക്ക് എത്തിക്കുക എന്ന പ്രക്രിയ കാലവിളംബം കൂടാതെ നടപ്പിലാക്കാ നുള്ള ഒരു പ്രായോഗികമാർഗ്ഗമാണിത്. ഇതിലേക്ക് വേണ്ടിയാണ് ഒൻപതാംപദ്ധതി ജനകീയ ആസൂത്രണ പദ്ധതിയായി പ്രഖ്യാപിച്ചിരിക്കുന്നത്. പഞ്ചായത്ത്-മുൻസിപ്പൽ സമിതികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളെയും വിഗദ്ധൻ മാരെയും ഉദ്യോഗസ്ഥരെയും പ്രാദേശിക മായി കോർത്തിണക്കുന്ന ഒരു പ്രവർത്തന ശൈലിയാണ് ഈ പ്രസ്ഥാനത്തിന്റെത്. അധികാരവികേന്ദ്രീകരണത്തിനു തടസം നിൽക്കുന്ന നിക്ഷിപ്ത താല്പര്യങ്ങളെയും ഭൂതകാലജഡഭാരങ്ങളെയും തകർക്കുന്നതിന് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന് നമുക്കു പ്രത്യാശിക്കാം.

കേരളീയരുടെ മനസ്സിൽ ദശാബ്ദങ്ങളായി അന്തർലീനമായിരിക്കുന്ന വികസനസങ്കൽപ്പം പൂർണ്ണമായും തിരുത്തപ്പെടേണ്ടതാണ്. ജനങ്ങ ളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രീയയാണ് വികസനം. സ്ഥായി ആയതും നീതിപൂർവ്വകവു മായദ്രുതഗതിയിലുള്ള സാമ്പത്തികവളർച യാണ് വികസനം. ഇത്തരത്തിലുള്ള ഒരു സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് സഹായ കരമായി പ്രവർത്തിക്കേണ്ട പ്രസ്ഥാനമാണ് ജനകീയ ആസൂത്രണപ്രസ്ഥാനം. പ്ളാനിംഗ് ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ക്കനുസൃതമായി താഴെത്തട്ടിൽനിന്നുള്ള ആസൂത്രണം പൂർണ്ണമായി വിവിധതട്ടുകളിലെ തദ്ദേശയസ്വയംഭരണ സ്ഥാപനങ്ങളാണ് നിർവഹിക്കേണ്ടത്. ഈ കടമ നിർവഹിക്കുന്ന തിനുമാണ് ജനകീയ ആസൂത്രണപ്രസ്ഥാനം.

ജനകീയ ആസൂത്രണപ്രസ്ഥാനം ശക്തിപ്പെടുത്താനും ഒൻപതാം പഞ്ചവൽസര പദ്ധതി രൂപപ്പെടുത്താനും വേണ്ടിയുള്ള പ്രഥമപ്രവർത്തനം ഗ്രാമസഭകളുടെ യോഗം ചേരലാണ്. അധികാരവികേന്ദ്രീകരണ ചർച്ചകളുടെ ഉറവിടങ്ങൾ ഗ്രാമസഭകളാണ് പാശ്ചാത്യ,പൗരസ്ത്യ സർവ്വകവാശാലകളിൽ നിന്നും അന്തർദേശീയപുരസ്ക്കാരങ്ങൾ നേടിയ വിദഗ്ധൻമാർ, അവരുടെ ഭാവനകളിൽനിന്നും ഉദയം ചെയ്യുന്നതായിരുന്നു പദ്ധതികളായി രുന്നെങ്കിൽ, ഇന്നുകളിൽ മലയാളികളുടെ മനസ്സിൽ മനനം ചെയ്തെടുത്ത അനുഭവ ത്തിന്റെ അറിവ് ആണ് പദ്ധതികളായി രൂപം കൊള്ളുന്നത്. അതുകൊണ്ട് കേരളീയരെ സംബന്ധിച്ചിടത്തോളം ഗ്രാമസഭകൾ ധന്യവും, അനുഗൃഹീതവും, ചരിത്രപരവുമായ സുവർണ നിമിഷങ്ങളാണ്.

ഒൻപതാം പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യുന്നതിനുവേണ്ടിയുള്ള ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഔപചാരികമായ തുടക്കം 1996 സെപ്റ്റംബർ 9,10,11 തീയ്യതികളിൽ കോവളത്തുനടന്ന ഒന്നാംഘട്ട പരിശീലനത്തിനോടപ്പം ആരംഭിക്കുകയുണ്ടായി. ഈ പരിശീലന പരിപാടിയിൽ ഡി.ആർ.പിമാരായി ഏഴുപേർ പങ്കെടുക്കുകയുണ്ടായി. അതിനെ തുടർന്ന് ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ ഒന്നാംഘട്ട പരീശീലനം 15-9-1996 ഞായറാഴ്ച ബാലരാമപുരം ഗവൺമെന്റ് ഹൈസ്ക്കൂ ളിൽ നടക്കുകയുണ്ടായി. ഈ ശിൽപ്പശാലയിൽ എൺപത്തിയഞ്ച് പേർ പങ്കെടുക്കുകയു ണ്ടായി. ഈ ശിൽപശാലയിൽനിന്നും എൽ.ആർ.പിമാരെ തെരഞ്ഞെടുക്കുക യുണ്ടായി. ശിൽപ്പശാലയുടെ ഔപചാരിക മായ ഉദ്ഘാടനം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. തോപ്പിൽ ശിവശങ്കരൻ നിർവഹിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത അധ്യക്ഷൻ ശ്രീ. ബാലരാമപുരം കൃഷ്ണൻക്കുട്ടി അദ്ധ്യക്ഷതവഹിച്ചയോഗത്തിൽ ആദ്യകാല പ്രസിഡൻറ് ഡോക്ടർഎസ്. കരുണാകരൻ നായർ, ശ്രീ. ഫക്കീർഖാൻ, ജില്ലാപഞ്ചായ ത്തംഗം ശ്രീമതി. ബി. ശശികല ബ്ലോക്ക് പഞ്ചായത്തംഗളായ ശ്രീമതി. സി. ശോഭന, ശ്രീ. എം. വിൻസെൻറ്, പഞ്ചായത്ത്

കമ്മിറ്റിഅംഗങ്ങൾ എന്നിവർ പങ്കെടുക്കുക യുണ്ടായി. പന്ത്രണ്ട് വിഷയങ്ങളെ ആസ്പദമാക്കി വിവിധവിഷയഗ്രൂപ്പുകൾ സമഗ്രമായ ചർച്ച നടത്തിയശേഷം ഭാവിപരിപാടികളെക്കിറിച്ച് ആലോചിക്കുകയും ഗ്രാമസഭകൾ ചേരുന്ന തിനുള്ള തീയതികൾ നിശ്ചയിക്കുകയും ചെയ്തു. ശിൽപ്പശാലയിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാർ വിവിധ വിഷയളെക്കുറിച്ച് ക്ലാസെടുക്കുകയും ചെയ്തു.ശിൽപ്പശാല വൈകുന്നേരം ആറ് മണിക്ക് ഔപചാരികമായി പിരിയുകയുണ്ടായി.

നിശ്ചയിച്ച തീയ്യതിപ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ ഗ്രാമസഭ 2-10-96 രണ്ട് മണിക്ക് പേഴൂർക്കോണം അംഗൻവാടിയിൽ സമ്മേളി ക്കുകയുണ്ടായി. ഈ ഗ്രാമസഭയിൽ നൂറ്റിനാൽ പ്പത്തിആറുപേർ പങ്കെടുത്തു. സ്ത്രീകളുടെ പങ്കാളിത്തവും ഉദ്യോഗസ്ഥൻമാരുടെ സാനിദ്ധ്യവും ഉണ്ടായിരുന്നു. പന്ത്രണ്ട് വിഷയങ്ങളെ ആറു ഗ്രൂപ്പുകളാക്കി തിരിച്ച് ചർച്ചചെയ്യുകയും ഓരോ ഗ്രൂപ്പിൽനിന്നും രണ്ടുപേർവീതം വികസനസെമിനാറിൽ പങ്കെടുക്കുന്നതിലേക്ക് വേണ്ടി തെരെഞ്ഞെടു ക്കുകയും ചെയ്തു.

രണ്ടാം വാർഡിലെ ഗ്രാമസഭയുടെ യോഗം 2-10-96ൽ കെ.വി.എൽ.പി.എസ്. തേമ്പാമുട്ടത്ത് വച്ച് നടന്നു. പ്രസ്തുത ഗ്രാമസഭയിൽ നൂറ്റി അഞ്ചുപേർ പങ്കെടുക്കു കയും ചെയ്തു. സ്ത്രീകളുടെയും ഉദ്യോഗസ്ഥരു ടെയും സജീവസാന്നിദ്ധ്യം കൊണ്ട് സഭ ശ്രദ്ധേയമായിരുന്നു.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ ഗ്രാമസഭ 20-10-96ൽ പുന്ന യ്ക്കാട് എൽ.പി.എസ്സിൽ. ചേരുകയുണ്ടായി. ഈ ഗ്രാമസഭയിൽ അറുപത്തിയാറുപേർ പങ്കെടുക്കുകയുണ്ടായി. സഭയിൽ സ്ത്രീകളും ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു. റിസോഴ്സ് പേഴ്സൺമാർ വിവിധ വിഷയ ങ്ങളെകുറിച്ചും ആസൂത്രണത്തിന്റെ വെല്ലു വിളികളെക്കുറിച്ചും ക്ലാസ്സെടുത്തു.

നാലാംവാർഡിലെ ഗ്രാമസഭ 6-10-96ൽ ബാലരാമപുരം രേണു കല്യാണമണ്ഡപ ത്തിൽ ചേരുകയുണ്ടായി. എഴുപത്തിയെട്ടു പേർ പങ്കെടുത്ത ഈ ഗ്രാമസഭയിൽ സ്ത്രീകളുടെ സജീവസാന്നിദ്ധ്യം ഉണ്ടായിരുന്നു. ഗവൺ മെൻറ് ഉദ്യോഗസ്ഥരും മറ്റ് റിട്ടയർചെയ്ത സർക്കാർ ജീവനക്കാരും പ്രസ്തുത ഗ്രാമസഭയിൽ പങ്കെടുത്തു. സജീവമായ ചർച്ചകൾക്കുശേഷം സഭ 7 മണിക്ക് യോഗം പിരിഞ്ഞു.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ അഞ്ചാംവാർഡ് ഗ്രാമസഭ 6-11-1996-ൽ തലയൽ ദേവിവിലാസം എൽ.പി.എസ്സിൽ ചേരുകയു ണ്ടായി. 167 പേർ പങ്കെടുത്തു. ഗ്രാമസഭയിൽ സ്ത്രീകളുടെ എണ്ണം വളരെ കൂടതലായിരുന്നു. സർക്കാർ ജീവനക്കാരുടെയുംമറ്റു വിദഗ്ധൻ മാരുടെയും സജീവ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമായിരുന്നു. സഭയിൽ വിവിധ വിഷയഗ്രൂപ്പുകൾ ക്രീയാത്മകമായി ചർച്ചകൾ നടത്തുകയും ചെയ്തു. സഭാനടപടികൾക്കു ശേഷം ഉച്ചക്ക് 2 മണിക്ക് യോഗം പിരിഞ്ഞു.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിന്റെ ഗ്രാമസഭ 29-9-96ൽ ബാലരാമപുരം ഗവൺമെന്റ് ഹൈസ്കൂളിൽ ചേരുകയുണ്ടായി. പ്രസ്തുത സഭയിൽ 57 പേർ പങ്കെടുത്തു. ക്രിയാത്മകമായ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും ശേഷം 6 മണിക്ക് സഭ പിരിഞ്ഞു.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിലെ വിശേഷാൽ ഗ്രാമസഭ ഐത്തിയൂർ എസ്.എൻ.ഡി.പി. ഹാളിൽ 2-10-96ന് സമ്മേളിക്കുകയുണ്ടായി. ഈ വിശേഷാൽ ഗ്രാമസഭയിൽ 178 പേർ പങ്കെടുത്തു. സ്ത്രീകളുടെ സജീവസാന്നിദ്ധ്യ മുണ്ടായിരുന്നു. ഗ്രാമസഭയിൽ വിഷയ ഗ്രൂപ്പുകളുടെ ക്രീയാത്മകമായ ചർച്ചകൾ നടന്നു. ഉദ്യോഗസ്ഥരുടെ പങ്കാളിത്തവും ഉണ്ടായിരുന്നു. വൈകുന്നേരം 7 മണിക്ക് ഗ്രാമ സഭായോഗം പിരിയുകയുണ്ടായി.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 8-ാംവാർഡിലെ വിശേഷാൽ ഗ്രാമസഭ 13-10-96ന് സർവ്വീസ് സഹകരണബാങ്ക് റ്റി.14 ആഡിറ്റോറിയത്തിൽ വച്ച് നടക്കുകയുണ്ടായി. പ്രസ്തുത ഗ്രാമസഭയിൽ 102പേർ പങ്കെടു ക്കുകയും സ്ത്രീകളുടെയും ഉദ്യോഗസ്ഥരുടെയും

റിട്ടയർ ചെയ്ത സർക്കാർ ജീവനക്കാരുടെയും സജീവസാന്നിധ്യം കൊണ്ട് വിശേഷാൽ ഗ്രാമസഭ ശ്രദ്ധേയമായിരുന്നു. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കു ശേഷം പ്രസ്തുത ഗ്രാമസഭ വൈകുന്നേരം 6 മണിക്ക് യോഗം പിരിഞ്ഞു.

9-ാംവാർഡിലെ വിശേഷാൽ ഗ്രാമസഭ 22-9-96ന് അഗസ്ത്യാർസ്വാമി കല്യാണ മണ്ഡപത്തിൽ സമ്മേളിക്കുകയുണ്ടായി. 106പേർ പങ്കെടുത്തു. ഈ ഗ്രാമസഭയിൽ സ്ത്രീകളും സർക്കാർ ജീവനക്കാരും, റിട്ടയർ ചെയ്ത ജീവനക്കാരും പങ്കെടുക്കുകയുണ്ടായി. റിസോഴ്സ് പേഴ്സൺമാർ ആസുത്രണത്തെക്കുറിച്ചും, വികസനത്തിന്റെ വെല്ലുവിളികളെക്കുറിച്ചും ക്ലാസ്സെടുത്തു. ചർച്ചകൾക്ക്ശേഷം 6 മണിക്ക് ഗ്രാമസഭായോഗം പിരിഞ്ഞു.

പഞ്ചായത്തിലെ പത്താംവാർഡ് ഗ്രാമസഭ 29-9-96ന് എം.ജി.എം. സ്ക്കൂളിൽ ചേരുകയുണ്ടായി. 132പേർ പങ്കെടുത്ത വിശേഷാൽ ഗ്രാമസഭയിൽ സ്ത്രീകളും സർക്കാർ ജീവനക്കാരും പങ്കെടുക്കുകയുണ്ടായി. വിവിധ വിഷയഗ്രൂപ്പുകൾ ക്രീയാത്മകമായി ചർച്ചകൾ നടത്തുകയും അതിനുശേഷം 6 മണിക്ക് ഗ്രാമസഭായോഗം പിരിയുകയും ചെയ്തു.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ വിശേഷാൽ ഗ്രാമസഭ 22-9-96ന് ലൂഥറിൻ എൽ.പി.എസിൽ ചേരുകയുണ്ടായി. 82 പേർ പങ്കെടുത്ത ഗ്രാമസഭയിൽ ഏറിയകൂറും സ്ത്രീകൾ ആയിരുന്നു. സർക്കാർ ജീവനക്കാരും പങ്കെടുത്ത സഭയിൽ വിവിധ വിഷയഗ്രൂപ്പുകൾ സമഗ്രമായ ചർച്ചകൾ നടത്തുകയും ചെയ്തു. ഉച്ചയ്ക്ക് 2 മണിക്ക് ഗ്രാമസഭായോഗം പിരിയുകയും ചെയ്തു.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലെ വിശേഷാൽ ഗ്രാമസഭ 2-10-96ന് കോട്ടുകാൽക്കോണം എം.സി. എച്ച്.എസിൽ ചേരുകയുണ്ടായി. 123 പേർ പങ്കെടുത്ത ഗ്രാമസഭയിൽ സ്ത്രീകളും സർക്കാർ ജീവനക്കാരും പങ്കെടുക്കുകയുണ്ടായി. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സമഗ്രമായ ചർച്ചകൾ നടന്ന സഭയിൽ റിസോഴ്സ് പേഴ്സൺ ആസുത്രണത്തെക്കുറിച്ചും വികസനത്തിന്റെ വെല്ലുവിളികളെക്കുറിച്ചും ജനകീയ ആസുത്രണ പ്രസ്ഥാനത്തെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു. ചർച്ചകൾക്കു ശേഷം റിപ്പോർട്ട് ക്രോഡീകരണം നടത്തി വിശേഷാൽ ഗ്രാമസഭ രാത്രി 7 മണിക്ക് യോഗം പിരിഞ്ഞു.

**ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭ**

| വാർഡിന്റെ പേര് | വിശേഷാൽ ഗ്രാമസഭ - അവലോകനം | | | ആകെ | വിഷയഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|---|---|---|
| | തീയതി | ആൺ | പെൺ | | |
| 1. തേമ്പാമുട്ടം | 2-10-96 | 60 | 86 | 146 | 6 |
| 2. റസ്സൽപുരം | 2-10-96 | 78 | 27 | 105 | 6 |
| 3. പുന്നയ്ക്കാട് | 2-10-96 | 62 | 4 | 66 | 6 |
| 4. ബാലരാമപുരം ൗൺ | 6-10-96 | 65 | 13 | 73 | 6 |
| 5. തലയൽ | 6-10-96 | 120 | 47 | 167 | 9 |
| 6. മണലിയിൽ | 29-9-96 | 57 | - | 57 | 6 |
| 7. ഐത്തിയൂർ | 2-10-96 | 132 | 46 | 178 | 9 |
| 8. ഓഫീസ് വാർഡ് | 10-10-96 | 83 | 19 | 102 | 6 |
| 9. തോപ്പിൽ | 22-9-96 | 88 | 18 | 106 | 6 |
| 10. അന്തിയൂർ | 29-9-96 | 109 | 23 | 132 | 6 |
| 11. നെല്ലിവിള | 22-9-96 | 42 | 44 | 86 | 7 |
| 12. കോട്ടുകാൽകോണം | 2-10-96 | 107 | 16 | 123 | 6 |

൨

# പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ബാലരാമപുരം ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് | അതിയന്നൂർ, കോട്ടുകാൽ, പള്ളിച്ചൽ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | അന്തിയൂർ ബാലരാമപുരം |
| ബ്ലോക്ക് പഞ്ചായത്ത് | നേമം |
| താലൂക്ക് | നെയ്യാറ്റിൻകര തിരുവനന്തപുരം |
| ജില്ല | തിരുവനന്തപുരം |
| ജില്ലാ പഞ്ചായത്ത് മണ്ഡലം | ബാലരാമപുരം |
| പാർലമെൻറ് മണ്ഡലം | തിരുവനന്തപുരം |
| അസംബ്ലി മണ്ഡലം | നേമം |
| വിസ്തീർണ്ണം | 10.53 ച. കി. മീ. |
| ജനസംഖ്യ | 31,559 (1991 സെൻസസ്) |
| വാർഡുകളുടെ എണ്ണം | പന്ത്രണ്ട് |
| വനിതാ സംവരണം | 4 (II, IV, VIII, XI) |
| പട്ടികജാതി സംവരണം | 1 (VII) |
| പ്രസിഡൻറ് | എസ്. കൃഷ്ണൻകുട്ടി |
| വൈസ്..പ്രസിഡൻറ് | മുഹമ്മദ് റാഫി ഫക്കീർഖാൻ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | പി. കൃഷ്ണൻ |

ഭാരത സ്വാതന്ത്ര്യലബ്ധിക്കുശേഷം തിരു-കൊച്ചി സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് മുന്നോടിയായി നിലനിന്നിരുന്ന വില്ലേജ് യൂണിയനുകളിൽ ഒന്നായിട്ടാണ് ബാലരാമപുരം പഞ്ചായത്തിന്റെ ആവിർഭാവം. ആയിരത്തി തൊള്ളായിരത്തി അൻപത്തി മൂന്ന് ആഗസ്റ്റ് പതിനഞ്ചാം തീയിതി (15-8-1953) പ്രസ്തുത വില്ലേജ് യൂണിയൻ പ്രവർത്തനം ആരംഭിച്ചതായി ചരിത്ര രേഖാ പഠനം വ്യക്തമാക്കുന്നു. ഭൂമിശാസ്ത്രപരമായി വൈചിത്ര്യങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്ത് പ്രദേശത്ത് നിലവിൽ ഇല്ലെങ്കിലും കൃഷിക്കും മറ്റ് വ്യവസായങ്ങൾക്കും അനുചിതമാണ് ഈ പഞ്ചായത്ത്. പഞ്ചായത്തിന്റെ വടക്ക് ഉയരം കൂടിയ എരുത്താവൂർ മലയും തുടർന്ന് ചരിഞ്ഞ താഴ്വരയും സമതലവും തെക്ക് ഭാഗത്ത് കുന്നിൻപ്രദേശത്തോടുകൂടിയ പീഠഭൂമിയും ആണ്. കേരളത്തിന്റെ തെക്കേയറ്റത്തെ മുനിസിപ്പാലിറ്റിയായ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി ഈ പഞ്ചായത്തിന്റെ കിഴക്കതിരുകളിൽ ഒന്നാണ്.

ശ്രീ എസ്. രാമസ്വാമി പ്രസിഡൻറായിട്ടുള്ള ഒരു ഭരണസമിതിയാണ് ഈ വില്ലേജ് യൂണിയന്റെ ആദ്യത്തെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. തുടർന്ന് ആയിരത്തി തൊള്ളായിരത്തി അൻപത്തി മൂന്നിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പഞ്ചായത്തുകമ്മിറ്റി നിലവിൽ വന്നു. ഡോ. എസ്. കരുണാകരൻ നായർ പ്രസിഡൻറും, ആലുവിള എ. സദാശിവൻ വൈസ് പ്രസിഡൻറായും ശ്രീ. പി. ഫർക്കീർഖാൻ, വൈ. കുട്ടൻ, എസ്. രാമസ്വാമി, എം. നീലകണ്ഠപിള്ള, കെ. കുട്ടിയപ്പി നാടാർ എന്നിവർ അംഗങ്ങളായുള്ള ഏഴുപേർ അടങ്ങുന്ന ഭരണ സമിതിയാണ് നിലവിൽ വന്നത്. ഈ ഭരണ സമിതി 1963 വരെ തുടർന്നു.

*ജില്ലാ പഞ്ചായത്ത് അംഗം*
**ശ്രീമതി. ബി. ശശികല**

*ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ*
**1. ശ്രീമതി. സി. ശോഭന**
**2. അഡ്വ. എം. വിൻസൻറ്**

## ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 1963 മുതൽ 1995 വരെയുള്ള ഭരണസമിതി അംഗങ്ങളുടെ പേരും, വാർഡും ചുവടെ ചേർക്കുന്നു.

| വാർഡ് | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1 | വി. ഗംഗാധരൻ | 1963-79 |
| | എം. തങ്കപ്പൻ (സംവരണം) | |
| 2 | എൻ. മാടസ്വാമി | |
| 3 | പി. ഫക്കീർഖാൻ | |
| 4 | സി.എം. അരുണാചലം | |
| 5 | എ. ആൽബർട്ട് | |
| 6 | ആർ. വാസുദേവൻ | |
| 7 | കെ. കുട്ടിയപ്പിനാടാർ | |
| | പി. പങ്കജാക്ഷിയമ്മ (നോമിനേറ്റഡ്) | |

| വാർഡ് | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1 | സി. കുട്ടൻ | 1979-88 |
| 2 | എം. തങ്കപ്പൻ | |
| 3 | എൻ. മാടസ്വാമി | |
| 4 | പി. പങ്കജാക്ഷിയമ്മ | |
| 5 | പി. ഫക്കീർഖാൻ | |
| 6 | ജോൺസിലറ്റ്റോസ് | |
| 7 | എ.എം. മസൂദ് | |
| 8 | സി.എം. അരുണാചലം | |
| 9 | പി. തങ്കപ്പൻ | |
| 10 | പി. ജോൺ | |
| 11 | രാജൻബാബു | |

## ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ഭരണ സമിതിയുടെ പേരും വാർഡും ചുവടെ ചേർക്കുന്നു.

| വാർഡ് | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1 | പി. പങ്കജാക്ഷിയമ്മ | 1988-95 |
| 2 | എം. തങ്കപ്പൻ | |
| 3 | പി.എം. രാഘവപ്പണിക്കർ | |
| 4 | എസ്. ദിവാകരൻ നായർ | |
| 5 | എസ്.എം. സുൽഫി | |
| 6 | ജോൺസിലറ്റ്റോസ് | |
| 7 | കബീർറിഫായി | |
| 8 | സി.എം. അരുണാചലം | |
| 9 | എസ്. സുരേന്ദ്രൻ | |
| 10 | എ. ആൽബർട്ട് | |
| 11 | തങ്കയ്യൻ നാടാർ | |

| വാർഡ് | അംഗത്തിന്റെ പേര് | വർഷം |
|---|---|---|
| 1 | പി. കൃഷ്ണൻ | 1995 |
| 2 | കെ. ലതിജകുമാരി | മുൽ |
| 3 | വി. അജികുമാർ | |
| 4 | കെ. കുമാരി ഗീത | |
| 5 | എസ്. കൃഷ്ണൻകുട്ടി | |
| 6 | മുഹമ്മദ്റാഫി ഫക്കീർഖാൻ | |
| 7 | എം. ശരത്കുമാർ | |
| 8 | റംലാബീവി | |
| 9 | എസ്. കുമാർ | |
| 10 | ബി. കൃഷ്ണൻകുട്ടി | |
| 11 | എം. ശാന്തി | |
| 12 | എസ്. ഫ്രാൻസിസ് | |

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്

| | |
|---|---|
| പഞ്ചായത്തുൾപ്പെടുന്ന വില്ലേജുകൾ | അതിയന്നൂർ, കോട്ടുകാൽ, പള്ളിച്ചൽ |
| വിസ്തീർണ്ണം | 10.53 സ്കയർ മീറ്റർ |
| ജനസംഖ്യ | 31559 (1991 സെൻസസ് പ്രകാരം) |
| വാർഡുകളുടെഎണ്ണം | 12 |
| വനിതാ സംവരണ വാർഡുകൾ ഏതെല്ലാം | 2, 4, 8, 11 |
| എസ്.സി / എസ്.റ്റി സംവരണ വാർഡുകൾ ഏതെല്ലാം | 7 |
| പഞ്ചായത്ത് നിയമപ്രകാരം നിയമിക്കപ്പെട്ടസമിതികൾ | സ്റ്റാൻറിംഗ് കമ്മിറ്റി |
| പഞ്ചായത്ത് വികസനസമിതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട സമിതികൾ | വാർഡുതല വികസനസമിതികൾ |
| സ്വന്തമായി കെട്ടിടമുണ്ടോ ഇല്ലെങ്കിൽ വാടക | ഉണ്ട് |
| പഞ്ചായത്ത് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ | സെക്രട്ടറി - 1 ജെ.എസ്. - 1<br>യൂ.ഡി.സി - 3 എൽ.ഡി.സി - 4<br>പ്യൂൺ - 2 ഡ്രൈവർ - 1<br>എഫ്.റ്റി.എസ് - 6 |
| ഭരണച്ചെലവ് എത്ര | 535874 |
| വരുമാനത്തിൻെറ എത്ര ശതമാനം | 60% |

3

# സാമൂഹ്യ – സാംസ്കാരിക ചരിത്രപശ്ചാത്തലം

ഋഷിവര്യന്മാരുടെ പാദസ്പർശമേറ്റ് അനുഗൃഹീതമായ പുണ്യഭൂമിയാണ് ആർഷ ഭാരതം. പരശുരാമൻ മഴു എറിഞ്ഞുണ്ടായ താണ് കേരളം എന്ന് ഐതീഹ്യം. ചരിത്രങ്ങളും പുരാണങ്ങളും ഐതീഹ്യങ്ങളും നമ്മുടെ നാടിന്റെ സംസ്കൃതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. വേദങ്ങളുടേയും പുരണാങ്ങളുടേയും ഇതിഹാസങ്ങളുടെയും സമ്പന്നമായ സ്വാധീനം ചെലുത്തിയ പരശുരാമന്റെ നാട് എന്ന് പറയപ്പെടുന്ന കൊച്ചു കേരളത്തിന്റെ സാമൂഹ്യ സാസ്ക്കാരിക ചരിത്ര പശ്ചാത്തലം അത്യന്തം ഗഹനവും ചിന്തനീയവുമാണ്. സാമൂതിരിമാരും നാട്ടു രാജാക്കന്മാരും ഉഴുത് മറിച്ച മണ്ണിൽ ലോകത്തിന്റെ ചരിത്രസൃഷ്ടിക്ക് നിദർശകമായ സംഭവങ്ങളും കൊച്ചു കേരളത്തിൽ നടന്നിട്ടുണ്ട്. മലനാടും ഇടനാടും തീരപ്രദേശവും ഒത്തുചേർന്ന മാമലനാടിന്റെ ചരിത്രം സ്മരിപ്പിക്കുന്ന തരത്തിലുള്ളതാണ് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ചരിത്രവും.

ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനായ ബലരാമൻ ഉഴുത് മറിച്ച് സമ്പന്നമാക്കിയ മണ്ണിനെ ബലരാമന്റെ പുരം എന്നും പിന്നീടിത് ബാലരാമപുരം ആയതായും ഐതീഹ്യം ഉള്ളതായി പറയപ്പെടുന്നു.

കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് എവിടെനിന്നോ വന്നുപ്പെട്ടുപോയ ഒരു സംഭവമല്ല ഈ നാടിന്റെ ചരിത്രം. സുവ്യക്തമായ ചരിത്രസത്യങ്ങളുടെ അനന്തരഫല മാണിവിടം. ഈ ദേശത്തിന്റെ ആവിർഭാവത്തിന് പിന്നിലെ ചരിത്രസത്യം തേടിയുള്ള യാത്ര വ്യവസ്ഥാപിതമായ മൂല്യാധിഷ്ഠിത നിഗമനത്തിൽ കൊണ്ടെത്തിക്കുന്നുണ്ട്. ഒരു പക്ഷേ അനന്തൻകാട് - അനന്തപുരിയായതിനോളം വ്യക്തത ഈ പ്രദേശത്തിന്റെ സ്ഥല നാമ ചരിത്രത്തിനും ഉണ്ട് എന്ന് കാണാം. സ്ഥലനാമം തേടി ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് പോകുമ്പോൾ നമ്മുടെ ഗ്രാമത്തിന് അന്തിയൂർക്കാട് എന്നു പേരുണ്ടായിരുന്നതായി പറയപ്പെടുന്നു.

രാജഭരണ പരമ്പരയിലെ ഇതിഹാസ നായകനായ ബാലരാമവർമ്മ മഹാരാജാവിന്റെ ഭരണപരമായ സൃഷ്ടിയായിട്ടാണ് ബാലരാമപുരത്തിന്റെ ചരിത്രം പറയുന്നത്. നാടിന്റെ പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് ദീർഘവീക്ഷണമുള്ള ഭരണാധികാരിയായ ബാരമാമവർമ്മമഹാരാജാവ് കൈത്തൊഴിലുകൾ അറിയാവുന്ന വിദഗ്ധസംഘങ്ങളെ അന്യസ്ഥലത്തു നിന്നും ഇവിടെ കൊണ്ടുവന്നു പാർപ്പിച്ചു. ഇതിന്റെ ഭാഗമായി നെയ്ത്തുകാർ, എണ്ണയാട്ടുകാർ, കച്ചവടക്കാർ എന്നീ വിഭാഗത്തിലെ കുറച്ചാളുകളെ കൊണ്ടുവന്നതായും കാലാന്തരത്തിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി അന്തിയൂർക്കാട് രൂപാന്തരപ്പെട്ട് ബാലരാമപുരം എന്ന് പേര് ഉണ്ടയതായി ചരിത്രം.

മതസൗഹാർദ്ദത്തിന്റെ വിളഭൂമിയായ ഈ ഗ്രാമത്തിന്റെ സ്ഥലനാമ ചരിത്രത്തിന് ഇനിയും വ്യാഖ്യാനങ്ങൾ പലതുമുണ്ട്. നൂറ്റാണ്ടുകളുടെ പഴമ നിലനിൽക്കുന്ന ഈ മണ്ണിന് സാമുദായിക ചരിത്രങ്ങളും പറയാനുണ്ട്. ശാലിഗർ, വണിഗർ, വെള്ളാളർ, മുസ്ലീങ്ങൾ, മുക്കുവർ എന്നീ അഞ്ചു സമുദായങ്ങളെ ബാലരാമവർമ്മ മഹാരാജാവ് ഇവിടെ പാർപ്പിച്ചതായി പറയപ്പെടുന്നു. ഈ അഞ്ചു വിഭാഗത്തിനും താമസിക്കുന്നതിനായി പ്രത്യേകം സ്ഥലങ്ങൾ തിരിച്ചുകൊടുത്തിരുന്നതായും പറയപ്പെടുന്നു. അതല്ല

അഞ്ചുവിഭാഗങ്ങളെയും (അഞ്ചുവർണ്ണങ്ങൾ) ഇടകലർത്തി താമസിപ്പിച്ചതായും അങ്ങനെ അഞ്ചുവർണ്ണത്തെരുവ് ഉണ്ടായതായും പറയപ്പെടുന്നു. എന്നാൽ തഞ്ചാവൂരിൽ വേരുകളുള്ള അഞ്ചുവൻ വിഭാഗക്കാരായ മുസ്ലീങ്ങളെ പ്രത്യേകസ്ഥലത്ത് താമസമാക്കിയതായും അങ്ങനെ അഞ്ചുവന്നതെരുവ് ഉണ്ടായതായും അഭിപ്രായപ്പെടുന്നു.

ചരിത്രത്തിന്റെ തങ്കത്താളുകളിൽ സുവർണ്ണലിപികളാൽ ലിഖിതമാക്കപ്പെട്ട നമ്മുടെ നാട്ടിൽ ചരിത്രനായകന്മാരോടൊപ്പം ദിവ്യതേജസ്സുകളുടെ സ്പർശനവും ഏറ്റിട്ടുണ്ട്. ദിവ്യന്മാരായ മുസ്ലീം മത പണ്ഡിതന്മാരിൽ ഒരാൾ തീർത്ഥയാത്രക്കിടയിൽ വഴിമദ്ധ്യേ മരണപ്പെട്ടുവെന്നും ആ ദിവ്യന്റെ കബർ അടക്കിയ സ്ഥലമാണ് പരിപാവനമായി സർവ്വമതക്കാരും ആദരിക്കുന്ന മതസൗഹാർദ്ദത്തിന്റെ മണിവിളക്കായ തയ്ക്കാവ് പള്ളി.

ഈ ഗ്രാമത്തിലെ ഓരോ സ്ഥലത്തിന്റെയും ആധുനിക നാമങ്ങൾക്ക് ചരിത്രനാമങ്ങളുമായി ബന്ധമുള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. ഭാരം ചുമക്കുന്ന തൊഴിലാളികൾക്ക് സഹായി ആയി ചുമട് താങ്ങിയും വിശ്രമസങ്കേതമായി വഴിയമ്പലവും ഉണ്ടായിരുന്ന സ്ഥലം അമ്പലം- പിൽക്കാലത്ത് തേമ്പാവ് കിളിർത്തപ്പോൾ അവിടം തേമ്പാമുട്ടമായി. ആലുനിന്ന സ്ഥലം ആലുവിളയും, താന്നിനിന്നസ്ഥലം താന്നിമൂടും ആയി. വില്ലി എന്ന ഹരിജൻ തമസിച്ചിരുന്ന സ്ഥലത്ത് പിൽക്കാലത്ത് കുളം ഉണ്ടായപ്പോൾ അവിടം വില്ലിക്കുളം ആയതായും, ആനതാഴ്ന്നകുളം ആനച്ചൽകുളം ആയതായും പറയപ്പെടുന്നു. പാറക്കെട്ടുകളും താഴ്ന്ന വിതാനങ്ങളും ചേർന്നസ്ഥലം പാറക്കുഴിയും പുന്നകളുടെ കാട് പുന്നയ്ക്കാട് ആയതായും പറയപ്പെടുന്നു.

അനന്തപുരിയിൽ നിന്നും പത്മനാഭപുരത്തേക്ക് പോകുന്നവഴി വിശ്രമിക്കുന്നതിന് വേണ്ടി കൽമണ്ഡപം തീർത്തസ്ഥലം കല്ലമ്പലം എന്നറിയപ്പെടുന്നു.

നെൽകൃഷിയുടെ കേന്ദ്രമായി അറിയപ്പെടുന്ന തലയൽ - തലയാളന്മാരുടെ ദേശം എന്നും അതല്ല തല ഏലായുടെ ദേശമാണ് തലയൽദേശമെന്നും പറയപ്പെടുന്നു. അതിയന്നൂർ വില്ലേജിലെ തലപ്പത്തുള്ള ഏലാ - തലയൽ ഏലാ എന്നും പറയുന്നു. ഞാറകൾ വളർന്ന് പന്തലിച്ചുനിന്ന പ്രദേശം ഞാറക്കാടായും പിന്നീട് സാമൂഹിക പ്രവർത്തകനും വിദ്യാസമ്പന്നനുമായ റസ്സലിനെ അനുസ്മരിക്കാൻ (ഞാറയ്ക്കാടിനെ) റസ്സൽപുരമാക്കുകയും ചെയ്തു. മന്നൻ (രാജാവ്) ഒളിച്ചിരുന്ന മന്നൻകുഴി രാജാവ് പിൽക്കാലത്ത് നന്നൻകുഴിയായും അറിയപ്പെടുന്നു.

അന്തിയൂർക്കാടിന്റെ (ബാലരാമപുരം) സാമൂഹ്യജീവിത ചക്രത്തിൽ ജനിച്ച് വളർന്ന് മൃത്യു പ്രാവിച്ചവർ ആയിരങ്ങളുണ്ട്. അവരുടെ കഥകൾ ഈ നാടിന്റെ ചരിത്രങ്ങളും മുത്തുകളുമാണ്.

ഉടുക്കാൻ ഉടുമുണ്ടു നെയ്യുന്ന കൈത്തറി തൊഴിലാളിയും പാറപ്പൊട്ടിച്ച് ഉപജീവനം നടത്തുന്ന കൽതൊഴിലാളിയും മണ്ണിൽ പൊന്നു വിളയിക്കുന്ന കർഷകത്തൊഴിലാളിയും നാടിന്റെ സൗന്ദര്യ സ്തൂപങ്ങളും മണിസൗധങ്ങളും നിർമ്മിക്കുന്ന നിർമ്മാണ തൊഴിലാളിയും തിരമാലകളോട് മല്ലടിച്ച് ഉപജീവനം നടത്തുന്ന മത്സ്യതൊഴിലാളിയും, വിദ്യാഭ്യാസം നേടി തൊഴിലില്ലാതെ സ്വയം തൊഴിലുകളുമായി കച്ചവടങ്ങൾ നടത്തി സംഘശക്തിയായി മാറിയിരിക്കുന്ന വ്യാപാരി-വ്യവസായികളും ഒരു ചെറു ശതമാനം ഉദ്യോഗസ്ഥരും ചേർന്ന് രൂപപ്പെടുത്തിയതാണ് ഈ ഗ്രാമത്തിന്റെ സാമൂഹിക സാമ്പത്തിക ഘടന. കൈത്തറി നെയ്ത്ത് വ്യവസായത്തിലും കൃഷിയിലും ബന്ധിതമായ ഒരു സാമൂഹിക ജീവിത നിലവാരക്രമമാണ് പൊതുവേ നമ്മുടെ ഗ്രാമത്തിൽ നിലനിൽക്കുന്നത്. പാരമ്പര്യവ്യവസായത്തിലെ എണ്ണയാട്ടു വ്യവസായം ഇന്ന് നശിച്ചുപോയെങ്കിലും നെയ്ത്ത് വ്യവസായത്തിലെ മേൽക്കോയ്മ നിലനിൽക്കുന്നു. ബാലരാമപുരം കൈത്തറി രാജ്യാന്തര പ്രശസ്തി

നേടിയിരിക്കുന്നു. കാഞ്ചീപുരം-ബനാറസ പട്ടുസാരികൾക്ക് സമാന്തരമായ കൈത്തറി കസവുസാരികൾ ഇവിടെ വ്യവസായികാടി സ്ഥാനത്തിൽ നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. വിഴിഞ്ഞം റോഡിൽ നമ്മുടെ പഞ്ചായത്താഫീസിന്റെ മുൻപിലായി വൈകുന്നേരങ്ങളിൽ നടക്കുന്ന ആക്രി (കൈത്തറി) വ്യാപാരം നാനാജാതി മതവിഭാഗങ്ങളിലെയും അർദ്ധ പട്ടിണിക്കുരുടെ ആശാകേന്ദ്രമാണ്.

രാജഭരണത്തിന്റെ ചിലമ്പൊലികേട്ടുണർന്ന നമ്മുടെ ഗ്രാമപഞ്ചായത്തിന് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ പട്ടാളത്തെ നാടുകടത്തിയ വീരോചിത കഥകൾ നിരവധി പറയാനുണ്ട്. ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യ സമരം കത്തി ജ്വലിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ ബ്രട്ടീഷുകാരുടെ തോക്കിനും ലാത്തിക്കും തളയ്ക്കാൻ കഴിയാത്ത സമരാവേശം നിറഞ്ഞുതുളുമ്പിയിരുന്ന നിരവധി ദേശാഭിമാനികളായ വീരസേനാനികളെ നമ്മുടെ ഗ്രാമം സംഭാവന ചെയ്തിട്ടുണ്ട്.

ഗോപാലകൃഷ്ണ ഗോഖലെയുടെയും ബാലഗംഗാധരതിലകന്റെറയും മൗലനാം അബ്ദുൽകലാം ആസാദിന്റെറയും ഗാന്ധിജിയുടേയും ജവഹർലാൽ നെഹ്രുവിന്റെറയും നേതാജി സുബാഷ് ചന്ദ്രബോസിന്റെറയും ഭഗത്സിംഗിന്റെറയും നേതൃത്വത്തിൽ രാജ്യത്തുടനീളം സ്വാതന്ത്ര്യ സമരത്തിന്റെ തീക്കാറ്റ് അഴിച്ചുവിടുകയുണ്ടായി. അന്ന് തിരു-കൊച്ചി-മലബാർ പ്രദേശങ്ങളിലും സ്വാതന്ത്ര്യസമരത്തിന്റെ ഉഷ്ണക്കാറ്റ് വീശുകയുണ്ടായി. ദേശീയ സ്വാതന്ത്ര്യബോധം നിറഞ്ഞുതുളുമ്പിയ ധീരദേശാഭിമാനികളായ സർവ്വശ്രീ ജി. രാമൻപിള്ള, എൻ.സി.ശേഖർ, നാരായണൻനായർ, പി. ഫക്കീർഖാൻ പി. സെയ്നുദ്ദീൻ, എസ്. രാമസ്വാമി, എന്നിവരുടെ ജന്മം കൊണ്ട് അനുഗൃഹീതമാണീമണ്ണ്. ജി.ചന്ദ്രശേഖരപിള്ള, പട്ടേൽ പീരുമൈദീൻ, വാസുദേവൻസാർ തുടങ്ങിയ നിരവധി പേർ സാമ്രാജ്യത്വത്തിനെതിരായ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഉജ്ജ്വലമായ പോരാട്ടങ്ങളിൽ പങ്കെടുത്തു. ദേശീയ സ്വാതന്ത്രത്തിനുവേണ്ടി നമ്മുടെ ഗ്രാമം ഇന്ത്യക്ക് നൽകിയ ഇതിഹാസ പുരുഷന്മാരാണ് ജി. രാമൻപിള്ളയും എൻ.സി. ശേഖറും, സഖാവ് നാരായണൻ നായരും, പി. ഫക്കീർഖാനും,. സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് നടന്ന പ്രക്ഷോഭങ്ങളിൽ ഇവരൊക്കെത്തന്നെ നിരവധിതവണ ജയിൽവാസം അനുഷ്ഠിച്ചു. ദേശീയ സ്വാതന്ത്ര്യസമരം തെക്കൻ തിരുവിതാംകൂറിൽ പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് നെയ്യാറ്റിൻകരയിലാണ്. ധീരരായ സ്വാതന്ത്ര്യ സമരസേനാനികളെ അറസ്റ്റു ചെയ്തതിൽ പ്രതിഷേധിച്ച് നെയ്യാറ്റിൻകരയിൽ നടന്ന പൊതുയോഗത്തിലും പ്രകടനത്തിലും നമ്മുടെ ഗ്രാമത്തിൽ നിന്നും നിരവധി സമര സേനാനികൾ പങ്കെടുത്തു. പ്രകടനത്തിനു നേരെ നടന്ന വെടിവയ്പിൽ വീരരാഘവൻ നടക്കം നാലുപേർ കൊല്ലപ്പെട്ടു. പൈശാചികമായ മർദ്ദനങ്ങളും വെടിവയ്പും നടത്തിയ ശേഷം മടങ്ങിപ്പോയ കുതിരപട്ടാളത്തെ വടംകെട്ടി തള്ളിയിട്ട ചരിത്രം ഈ മണ്ണിനുണ്ട്. അങ്ങനെ ചരിത്രത്തിൽ പട്ടം താണുപിള്ളയ്ക്കും സി. കേശവനും സമശീർഷനായ ബാലരാമപുരം ജി. രാമൻപിള്ളയും ദേശീയ പ്രസ്ഥാനത്തിനു സോഷ്യലിസ്റ്റ് ആവേശം പകർന്ന എൻ.സി. ശേഖർ, പി. ഫക്കീർഖാൻ, നാരായണൻനായർ, പി. സെയ്നുദ്ദീൻ എന്നിവരുടെ ജന്മം കൊണ്ട് അനുഗ്രഹീതമാണ് ഈ ഗ്രാമം.

സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് പല രാഷ്ട്രീയ സമരങ്ങൾക്കും സാക്ഷിപത്രമാണ് നമ്മുടെ കൊച്ചുഗ്രാമം. സ്വാതന്ത്ര്യസമരത്തിന് സമാന്തരമായി തന്നെ അയിത്തോച്ചാടന പ്രസ്ഥാനവും ഈ ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്നു. സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി സാധുജന പരിപാലനത്തിന്റെ സ്ഥാപകനും സാമൂഹ്യപരിഷ്കർത്താവുമായ മഹാനായ ശ്രീ. അയ്യൻകാളിയുടെ നേതൃത്വത്തിൽ നടത്തിയ ചരിത്രപരമായ സമരസ്മരണയും ഈ നാടിനുണ്ട്. അയിത്തോച്ചാടന പ്രസ്ഥാനത്തിന് ഒരു രജത

രേഖയാണ് കണ്ടലപ്പിള്ളമാർക്ക് എതിരായി അയ്യൻകാളി നടത്തിയ ഉജ്ജ്വലമായ പ്രക്ഷോഭം.

അവകാശ സമരചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് 1947-ലെ കൈത്തറി നെയ്ത്തുതൊഴിലാളി സമരം. കൈത്തറിയുടെ ഈറ്റില്ലമായ ബാലരാമപുരത്ത് ദിവസങ്ങളോളം നീണ്ടുനിന്ന ജനകീയ പ്രക്ഷോഭമാണിത്. നൂലും കൂലിയും പദ്ധതി നടപ്പിലാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നൂറുകണക്കിന് തൊഴിലാളികൾ നടത്തിയ ഈ സമരത്തിന് സർവ്വശ്രീ പി. ജോൺ, എൻ. മാടസ്വാമി, മംഗലത്തുകോണം ഭാസ്ക്കരൻ, കല്ലുമൂട് ശിവരാമൻ, പുഷ്പാംഗദപണിക്കർ (തൊഴിലാളി) എന്നിവർ നേതൃത്വം നൽകി. ഈ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് കൊടിയമർദ്ദനങ്ങൾ ഏറ്റുവാങ്ങിയ ഇവരെ പിന്നീട് അറസ്റ്റു ചെയ്യുകയും 45 ദിവസം ജയിലിൽ അടയ്ക്കുകയും ചെയ്തു.

സർ. സി.പി. രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണത്തിനെതിരെ തിരുവിതാംകൂറിലാകമാനം ഭരണവർഗ്ഗത്തിന് വീരദേശാഭിനികളുടെ ധീരോദാത്തമായ പ്രക്ഷോഭങ്ങളെ നേരിടേണ്ടിവന്നു. ഈ കാലഘട്ടത്തിന്റെ ആദ്യദശകത്തിലെ തെക്കൻ തിരുവിതാംകൂറിലെ ഉജ്ജ്വലമായ ഒരു ജനകീയ അവകാശസമരമാണ് മരുത്തൂർ കണിച്ചാൻകോട് കുടിയൊഴിപ്പിക്കൽ സമരം. തലചായ്ക്കാൻ ഒരു പിടി മണ്ണിനുവേണ്ടി, ജന്മിത്വത്തിനെതിരായി മണ്ണിന്റെ മക്കളെ സംരക്ഷിക്കാൻ കുടിലുകൾ മാത്രം കൈമുതലാക്കിയ ഈ നാടിന്റെ അവഗണിക്കപ്പെട്ട ഉറ്റോരും ഉടയോരും ഇല്ലാത്ത പട്ടിണിപ്പാവങ്ങളെ ഈ മണ്ണ് അവന് സ്വന്തമാണ് എന്ന് പഠിപ്പിച്ച് സമരമാണിത്. ഈ സമരത്തിൽ ശ്രീ തോപ്പിൽ ശിവശങ്കരൻ, പി. ജോൺ, എൻ. മാടസ്വാമി, പള്ളിച്ചൽ കുഞ്ഞുകൃഷ്ണൻ, എന്നിവർക്ക് ഭീകരമായ മർദ്ദനവും ദീർഘമായ ജയിൽവാസവും അനുഭവിക്കേണ്ടി വന്നു. ഒരു പക്ഷേ കേരളത്തിൽ പിൽക്കാലത്ത് നടപ്പിലാക്കിയ ഭൂരിപരിഷ്ക്കരണ നിയമം ഇത്തരത്തിലുള്ള സമരപരമ്പരകളുടെ അനന്തരഫലമാണ്.

ആയിരത്തിത്തൊള്ളായിരത്തി അൻപത്തി നാലിൽ നടന്ന ട്രാൻസ്പോർട്ട് സമരം നമ്മുടെ ഗ്രാമത്തിന്റെ ആധുനിക ചരിത്രത്തിലെ മറ്റൊരു ഇതിഹാസമാണ്. ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ തൊഴിലാളികളുടെ സംഘടനാ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ അവകാശ സമരമാണ് ട്രാൻസ്പോർട്ട് സമരം. നൂറുകണക്കിന് തൊഴിലാളികൾ പങ്കെടുത്ത ഈ സമരത്തിന് ഡോക്ടർ. എസ് കരുണാകരൻനായർ, എൻ. മാടസ്വാമി. പി ജോൺ, വില്ലിക്കുളം സദാനന്ദൻ രാഘവൻപിള്ള, ഹനീഫ, ആലുവിള രാമകൃഷ്ണപണിക്കർ എന്നിവർ നേതൃത്വം നൽകുകയും അറസ്റ്റുവരിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുകയും ചെയ്തു. നിരവധിപേർക്ക് കൊടിയ മർദ്ദനങ്ങളും പീഠനങ്ങളും അനുഭവിക്കേണ്ടിവന്നു. ഈ സമരത്തിലെ ഇന്നും ജീവിച്ചിരിക്കുന്ന രക്തസാക്ഷിയാണ് ശ്രീ. വില്ലിക്കുളം സദാനന്ദൻ.

ആയിരത്തിത്തൊള്ളായിരത്തി അൻപത്തി ആറ് കേരളപ്പിറവിക്കുശേഷവും നമ്മുടെ ഗ്രാമത്തിൽ ശക്തമായ പ്രാദേശിക പ്രക്ഷോഭങ്ങൾ വിവിധ രാഷ്ട്രീയ പാർട്ടികൾ നടത്തുകയുണ്ടായി. വിവിധ രാഷ്ട്രീയ സംഘടനകളും മത-ജാതി പ്രസ്ഥാനങ്ങളും മഹിളാസംഘടനകളും, കലാകായിക സംഘടനകളും, സാംസ്ക്കാരിക നവോത്ഥാന പ്രവർത്തകരും ചേർന്നൊരുക്കിയ വിശാലമായ വേദിയാണ് നമ്മുടെ നാടിന്റെ സാമൂഹിക-സാംസ്ക്കാരിക-ചരിത്ര പശ്ചാത്തലം. ചെറുകച്ചവടക്കാരുടെയും ഇടത്തരം കർഷകരുടെയും കുടിൽ വ്യവസായങ്ങളുടെയും കൈത്തറി നെയ്ത്തുകാരുടെയും ഉറവിടമായ ഈ ഗ്രാമം അതിവേഗതയിൽ പുരോഗതിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നു. കൊഴിഞ്ഞുപോയ ഭൂതകാല സ്വപ്നങ്ങളും വർത്തമാനകാലചിന്തകളും ഭാവികാല സങ്കൽപ്പങ്ങളും ക്രോഡീകരിച്ച് നാടിന് ഒരു

പുതിയ ചരിത്രമെഴുതാം. ഇവിടെ പുത്തൻ വികസനസംസ്കാരത്തിന് നാന്ദിക്കുറിക്കാം. ലക്ഷ്യബോധമില്ലാത്ത ഭാവനകളും അലക്ഷ്യമായ ജീവിതരീതിയും നീതി ബോധമില്ലാത്ത തലമുറകളുടെ വികലമായ ചിന്തകളും മെച്ചപ്പെടുത്തി അവരുടെ ജീവിതത്തിന് പുത്തൻ ഊടും പാവും നെയ്ത് അവരുടെ അദ്ധ്വാനശക്തിയെ നാടിന്റെ വികനത്തിനായി സമാഹരിച്ച് നമ്മുടെ ഗ്രാമത്തെ ഇല്ലായ്മയുടെ ഇന്നലെകളിൽ നിന്നും നാളെകളുടെ പുത്തൻ സൂര്യോദയത്തിലേക്ക് നയിക്കാം. ഒരുമിച്ച് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക്.....

അധികാരവികേന്ദ്രീകരണത്തിന്റെ പ്രസക്തി വിളിച്ചറിയച്ച് ജനകീയ ആസൂത്രണ പ്രസ്ഥാനം ശക്തിപ്പെടുത്തി നാടിന്റെ സമഗ്രമായ പുരോഗതിയ്ക്കായി സങ്കുചിത കക്ഷി രാഷ്ട്രീയ മതിൽക്കെട്ടുകൾ തച്ചുടച്ച് ഒരു പുത്തൻ വികസന രാഷ്ട്രീയ പ്രക്രിയയ്ക്ക് തുടക്കം കുറിച്ച് ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ശിൽപ്പികളായി നമുക്ക് സ്വയം സമർപ്പിക്കാം.

# ഭൂപ്രകൃതി

വടക്ക് ഉയർന്ന എരുത്താവൂർ മലയിൽ തുടങ്ങി ചരിഞ്ഞ പ്രദേശങ്ങളെ തുടർന്നുള്ള സമതല പ്രദേശവും തെക്ക് തട്ടുകളോടുകൂടിയ പീഠഭൂമിയും ചേർന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി. സമുദ്രനിരപ്പിൽനിന്നും ഏകദേശം 7.4 മീറ്ററിനും 150 മീറ്ററിനും ഇടയിൽ സ്ഥിതിചെയ്യുന്ന ഇടനാടാണ് നമ്മുടെ പഞ്ചായത്ത്. സമുദ്രനിരപ്പിൽനിന്നും ഏകദേശം 150 മീറ്ററോളം ഉയരമുള്ള പ്രകൃതിരമണീയമായ എരുത്താവൂർ മലയുടെ നെറുകയിൽ നിന്ന് നോക്കിയാൽ സഹ്യാദ്രി സാനുവും മൂക്കുന്നിമലയുടെയും തിരുവനന്തപുരം പട്ടണത്തിന്റെയും അറബിക്കടലിന്റെയും വിദൂര സൗന്ദര്യം ദർശിക്കാൻ കഴിയും.

മൺതരങ്ങൾ

| | | |
|---|---|---|
| പാറക്കെട്ടുകൾ | - | 5% |
| പാറപൊടിഞ്ഞമണ്ണ് | - | 15% |
| ലാറ്ററൈറ്റ് | - | 55% |
| ചുവപ്പ് കലർന്ന ലാറ്ററൈറ്റ് | - | 15% |
| കളിമണ്ണ് കലർന്ന മണൽ | - | 10% |

**ഉയർന്ന പാറക്കെട്ടുകളോടുകൂടിയ പ്രദേശം.**

മൊത്തം വിസ്തൃതിയുടെ 5% വരുന്നു. ഈ പ്രദേശം പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമാണ്. ഇതിൽ 2% വരുന്ന എരുത്താവൂർ മല ഏകദേശം 150 മീറ്ററോളം ഉയരമുണ്ട്. പാറക്കെട്ടുകളും പാറപൊടിഞ്ഞ മണ്ണുമാണ് ഈ പ്രദേശത്തുള്ളത്. മേൽമണ്ണ് നന്നേകുറഞ്ഞ ഈ പ്രദേശത്ത് പ്രധാനമായും റബ്ബറും അങ്ങിങ്ങായി തെങ്ങ്, മരച്ചീനി, കുരുമുളക് എന്നിവ കൃഷി ചെയ്തു വരുന്നു മൊട്ടക്കുന്നുകളായി മാറുന്നതുമൂലം ഇ പ്രദേശത്ത് മണ്ണൊലിപ്പ് തടയാൻ കഴിയ ന്നില്ല.

**ചരിഞ്ഞ പ്രദേശം.**

മൊത്തം വിസ്തൃതിയുടെ പത്തുശത മാനത്തോളം വരുന്നു. ഈ പ്രദേശത്ത് പാ പൊടിഞ്ഞ മണ്ണും ചരലോടുകൂടിയ ലാറ്ററൈറ്റ് മണ്ണുമാണ് ഉള്ളത്. ചെറുമലയു പേഴൂർക്കോണം, എതിർക്കരവിള, എന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ പ്രദേശങ്ങളിൽ പ്രധാനമായും റബ്ബർ അതോടൊപ്പം തെ പ്രാധാന്യം കൊടുത്തുക്കൊണ്ട് തെങ്ങു മരച്ചീനിയും കൃഷിചെയ്യുന്നു.

**സമതല പ്രദേശം**

മൊത്തം വിസ്തൃതിയുടെ അറുപത്തഞ്ച ശതമാനത്തോളം വരുന്നു. തേമ്പാമുട്ടം പാറക്കുഴി, പുന്നക്കാട്, ആലുവിള, പുല്ലയിൽ ക്കോണം, ഐത്തിയൂർ പ്രദേശങ്ങൾ ഉൾപ്പെ ടുന്നു. കളിമണ്ണ് കലർന്ന മണലും ലാറ്ററൈ മണ്ണുമാണുള്ളത്. പഞ്ചായത്തിൽ സ്ഥിര മായും നെല്ല് കൃഷിചെയ്യുന്ന തലയലും പുല്ലയിൽക്കോണവും ഈ സമതല പ്രദേശ ത്താണ്. ഈ പ്രദേശത്ത് പ്രധാനമായും നെല്ലും മറ്റ് കാർഷിക വിളകളും തെങ്ങ് തുടങ്ങിയ വയും കൃഷി ചെയ്യുന്നു. പീഠഭൂമിയോട് അടുത്ത് കിടക്കുന്ന സമതല പ്രദേശമായ അന്തിയൂർ ഭാഗത്ത് മേൽമണ്ണ് കുറവാണ്.

**പീഠഭൂമി.**

മൊത്തം വിസ്തൃതിയുടെ 20% ത്തോള വരുന്നു. ഇതിൽ മേൽമണ്ണ് ചുവപ്പ് കലർന ലാറ്ററൈറ്റും അതിനോട് ചേർന്ന് ചര കൂടുതലായുള്ള ലാറ്ററൈറ്റും അതിനടിയ ലായി പാറപ്പരപ്പുകളുമാണുള്ളത്. ഇ പാറപ്പരപ്പുകളിൽ അഭ്രം ഉള്ളതായി പഠ പര്യടനവേളയിൽ കാണാൻ കഴിഞ്ഞു. ഇ പ്രദേശങ്ങളിൽ വൻതോതിൽ തെങ്ങു മരച്ചീനിയും മറ്റു കാർഷിക വിളകളു കൃഷിചെയ്യുന്നു.

പട്ടിക എൽ -1

| പരിസ്ഥിതി | കൃഷി | മണ്ണ് | ഭൂപ്രകൃതി |
|---|---|---|---|
| മരങ്ങൾ വെട്ടിമുറിച്ചതുകാരണം മൊട്ടക്കുന്നായി മാറുന്നു. മണ്ണൊലിപ്പ് തടയാൻ കഴിയുന്നില്ല | റബ്ബർ, തെങ്ങ് മരച്ചീനി, കുരുമുളക് | പാറപൊടിഞ്ഞതും ചരൽ മണ്ണുമായുള്ള പ്രദേശം | ഉയർന്ന പാറക്കെട്ടുകളോടും കൂടിയതുമായ സ്ഥലം |
| മണ്ണൊലിപ്പ് | റബ്ബർ, മരച്ചീനി തെങ്ങ്, കുരുമുളക് | പാറപൊടിഞ്ഞ മണ്ണ് | ചരിഞ്ഞ പ്രദേശം |
| മൊട്ടക്കുന്ന് | റബ്ബർ | പാറപൊടിഞ്ഞ മണ്ണ് | ഉയർന്ന പാറക്കെട്ടുകളോടു കൂടിയ സ്ഥലം |
| പ്രകൃതിജന്യജല സ്രോതസ്സിന്റെ നഷ്ടം | തെങ്ങ് | പാറപൊടിഞ്ഞതും മണൽകലർന്ന ലാറ്ററൈറ്റ് | ചരിഞ്ഞതും ജലസ്രോത സ്സോടുകൂടിയസ്ഥലം |
| കോർപ്പറേഷൻ കമ്പോസ്റ്റ് വള ങ്ങളിലൂടെ കുന്നുകൂടുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾ | നെല്ല്, കരകൃഷി (വാഴ, പച്ചക്കറി) | പശിമരാശിയുള്ള ലാറ്ററൈറ്റ് | സമതലം |
| ഫലപ്രദമല്ലാത്ത ജലവിനിയോ ഗത്തിന്റെ അഭാവം | തെങ്ങ്, കരകൃഷി | നീരൊഴുക്കോടുകൂടിയ കളിമണ്ണും മണലും ചേർന്ന പ്രദേശം | ചരിഞ്ഞ താഴ്വര ലാറ്ററൈറ്റ് പ്രദേശം |

പട്ടിക എൽ -2

| പരിസ്ഥിതി | കൃഷി | മണ്ണ് | ഭൂപ്രകൃതി |
|---|---|---|---|
| രാസവളങ്ങളുടെ അമിത പ്രയോഗം | കരകൃഷി,(വാഴ, പച്ചക്കറി തെങ്ങ്, മരച്ചീനി) | കളിമണ്ണ് കലർന്ന മണൽ | ലാറ്ററൈറ്റ് സമതലം |
| ഫലപ്രദമല്ലാത്ത ജലവിനിയോഗത്തിന്റെ അഭാവം | ഇടകലർന്ന കൃഷി (അശാസ്ത്രീയകൃഷിരീതി) | ലാറ്ററൈറ്റ് മണ്ണ് | ലാറ്ററൈറ്റ് സമതലം |

പട്ടിക എൽ -3

| | | | |
|---|---|---|---|
| മലിനീകരണം | ഇല്ല | | സമതലം |
| ഓരോടുകൂടിയ നീരൊഴുക്ക് | അശാസ്ത്രീയകൃഷിരീതി (തെങ്ങ്, മരച്ചീനി) | കളിമണ്ണ് കലർന്ന മണൽ | മേൽമണ്ണ് കുറഞ്ഞ പാറപ്പുര പ്പോടുകൂടിയ സമതലം |
| സന്തുലനം | തെങ്ങ്, മരച്ചീനി | ചെമ്മണ്ണ് | പീഠഭൂമി |

പട്ടിക എൽ -4

| | | | |
|---|---|---|---|
| സന്തുലനം | തെങ്ങ്, മരച്ചീനി (കരകൃഷികൾ) | ചെമ്മണ്ണ് | സമതലം |
| അമിത വളപ്രയോഗം | നെല്ല്, പച്ചക്കറികൾ തെങ്ങ് | മണൽ കലർന്ന ലാറ്ററൈറ്റ് | സമതലം |
| അമിത വളപ്രയോഗം | നെല്ല്, പച്ചക്കറികൾ തെങ്ങ് | ലാറ്ററൈറ്റ് | ഉയർന്നസമതലം |

# 5

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും

വ്യവസായം

ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

കുടിവെള്ളവും പൊതുജനാരോഗ്യവും

വിദ്യാഭ്യാസം

പാർപ്പിടവും സാമൂഹ്യക്ഷേമവും

സംസ്കാരം

വനിത

സഹകരണ മേഖല

പട്ടിക ജാതി-പട്ടികവർഗ്ഗക്ഷേമം

വിഭവ സമാഹരണം

5-(ii)

# കൃഷി

## ജലസേചനം

ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. കാർഷികവൃത്തിയിൽ അധിഷ്ഠിതമായ സമ്പദ്ഘടനയാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. സംപുഷ്ടമായ കാർഷിക സംസ്കാരത്തിന്റെ വക്താക്കളായാണ് ഭാരതീയർ അറിയപ്പെട്ടിരിക്കുന്നത്. കാർഷിക മേഖല അഭിവൃദ്ധിപ്പെടുന്നതിലൂടെ മാത്രമേ നാടിന്റെ വളർച്ച കൈവരിക്കാൻ കഴിയൂ. വളരെ വിസ്തൃതവും വ്യവസ്ഥാപിതവുമായ കാർഷികസമ്പ്രദായങ്ങൾ പാരമ്പര്യമായി അനുവർത്തിച്ചിരുന്ന ചരിത്രമാണ് നമുക്കുള്ളത്. ഭാരതത്തിന്റെ മറ്റ് പല പ്രദേശങ്ങളിൽ വിസ്തൃതമായ നിരന്ന ഭൂപ്രദേശങ്ങൾ വിളനിലങ്ങളായുള്ളപ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ ഭൂപ്രകൃതിയോടുകൂടിയതും അതിന് അനുയോജ്യമായ കൃഷിയും കൃഷിരീതിയുമാണ് അനുഷ്ഠിച്ചും വരുന്നത്. ഇന്ത്യൻ കാർഷികസമ്പദ് വ്യവസ്ഥയിൽ കേരളത്തിന്റെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. നാണ്യവിളകളുടെ കാര്യത്തിലെങ്കിലും ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ കേരളം ഒരിക്കലും സ്വയം പര്യാപ്തമായിരുന്നില്ല. എന്നാൽ ആ സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. ഇന്ന് വളരെയധികം വെല്ലുവിളികളും സങ്കീർണ്ണതയും നേരിട്ട് കൊണ്ടിരിക്കുന്ന മേഖലയായിമാറിയിരിക്കുന്നു കേരളത്തിലെ കാർഷികരംഗം.

സമ്പന്നമായ ഒരു കാർഷിക ചരിത്രമാണ് നമ്മുടെ ഗ്രാമത്തിനുണ്ടായിരുന്നത്. അവകാശപ്പെടുവാനും അവലോകനം ചെയ്യുവാനും വസ്തുതകൾ ഏറെയുള്ളതാണ് ഇവിടത്തെ പൂർവ്വകാല കാർഷിക ചരിത്രം. ഒരു കാലത്ത് ലക്ഷ്യബോധമുള്ള കർഷകരും അർപ്പണബോധമുള്ള തൊഴിലാളികളും ചേർന്ന് ഫലഭൂയിഷ്ഠമായ കാർഷിക സാഹചര്യം ഉണ്ടാക്കിയെടുത്തിരുന്നു. നെയ്യാറ്റിൻകര താലൂക്ക് പ്രദേശങ്ങളിൽ നെൽക്കൃഷി ഏറ്റവും കൂടുതൽ നടത്തിയിരുന്നത് ഈ പഞ്ചായത്തിൽ ഉൾക്കൊള്ളുന്ന തലയൽ, അന്തിയൂർ, പുല്ലയിൽക്കോണം ഏലകളിലായിരുന്നു. മാതൃകാപരമായ നെൽകൃഷിക്കും ഉത്പാദന നിലവാരത്തിനും പ്രശംസപിടിച്ചുപറ്റിയിട്ടുള്ളവരാണ് ഇവിടത്തെ കൃഷിക്കാർ. ഒന്നാം വിളയും രണ്ടാംവിളയും ഒരേമേനിയ്ക്ക് കൊയ്തെടുത്തിരുന്ന കൃഷിക്കാർ മറ്റുവിളകളുടെ കാര്യത്തിലും കാര്യമായ ശ്രദ്ധ ചെലുത്തിയിരുന്നവരാണ്. ഒരു കാലത്ത് തിരുവിതാംകൂർ മഹാരാജാക്കൻമാരുടെ ആവശ്യത്തിന് വേണ്ടുന്ന നെല്ല് ഈ പ്രദേശത്ത് നിന്നാണ് കൊണ്ട്പോയ്ക്കോണ്ടിരുന്നത് എന്ന് പഴമക്കാർ പറയുന്നതിൽ നിന്ന് തന്നെ ഈ പ്രദേശത്തിന്റെ കാർഷികപ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. മൂന്നാംവിളയായി വയലുകളിൽ പച്ചക്കറികൾക്ക് പുറമെ ചേമ്പ്, ചീനി, (മധുരക്കിഴങ്ങ്) തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും വളരെ സമർദ്ധമായി കൃഷി ചെയ്തിരുന്നു. തെങ്ങ് കൃഷി മാതൃകാപരമായിരുന്നു. കരപ്രദേശങ്ങളിൽ തെങ്ങ്, കവുങ്ങ്, മരിച്ചീനി എന്നിവയായിരുന്നു പ്രധാനവിളകൾ. എന്നാൽ ഇന്ന് മുഖ്യകാർഷികവിളകളായ നെല്ലും തെങ്ങും വർദ്ധിച്ച പ്രതിസന്ധിയെ നേരിട്ട് കൊണ്ടിരിക്കുന്നു. ഉയർന്ന ഉത്പാദനശേഷിയുള്ള വിത്തുകളുടെയും രാസവളങ്ങളുടെയും ഉപയോഗത്തിന്റെ ഫലമായി കുറച്ച് കാലത്തേയ്ക്ക് ഉല്പാദനരംഗത്ത് ഒരു കുതിച്ചുകയറ്റം ഉണ്ടായത് വിസ്മരിക്കുന്നില്ല. എന്നാൽ നേടിയതിനെക്കാൾ എത്രയോ വലുതാണ് പിൽക്കാലത്ത് ഈ രംഗത്ത് നേരിട്ട അപചയം. പൈതൃകമായ കാർഷിക സംസ്കാര

ഉപേക്ഷിച്ച് കൊണ്ടുള്ള ഒരു ജീവിതക്രമം ശാശ്വതമായി തുടർന്ന് പോകുവാൻ കഴിയുന്ന ഒന്നല്ല കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന നമുടെ പരമ്പരാഗത കർഷകന്റെ ചിന്താ സരണിയിൽ എങ്ങിനെയോ വന്നുപെട്ട മിഥ്യാ ബോധത്തിനാലാവാം കുറച്ചൊരു കാലത്തിനിടയിൽ കാർഷികരംഗത്തെ ഈ മാറ്റം. വ്യക്തമായ അപഗ്രഥനനങ്ങളിൽ കാർഷികരംഗത്തെ നേട്ടങ്ങളുടെ പട്ടിക ഇന്ന് ഒരു അവരോഹണാവസ്ഥയിൽപ്പെട്ടിരിക്കുന്നു എന്ന് കാണാം.

പാരമ്പര്യമായി കൃഷിചെയ്ത് കൊണ്ടിരുന്ന സങ്കേതങ്ങൾ ഉപേക്ഷിക്കുവാൻ നമ്മുടെ കർഷകർ തയ്യാറായികൊണ്ടിരിക്കുന്നു. കാർഷികരംഗത്തുണ്ടായ അമിതമായ വാണിജ്യവത്കരണം നമ്മുടെ കർഷകരെയും ബാധിച്ച പ്രതീതിയാണ് ഉളവാക്കുന്നത്. പാരമ്പര്യകൃഷിയിൽ നിന്നും കിട്ടുന്ന ആദായത്തിൽമാത്രം ഒതുങ്ങിനിൽക്കുവാൻ നമ്മുടെ കർഷകർ തയ്യാറാകുന്നില്ല. നമ്മുടെ കാർഷികമേഖലയിലെ അക്ഷയപാത്രങ്ങളായ വയലുകൾ സംരക്ഷിക്കുന്നതിൽ താത്പര്യം കുറഞ്ഞ് വരുന്നു. നെൽപാടങ്ങൾ നികത്തി അധികാദായത്തിന് ഉതകുന്ന മറ്റ് രീതികൾക്കായി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. നാണ്യവിളകൾക്കും ഭവനമിർമ്മാണത്തിനുമായിട്ടാണ് നെൽപാടങ്ങൾ നികത്തപ്പെടുന്നത്. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും നിലം നികത്തൽ വ്യാപകമായി കാണുന്നു. ഈ പ്രവണത ഒരു പകർച്ചവ്യാധിയെക്കാൾ വേഗത്തിൽ പടർന്ന്കൊണ്ടിരിക്കുകയാണ്. നാം നമ്മുടെ നിത്യജീവിതത്തിനാവശ്യമായ കേവലഭക്ഷ്യ പദാർത്ഥങ്ങൾപോലും അന്യസംസ്ഥാനത്ത് നിന്നും കൊണ്ട്വരേണ്ടുന്ന ഒരു അവസ്ഥയിലാണ് ഇത് സംഭവിക്കുന്നത് എന്ന സത്യം നാം എന്ത്കൊണ്ടോ വിസ്മരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 1053 ഹെക്ടർ ഭൂവിസ്തൃതീ ഉണ്ട്. ഇതിൽ ഭക്ഷ്യ-നാണ്യവിളകൾ സമ്മിശ്രമായി കൃഷി ചെയ്യുന്നു.

മുൻകാലങ്ങളിൽ നമ്മുടെ പാടശേഖരങ്ങളിൽ എല്ലാംതന്നെ കർഷകർ ഒരേസമയം തന്നെ കൃഷി ഇറക്കിയിരുന്നു. ഇത് വിളകളുടെ കാര്യത്തിലും ഒരേ നില പുലർത്തിയിരുന്നു. കർഷകന് പരസ്പരം യോജിച്ച കാലോചിതമായ പരിരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വളരെസഹായകമായിരുന്നു. എന്നാൽ ഇന്ന് ഈ പതിവിന് മാറ്റം വന്നിരിക്കുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖരമായ തലയൽ ഏല ഈ പ്രദേശത്തിന്റെ കാർഷികവിളകളുടെ മുഖ്യമായ സ്രോതസ്സ് തന്നെയായിരുന്നു. സമ്പ്രദായങ്ങളിൽ വന്നുപെട്ട മാറ്റം ഈ അവസ്ഥയ്ക്കു മാറ്റം വരുത്തിയിരിക്കുന്നു. കരപ്രദേശങ്ങളിൽ മുൻകാലങ്ങളിൽ സമൃദ്ധമായി കൃഷി ചെയ്തിരുന്ന പയർ, നിലക്കടല, കാണം, എള്ള്, കാച്ചിൽ എന്നിവ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. പച്ചക്കറി വിഭാഗത്തിൽ അമരപ്പയർ, ചതുരപ്പയർ (ഇറച്ചിപ്പയർ), വാളരിങ്ങ തുടങ്ങിയവയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വീട്ടുപറമ്പിലും, പുരയിടങ്ങളിലും ധാരാളമായി കണ്ടിരുന്ന ഔഷധ സസ്യശേഖരവും നഷ്ടമായിക്കൊണ്ടിരിക്കുന്നു. ആടലോടം, ശംഖുപുഷ്പം, നൊച്ചി, എശംഖ്, കുന്നി, വേലുപ്പരുത്തി, ചെമ്പരത്തി, ഉതറ്റി, അത്തി, ഇത്തി, കുവളം, തുളസി, എരുക്ക്, മാതളം മുതലായവ നമ്മുടെ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും സുലഭമായിരുന്ന ഔഷധ സസ്യങ്ങളായിരുന്നു.

## ബാലരാമപുരം ഗ്രാമപഞ്ചായത്ത് - ഭൂമി സംബന്ധിച്ച വിവരം

പട്ടിക -1

| ഇനം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നിലം | 200 |
| പുരയിടം | 700 |
| പുറമ്പോക്ക് | 130 |
| കൃഷിയോഗ്യ തരിശ് | 23 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | - |
| ആകെ | 1053 |

അവലംബം: കൃഷിഭവൻ, ദ്വിതീയ വിവരശേഖരണം

## നെൽകൃഷി

ഒന്നുമുതൽ അഞ്ചു വരെയുള്ള വാർഡുകൾ ജലസേചന കാര്യത്തിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് സമ്പന്നമാണെന്നു പറയാം. നെയ്യാർ ജലസേചനപദ്ധതിയിലെ ചാനലുകളുടെയും ഉപചാനലുകളുടെയും പ്രയോജനം പരമാവധി ലഭിക്കുന്ന പ്രദേശങ്ങളാണ് ഇവിടങ്ങളിൽ സ്ഥിതിചെയ്യുന്നത്. നെയ്യാർ പ്രോജക്ടിന്റെ പ്രയോജനം ഉപയോഗപ്പെടുത്തി ഇവിടങ്ങളിൽ അൻപതുകളിൽ തന്നെ ഇരുപ്പൂകൃഷി നല്ലരീതിയിൽ ആരംഭിച്ചു കഴിഞ്ഞിരുന്നു. രണ്ടുപ്രാവശ്യം വിളയെടുപ്പു കവിഞ്ഞാൽ ഇടക്കാലവിളയായി പയർവർഗ്ഗങ്ങൾ വ്യാപകമായി കൃഷി ചെയ്യുക മുൻകാലങ്ങളിൽ പതിവായിരുന്നു. മണ്ണിൽ കൂടുതൽ നൈട്രജൻ നിക്ഷേപത്തിനു സാദ്ധ്യതയുള്ളതും അതുവഴി മണ്ണിന്റെ ഫല ഭൂയിഷ്ടത വർദ്ധിപ്പിക്കുകയും ചെയ്തിരുന്ന മേൽകൃഷി സമ്പ്രദായം ഇന്ന് പാടെ മാറിയിരിക്കുന്നതായി കാണുന്നു. നെല്പാടങ്ങളിൽ പലതും സ്ഥിരമായി വാഴകൃഷിക്കായി ഉപയോഗപ്പെടുത്തുന്നതായാണ് കാണുന്നത്. വാഴകൃഷിക്കായി ഉപയോഗിക്കുന്ന കോർപ്പറേഷൻ കമ്പോസ്റ്റ് വളത്തിൽ അമിതമായി കാണുന്ന പ്ലാസ്റ്റിക് നീക്കം ചെയ്യാതെ പാടങ്ങളിൽ നിക്ഷേപിക്കുന്നതുകാരണം പിന്നീടുള്ള നെൽക്കൃഷിയെ വളരെദോഷകരമായി ബാധിക്കുന്നുണ്ട്. ആകെക്കൂടി കാർഷിക സമ്പ്രദായത്തിൽവന്നമാറ്റം ഈ പ്രദേശങ്ങളിലെ മണ്ണിന്റെ സ്വയം ശേഷി നശിപ്പിക്കുവാൻ കാരണമാകുന്നു.

പഞ്ചായത്തിലെ ആറുമുതൽ പന്ത്രണ്ടു വരെയുള്ള വാർഡുകളിൽ ജലസേചനത്തിന്റെ ഗുരുതമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. നെയ്യാർ ജലസേചന പദ്ധതിയുടെ സൗകര്യങ്ങൾ തീരെ ലഭിക്കാത്ത പ്രദേശങ്ങളാണവ ഇവിടങ്ങളിലെ കൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ചുതന്നെയാണ് ഇപ്പോഴും നിലനിത്ക്കുന്നത്. പരമ്പരാഗതമായിത്തന്നെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കുളങ്ങളും തോടുകളും മാത്രമാണ് പറയാവുന്ന ജല സേചന സംവിധാനങ്ങൾ. എന്നാൽ കുളങ്ങളിലെ സംഭരണശേഷി തീരെ പര്യാപ്തമല്ലാത്തവയാണ്. കാലാകാലങ്ങളിലെ മെയിൻറനൻസ് പണികൾ നടത്തുന്നതിൽ വരുന്ന വീഴ്ച ഈ കുളങ്ങളുടെ സംഭരണശേഷിയെ ശോഷിപ്പുക്കുകയാണുണ്ടായത്. ഇത് ഈ പ്രദേശത്തെ കാർഷികോല്പാദനത്തെ ഗുരതരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രദേശങ്ങളിൽ നെൽകൃഷി വ്യാപകമായി കാണുന്നത് ആറാംവാർഡിൽ ഉൾപ്പെടുന്ന പുല്ലയിൽകോണം ഏലായിലും പതിനൊന്ന്, പന്ത്രണ്ട് എന്നീ വാർഡുകളിലുൾപ്പെടുന്ന കോട്ടുകാൽക്കോണം ഏലായിലുമാണ്. ഒൻപത്, പത്ത് എന്നീ വാർഡുകളിൽപ്പെട്ടു കിടക്കുന്ന അന്തിയൂർ, അഴുപ്പിൽ പ്രദേശങ്ങളിൽ നെല്പാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷിചെയ്യാൻ ആരംഭിച്ചിരിക്കുന്നു. തെങ്ങുകൃഷിക്കുവേണ്ടി വയൽ നികത്താൻ ഉപയോഗിച്ചിരിക്കുന്ന മേൽമണ്ണ് ജൈവാംശം തീരെ കുറവും മണൽകുറഞ്ഞ കളമണ്ണാണ്. ആയതിനാൽ തന്നെ മേൽപ്പടികൃഷി ആദായകരമാകുന്നുമില്ല. മുൻപ് നെൽപാടങ്ങൾക്ക് തുല്യമായ ആഴത്തിൽ ഒഴുകിയിരുന്ന നമ്മുടെ തോടുകൾ ഇന്ന് പാടങ്ങളെക്കാൾ വളരെ താണുപോയിരിക്കുന്നു. ഇത് നെൽപാടങ്ങളിൽ സ്ഥിരമായ നീർവാർച്ച ഉണ്ടാകുന്നതിന് കാരണമാകുന്നു. തോടുകളിൽനിന്നുള്ള മണൽവാരൽ വളരെ വ്യാപകമായി നമ്മുടെ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കണ്ടുവരുന്നു. ഇത് തോടുകളുടെ നിരപ്പു താണുപോകുന്നതിനും പാടങ്ങളിലേക്കുള്ള ജലമൊഴുക്ക് ദുഷ്ക്കരമാക്കുന്നതിനും ഇടയാക്കുന്നു.

ഇന്നത്തെ നലയിൽ നെൽകൃഷി വലിയ നഷ്ടത്തിലും അതുകൊണ്ടുതന്നെ പ്രതിസന്ധിയിലുമാണ്. നെൽപാടങ്ങൾ നികത്തി മറ്റാവശ്യങ്ങൾക്കു ഉപയോഗിക്കുന്നത് കർശനമായി തടഞ്ഞെ മതിയാകൂ. നെൽകൃഷി ആദായകരമാക്കുന്നതിലേയ്ക്കുള്ള മാർഗ്ഗങ്ങൾ അടിയന്തിരമായി ആരായേണ്ടതാണ്. നെൽപാടങ്ങളിൽ വരമ്പുകൾ

പുഷ്ടിപ്പെടുത്തി ചെമ്മീൻ കൃഷി നടത്താവുന്നതാണ്. അത് കർഷകന് നെൽകൃഷിയിൽ ഉണ്ടാകുന്ന നഷ്ടം നികത്താനും ഒരു പരിധി വരെ മണ്ണിന്റെ ജൈവാംശം വീണ്ടെടുക്കാനും സാധിക്കും.

## തെങ്ങ്കൃഷി

മുൻകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ പ്രധാനവിള നെല്ലുതന്നെയായിരുന്നു. എന്നാൽ പിൽക്കാലത്ത് പ്രധാനവിളയുടെ സ്ഥാനം തെങ്ങ് കൈയടക്കുകയുണ്ടായി. ഇന്ന് പഞ്ചായത്തിലെ പ്രധാനവിള തെങ്ങു തന്നെയാണ്. നെൽകൃഷി പഞ്ചായത്തിലെ 100 ഹെക്ടർ നിലത്തിൽ ഒതുങ്ങിനിൽക്കുമ്പോൾ തെങ്ങു കൃഷി 478 ഹെക്ടർ സ്ഥലത്ത് ചെയ്യുന്നുണ്ട്. ഉത്പാദന രംഗത്ത് സംസ്ഥാനത്തെ ഉല്പാദന ക്ഷമതയുടെ മുന്നിലാണെന്ന് കണക്കുകൾ കാണിക്കുന്നുവെങ്കിലും ആശാവകമായ ഒരു വിവരമല്ല നേരിട്ടുള്ള പഠനങ്ങളിൽനിന്നും വ്യക്തമാകുന്നത്. കരപ്രദേശത്തും വയൽ തീരങ്ങളിലുമൊന്ന് മുൻകാലങ്ങളിൽ തെങ്ങു കൃഷി നടത്തിയിരുന്നത്. എന്നാൽ ഇന്ന് നെൽപാടങ്ങൾ മണ്ണിട്ടുനികത്തി തെങ്ങു കൃഷി ചെയ്യുന്നത് സാധാരണയായിത്തീർന്നിട്ടുണ്ട്. വെള്ളക്കെട്ടുള്ള ഇത്തരം പ്രദേശങ്ങളിൽ തെങ്ങുകൃഷി ലാഭകരമല്ല എന്ന വസ്തുത നമ്മുടെ കർഷകർ മനസ്സിലാക്കിയിട്ടില്ലായെന്നു കാണാം. ഉല്പാദനക്ഷമതകൂടിയ തൈകളുടെ വിതരണം ഫലപ്രദമായി നിർവഹിക്കാൻ കഴിയാത്തതു ഈ രംഗത്തെ ഒരു പോരായ്മതന്നെയാണ്. നടീൽ പ്രക്രിയയിലും കർഷകന്റെ അജ്ഞത പ്രകടമായിക്കാണുന്നു. തൈകൾ നടുമ്പോൾ പാലിക്കേണ്ടുന്ന അകലം പലകൃഷിയിടങ്ങളിലും പാലിച്ചുകാണുന്നില്ല. കർഷകർക്ക് ശാസ്ത്രീയമായ അറിവ് നല്കുന്നതിൽ വന്നിട്ടുള്ള അലംഭാവമായിരിക്കാം ഇതിനുകാരണമാകുന്നതെന്നു പറയാം. കാർഷികരംഗത്തെ പ്രഗത്ഭമതികളുടെ സേവനം കൃഷിഭവൻ, കേരകർഷകസമിതികൾ മുഖേന കർഷകരുടെയിടയിൽ എത്തിക്കുവാനുള്ള സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചാൽ

### വിളയും വിസ്തീർണ്ണവും ഉത്പാദനവും

പട്ടിക -2

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉത്പാദനം | | ഉത്പാദനക്ഷമത ഹെക്ടറിൽ | |
|---|---|---|---|---|---|
| നെല്ല് ഒന്നാംവിള | 100 | 294000 | കിലോ | 3100 | കിലോ |
| നെല്ല് രണ്ടാംവിള | 100 | 294000 | കിലോ | 3100 | കിലോ |
| പച്ചക്കറി | 75 | 675 | ടൺ | 2020 | ടൺ |
| തെങ്ങ് | 478 | 800000 | | 9630 | |
| വാഴ | 114 | 96000 | | 7500 | |
| മരച്ചീനി | 100 | 1780 | ടൺ | 23 | ടൺ |
| പയർ | 25 | 9375 | കിലോ | 373 | കിലോ |
| കശുമാവ് | 5 | - | | - | |
| റബ്ബർ | 9 | - | | - | |
| കൃഷിയോഗ്യമായ തരിശ് | 23 | - | | - | |

ഫലപ്രദമാകുന്നതായിരിക്കും. പഞ്ചായത്തിൽ ഒരു കേര കർഷകസമിതി പ്രവർത്തിച്ചുവരുന്നു. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പുതിയതരം അത്യുല്പാദന ശേഷിയുള്ള തൈകൾക്കും പ്രചരണം കൊടുക്കുന്നു. ആകെക്കൂടി നോക്കിയാൽ ശാസ്ത്രീയമായ ഒരു കാർഷിക സമീപനം നമ്മുടെ കർഷകരുടെ ഇടയിൽ സാർവ്വത്രികമായി രൂപം കൊണ്ടിട്ടില്ല എന്ന സത്യാവസ്ഥ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

*ഉല്പാദനക്ഷമത*

പൊതുവിൽ നമ്മുടെ പഞ്ചായത്തിന്റെ കാർഷികാവസ്ഥ മേൽ വിവരിച്ച പ്രകാരമാണെങ്കിലും വിവിധ കാർഷികോല്പന്നങ്ങളുടെ ഉല്പാദനക്ഷമത സംസ്ഥാന ഉത്പാദനക്ഷമതാ നിലവാരത്തിലും ഉയർന്നതായി കാണാം. തേങ്ങയുടെ ഉല്പാദനത്തിൽ ലഭ്യമായ ആധികാരിക വിവരങ്ങൾ ശരിയാണെങ്കിൽ നാം സംസ്ഥാന ശരാശരി നിലവാരത്തിന്റെ വളരെമുന്നിലാണെന്നു കാണുന്നു. നെല്ലിന്റെ കാര്യത്തിലും മേൽനിലപാടുതന്നെയാണ് കാണിക്കുന്നത്.

## പച്ചക്കറി കൃഷി

പഞ്ചായത്തിലെ എഴുപത്തിയഞ്ചു ഹെക്ടറോളം സ്ഥലത്ത് ഇന്ന് പച്ചക്കറി കൃഷിചെയ്തു വരുന്നു. മുൻകാലങ്ങളിൽ ഇടക്കാലവിളയായി മിക്കവാറും നെൽപാടങ്ങളിൽ പച്ചക്കറി കൃഷിചെയ്യുന്ന പതിവ് നിലനിന്നിരുന്നു. തലയൽ, കുടല്ലൂർ, നന്തലത്ത്, തെങ്കറക്കോണം, കേട്ടുകാൽക്കോണം ഏലാ എന്നിവിടങ്ങളിൽ പച്ചക്കറി സമൃദ്ധമായി കൃഷി ചെയ്തിരുന്നു. എന്നാൽ ആ പതിവ് നിർത്തിയമട്ടാണ്. മേൽത്തരം വിത്തുകളുടെ ദൗർലഭ്യം, കീടബാധ എന്നിവ ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പച്ചക്കറിയുടെ വിപണനത്തിനായുള്ള ഒരു മാർക്കറ്റ് ഈ പഞ്ചായത്തിൽ ഇല്ലാത്തതും ഈ രംഗത്തെ ശോഷണത്തിന് ഒരു പ്രധാനകാരണമാണ്. പച്ചക്കറി കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികളുടെ ഭാഗമായി വായ്പാ സൗകര്യത്തിലും കാർഷിക ഉപകരണങ്ങൾ സ്വന്തമായി വാങ്ങുന്നതിനുമുള്ള നിബന്ധനകളിൽ അയവുവരുത്തേണ്ടതാണ്. പമ്പുസെറ്റുകൾ വാങ്ങുന്നതിനുള്ള ഭൂപരിധി നിബന്ധന ലഘൂകരിക്കണം. സബ്സിഡിയായി വളം, കീടനാശിനികൾ എന്നിവ നല്കേണ്ടതാണ്. കൃഷി ഉദ്യോഗസ്ഥരുടെ നിരന്തരനിരീക്ഷണം കൃഷിയിടങ്ങളിൽ ഉണ്ടാകേണ്ടതും ആവശ്യമാണ്.

## മറ്റുവിളകൾ

പഞ്ചായത്തിലെ ഒന്നാം വാർഡിൽ എരുത്താവൂർ മലഞ്ചരിവിലും ചെറുമലയിലും റബ്ബർകൃഷി ആരംഭിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങൾ റബ്ബർ കൃഷിക്കു യോജിച്ചതുമാണ്. എന്നാൽ ഒന്നംവാർഡിൽത്തന്നെ എതിർക്കരവിളയ്ക്കു താഴെ നെൽപാടം നികത്തി റബ്ബർ വച്ചിരിക്കുന്നതു കാണുന്നുണ്ട്. ഇത് അയൽ നിലങ്ങളിലെ നെൽകൃഷിയെ നശിപ്പിക്കുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതും തടയേണ്ടതുമാണ്.

കുരുമുളകു കൃഷി നാമമാത്രമായി മാത്രമേ നടക്കുന്നുള്ളൂ. എരുത്താവൂർ, എതിർക്കരവിള, പാറക്കുഴി, നന്നംകുഴി എന്നിവിടങ്ങളിൽ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കശുമാവ് കൃഷി പറയത്തക്കരീതിയിൽ കാണുന്നില്ല. എന്നാൽ പതിനൊന്ന്, പന്ത്രണ്ടു വാർഡികളിലെ ഭൂമിയോടു ചേർന്നുള്ള ചില പ്രദേശങ്ങൾ കശുമാവ് കൃഷിക്ക് യോജിച്ചതാണ്.

## ജലസേചന സൗകര്യങ്ങൾ

ഉത്പാദനക്ഷമതയുമായി ഏറ്റവും അടുത്തബന്ധം പുലർത്തുന്ന ഒരു ഘടകമാണ് ജലസേചനം ഈ പഞ്ചായത്തിലെ പ്രധാന ജലസേചന സ്രോതസ്സ് എന്നുപറ

യാവുന്നത് നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ ചാനലുകളും ഉപചാനലുകളുമാണ്. ആയതുതന്നെ മുൻപു പ്രസ്താവിച്ചതുപോലെ പഞ്ചായത്തിലെ പകുതിയോളം പ്രദേശങ്ങളിൽ മാത്രമേ (1മുതൽ 5 വരെ) വാർഡുകൾ ഉപയോഗപ്പെടുന്നുള്ളൂതാനും. ഈ പ്രദേശങ്ങളിൽത്തന്നെ കാറ്റാടിമുകൾ, കുന്നത്ത്, കരിംപ്ലാവിള, റയിൽവേഗേറ്റ്, ഏരുത്താവൂർ മുകൾഭാഗം, ചെറുമല എന്നീ സ്ഥലങ്ങളിൽ ഈ സ്കീമിൽ നിന്നുള്ള ജലലഭ്യത ഇല്ലാത്ത പ്രദേശങ്ങളാണ്. ഇവിടെ കരകൃഷിക്കുവേണ്ടി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുമില്ല. എന്നാൽ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങൾ ആറുമുതൽ 12 വരെയുള്ള വാർഡുകൾ ശാസ്ത്രീയമായ ജലസേചന പദ്ധതികൾ ഒന്നുംതന്നെ ഇല്ലാത്തവയാകുന്നു. ഇതിൽ പതിനൊന്നാം വാർഡിലെ പുതിച്ചൽ, മേക്കേ കാഞ്ഞിരംവിളയിലെ കുറച്ചു പ്രദേശങ്ങൾ മാത്രമാണ് അപവാദമായിട്ടുള്ളത്. വേണ്ടസമയത്തു ജലസേചനം എത്തിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ പ്രദേശങ്ങളിൽ ഉത്പാദനക്ഷമത എത്രയോ ഇരട്ടി വർദ്ധിപ്പിക്കാമായിരുന്നു എന്ന് ചിന്തിക്കേണ്ടതുണ്ട്. നിലവിലുള്ള തോടുകളുടെയും കൂളങ്ങളുടെയും വരമ്പുകൾ സ്വകാര്യമായി വെട്ടിപ്പിടിക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. പുതിയപാതകൾ നിർമ്മിക്കുമ്പോൾ തോടുകൾ നികത്തിപ്പോലും പാതക്കു വീതികൂട്ടിവരുന്നതും സാധാരണമായിരിക്കുന്നു. നമുക്കു നാമമാത്രമായിട്ടാണെങ്കിലും ലഭ്യമായിട്ടുള്ള ഇത്തരം സ്രോതസ്സുകളുടെ നാശം നമ്മുടെ പാടങ്ങളെ വെണ്ണീറാക്കാനല്ലാതെ മറ്റെന്തിനാണുപകരിക്കുക. അഞ്ചാം വാർഡിലെ മണ്ണാംചിറകുളം തികച്ചും ഒരു ജലസ്രോതസ്സാണ്. ഇത് വേണ്ടുന്ന രീതിയിൽ പുതുക്കിലിഫ്റ്റ് ഇറിഗേഷൻ വഴി ജലമെത്തിക്കാൻ കഴിഞ്ഞാൽ ആറാംവാർഡിലെ പുല്ലയിൽക്കോണം പ്രദേശത്തേക്കും ഒൻപതാം വാർഡിലെ അന്തിയൂർഭാഗത്തേക്കും ഉപയോഗിക്കാൻ സാധിക്കുന്നതാണ്. രണ്ടാംവാർഡിലെ മുണ്ടുകോണംകുളം, പാറക്കുഴികുളം, തീയന്നൂർകോണംകുളം എന്നിവ അത്യാവശ്യമായി പുതിക്കിപ്പണി നടത്തേണ്ടുന്ന അവസ്ഥയിലാണ്. ഇതിൽ മുണ്ടുക്കോണംകുളത്തിന്റെ സംഭരണശേഷി തീരെ ഇല്ലാതായിരിക്കുന്നു. ചുറ്റും ബണ്ടുകെട്ടി ച്ചോർച്ച നിയന്ത്രിച്ചാൽ മാത്രമേ തലയൽ ഏലായിൽ തേമ്പാമുട്ടം മേലെമുതൽ കാറാത്തലവരെയുള്ള പാടങ്ങളിലേക്കുള്ള ജലസ്രോതസ്സായ ഈ കുളം സംരക്ഷിക്കാൻ കഴിയുകയുള്ളൂ. പന്ത്രണ്ടാം വാർഡിലെ മുപ്പത്തിഞ്ചോളം ഏക്കർ നെൽപാടങ്ങൾക്കു ഉപയോഗിച്ചിരുന്ന പാലച്ചൽക്കോണംകുളം ഇന്ന് നികത്തപ്പെട്ട നിലയിൽ സ്വകാര്യവ്യക്തിയുടെ കൈവശമായിരിക്കുന്നു. അവിടെ ഇപ്പോൾ വാഴകൃഷി നടത്തിവരികയാണ്. അതേവാർഡിൽത്തന്നെയുള്ള കരുപ്പട്ടിച്ചിറയിൽകുളം ഇന്ന് പാടെ സ്വകാര്യവ്യക്തികളുടെ വാഴത്തോപ്പായിമാറിയിരിക്കുന്നു. ഈ പ്രദേശങ്ങളിൽ കൃഷിക്കുവേണ്ടത്ര രീതിയിൽ ഉപയോഗപ്പെടുത്താൻ പറ്റുന്ന ടി കുളങ്ങൾ സംരക്ഷിക്കാൻ കഴിയേണ്ടതായിരുന്നു. ആ വാർഡിൽ അവ ശേഷിക്കുന്നതിൽ കോട്ടാക്കോണം കുളത്തിതന്റെ സംഭരണശേഷി വളരെയധികം കുറഞ്ഞിരിക്കുകയുമാണ്. ആറാംവാർഡിലെ പുല്ലയിൽകോണം തോട് വരമ്പിടിച്ചിലിനെ നേരിട്ടുകൊണ്ടിരിക്കുന്നു. ടി വാർഡിലെതന്നെ കാഞ്ഞിരംവിളം തോടിന്റെ സംഭരണശേഷി ആശാവഹമല്ലാത്ത അവസ്ഥയിലാണ്. കച്ചേരിക്കുളത്തിന്റെ ഉപയുക്തത പാടെ നഷ്ടപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്തിലെ പ്രധാന ഏലാ ആയ തലയൽ പ്രദേശത്തെ കൃഷി തലയൽ തോടിനെ ആശ്രയിച്ചാണ്. പ്രസ്തുത തോടിന്റെ നിരപ്പ് ഇന്ന് വയലുകളെക്കാൾ താഴ്ന്ന അവസ്ഥയിലാണ്. തോട്ടിൽ പല ഭാഗത്തായി നടക്കുന്ന നിരന്തരമായ മണലൂറ്റ് ഈ തോട്ടിന്റെ പ്രയോജനക്ഷമതക്കു ഭീഷണിയായിമാറിക്കൊണ്ടിരിക്കുന്നു. ഈ തോടിന്റെ ഉപതോടുകളായ പള്ളിയറനട, പേഴൂർക്കോണം, ഇടയ്ക്കോണം, ശിവൻകോവിൽവിള, മുണ്ടുകോണം, പാണറത്തോട്, കാഞ്ഞിരംവിളാകം, ഐക്കോട്ടുക്കോണം,

നെടുംകുളം, പൊമ്പേനിമഠം എന്നീ തോടുകൾ നാശോന്മുഖത്തിലെത്തി നില്ക്കുന്നു. ആവശ്യമായ പരിരക്ഷാ പ്രവർത്തനങ്ങൾ നത്തുകവഴി നിലവിലുള്ള കുളങ്ങളും തോടുകളും സംരക്ഷിക്കേണ്ടിയിരിക്കുന്നു.

## ജലസേചന സംവിധാനങ്ങൾ

പട്ടിക -3

| വാർഡ് നമ്പർ | പൊതുജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് ഹെക്ടർ |
|---|---|---|---|---|---|
| 1 | ഇല്ല | 3 | 1 | 25 | - |
| 2 | ഇല്ല | 3 | 5 | 20 | - |
| 3 | ഇല്ല | ഇല്ല | 4 | 5 | - |
| 4 | 4 | 1 | 2 | 6 | - |
| 5 | ഇല്ല | ഇല്ല | 2 | ഇല്ല | - |
| 6 | ഇല്ല | ഇല്ല | 2 | 2 | - |
| 7 | ഇല്ല | 4 | 1 | ഇല്ല | - |
| 8 | ഇല്ല | ഇല്ല | 1 | ഇല്ല | - |
| 9 | ഇല്ല | 2 | 1 | ഇല്ല | - |
| 10 | 1 | ഇല്ല | 2 | ഇല്ല | - |
| 11 | ഇല്ല | 4 | 3 | ഇല്ല | - |
| 12 | ഇല്ല | 2 | 4 | ഇല്ല | - |

അവലംബം: കൃഷിഭവൻ, ദ്വിതീയ വിവരശേഖരണം

## കീടബാധ - രോഗങ്ങൾ

കാർഷികരംഗത്ത് നമ്മുടെ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഒരു പ്രധാന വിപത്ത് കീടബാധയും വിളകളെ ബാധിക്കുന്ന രോഗങ്ങളുമാണ്. ഈ പ്രദേശത്ത് നെല്ലിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾ ചാഴി, ഓല ചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ മുതലായവയാണ്. ഇവകൂടാതെ ചില വൈറസ് രോഗങ്ങളും അടുത്തകാലത്ത് നമ്മുടെ നെൽപാടങ്ങളെ ബാധിച്ചതായിക്കാണുന്നു. വാഴകൃഷിയെ ബാധിക്കുന്ന പ്രധാന കീടം തടപ്പുഴുവും മാണവണ്ടുമാണ്. മണ്ടയടപ്പ് രോഗം കൂടുതലായി കാണപ്പെടുന്നുണ്ട്. തെങ്ങുകൃഷിയാണ് കീടബാധകാരണം ഏറ്റവും കൂടുതൽ പ്രതിസന്ധിയിൽ എത്തിനില്ക്കുന്നത്. നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിൽ സാധാരണ കണ്ടുവരുന്ന തെങ്ങിനെ ബാധിക്കുന്ന കീടങ്ങൾ കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, പൂങ്കുലച്ചാഴി എന്നിവയാണ്. കൂടാതെ വേരുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളും തെങ്ങിനെ ബാധിക്കുന്നതായി കാണുന്നു. പച്ചക്കറികൃഷിയും കീടബാധയുടെ ഭീഷണിയിലാണ്. പാവൽ, പടവലം എന്നീവിളകളെ ബാധിക്കുന്ന കായീച്ച, പടവലപ്പുഴു വെണ്ടയെബാധിക്കുന്ന മൂഞ്ഞ, ഇലചുരുട്ടിപ്പുഴു പയറിനെ ബാധിക്കുന്ന പയർപേൻ എന്നീകീടങ്ങളും നമ്മുടെ പ്രദേശങ്ങളിൽ കണ്ടുവരുന്നുണ്ട്.

പഞ്ചായത്തിനുള്ളിൽ സഹകരണ സ്ഥാപനങ്ങളുടെ രണ്ടു വളം കീടനാശിനി വില്പനശാലകൾ ഉണ്ട്. ബാലരാമപുരം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റേയും അന്തിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റേയും കീഴിലുള്ളവയാണവ. കൂടാതെ കൃഷിഭവൻ മുഖാന്തിരവും കീടനാശിനികൾ വിതരണം നടത്തിവരുന്നുണ്ട്.

## ജലസേചന സംവിധാനങ്ങൾ

പട്ടിക -4

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കി. ഗ്രാം | ദ്രവം | ഖരം | കി. ഗ്രാം | ദ്രവം | ഖരം | കി. ഗ്രാം | ദ്രവം | ഖരം |
| 1 | കൃഷിഭവൻ ബാലരാമപുരം | | | | | | | | 3200 ലിറ്റർ | 2700 കിലോ |
| | **സഹകരണ മേഖല** | | | | | | | | | |
| 1 | സർവ്വീസ് സഹകരണ ബാങ്ക് നമ്പർ റ്റി. 14 | 74354 | 190 | 401.700 | 70183 | 218 | 54.50 | 49700 | 346 | 437.500 |
| 2 | അന്തിയൂർ സർവ്വീസ് സഹകരണ ബാങ്ക് 1166 | 17516 | - | - | 16526 | - | - | 23826 | | |

അവലംബം: കൃഷിഭവൻ, ദ്വിതീയ വിവരശേഖരണം

ആവർത്തിച്ചുള്ള രാസവള പ്രയോഗത്താൽ നമ്മുടെ പാടങ്ങളിലെ മണ്ണിന്റെ ജൈവാംശം തീരെഇല്ലാതായിട്ടുണ്ട്. ജൈവ, ജീവാണു വളങ്ങളുടെ ഉപയോഗത്തിനായി കർഷകരെ ബോധവൽക്കരിക്കേണ്ടതാണ്. അവയോടൊപ്പം അവയുടെ ലഭ്യത ഉറപ്പുവരുത്തുകയും വേണ്ടതാണ്.

### ഉത്പാദന ചിലവിന്റെ വർദ്ധനയും വായ്പാ സൗകര്യവും

കാർഷിക ഉൽപന്നങ്ങൾക്കു മതിയായ വില ലഭിക്കുന്നില്ല എന്നത് കേരളത്തിലെ മൊത്തം കർഷകരുടെയും ദീർഘകാല പരാതിയാണ്. നമ്മുടെ പഞ്ചായത്തിലെ കർഷകരും ഈയൊരവസ്ഥയെ അഭിമുഖീകരിക്കുന്നവർതന്നെയാണ്. ഉത്പാദനചെലവുമായി തട്ടിച്ചുനോക്കുമ്പോൾ പല പാരമ്പര്യ വിളകളും കൊടിയ നഷ്ടത്തിലാണ് വന്നുപെടുന്നത്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം വളരെയധികം ഗുരുതരമായ ഒന്നുതന്നെയാണ്. ശാസ്ത്രീയമായ കൃഷിരീതികളുടെയും വളപ്രയോഗത്തിന്റേയും ഒക്കെ ചെലവുകൾ കണക്കാക്കുമ്പോൾ നാളികേരത്തിനും മതിയായ വില ലഭിക്കുന്നില്ല. പച്ചക്കറികൾക്ക് സ്ഥായിയായ വില ഒരിക്കലും ഇല്ലാത്തതിനാൽ മിക്കപ്പോഴും കൃഷി നഷ്ടത്തിൽതന്നെയാണ് വന്നുപെടുന്നത്.

കർഷകന് ആവശ്യത്തിനു വായ്പകൾ ലഭിക്കുന്നില്ല എന്ന പരാതി പരക്കെ നിലനിൽക്കുന്നു. പരിമിതമായ വായ്പാ

സൗകര്യങ്ങൾ മാത്രമേ ഇന്ന് ഈ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാകുന്നുള്ളൂ. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളാണ് ഈ രംഗത്ത് കുറച്ചൊക്കെ ചെയ്തു കാണുന്നത്. മറ്റു വാണിജ്യ ബാങ്കുകൾ കാർഷിക വായ്പയുടെ പട്ടികയിലുൾപ്പെടുത്തി കൊടുക്കുന്നതുക പൂർണ്ണമായും ഈ രംഗത്തേയ്ക്കല്ല എന്നത് വസ്തുത മാത്രമാണ്. കർഷകന് കാലാ കാലങ്ങളിൽ ഉല്പാദനച്ചെലവിൽ ഉണ്ടാകുന്ന വർദ്ധനവനുസരിച്ച് അവയുടെ വിറ്റു വരവ് വർദ്ധിപ്പിക്കുകയും കാർഷികചെലവുകൾക്കായി നല്കുന്ന വായ്പ പദ്ധതികളുടെ നിബന്ധനകൾ ലഘൂകരിച്ച് കൂടുതൽ വ്യാപിപ്പിക്കുകയും ചെയ്താൽ മാത്രമേ നിരാശയിലേക്കാഴ്ന്നു പോകുന്ന കർഷകനെ ഉണർത്തുവാൻ കഴിയുകയുള്ളൂ.

**ബാലരാമപുരം ഗ്രാമപഞ്ചായത്ത് - കാർഷിക വായ്പകൾ**

പട്ടിക -5

| ബാങ്കുകൾ | കാർഷിക വായ്പകൾ |
|---|---|
| ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക് റ്റി-14 | 36,65,433 |
| അന്തിയൂർ സർവ്വീസ് സഹകരണ ബാങ്ക് റ്റി-1166 | 11,67,679 |
| ഇന്ത്യൻ ബാങ്ക് ബാലരാമപുരം ശാഖ | 68,28,000 |
| തമിഴ്നാട് മെർക്കൻറയിൽ ബാങ്ക് ബാലരാമപുരം ശാഖ | 67,03,000 |

## പണിക്കാരുടെ ദൗർലഭ്യവും കൂലിക്കൂടുതലും

പഞ്ചായത്തിലെ കർഷകരുടെ ഇടയിൽ പരക്കെ നിലനില്ക്കുന്ന മറ്റൊരു പരാതി പണിക്കാരുടെ കാര്യത്തിലാണ് കൃഷിപ്പണി ചെയ്യുന്നതിന് ഇന്ന് ആൾക്കാരെ വേണ്ടത്ര ലഭിക്കുന്നില്ല. വിവിധങ്ങളായ മറ്റു രംഗങ്ങളിലേക്കുള്ള ആകർഷണീയമായ വാഗ്ദാനങ്ങളിൽപ്പെട്ട് നമ്മുടെ കൃഷിപ്പണിക്കാർ പാടത്തിറങ്ങുവാൻ വിമുഖത കാട്ടിത്തുടങ്ങിയിരിക്കുന്നു. ഉള്ളവർക്കുതന്നെ പണിക്കൂലി വർദ്ധിച്ച അളവിൽ നൽകേണ്ടി വരുന്നതായും അഭിപ്രായമുണ്ട്. നമ്മുടെ നെൽകൃഷി

**ബാലരാമപുരം ഗ്രാമപഞ്ചായത്ത്**
**കർഷകത്തൊഴിലാളികൾ - കൂലിനിരക്കുകൾ 1990-96** പട്ടിക -6

| കൂലി നിരക്ക് 1985-1990 (രൂപ) | | കൂലി നിരക്ക് 1991 1996 (രൂപ) | |
|---|---|---|---|
| പുരഷൻ | സ്ത്രീ | പുരഷൻ | സ്ത്രീ |
| 45 മുതൽ 50 വരെ | 25 മുതൽ 30 വരെ | 90 മുതൽ 110 വരെ | 80 മുതൽ 90 വരെ |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടിക -7

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ്കൃഷി വിസ്തീർണ്ണം | കായ്ക്കാത്ത | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | | 7238 | 17892 | 25130 | | | | | | |
| 2 | | 13455 | 19133 | 22588 | 6 | | | | | |
| 3 | | 9944 | 12794 | 22738 | | | | | | |
| 4 | | 8117 | 12315 | 20432 | | | | | | |
| 5 | | 5660 | 10769 | 16429 | | | | | | |
| 6 | | 16757 | 17141 | 33898 | | | | | | |
| 7 | | 7663 | 11987 | 19650 | | | | | | |
| 8 | | 6380 | 10474 | 16854 | | | | | | |
| 9 | | 12138 | 6239 | 18377 | | | | | | |
| 10 | | 6679 | 19380 | 26059 | | | | | | |
| 11 | | 5272 | 17448 | 22720 | | | | | | |
| 12 | | 18142 | 14548 | 32690 | | | | | | |

ക്കാരാണ് ഇക്കാര്യത്തിൽ ഏറ്റവുമധികം ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ഞാറുനടുന്നതിനും, കള പറിക്കുന്നതിനും കൊയ്തു കറ്റമെതിക്കുന്നതിനും ഇന്ന് പണിക്കാരെ കിട്ടുന്നില്ല. നമ്മുടെ നെൽപാടങ്ങളിൽ കൊയ്ത്ത് കറ്റമെതിപ്പ് എന്നീ പണികൾക്കായി അയൽ പ്രദേശങ്ങളായ മുല്ലൂർ, നെല്ലിമൂട് എന്നിവിടങ്ങളിൽ നിന്നുമാണ് പൂർണ്ണമായും പണിക്കാർ എത്തുന്നത്. ഇങ്ങനെ വരുന്നവർക്ക് നല്കേണ്ടിവരുന്ന കൂലി വളരെ കൂടുതലാണെന്ന അഭിപ്രായം കർഷകർ ശക്തമായിത്തന്നെ പറയുന്നുണ്ട്. ഈ അവസ്ഥാ വിശേഷമാണ് പാരമ്പര്യ കൃഷിക്കാരെ ഈ മേഖലയിൽനിന്നും പിൻ തിരിപ്പിക്കാൻ പ്രേരണയാകുന്നത്.

കാലാവസ്ഥയിലും ഭൂപ്രകൃതിയിലും വൈവിദ്ധ്യം പുലർത്തുന്ന വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമായ സങ്കേതങ്ങൾ വികസിപ്പിച്ചെടുക്കുക എന്നതാണ് കാർഷിക മേഖലയുടെ പൂർണ്ണമായ വികസനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ കാലാവസ്ഥയുടെ കാര്യ

ത്തിൽ വിവിധ പ്രദേശങ്ങൾ തമ്മിൽ വൈവിദ്ധ്യം നിലനിൽക്കുന്നില്ല. എന്നാൽ ഭൂമിയുടെ പ്രകൃതത്തിനു അല്പമെങ്കിലും വ്യത്യാസങ്ങൾ ഉണ്ട്. ഈ വൈവിദ്ധ്യത്തിന നുസരിച്ചുള്ള സങ്കേതങ്ങൾ രൂപപ്പെടുത്തുന്ന തിൽ നമ്മുടെ കർഷകർ താല്പര്യപ്പെട്ടു കാണുന്നില്ല. പഞ്ചായത്തിന്റെ 9,10,11,12 എന്നീ വാർഡുകളിലെ നീർമറി പ്രദേശങ്ങളെ സംരക്ഷിക്കുവാനുള്ള കാര്യമായ ഒരു പ്രവർത്തനവും നടന്നിട്ടില്ല. ഭൂമിയുടെ ചരിവും ജല നിർഗ്ഗമന സ്വഭാവവും കണക്കിലെടുത്ത് ജല സംരക്ഷണമുറകൾ സ്വീകരിച്ച് വെള്ളത്തിന്റെ കുത്തൊഴുക്ക് തടയേണ്ടതാണ്. അതിനു വേണ്ടുന്ന ബോധവൽക്കരണം അത്യാവശ്യമായി ചെയ്യേണ്ടതുണ്ട്. മണ്ണൊലിപ്പ് തടഞ്ഞുനിർത്തി മണ്ണു സംരക്ഷണവും ജല വിനിയോഗവും സാധ്യമാക്കുന്ന ഒരുവിള വിന്യാസ പ്രക്രിയ കൂട്ടായ ജനപങ്കാളിത്തത്തോടെ നടത്തേണ്ടിയി രിക്കുന്നു. ഭൂമിയെ തട്ടുകളായി തിരിച്ചും അരികുകളിൽ രാമച്ചം, നറുങ്ങണം പുല്ല് എന്നിവയും വൃക്ഷത്തൈകളും വച്ചുപിടി പ്പിക്കാവുന്നതാണ്. ഇത്തരം കാര്യങ്ങൾ ക്കെല്ലാംതന്നെ കൂട്ടായ പങ്കാളിത്തവും നിരന്തര നിരീക്ഷണവും അത്യാവശ്യമാണ്.

## ബാലരാമപുരം ഗ്രാമപഞ്ചായത്ത് നടീൽ വസ്തു വിതരണം

പട്ടിക -8

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | | 845 | 280 |
| കശുമാവ് | | | |
| കുരുമുളക് | | 5075 | 3700 |
| കവുങ്ങ് | | | |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ വിതരണം

പട്ടിക -9

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | കുടുംബങ്ങളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | തീപിടുത്തം | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | | | | | | |
| 1994-95 | | | | | | |
| 1995-96 | | | | | 197 | 87555 |

നമ്മുടെ കാർഷിക രംഗത്ത് നാളിതു വരെ മുടക്കിയിട്ടുള്ള പദ്ധതി തുകകൾ പൂർണ്ണ മായി പ്രയോജനപ്പെട്ടിട്ടില്ല എന്നത് വസ്തുത യാണ്. പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ വന്നുപോയ ന്യൂനതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. അതുപോലെ തന്നെ കാർഷിക രംഗത്തെ ആധികാരിക വിജ്ഞാന വിന്യാസസ്ഥാപനമായ കൃഷി ഭവനുകളുടെ പ്രവർത്തനങ്ങൾ ഇനിയും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. കർഷകൻ ആഫീസിൽ പോയി വിവരങ്ങൾ ചോദിച്ചറി യേണ്ടുന്ന അവസ്ഥ മാറണം. പാടങ്ങളിൽ വിവരമെത്തിക്കുന്ന രീതി ഉണ്ടാകണം. കൃഷിയിടങ്ങളിൽ കൃഷി ഉദ്യോഗസ്ഥന്മാ രുടെ നിരന്തര നിരീക്ഷണമുണ്ടാകണം.

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## നടീൽ വസ്തു വിതരണം പട്ടിക -10

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രയർ | നാപ്സാക്ക് സ്പ്രയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | - | - | 15 | - | - | - | - | - | - |
| 2 | - | - | 2 | 1 | 2 | - | - | 1 | - |
| 3 | - | - | 15 | 1 | 3 | - | - | - | - |
| 4 | - | - | 10 | - | 1 | - | - | - | - |
| 5 | - | - | 4 | - | 2 | - | - | - | - |
| 6 | - | - | 4 | 1 | 1 | - | - | - | - |
| 7 | - | - | 3 | - | 1 | - | - | - | - |
| 8 | - | - | - | - | - | - | - | - | - |
| 9 | - | - | - | - | - | - | - | - | - |
| 10 | - | - | - | - | - | - | - | - | |
| 11 | - | -2 | - | - | - | - | - | - | - |
| 12 | - | - | 2 | 1 | 1 | - | - | - | - |

പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകളിൽ നടന്ന സമഗ്രമായ ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന കാർഷിക രംഗത്തെ പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. നെൽവയലുകൾ മറ്റു നാണ്യ വിളകൾക്കും പാർപ്പിടത്തിനുമായി മാറ്റപ്പെടുന്നു. ഇത് വയലുകളുടെ വിസ്തീർണ്ണം കുറയ്ക്കുകയും അതുവഴി ഗുരുതരമായ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നു.
2. നെൽകൃഷിക്ക് തൊഴിലാളികളെ കിട്ടാതെ വരുന്നു.
3. കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് കൂടുതലാണ്.
4. ജലസേചന സൗകര്യങ്ങൾ പര്യാപ്തമല്ല.
5. നിലവിലുള്ള കുളങ്ങളുടെ സംഭരണ ശേഷി കുറയുന്നു. ചില കുളങ്ങൾ സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തി നികത്തി കൃഷി ചെയ്യുന്നു.
6. റബ്ബർ, കശുമാവ്, കുരുമുളക് കൃഷികൾക്ക് പ്രാധാന്യം നൽകുന്നില്ല.
7. പ്രകൃതിക്ഷോഭം മൂലം വൻ രീതിയിൽ കൃഷി നാശം സംഭവിക്കുന്നു. കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിക്കപ്പെടുന്നില്ല.

8. നിരന്തരമായ രാസവള പ്രയോഗം നടത്തി കൃഷിഭൂമിയുടെ ജൈവാംശം നഷ്ടപ്പെടുന്നു.

9. ഗുണമേന്മയുള്ള പുതിയതരം വിത്തിനങ്ങൾ ആവശ്യാനുസരണം വിതരണം ചെയ്യപ്പെടുന്നില്ല.

10. മരച്ചീനി കൃഷിക്ക് കാര്യമായ പരിഗണനയും ലഭിക്കുന്നില്ല. ഒരു കാലത്ത് പ്രധാന കരകൃഷിയായിരുന്ന മരച്ചീനി ഇന്ന് ഒരു അപൂർവ്വവിളയായിത്തീർന്നിരിക്കുന്നു.

11. ഏത്തവാഴ കൃഷി വിപണനസൗകര്യം കുറവായതിനാൽ ആദായകരമാകുന്നില്ല.

12. പാടശേഖര സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

13. കൃഷിഭൂമിയുടെ വിസ്തീർണ്ണം തീരെ കുറവായതിനാൽ ആധുനിക രീതിയിൽ ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കാൻ കഴിയുന്നില്ല.

14. മണ്ണുപരിശോധന നടത്തുന്നതേയില്ല. അതുകൊണ്ട് ശരിയായ വളപ്രയോഗം നടത്താൻ കഴിയുന്നില്ല.

15. കാർഷിക വിളകളിലെ കീടബാധ ക്രമാതീതമായി വർദ്ധിച്ചുവരുന്നു. നെല്ലിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾ ചാഴി, ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ മുതലായവയാണ്. തെങ്ങിനെ ബാധിക്കുന്നത് കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, പൂങ്കുലച്ചാഴി എന്നിവയാണ്. തടപ്പുഴുവും മാണവണ്ടുമാണ് വാഴയെ ബാധിക്കുന്നത്. പച്ചക്കറി കൃഷിക്കും കീടബാധയെക്കൊണ്ട് ഏറെ ബുദ്ധിമുട്ടുണ്ടാകുന്നു.

16. വളങ്ങൾക്ക് വില കൂടുതലാണ്.

17. നാണ്യവിളകൾക്ക് നൽകുന്ന സംരക്ഷണം നെല്ലിന് ലഭിക്കുന്നില്ല.

18. ജൈവ, ജീവാണു വളങ്ങളെക്കുറിച്ച് കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല.

19 തോടുകളിൽനിന്നും മണൽവാരൽ വ്യാപകമാകുന്നു. ഇത് തോടിന്റെ പ്രയോജനക്ഷമത ഇല്ലാതാക്കുന്നു.

20. കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.

21. നെയ്യാർ ജലസേചന പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത പ്രദേശങ്ങളിൽ നിലവിലുള്ള ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നില്ല. പുതിയ ജലസേചന സൗകര്യങ്ങൾ എർപ്പാടു ചെയ്യുന്നില്ല.

22. പച്ചക്കറി കൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. നല്ലയിനം വിത്തുകൾ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുന്നു.

23. വനിതകൾക്ക് ചെയ്യാൻ കഴിയുന്ന പുഷ്പകൃഷി പഞ്ചായത്തിന്റെ ഒരു പ്രദേശത്തും പ്രചരിപ്പിച്ചു കാണുന്നില്ല.

24. ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പാ സൗകര്യങ്ങൾ വളരെ കുറവാണ്. ഉയർന്ന പലിശ നിരക്കും നിബന്ധനകളിലെ സങ്കീർണ്ണതയും കാരണം കർഷകർക്ക് ഗുണം ലഭിക്കുന്നില്ല.

25. അടുക്കളതോട്ട നിർമ്മാണത്തിനാവശ്യമായ വിത്തും വളങ്ങളും വിവരങ്ങളും അടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്യുക.

## പരിഹാരങ്ങൾ - സാദ്ധ്യതകൾ

1. നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുക. പാടങ്ങൾ നികത്തിയാലുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

2. പ്രാദേശികമായ കർഷക സമിതികൾ രൂപീകരിച്ച് തൊഴിലാളികളെ അതാത് പ്രദേശങ്ങളിൽനിന്നുതന്നെ കണ്ടെത്താൻ ശ്രമിക്കാവുന്നതാണ്.

3. എല്ലാ വിളകൾക്കും ആവശ്യമായിട്ടുള്ള പണികൾ കർഷകസമിതികളുടെ മേൽനോട്ടത്തിൽ മാത്രം നടത്തുക.

4. ജലസേചന സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടതാണ്. നെയ്യാർ ജലസേചന പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത പ്രദേശങ്ങളിൽ നിലവിലുള്ള ജലസ്രോതസ്സുകളെ പ്രയോജനപ്പെടുത്തി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക.

5. നിലവിലുള്ള കുളങ്ങളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തു തീർക്കുക. കുളങ്ങളുൾപ്പെടെ ജലസ്രോതസ്സുകളുടെ സംരക്ഷണച്ചുമതല കർഷക സമിതികളെ ഏല്പിക്കുക.

6. എല്ലാ വിളകൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പോലുള്ള വിള സംരക്ഷണ പദ്ധതി നടപ്പിലാക്കുക.

7. രാസ വളങ്ങളുടെ അമിത പ്രയോഗത്തിനെതിരേ കർഷകരെ ബോധവൽകരിക്കുക. ജൈവവളങ്ങളും ജീവാണുവളവും കൂടുതലായി പ്രചരിപ്പിക്കുക.

8. കൃഷിഭവൻ മുഖാന്തിരവും കാർഷിക സഹകരണ സംഘങ്ങൾ വഴിയും ഗുണമേന്മയുള്ള വിത്തിനങ്ങൾ കുറഞ്ഞ വിലയക്ക് വിതരണം ചെയ്യുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

9. ഒരു കാലത്ത് പ്രധാന കരകൃഷിയായിരുന്ന മരച്ചീനി കൃഷിയെ സംരക്ഷിക്കേണ്ടതാണ്. വയൽ വിളകൾക്കും തെങ്ങിനും നൽകുന്ന രീതിയിലുള്ള സഹായപദ്ധതികൾ നടപ്പാക്കുന്നത് ഉചിതമായിരിക്കും.

10. ഏത്തവാഴ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കർഷക സംഘങ്ങൾ വഴി സംസ്ക്കരണ ശാലകൾ സ്ഥാപിക്കാവുന്നതാണ്. അതുവഴി മെച്ചപ്പെട്ട വില ലഭ്യമാക്കാൻ സാധിക്കും.

11. പാടശേഖര സമിതികൾക്ക് സാമ്പത്തികമായും സാങ്കേതികമായും സഹായങ്ങൾ നൽകുക.

12. കൂട്ടുകൃഷി സമ്പ്രദായം വ്യാപിപ്പിക്കുന്നതുവഴി ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ കഴിയുന്നതും ആധുനിക രീതിയിലുള്ള ശാസ്ത്രീയ രീതികൾ പ്രായോഗികമാക്കാവുന്നതു മാണ്.

13. മണ്ണ് പരിശോധന ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്. കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ഗവേഷണ ഫലങ്ങൾ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കണം.

14. കീടനാശിനികൾ ഉപയോഗിക്കുന്ന രീതികളെക്കുറിച്ച് കർഷകന് അറിവ് പകരേണ്ടതാണ്. രാസ കീടനാശിനികൾ ആവർത്തിച്ച് പ്രയോഗിക്കുക വഴി കീടങ്ങൾക്ക് അതിനെതിരായുള്ള പ്രതിരോധ ശക്തി വർദ്ധിക്കുന്നു. മാത്രമല്ല പ്രകൃതിജന്യമിത്ര കീടങ്ങളായ തുമ്പികൾ, ശലഭങ്ങൾ, ചിലന്തി, ഞണ്ട്, ചേര, നത്ത എന്നിവ നശിച്ചുപോകുന്നതിനും കാരണമാകുന്നു. ആയതിനാൽ ജൈവ കീടനാശിനികളുടെ പ്രയോഗം പ്രോത്സാഹിപ്പിക്കാവുന്നതാണ്. കീടങ്ങളെ നശിപ്പിക്കുന്നതിനുള്ള കെണി വയ്ക്കുക.

15. കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് (കൂടുതൽ സബ്സിഡി) നൽകി വളങ്ങൾ വിതരണം ചെയ്യുക.

16. നെൽപ്പാടങ്ങളുടെ ബണ്ടുകൾ സംരക്ഷിക്കുന്നതിനും നിലം ഒരുക്കുന്നതിനും സബ്സിഡി നൽകുക. നെല്ലിന് തറവില നിശ്ചയിക്കുക. ശരാശരി ഉല്പാദനം കൂടുതൽ കാണിക്കുന്ന നെൽകൃഷിക്കാരന് നാളികേര കൃഷിക്കാന് നൽകുന്ന രീതിയിലുള്ള അവാർഡ് നൽകുക.

17. ജൈവവളങ്ങളുടെയും ജീവാണുവളത്തിന്റെയും ഉപയോഗത്തെക്കുറിച്ച് കർഷകരുടെ ഇടയിൽ വ്യാപകമായ

പ്രചരണം സംഘടിപ്പിക്കുക. ജൈവ വളങ്ങൾക്കും ജീവാണുവളത്തിനും കൂടുതൽ സബ്സിഡി ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കുക. സർക്കാർ പുറംപോക്കുകളിൽ പച്ചില വളത്തിനു പ്രയോജനപ്പെടുന്ന ചെടികൾ വച്ചു പിടിപ്പിക്കുക.

18. തോടുകളിലെ മണലൂറ്റ് കർശനമായി നിയന്ത്രിക്കുക. ഇക്കാര്യത്തിൽ നിയമം കർശനമായി നടപ്പിലാക്കുക. തോടുകളിൽ ക്രോസ്ബാറുകൾ കെട്ടുക.

19. കൃഷിഭവന്റെ പ്രവർത്തന ഘടനയിൽ മാറ്റം വരുത്തണം. കൃഷിക്കാരൻ ആഫീസിൽ പോയി വിവരങ്ങൾ അറിയുന്ന രീതി മാറി പാടങ്ങളിൽ വിവരം എത്തിക്കുന്ന സമ്പ്രദായം ആവിഷ്ക്കരിക്കുക.

20. പഞ്ചായത്തിലെ അഞ്ചാം വാർഡിലുള്ള മണ്ണാംചിറക്കുളം പുതുക്കി ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പിലാക്കിയാൽ പുല്ലയിൽക്കോണം അന്തിയൂർ പ്രദേശങ്ങൾക്കാവശ്യമായ ജലം ലഭിക്കുന്നതാണ്.

21. പച്ചക്കറി കൃഷിക്ക് മുന്തിയ പരിഗണന നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്. പരമ്പരാഗത പച്ചക്കറി കൃഷിക്കാരിൽ നിന്നും വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യാവുന്നതാണ്. കൃഷിഭവന്റെ പ്രവർത്തനം ഇക്കാര്യത്തിൽ കൂടുതൽ സജീവമാകേണ്ടതാണ്.

22. പുഷ്പകൃഷി, ഔഷധച്ചെടി കൃഷി എന്നിവ പരിപോഷിക്കപ്പെടേണ്ടതാണ്. വനിതാ സംഘടകൾവഴി ഇതിനായുള്ള പ്രചരണം നൽകാവുന്നതാണ്. അധികം ആദായകരമായ പുഷ്പച്ചെടികളുടെയും ഔഷധച്ചെടികളുടെയും തൈകൾ സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

23. ഓരോ വർഷവും പഞ്ചായത്തിലെ ഓരോ വാർഡിലെയും ഏറ്റവും നല്ല കർഷകന് അവാർഡ് നൽകുന്ന രീതി നടപ്പിലാക്കേണ്ടതാണ്.

24. പഴം, പച്ചക്കറി, പുഷ്പം എന്നിവയ്ക് ആധുനിക രീതിയിലുള്ള മാർക്കറ്റിംഗ് സംവിധാനം സൃഷ്ടിക്കേണ്ടതാണ്.

25. കാർഷിക ആവശ്യത്തിനുള്ള യന്ത്ര സാമഗ്രികൾ കർഷകസമിതിക്കും കർഷകർക്കും 75% സബ്സിഡി നിരക്കിൽ നൽകുക.

26. കാർഷിക യന്ത്രങ്ങൾ വായ്പയായി ലഭിക്കുവാൻ ബാങ്കുകൾ നിഷ്ക്കർഷിക്കുന്ന എട്ട് ഏക്കർ സ്ഥലം സ്വന്തമായി വേണമെന്ന നിബന്ധന ഭേദഗതി വരുത്തി അൻപത് സെൻറ് എന്നാക്കുക.

27. വാണിജ്യ ബാങ്കുകൾ കാർഷിക വായ്പകൾ നൽകുന്ന രീതിയിൽ മാറ്റം വരുത്തേണ്ടതാണ്. സ്വർണ്ണ പണയത്തിന്മേൽ നൽകുന്ന വായ്പ കാർഷിക ആവശ്യത്തിനെന്ന് വരുത്തി തീർക്കുന്ന പതിവ് മാറ്റേണ്ടതാണ്. കർഷകന് സുതാര്യമായ വ്യവസ്ഥകളിന്മേൽ വായ്പ നൽകുക.

28. കർഷകന് എസ്.എസ്.ഐ യൂണിറ്റുകൾക്ക് നൽകുന്നതിനേക്കാൾ താഴ്ന്ന പലിശയ്ക്ക് വായ്പകൾ നൽകേണ്ട താണ്.

29. കർഷകർക്ക് ആധുനിക രീതിയിലുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുക.

30. കർഷകർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുക.

31. കർഷക പെൻഷൻ പദ്ധതിയിൽ നിന്നും പ്രായ പരിധി എടുത്തു കളയുക.

32. മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുന്ന രീതി കർഷകരെ പരിശീലിപ്പിക്കുക.

33. കാർഷിക ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ വ്യവസ്ഥകൾ ലഘൂകരിക്കണം.

34. ജലസേചനത്തിനായുള്ള കിണറുകൾ കുഴിക്കുന്നതിന് ഭൂമിയുടെ അളവ് നോക്കാതെ സഹായം നൽകുക.

35. കാർഷിക രംഗത്തെ പൂർണ്ണമായി പോഷിപ്പിക്കുന്നതിന്വേണ്ടി പഞ്ചായത്ത് തല കാർഷിക നയം രൂപീകരിക്കണം.

36. പുതിയ തലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിനുവേണ്ടി സ്കൂൾ തലത്തിൽ തന്നെ കൃഷി ഒരു വിഷയമാക്കി പഠിപ്പിക്കുക.

37. മണ്ണ് സംരക്ഷണത്തിനുവേണ്ടിയുള്ള ശാസ്ത്രീയ ബോധനം നൽകുക.

38. ഒരു കമ്പോസ്റ്റ് സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുക.

39. പ്രകൃതിക്ക് അനുയോജ്യമായ ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് സാമൂഹ്യ വനവൽക്കരണ പരിപാടി ഊർജ്ജിത പ്പെടുത്തുക.

40. റബ്ബർ, കുരുമുളക്, കശുമാവ് എന്നിവയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എരുത്താവൂർ, ചെറുമല എന്നീ പ്രദേശങ്ങൾ റബ്ബറിനും കുരുമുളകിനും പറ്റിയ പ്രദേശങ്ങളാണ്. പാറക്കുഴിൽ കുരുമുളക് കൃഷി വ്യാപിപ്പിക്കാവുന്നതാണ്. 11, 12 വാർഡുകളിലെ പീഠഭൂമിയോട് ചേർന്ന പ്രദേശത്ത് കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

41. റോഡ് വികസനത്തിനായി തോടുകൾ നികത്തുന്നത് നിർബ്ബന്ധമായും തടയേണ്ടതാണ്.

42. പഞ്ചായത്തിൽ ഒരു ഹോർട്ടികൾച്ചർ യൂണിറ്റ്, മാർക്കറ്റ് എന്നിവ സ്ഥാപിക്കണം.

5-(iii)

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരളത്തിന്റെ സാമ്പത്തിക സാമൂഹിക വളർച്ചയിൽ സുപ്രധാന പങ്കുവഹിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണം. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ കാർഷികമേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിന്റെ പ്രധാനപ്പെട്ട ഘട്ടങ്ങളിലൊന്നാണ് മൃഗ സംരക്ഷണം. സാങ്കേതികരംഗത്തുണ്ടായ മാറ്റങ്ങൾ ഉല്പാദനരംഗത്തും ഉണ്ടാകണമെങ്കിൽ ഉയർന്ന ഉല്പാദനക്ഷമതയുള്ള മൃഗങ്ങളെ ഉല്പാദിപ്പിച്ചാൽ മാത്രംപോരാ, ഇതിനനുബന്ധമായി വരുന്ന കാലിത്തീറ്റ, ശരിയായ ചികിത്സ, ശാസ്ത്രീയമായ പരിപാലനം എന്നിവയും ശ്രദ്ധിക്കേണ്ടതായുണ്ട്. ഈ പഞ്ചായത്തിലെ പ്രധാനവളർത്തുമൃഗങ്ങൾ പശു, എരുമ, ആട് എന്നിവയാണ്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയും. ഇവിടെയുള്ള പശുക്കളിൽ അധികവും സങ്കരയിനങ്ങളാണ്. പകുതിയിലധികവും പ്രതിദിനം 10 ലിറ്ററിൽ കുറയാതെ പാൽ ഉല്പാദിപ്പിക്കുന്നവയാണ്.

നമ്മുടെ പഞ്ചായത്തിന്റെ കാർഷിക സമ്പദ്ഘടനയിലെ അവിഭാജ്യ ഘടകമാണ് കന്നുകാലി വളർത്തൽ. പാലുല്പാദനത്തിനു മാത്രമല്ല ജൈവവള സ്രോതസുകളുടെ മുഖ്യാധാരവും കൂടിയാണ് കന്നുകാലി വളർത്തൽ. ഈ പഞ്ചായത്തിലെ 5% വരുന്ന ജനസംഖ്യ കന്നുകാലി വളർത്തൽ കൊണ്ട് ഉപജീവനം നടത്തുന്നു. ഈ പഞ്ചായത്തിന്റെ സാഹചര്യങ്ങൾ അനുസരിച്ച് അവരവരുടെ വീട്ടുവളപ്പിൽ എരിത്തിൽ (തൊഴുത്ത്) കെട്ടി കന്നുകാലികളെ വളർത്തുന്നു. നമ്മുടെ പഞ്ചായത്തിൽ വീടിനോട് ചേർന്ന് 392 തൊഴുത്തുകളും പ്രത്യേകിച്ച് 302 തൊഴുത്തുകളും ഉൾപ്പെടെ ആകെ 694 തൊഴുത്തുകളുണ്ട്. അപൂർവ്വമായിട്ടാണെങ്കിലും പാടങ്ങളിൽ ഉഴുവ് നടത്തുന്നതിന് കന്നുകാലികളെ ഉപയോഗിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ഒരു ഗവൺമെന്റ് മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. 4 ജീവനക്കാർ പ്രസ്തുത മൃഗാശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. മൃഗപരിപാലനത്തിന് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് പ്രസ്തുത ആശുപത്രിയെയാണ്. ഇതിന് പുറമെ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നത് കാലിത്തീറ്റകൾക്കുള്ള അമിതമായ വിലവർദ്ധനവും പച്ചപുല്ല്, വയ്ക്കോൽ എന്നിവയുടെ ദൗർലഭ്യമാണ്. ക്ഷീരവിപണനരംഗത്ത് സംഘടിതമായ ശ്രമങ്ങൾ ഈ പഞ്ചായത്തിൽ ആവശ്യാനുസരണം നടന്നിട്ടില്ല. വാർഡ് തലത്തിൽ പാൽശേഖരണ വിതരണത്തിനായി ആനന്ദ മാതൃകയിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നത് കർഷകരെ സംബന്ധിച്ച് വളരെ പ്രയോജനകരമായിരിക്കും.

ഗ്രാമപഞ്ചായത്തിലെ മിക്കവാറും വീടുകളിൽ കോഴിവളർത്തൽ ഒരു കുടിൽ വ്യവസായമായി മാറിയിരിക്കുകയാണ്. കോഴികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധനടപടികളുടെ അഭാവവും, കോഴിത്തീറ്റയുടെ വിലവർദ്ധനവും, ദൗർലഭ്യവും ഈ തൊഴിൽ ആദായകരമായി നടത്തുവാൻ കഴിയാത്ത സ്ഥിതിയാണ്. മുട്ടക്കോഴിക്കും ഇറച്ചിക്കോഴിക്കും വാർഡ്തലത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും അവയ്ക്ക് ആവശ്യമായ കോഴിത്തീറ്റ വിതരണം ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ വീടുകളിൽ വളർത്തുന്ന കന്നുകാലികളിൽ അകിടുവീക്കം, കുളമ്പുരോഗം തുടങ്ങിയ

രോഗങ്ങൾ സാധാരണയായി കണ്ടുവരുന്നു. അതുപോലെതന്നെ നാടൻ പശുക്കൾ തികച്ചും അപ്രത്യക്ഷമായിട്ടുണ്ട്. സങ്കരവർഗ്ഗങ്ങളിൽപ്പെട്ട ജഴ്സി, ഹോൾസ്റ്റയിൻ ബ്രൗൺ, സുനന്ദിനി തുടങ്ങിയ ഇനങ്ങളിൽപ്പെട്ട പശുക്കൾ ആണ് കൂടുതലുള്ളത്. മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ആട്ടിൻകുട്ടികളെ വാങ്ങി ഒരു ആട്ടിൻ ഫാം രൂപീകരിച്ച് ആളുകൾക്ക് തൊഴിൽ നൽകേണ്ടതാണ്.

മാംസോൽപാദനം വർദ്ധിപ്പിക്കാൻ പന്നിവളർത്തൽ, മുയൽവളർത്തൽ എന്നിവ നടപ്പിലാക്കേണ്ടതാണ്. അതുപോലെതന്നെ ടർക്കി, ഗിനിക്കോഴി, കാടപ്പക്ഷി, എന്നിവ വളർത്തലും പ്രോൽസാഹിപ്പിക്കേണ്ടതാണ്. ഗുണമേന്മയില്ലാത്തതാണെങ്കിൽക്കൂടി കാലിത്തീറ്റ എന്നപേരിലുള്ള തീറ്റകൾ വിപണിയിൽ ലഭ്യമാണ്. എന്നാൽ ആടിനുള്ള തീറ്റ, പന്നിത്തീറ്റ, കന്നുകുട്ടികൾക്കുള്ള കാഫ്സ്റ്റാർട്ടർ, മുയൽത്തീറ്റ, മുട്ടകോഴിത്തീറ്റ എന്നിവ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ ഈ മൃഗങ്ങളെ നല്ല രീതിയിൽ വളർത്താൻ സാധ്യമല്ലാതെവരുന്നു. ആടുകളുടെ വളർച്ചയിലുള്ള മുരടിപ്പ് പ്രധാനമായും തീറ്റയുടെ അഭാവമാണ്.

## ഇറച്ചിക്കോഴി വളർത്തൽ

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കൂടുതൽ വികസിച്ചുവരുന്ന മേഖലയാണ് ഇറച്ചിക്കോഴി വളർത്തൽ. നമ്മുടെ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 10 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കോഴിവിപണനത്തിന് ധാരാളം ഏജൻസികൾ ഉണ്ടെങ്കിലും അതിനനുസരണമായി കോഴിവളർത്തൽ കുറവാണ്. കോഴിക്കുഞ്ഞുങ്ങളെ സമയത്തിന് കിട്ടാതെവരുക, വിലയിലുള്ള ഏറ്റക്കുറച്ചിൽ, കോഴിത്തീറ്റകിട്ടാനുള്ള പ്രയാസം എന്നിവയാണ് ഈ മേഖല നേരിടുന്ന കാതലായ പ്രശ്നങ്ങൾ. മുട്ടകോഴിയെ അപേക്ഷിച്ച് ബ്രോയിലറിന്റെ പ്രത്യേകത മുടക്കുന്ന മുതൽ ലാഭത്തോടൊപ്പം രണ്ടുമാസത്തിനകം തിരിച്ചുകിട്ടും എന്നുള്ളതാണ്. മുട്ടയുല്പാദന രംഗത്തുള്ള മുരടിപ്പിന് പ്രധാന കാരണം ഉല്പാദനച്ചെലവിലും മുട്ടയുടെ വിലയിലുമുള്ള അന്തരമാണ്.

## താറാവ് കൃഷി

താറാവ് കൃഷിയ്ക്ക് അനുയോജ്യമായ പാടശേഖരം നമ്മുടെ പഞ്ചായത്തിലില്ലെങ്കിലും താറാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പാടശേഖരത്തെ അനുയോജ്യമാക്കിതീർത്താൽ ഈ കൃഷി പ്രയോജനപ്പെടുത്താവുന്നതാണ്. താറാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ തന്നെ ഒരു യൂണിറ്റ് രൂപീകരിച്ച് ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെടുത്തി വിവിധവിഷയങ്ങൾ പ്രത്യേകിച്ച് കന്നുകാലി, പന്നി, മുയൽ, താറാവ്, കോഴി, കാടപ്പക്ഷി എന്നിവയുടെ പരിപാലനരീതിയെക്കുറിച്ചും ശസ്ത്രീയ വശങ്ങളെ സംബന്ധിച്ചും മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് സെൻററിൽ നിന്നും വിദഗ്ധൻമാരെ വരുത്തി പഞ്ചായത്തിൽ താല്പര്യമുള്ള കർഷകർക്ക് പരിശീലനം നൽകേണ്ടതാണ്. വന്ധ്യതാനിവാരണ ക്യമ്പുകൾ, പ്രതിരോധ കുത്തിവയ്പുകൾ, കന്നുകാലികൾക്ക് വരുന്ന രോഗങ്ങൾ അവയുടെ നിവാരണം എന്നിവയെ കുറിച്ചുള്ള ബോധവത്ക്കരണം മൃഗാശുപത്രിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

ഏറ്റവും നല്ല കർഷകന് സർക്കാർ അവാർഡ് നൽകി കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതു പോലെ, ഈ മേഖലയിൽ ജോലി ചെയ്യുന്ന ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിന് അവർഡ് നൽകേണ്ടതാണ്. കാർഷിക രംഗം സംരക്ഷിക്കാൻ വേണ്ടിയുള്ള സർക്കാരിന്റെ പ്രഖ്യാപനങ്ങൾ, മൃഗപരിപാലനരംഗത്തും ഉണ്ടായാൽ മാത്രമെ പ്രതീക്ഷിക്കുന്ന

രീതിയിലുള്ള പുരോഗതി നമ്മുടെ കാർഷിക മേഖലയ്ക്കും ഉണ്ടാക്കി എടുക്കുവാൻ കഴിയുകയുള്ളു. പശു, എരുമ, ആട് എന്നതിനുപരി മുയൽ, പന്നി, കോഴി എന്നീ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ തന്നെ യൂണിറ്റുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടുതൽ വ്യക്തികളെ ഈ രംഗത്തേയ്ക്ക് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

*പൊതുപ്രശ്നങ്ങൾ*

1. വാർഡ് തലത്തിൽ കാലിത്തീറ്റ കേന്ദ്രങ്ങളോ, ക്ഷീരസംഘങ്ങളോ പ്രവർത്തിക്കുന്നില്ല.
2. വെറ്റിനറി ഡോക്ടർമാരുടെ സഹായം വാർഡ്തലത്തിൽ ലഭിക്കുന്നില്ല.
3. കാലിത്തീറ്റ ക്ഷാമം അനുഭവപ്പെടുന്നു.
4. സൗജന്യമായി കന്നുകാലികളും കാലിത്തീറ്റകളും സാധാരണക്കാരായ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്.
5. വാർഡ് തലത്തിൽ സബ്സ് സെൻററുകൾ സ്ഥാപിക്കേണ്ടതുണ്ട്.
6. കന്നുകാലികളിൽ അകിടുവീക്കം, കുളമ്പ് രോഗം തുടങ്ങിയ രോഗങ്ങൾ സാധാരണയായി കണ്ടു വരുന്നു.
7. കാലിത്തീറ്റയുടെ ദൗർലഭ്യവും വിലവർദ്ധനവും
8. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്
9. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത.
10. വനിതകളുടെ പങ്കാളിത്തകുറവ്.
11. കാലിവളർത്തൽ ഉപജീവനമാക്കാനുള്ള അറിവില്ലായമ.
12. നല്ലയിനം കോഴികുഞ്ഞുങ്ങളെയും, ആട്ടിൻകുട്ടികളെയും മറ്റും ലഭിക്കുവാനുള്ള സൗകര്യമില്ലായമ.
13. മൃഗാശുപത്രികളുടെ പരിമിതിയും അശാസ്ത്രിയമായ ചികിൽസാരീതികളും.
14. മൃഗപരിപാലനത്തിന് ഡിപ്പാർട്ടുമെൻറ് സംവിധാനങ്ങളുടെ അപാകത.
15. ബോധവൽക്കരണത്തിൻെറ ആവശ്യകത.
16. മൃഗപരിപാലനത്തിന് പ്രോത്സാഹനമില്ലായ്മ.
17. കാലിത്തീറ്റയ്ക്ക് സബ്സിഡി നല്കേണ്ടതാണ്.

*നിർദ്ദേശങ്ങൾ*

1. വാർഡ് തലത്തിൽ ക്ഷീരസംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.
2. വാർഡ് തലതതിൽ ICDP സബ്സെൻററുകൾ സഥാപിക്കുക.
3. പഞ്ചാത്ത്തലതതിൽ 3 ഡയറി ഫോമുകളും അതിനേടനുബന്ധിച്ച് ക്ഷീരസംഭരണ സംബന്ധിച്ച് ക്ഷീരസംഭരണ സംസ്ക്കരണ കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതാണ്.
4. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ സഹകരണ സംഘങ്ങൾ മുഖേന സൗജന്യനിരക്കിൽ ലഭ്യമാക്കുക.
5. നിലവിലുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി മുഴുവൻ സമയസേവനം ലഭ്യമാക്കേണ്ടതാണ്.
6. പുൽകൃഷിവ്യാപകമാക്കുക.
7. പഞ്ചായത്ത് തലത്തിൽ ക്ഷീരവിപണനഭവൻ സ്ഥാപിക്കുക.

*സാദ്ധ്യതകൾ, പരിഹാരങ്ങൾ*

1. പച്ചപുല്ലിൻെറ ദൗർലഭ്യം പരിഹരിയ്ക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി പരിപോഷിപ്പിക്കുക. ഇതിലേയക്കായി പുൽവിത്തും വളവും സൗജന്യമായി നല്കുക.

2. പാൽ വിപണനത്തിനുള്ള അസൗകര്യം. ഇത് പരിഹരിക്കുന്നതിനായി ഒരു വാർഡിൽ ഒരു ക്ഷീരസഹകരണസംഘം അടിയന്തിരമായി ആരംഭിക്കുക.

3. ഈ പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിനായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്ഷീരവികസന ആഫീസ് തുടങ്ങുക.

4. കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലകയറ്റത്തിനും ലഭ്യതക്കുറവിനുമായി ഗ്രാമപഞ്ചായത്തിനെ രണ്ട് മേഖലകളായി തിരിച്ച് ചെറുകിട കാലിത്തീറ്റ ഫാക്ടറികൾ നിർമ്മിക്കേണ്ടതാണ്. ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ മൃഗപരിപാലന രംഗത്ത് ഇത് ശ്രദ്ധേയമായ ഒരു നിർദ്ദേശമായി കാണാവുന്നതാണ്.

5. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെടുത്തി വിവിധവിഷയങ്ങൾ പ്രത്യേകിച്ച് കന്നുകാലി, പന്നി, മുയൽ, താറാവ്, കോഴി, കാടപ്പക്ഷി എന്നിവയുടെ പരിപാലന രീതികളെക്കുറിച്ചും, ശാസ്ത്രീയ വശങ്ങളെ സബന്ധിച്ചും മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് സെൻററിൽ നിന്നും വിദഗ്ധന്മാരെ വരുത്തി പഞ്ചായത്തിൽ താല്പര്യമുള്ള കർഷകർക്ക് പരിശീലനം നല്ക്കേണ്ടതാണ്. വന്ധ്യതാനിവാരണ ക്യാമ്പുകൾ, പ്രതിരോധ കുത്തിവയ്പുകൾ, കന്നുകാലികൾക്ക് വരുന്ന രോഗങ്ങൾ അവയുടെ നിവാരണം എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം മൃഗാശുപത്രിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

6. താറാവ്കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

7. മൃഗസംരക്ഷണവകുപ്പിൻെറ സഹായത്തോടെ ആട്ടിൻ കുട്ടികളെ വാങ്ങി ഒരു ആട്ടിൻ ഫാം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിയ്ക്കേണ്ടതാണ്.

8. നിലവിലുള്ള മൃഗാശുപത്രിയിൽ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ആധുനികരീതിയിലുള്ള ഉപകരണങ്ങളും, മരുന്നുകളും, ലഭ്യമാക്കുക.

9. മുയൽ, പന്നി, ടർക്കി എന്നിവയുടെ വളർത്തൽ പഞ്ചായത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

10. ബ്രോയിലർകോഴികൾ, മുട്ടക്കോഴികൾ എന്നിവ വളർത്താൻ സഹായം ബാങ്കിൽ നിന്നും ലഭ്യമാക്കുകയും അവയുടെ വിപണനം സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും വേണം.

## പേവിഷബാധ

പേവിഷബാധയുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിലുടനീളം സംഘടിപ്പിക്കേണ്ടതുണ്ട്.

*നിർദ്ദേശങ്ങൾ*

1. പട്ടിവളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുക

2. പഞ്ചായത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന മുഴുവൻ പട്ടികളെയും നശിപ്പിക്കുക.

3. പഞ്ചായത്ത് അടിസ്ഥാനത്തിൽ പേവിഷബാധ ഒഴിവാക്കുന്നതിനുവേണ്ടി പേവിഷബാധ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കേണ്ടതാണ്.

4. പേവിഷത്തിനുള്ള വാക്സിൻ പകുതി വിലയ്ക്ക് കർഷകനു ലഭ്യമാക്കേണ്ടതുണ്ട്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും, വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുകയും ചെയ്യണം.

## മൃഗ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ

ഗ്രാമപഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ചില സബ്സെൻററുകളും പ്രവർത്തുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ പല അസൗകര്യങ്ങളുമാണുള്ളത്. ആധുനിക രോഗനിർണ്ണയ സംവിധനങ്ങൾ, മൃഗാശുപത്രികളിൽതന്നെ പരിശോധനാ ലാബറട്ടറികൾ എന്നിവ ലഭ്യമാക്കണം. കന്നുകാലികളെ നിർത്തി പരിശോധിക്കാൻ ട്രെവിഡ് ഉണ്ടായിരിക്കുന്നത് സൗകര്യപ്രദമായിരിക്കും. ആധുനിക മൈക്രോസ്കോപ്പുകളുൾപ്പെടെയുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ ഇവിടെ ലഭ്യമാക്കേണ്ടതുണ്ട്.

***പൊതുനിർദ്ദേശങ്ങൾ-മൃഗസംരക്ഷണം.***

1. നമ്മുടെ നാട്ടിൽ ലഭിക്കുന്ന പശുക്കളിൽ നിലനിൽക്കുന്ന വംശഗുണശതമാനം നമ്മുടെ നാട്ടിന് ചേർന്ന നിലയിലുള്ളതല്ല. ആയതിനാൽ ഒരു പശുവിൽ ബീജം കുത്തിവയ്ക്കുമ്പോൾ അതിൻെറ വംശഗുണം നിശ്ചയിച്ച് അനുയോജ്യമായത് മാത്രം കുത്തിവയ്ക്കുന്നതിനുള്ള നടപടിവേണം.
2. നമ്മുടെ പഞ്ചായത്തിൽ കർഷകർക്ക് ആവശ്യമായ കോഴികുഞ്ഞുങ്ങളെ ആവശ്യാനുസരണം നൽകാനുള്ള സംവിധാനം ഉണ്ടാക്കുക. ഇതിൽ താറാവ്, ടർക്കി എന്നീ ഇനങ്ങളും വിതരണം നടത്തുക.
3. അടുക്കള മുറ്റത്ത് കോഴി ഏറ്റവും പ്രാവർത്തികമായ നമ്മുടെ സംസ്ഥാനത്ത് നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം പ്രശ്നമാണ്. ഒരു ദിവസം പ്രായമുള്ള കോഴി കുഞ്ഞുങ്ങളെ രണ്ട്മാസം വളർത്തി പൊതു ജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുന്നവിധം എഗ്ഗർനേഴ്സറി പദ്ധതി വ്യാപകമാക്കുകയും, കൂടുതൽ ഹാച്ചറിയൂണിറ്റുകൾ സ്ഥാപിക്കുകയുമാണ് പരിഹാരം.
4. ഗ്രാമപഞ്ചായത്തിലെ കന്നുകാലികളിൽ പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ള കാലിവസന്ത, കുളമ്പുരോഗം എന്നിവയെ നിയന്ത്രിക്കുവാനുള്ള പദ്ധതിയിലൂടെ പ്രതിരോധകുത്തിവയ്പുകൾ നല്കിവരുന്നുണ്ടെങ്കിലും അതിൻെറ പ്രയോജനം എല്ലാ ഭാഗത്തും എത്തുന്നില്ല. ഇത് സുതലത്തിൽ എത്തിക്കേണ്ടതാണ്.

അനുബന്ധം - 4

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## 4.1 വളർത്തു മൃഗങ്ങൾ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| - | -- | 2 | - | 23 | 388 | 263 | 1493 | 1049 | 194 | 161 | 35 | 1370 | 1491 | - |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## 4.2 വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| - | - | 16197 | - | - | 29 | - |

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## 4.3 രോഗവിവരങ്ങൾ

| വാർഡ് നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ Digestive disorders | 252 | 32 | 181 | - | 5 | - | - | - | - | - |
| 2 | ശ്വാസകോശസംബന്ധം Repiratory diseases | 14 | - | 6 | - | 2 | 141 | - | - | - | - |
| 3 | ഉപാപചയ സംബന്ധം Metabolic diseases | 18 | 2 | 1 | - | - | - | - | - | - | - |
| 4 | ത്വക്ക് രോഗങ്ങൾ Skin diseases | 33 | 1 | 9 | - | 3 | - | - | - | - | - |
| 5 | ധാതുലവണങ്ങളുടെ അഭാവം Defficiency diseases | 21 | - | 8 | - | 2 | 2 | - | - | - | - |
| 6 | പരാദരോഗങ്ങൾ Parasitice diseases | 386 | 19 | 77 | - | 19 | 215 | - | - | - | - |
| 7 | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 83 | 9 | - | - | - | - | - | - | - | - |
| 8 | വന്ധ്യത Infertility | 133 | 1 | - | - | - | - | - | - | - | - |
| 9 | അകിട്വീക്കം Mastitis | 60 | 2 | 29 | - | - | - | - | - | - | - |
| 10 | മുടന്തൽ പനി Emphemeral fever | 1 | - | - | - | - | - | - | - | - | - |
| 11 | പകർച്ച വ്യാധികൾ Contagion diseases | - | - | - | - | - | 300 | - | - | - | - |
| 12 | മറ്റു രോഗങ്ങൾ Other diseases | 144 | 12 | 58 | - | 11 | 485 | 2 | - | - | - |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## 4.4 പേവിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവരുടെ എണ്ണം | - | - | - | 128 | - | 5584 |
| കുടിയേറ്റത്തിനുശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | - | - | 3 | 1 | - | - |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## 4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം ബിജ സങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 1881 | 1533 | 93 |
| കിടാരി | 1312 | 427 | 37 |
| എരുമ | 355 | 92 | 1 |

## മത്സ്യബന്ധനം

മത്സ്യബന്ധന കൃഷി ഇപ്പോൾ ഈ പഞ്ചായത്തിലൊരിടത്തും ഫലപ്രദമായി നടക്കാത്ത സ്ഥതിയാണ്. ചില കർഷകർ അവരുടെ പുരയിടങ്ങളിൽ അപൂർവ്വമായി ഈ കൃഷി നടത്തുന്നതൊഴിച്ചാൽ ഫലപ്രദമായ ഒരു പ്രവർത്തനം ഈ രംഗത്ത് നടക്കുന്നില്ല. ആയതിനാൽ മത്സ്യഫെഡ്, ഫിഷറീസ് എന്നിവയുടെ സഹായത്തോടുകൂടി സഹകരണാടിസ്ഥാനത്തിൽ ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ചെമ്മീൻ കൃഷിയ്ക്ക് അനുയോജ്യമായ പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള കുളങ്ങൾ മത്സ്യ കൃഷിയ്ക്കായി വ്യക്തികൾക്ക് കരാർ വ്യവസ്ഥയിൽ നൽകണം. പഞ്ചായത്തിൽ നിന്നും ഇങ്ങനെ ലഭ്യമാക്കുന്ന മത്സ്യങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തേണ്ടതാണ്. മത്സ്യപ്പാടങ്ങൾ നിർമ്മിക്കാൻ വേണ്ടുന്ന സഹായങ്ങൾ ഫിഷറീസിന്റെ സഹായത്തോടെ ആവശ്യക്കാർക്ക് അനുവദിച്ചു നൽകണം. അതുപോലെ മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് വായ്പകൾ അനുവദിക്കേണ്ടതാണ്. സ്വന്തമായി കൃഷി ഭൂമി ഉള്ളവർ അവരുടെ കൃഷിഭൂമികളിൽ ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതുപോലെ ഗ്രൂപ്പായി ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഇങ്ങനെ വ്യക്തിയായും, ഗ്രൂപ്പായും നടത്തുന്ന സംരംഭകർക്ക് കൂടുതൽ പ്രോത്സാഹനം പുതിയതായി രൂപീകരിയ്ക്കുന്ന മത്സ്യസംഘങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

*നിർദ്ദേശങ്ങൾ - ഗ്രാമസഭാ ചർച്ചകൾ*

1. ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ മത്സ്യബന്ധനത്തിനു വേണ്ടി പേഴൂർക്കോണംകുളം ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത കുളം മത്സ്യകൃഷിയ്ക്ക് അനുയോജ്യമാണ്.
2. മത്സ്യതൊഴിലാളികൾ തിങ്ങിപാർക്കുന്ന ഗ്രാമപഞ്ചായത്തിലെ പുന്നക്കാട് വാർഡിലെ തേരന്നൂർ പ്രദേശത്ത് മത്സ്യസംസ്ക്കരണത്തിനും, വിതരണത്തിനും ആവശ്യമായ സംവിധാനവും സഹായവും ഏർപ്പെടുത്തുക.
3. മത്സ്യതൊഴിലാളികൾക്ക് വേണ്ടി ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുകയും മത്സ്യതൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയും ചെയ്യേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തിലെ 4-ാംവാർഡിലെ നെൽപാടങ്ങളിൽ ചെമ്മീൻ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്.
5. ഗ്രാമപഞ്ചായത്തിലെ 5-ാംവാർഡിലെ മത്സ്യബന്ധനത്തിന് ആലടിക്കുളം ഉപയോഗിക്കാവുന്നതാണ്.
6. ഗ്രാമപഞ്ചായത്തിലെ 6-ാംവാർഡിലെ കച്ചേരികുളവും കാഞ്ഞിരംകുളവും മത്സ്യബന്ധനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.
7. മത്സ്യകുഞ്ഞുങ്ങളെ മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ് എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വാങ്ങി കൃഷിയ്ക്ക് ഉപയുക്തമാക്കേണ്ടതാണ്. ഈ സ്ഥാപനങ്ങളുടെ സഹായത്തോടെ ചെറിയൊരു സഹകരണസംഘം ഉണ്ടാക്കി അതുവഴി മത്സ്യ വിപണനം നടത്തേണ്ടതാണ്.
8. 7-ാംവാർഡിലെ പ്ലാവോട് തോപ്പുകുളവും, മഹാവിഷ്ണു ക്ഷേത്രവുമായി ബന്ധപ്പെട്ടുള്ള കോവിൽകുളവും മത്സ്യകൃഷിയ്ക്ക് പ്രയോജനപ്പെടുത്താം.
9. ഗ്രാമപഞ്ചായത്തിലെ 8-ാംവാർഡിലെ താന്നിമൂട്ടിൽകുളം 9-ാംവാർഡിലെ കുളങ്ങൾ 10, 11, 12 എന്നീ വാർഡിലെ കുളങ്ങളും മത്സ്യകൃഷിയ്ക്ക് അനുയോജ്യമാണ്.
10. 11-ാം വാർഡിൽ സ്ഥിരമായി കണ്ടു വരുന്ന തിലോപ്പിയ എന്ന മത്സ്യം എല്ലാ കുളങ്ങളിലും വളർത്തേണ്ടതാണ്.

11. 12-ാം വാർഡിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണസംഘം വികസിപ്പിക്കേണ്ടതാണ്.

12. മത്സ്യതൊഴിലാളികൾ ഏറ്റവും കൂടുതൽ തിങ്ങിപാർക്കുന്ന രണ്ട് വാർഡുകളാണ് ഗ്രാമപഞ്ചായത്തിലെ 7ഉം, 11ഉം വാർഡുകൾ. ഇവിടെ തിങ്ങിപ്പാർക്കുന്ന മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

13. ഗവൺമെൻറും, ഫിഷറീസ് ഡിപ്പാർട്ട്മെൻറും കൂടുതൽ ശുഷ്കാന്തി കാണിച്ച് മത്സ്യബന്ധനത്തിന് ആവശ്യമായ ഗ്രാൻറും, സബ്സിഡിയും അനുവദിക്കേണ്ടതാണ്.

14. മത്സ്യതൊഴിലാളികൾക്ക് കൂടുതൽ ക്ഷേമനടപടികൾ സ്വീകരിയ്ക്കണം.

*പൊതുനിർദ്ദേശം*

ഈ പഞ്ചായത്തിൽ ഇപ്പോൾ മത്സ്യബന്ധനത്തിന് കൂട്ടായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ചില സ്വകാര്യ വ്യക്തികൾ അവരുടെ പുരയിടങ്ങളിൽ ചെറിയ തോതിൽ ഈ കൃഷി നടത്തുന്നുണ്ട്. എന്നാൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഈ കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

5 - (iii)

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണ് നമ്മുടേത്. കൈത്തറി വ്യവസായത്തിന്റെ സിരാകേന്ദ്രമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. അനധികൃതമായ യന്ത്രവത്ക്കരണത്തിന്റെയും മില്ലുൽപ്പന്നങ്ങളുടെയും കടന്നുകയറ്റത്തിന്റെ പരിണിതഫലമായി ഈ വ്യവസായം സ്തംഭനാവസ്ഥയിലാണ്. ഇതിൽ നിന്നും ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിലേക്ക് വേണ്ടി നെയ്ത്തുവ്യവസായം നവീകരിക്കേണ്ടതും ആധുനിക ഡിസൈൻ സെന്ററുകൾ സ്ഥാപിക്കേണ്ടതുമാണ്. ഫലപ്രദമായ വ്യവസായസംരംഭങ്ങൾക്ക് സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണിത്. എന്നാൽ നിലവിലുള്ള വ്യവസായസ്ഥാപനങ്ങൾക്ക് മുന്നോട്ട് പോകുവാൻ കഴിയാത്ത സ്ഥിതിയാണ്. മെച്ചപ്പെട്ടരീതിയിലുള്ള പ്രവർത്തനത്തിന്റെ അപര്യാപ്തത ഇവിടെയുള്ള വ്യവസായസ്ഥാപനങ്ങളുടെ ശാപമായി മാറിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 12 ഗ്രാമസഭകളിലും ശക്തമായ നിർദ്ദേശങ്ങളാണ് വ്യവസായ രംഗത്തെക്കുറിച്ച് ഉണ്ടായിട്ടുള്ളത്. കൈത്തറി വ്യവസായത്തിന്റെ പ്രധാന കേന്ദ്രമെന്ന് വിശേഷിപ്പിച്ചിട്ടുള്ള ഈ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള കൈത്തറി സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടേണ്ടിയിരിക്കുന്നു. ഗ്രാമീണ വ്യവസായം ശക്തിപ്പെടുന്നതിലൂടെ മാത്രമെ നമ്മുടെ രാഷ്ട്രത്തിന്റെ സമ്പദ്ഘടന രൂപപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ഗ്രാമപുരോഗതിയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളായിരിക്കണം പുതിയ വ്യവസായവത്ക്കരണത്തിലൂടെ ഉണ്ടാകേണ്ടത്. 1957-ൽ സ്ഥാപിതമായ തിരുവനന്തപുരം സ്പിന്നിംഗ് മിൽസും 1982-ൽ സ്ഥാപിതമായ ഹാൻറക്സ് പ്രോസസ്സ് ഹൗസുമാണ് ഈ പഞ്ചായത്തിലെ രണ്ട് പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ.

## തിരുവനന്തപുരം സ്പിന്നിംഗ് മിൽസ്

*പ്രശ്നങ്ങളും, നിർദ്ദേശങ്ങളും*

1957-ൽ ശ്രീ ഇ.എം. ശങ്കരനമ്പൂതിരിപ്പാടിന്റെ മന്ത്രിസഭയുടെ കാലത്താണ് പ്രസ്തുത സ്ഥാപനം നിലവിൽ വന്നത്. കൈത്തറി തൊഴിലാളികളുടെ നാടായ ബാലരാമപുരത്ത് ഈ വ്യവസായശാല രൂപീകരിക്കുന്നതിലൂടെ കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിനും, കൈത്തറിമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും വേണ്ടി ബാലരാമപുരത്ത് ആദ്യമായി സ്ഥാപിക്കപ്പെട്ട വ്യവസായ സ്ഥാപനമാണ് തിരുവനന്തപുരം സ്പിന്നിംഗ് മിൽ. ആരംഭനാളുകളിൽ ശ്രദ്ധേയമായ രീതിയിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത സ്ഥാപനം ഇന്ന് തകർച്ചയുടെ വക്കിലാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനോ നിലവിലുള്ള തൊഴിലാളികൾക്ക് തൊഴിൽ ഭദ്രത ഉറപ്പുവരുത്തുവാനോ കഴിയാത്ത സ്ഥിതിയാണ്. അശാസ്ത്രീയമായ മാനേജ്മെൻറിന്റെ പിടിപ്പുകേട് പ്രസ്തുത വ്യവസായ ശാലയെ തകർത്ത് കൊണ്ടിരിക്കുന്നു.

അത്യുല്പാദനശേഷിയുള്ള പത്രണ്ടര ലക്ഷം രൂപാ മുടക്കി ജപ്പാനിൽ നിന്ന് വാങ്ങിയ കോമ്പർ മെഷിൻ ഈ സ്ഥാപനത്തിലുണ്ട്. വേസ്റ്റ് പഞ്ഞിയെ മാറ്റി മേൽത്തരം നൂൽ ഉല്പാദിപ്പിക്കുന്ന പ്രവർത്തനമാണ് ഈ മെഷിൻന്റെ പ്രവർത്തനം നിലവിലുള്ള

മെഷിൻ രണ്ടെണ്ണം വിറ്റു. രണ്ടെണ്ണം പ്രവർത്തിക്കുന്നില്ല. കോമ്പർമെഷിന്റെ റിംഗ് ഫ്രെയ്മിൽ 58 എണ്ണം ഓടുന്നു. 5 എണ്ണത്തിന് കേട് പറ്റിയിട്ടുണ്ട്.

600 തൊഴിലാളികൾ പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. തുച്ഛമായ പ്രതിഫലം വാങ്ങി ജോലി ചെയ്യുന്ന ധാരാളം തൊളിലാളികൾ ഇപ്പോൾ ഈ സ്ഥാപനത്തിൽ ഉണ്ട്. ജോലിസ്ഥിരത കിട്ടുമെന്നുള്ള ഉറപ്പിൻമേൽ ആണ് ഈ തൊഴിലാളികൾ ജോലി ചെയ്യുന്നത്. ഈ സ്ഥാപനം നവീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി 5 ഏക്കർ 10 സെൻറു ഭൂമി അടുത്ത കാലത്ത് വില്ക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥാപനം ഇപ്പോഴും തകർച്ചയുടെ വക്കിലാണ്.

തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന് നിലവിലുള്ള പ്രതിസന്ധി പരിഹരിക്കണമെങ്കിൽ അടിയന്തിരമായി 5 കോടി രൂപാ സർക്കരിൽ നിന്നും അനുവദിക്കേണ്ടതുണ്ട്. അതുപോലെ തന്നെ പൂർണ്ണമായി പ്രസ്തുത സ്ഥാപനത്തിനെ നവീകരിക്കുവാൻ 15 കോടി രൂപായെങ്കിലും വേണ്ടിവരും. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ താല്പര്യം സംരക്ഷിച്ചും, ബാലരാമപുരം കൈത്തറിതൊഴിലാളികളുടെയും മറ്റ് ജനവിഭാഗങ്ങളുടെയും അഭിമാന സ്ഥാപനമെന്ന നിലയിലും, നമ്മുടെ നാട്ടിലെ ഒരു പ്രമുഖ സ്ഥാപനമെന്ന നിലയിലും, പ്രസ്തുത സ്ഥാപനത്തെ സംരക്ഷിക്കുവാൻ സർക്കാർ മുൻകൈ എടുക്കണമെന്നും ഈ സ്ഥാപനത്തിന്റെ പൂർണ്ണമായ നവീകരണം ലക്ഷ്യമാക്കി 15 കോടി രൂപ അനുവദിക്കേണ്ടതുമാണ്.

സർക്കാർ ഗ്രാൻറ് ആയി നൽകുന്ന ഈ തുക തൊഴിലാളികളുടെ ക്ഷേമത്തിനായി പൂർണ്ണമായി ചെലവഴിക്കുകയും സ്ഥാപനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വേണ്ടി വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. മാനേജ്മെൻറിന്റെ പ്രവർത്തനത്തിൽ സർക്കാർ അടിയന്തിരമായി ശ്രദ്ധിക്കുകയും വിദഗ്ധമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക.

## ബാലരാമപുരം ഹാൻറക്സ് പ്രോസസ്സ് ഹൗസ്

നമ്മുടെ നാടിന്റെ വ്യാവസായികോന്നമനം ലക്ഷ്യമാക്കിയും, കൈത്തറിവ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനും വേണ്ടി 1974-ൽ വീവേഴ്സ് സർവ്വീസ് സെൻറർ എന്ന രീതിയിലാണ് പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. 1982-ൽ ഈ സ്ഥാപനം പ്രോസസ്സ് ഹൗസ് ആക്കി മാറ്റുന്നതിനുള്ള ട്രയൽ ആരംഭിക്കുകയും 1985-ൽ ഈ സ്ഥാപനം ഹാൻറക്സ് പ്രോസസ്സ് ഹൗസ് ആയി മാറുകയും ചെയ്തു.

ഇന്ന് ഈ സ്ഥാപനത്തിൽ 42 വർക്കർമാരും 16 ഓഫിസ് ആൻറ് ടെക്നിക്കൽ സ്റ്റാഫുകളും, ദിനം പ്രതിയുള്ള വേതനം പറ്റി ജോലി ചെയ്യുന്ന കുറച്ച് ജീവനക്കാരും നിലവിലുണ്ട്.തൊഴിലാളികളുടെ കാര്യത്തിൽ തൊഴിൽ ഭദ്രതഉറപ്പുവരുത്തുന്നുവെങ്കലും സ്ഥാപനത്തിന്റെ മുന്നോട്ടുള്ളപോക്കിന് കുറേ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതായി കാണാൻ കഴിയും. ഇന്ന് ഈ സ്ഥാപനം നവീകരിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള സമഗ്രമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സെക്കൻറ് പ്രോജക്ട് പാപ്പനംകോട് സ്ഥാപിതമാകുവാൻ പോവുകയാണ്. ഈ പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ പ്രസ്തുതസ്ഥാപനത്തിന്റെ നിലവിലുള്ള പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ കഴിയുന്നതാണ്. മാനേജ്മെൻറ് പ്രവർത്തനം കൂടുതൽ ശുഷ്കാന്തിയോടുകൂടി മുന്നോട്ടുപോവുകയും, തൊഴിലാളികളുടെ ഭാഗത്ത് ആത്മാർത്ഥതയും, സേവനസന്നദ്ധതയും അർപ്പണമനോഭാവവും ഉണ്ടായാൽ പ്രസ്തുതസ്ഥാപനത്തിന് കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിയുന്നതാണ്. ഇപ്പോൾ ഈ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

### *പ്രശ്നങ്ങൾ*

1. ചെറുകിട വൻകിടവ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി, ഗതാഗതം,

വെള്ളം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.

2. അസംസ്കൃതസാധനങ്ങളുടെ ലഭ്യതക്കുറവും, വിലവർദ്ധനയും.

3. അശാസ്ത്രീയമായ ലൈസൻസിംഗ് സമ്പ്രദായം

4. ധനസഹായസ്ഥാപനങ്ങളിൽനിന്നും ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ.

5. ഉല്പന്നങ്ങൾക്ക് വിപണിയിൽ നേരിടേണ്ടിവരുന്ന കിടമത്സരം.

6. റൈസ്മില്ലുകളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്.

7. ബാലാരാമപുരത്ത് സ്ഥിതിചെയ്യുന്ന പ്രമുഖ വ്യവസായശാലയായ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്.

8. കൈത്തറി വ്യവസായസംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

9. വ്യാജകൈത്തറിസംഘങ്ങൾ കൂടുതൽ പ്രവർത്തിക്കുന്നു.

10. വ്യാജകൈത്തറിസംഘങ്ങൾ റിബേറ്റ് ഇനത്തിൽ കോടിക്കണക്കിന് രൂപ സർക്കാരിൽനിന്നും കബളിപ്പിച്ച് നേടിയെടുക്കുന്നു.

11. വിദഗ്ധതൊഴിലാളികളുടെ അഭാവം.

12. കാർഷിക ഉല്പന്നങ്ങളും നാളികേരഉല്പന്നങ്ങളും ഉപയോഗിച്ച് വ്യവസായരംഗം സൃഷ്ടിക്കുവാൻ കഴിയുന്നില്ല.

### *പൊതു നിർദ്ദേശങ്ങൾ*

1. വനിതകൾക്കായി റെഡിമെയ്ഡ് ഗാർമെന്റസ് ഉല്പാദനപരീശീലന വിതരണകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

2. ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായയൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

3. മെഴുകുതിരി, ചന്ദനതിരി തുടങ്ങിയവ നിർമ്മിക്കാനുള്ള ചെറിയ ഫാക്ടറികൾ

4. അന്താരാഷ്ട്രതലത്തിൽ കയറ്റുമതി സാധ്യതയുള്ള സ്റ്റോൺക്രഷിംഗ് യൂണിറ്റ് സ്ഥാപിക്കാൻ അനുയോജ്യമായ പാടശേഖരം ഗ്രാമപഞ്ചായത്തിലുണ്ട്. അനേകംപേർക്ക് തൊഴിൽ സാദ്ധ്യതയും, വരുമാനവും കണ്ടെത്താനുള്ള സ്റ്റോൺ ക്രഷിംഗ്യൂണിറ്റ് മഹത്തായ ഒരു സംരഭമാണ്.

5. പനയോലകൊണ്ടുള്ള വ്യവസായം രൂപീകരിയ്ക്കുന്നതിലൂടെ ഈ രംഗത്ത് ജോലി ചെയ്യുന്നവരുടെ ക്ഷേമം ഉറപ്പാക്കുവാൻ കഴിയുന്നതാണ്.

6. കളിപ്പാട്ടനിർമ്മാണം, സോപ്പ്നിർമ്മാണം.

7. ഹോളോബ്രിക്സ് നിർമ്മാണത്തിന് താൽപ്പര്യമുള്ള ഒരു സംഘം ചെറുപ്പക്കാർ ഈ പഞ്ചായത്തിൽ ഉണ്ട്. അവരെ സാമ്പത്തികമായി സഹായിച്ച് ഹോളോബ്രിക്സ് നിർമ്മാണം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

8. നെയ്ത്ത് വ്യവസായം നവീകരിക്കേണ്ടതും, ആധുനികഡിസൈൻസെൻറുകളും സ്ഥാപിക്കേണ്ടതാണ്.

9. തിരിപ്പൂർ മേഖലയിലെ കുടിൽ വ്യവസായം പോലെ ചെറിയ, ചെറിയ പ്രിൻറിംഗ് യൂണിറ്റുകളും സേലം മാതൃകയിലുള്ള മെഴുക് കൊണ്ടുള്ള പ്രിൻറിംഗ് യൂണിറ്റുകളും ചായം മുക്ക് കേന്ദ്രങ്ങളും സ്ഥാപിക്കേണ്ടതാണ്.

10. ഖാദിബോർഡിന്റെ കീഴിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

11. മരപ്പണിയൂണിറ്റ് തുടങ്ങേണ്ടതാണ്.

12. നെല്ലുകുത്തു മില്ലുകൾ ബാലരാമപുരത്തുണ്ടായിരുന്ന ഒരു സഹകാര്യവ്യവസായ സംരഭമാണ്. 300-ലേറെ തൊഴിലാളികൾ പ്രസ്തുതമില്ലുകളിൽ പണിയെടുത്തിരുന്നു. എന്നാൽ ഇന്ന് ഈ മില്ലുകളുടെ

പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. ആയതിനാൽ പ്രസ്തുതമില്ലുകളിൽ പണിചെയ്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിച്ച് ഈ വ്യവസായത്തെ സംരക്ഷിക്കേണ്ടതാണ്. ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിലാണ് പ്രസ്തുത മില്ലുകൾ പ്രവർത്തിച്ചിരുന്നത്.

13. ചപ്പുചവറുകൾ സംസ്കരിക്കാൻ ഒരു വളം നിർമ്മാണകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

14. നെയ്ത്തുതൊഴിലാളികളെയും പാവുണക്കു തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുവേണ്ടി മുഴുവൻ തൊഴിലാളികളെയും ഒരു വ്യവസായസഹകരണത്തിൻ കീഴിൽ കൊണ്ടുവരേണ്ടതാണ്.

15. ബാലാരാമപുരം പഞ്ചായത്തിലെ കൈത്തറി നെയ്ത്തുവ്യവസായത്തിന്റെ പുരോഗതിക്കായി കണ്ണൂർ മാതൃകയിൽ നെയ്ത്ത് പരിശീലനകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

16. ഒരു പ്ലാന്റിക്ക് കൈത്തൊഴിൽ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

17. വനിതകൾക്കായി ഒരു കരകൗശല പരിശീലനകേന്ദ്രം സ്ഥാപിക്കേണ്ടതാണ്

18. ഒരു ആധുനിക കൈത്തറി നെയ്ത്തു പരിശീലന കേന്ദ്രവും ആരംഭിക്കേണ്ടതാണ്.

19. ഒരു നാളികേര സംസ്ക്കരണവിപണകേന്ദ്രവും, അച്ചാർനിർമ്മാണം, തീപ്പട്ടി തുടങ്ങിയവ ഉല്പാദിപ്പിക്കുവാനുള്ള വ്യവസായ യൂണിറ്റും സ്ഥാപിക്കേണ്ടതാണ്.

20. ഗ്രാമപഞ്ചായത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനുവേണ്ടി ഒരു ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്.

21. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണത്തിനുവേണ്ടി ഒരു പരിശീലന കേന്ദ്രവും

22. ഒരു സോപ്പ് നിർമ്മാണയൂണിറ്റ് സ്ഥാപിച്ചാൽ നിരവധിയുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.

## വ്യവസായസഹകരണസംഘങ്ങൾ

**ബാലാരാമപുരം ഹരിജൻഹാൻറലൂം വിവേഴ്സ് ഇൻഡസ്ട്രീയൽ വർക്ക്ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. റ്റി-357**

*പ്രവർത്തനപരിധി:* ഐത്തിയൂർ, അഞ്ചുവർണ്ണതെരുവ്, അന്തീയൂർ, പുതിച്ചൽ, പാതിരിയോട്, നെല്ലിവിള, കോട്ടുകാൽക്കോണം.

1981-ലാണ് പ്രസ്തുത സ്ഥാപനം നിലവിൽവന്നത്. 185 അംഗങ്ങൾ ആണ്. ആകെഉള്ളത്. ഒരു ഓഹരിയുടെ വില-200രൂപയാണ്. അംഗീകൃതഓഹരിമൂലധനം-483008-80

പിരിഞ്ഞ് കിട്ടിയ ഓഹരിമൂലധനം- 58708-80

പരമാവധിഎടുക്കാവുന്ന കടം-10ലക്ഷംരൂപ

പ്രസ്തുതസംഘത്തിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്

**പനയറകുന്ന് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

ആകെ അംഗങ്ങൾ-207

ഒരു ഓഹരിയുടെ വില - 200

അംഗീകൃഓഹരിമൂലധനം- 20,00,000

സർക്കാർ ഓഹരി- 2,65,000

പരമാവധികടം എടുക്കാവുന്നതുക- 19,87,083

വെങ്ങാനൂർ, കോട്ടുകാൽ പ്രദേശങ്ങളാണ് പ്രവർത്തനപരിധി പ്രസ്തുതസംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെട്ടരീതിയിലാണ്.

## ബാലാരാമപുരം വീവേഴ്സ് പ്രൊഡക്ഷൻ ആൻറ്സെയിൽ കോ-ഓപ്പറേറ്റീവ്സൊസൈറ്റി

1927ലാണ് പ്രസ്തുതസ്ഥാപനം നിലവിൽ വന്നത്. അന്തീയൂർ,കോട്ടുകാൽവില്ലേജുകളാണ് സംഘത്തിൻെറ പ്രവർത്തനപരിധി. 441-അംഗങ്ങൾ നിലവിലുണ്ട്. 6,00,000 രൂപയാണ് അംഗീകൃതഓഹരിയായി സംഘത്തിന് 1,67,200 രൂപ ലഭിച്ചിട്ടുണ്ട്. 57,75,962 രൂപ പരമാവധികടം എടുക്കാവുന്ന തുക ക്യാഷ് ക്രെഡിറ്റായി 10,00,000 രൂപ ലഭിച്ചിട്ടുണ്ട്.

150-ൽപ്പരം തൊഴിലാളികൾ ഇപ്പോൾ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്ന 5 സ്ഥിരം ജീവനക്കാർല ആണ് സംഘത്തിൻെറ ഓഫീസ് പ്രവർത്തനങ്ങൾ നടത്തുന്നത്. ശ്രീ. വി.ജെ.തങ്കപ്പൻ ആണ് നിലവിലുള്ള പ്രസിഡൻറ്. പി.ജോൺ, പരമേശ്വരൻനായർ, വേലായുധൻ,വാസന്തി, ചന്ദ്രിക തുടങ്ങിയവരാണ് ഡയറക്ടർബോർഡ് അഗങ്ങൾ ഭാസ്ക്കരൻനായരാണ് നിലവിലുള്ള സെക്രട്ടറി, സംഘത്തിൻെറ പ്രവർത്തനം ഇപ്പോൾ പൊതുവെ തൃപ്തികരമാണ്.

### കൊപ്രാസംഭരണം

കൊപ്രാസംഭരണകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ നാമമാത്രമായി മാത്രമേ പ്രവർത്തിക്കുന്നുള്ളു. അതും സ്വകാര്യമേഖലയിൽ മാത്രമാണുള്ളത്. ബാലാരാമപുരം പഞ്ചായത്തിലെ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളുടെയും കീഴിൽ കൊപ്രാസംഭരണകേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്. നാളികേരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാകേണ്ടതാണ്.

5 - (iv)

# ഊർജ്ജം

കേരളസംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്ന ഒരു പ്രധാന പ്രശ്നമാണല്ലോ ഊർജ്ജ പ്രതിസന്ധി. ഈ പ്രതിസന്ധിയ്ക്ക് പരിഹാരം കാണാതെ സംസ്ഥാനത്തിന് മുന്നോട്ട് പോകുവാൻ കഴിയാത്ത സ്ഥിതിയാണ്. നമ്മുടെ നിലവിലുള്ള വൈദ്യുത നിലയങ്ങൾക്ക് ഇന്നത്തെ ഊർജ്ജ പ്രതിസന്ധിയ്ക്ക് പരിഹാരം കാണുവാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്. ഇന്ന് നിലവിലുള്ള പ്രതിസന്ധികൾക്ക് പരിഹാരം കാണുവാനുള്ള സമഗ്രമായ പദ്ധതികൾക്ക് രൂപം കൊടുത്താൽ മാത്രമെ കേരളത്തിന്റെ രൂക്ഷമായ വൈദ്യുത ക്ഷാമത്തിന് പരിഹാരം കാണുവാൻ കഴിയുകയുള്ളൂ. താപനിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ പേരിലുള്ള വാദ പ്രതിവാദങ്ങൾ നിലനിൽക്കുന്ന അവസരത്തിൽ തന്നെ പ്രസ്തുത താപനിലയം സ്ഥാപിക്കാൻ വേണ്ടിയുള്ള ശക്തമായ തീരുമാനവുമായി സർക്കാർ മുന്നോട്ട് നീങ്ങുന്നു. ഒരു ഭാഗത്ത് പരിസ്ഥിതി വാദത്തിന്റെ ചുക്കാൻ പിടിച്ച് ചിലർ നടത്തുന്ന പ്രക്ഷോഭങ്ങൾ ഈ സമഗ്രമായ പദ്ധതികൾക്ക് തടസ്സമായി നില്ക്കുന്നു. ചുരുക്കത്തിൽ രൂക്ഷമായ ഊർജ്ജപ്രതിസന്ധിയ്ക്ക് പരിഹാരം കാണുവാനുള്ള സമഗ്രമായ ഒരു പദ്ധതിയുടെ സാക്ഷാത്കാരത്തിനായി ഇന്നാട്ടിലെ ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഇത്തരണത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ മറ്റ് മേഖലകളിൽ നിലനിൽക്കുന്ന രീതിയിലുള്ള രൂക്ഷമായ വൈദ്യുത പ്രശ്നങ്ങളും, പ്രതിസന്ധികളുമാണ് ബാലരാമപുരം ഗ്രാമപഞ്ചായത്തിനുള്ളത്. സൗരോർജ്ജവിളക്കുളെക്കുറിച്ചും ഇലക്ട്രോണിക്സ് ചോക്കിന്റെ ഉപയോഗത്തെക്കുറിച്ചുമുള്ള സമഗ്രമായ ധാരണ നമ്മുടെ ജനതയ്ക്ക് മനസ്സിലാക്കി കൊടുക്കേണ്ടിയിരിക്കുന്നു. വൈദ്യുതി ലാഭിയ്ക്കുന്നതിനെപ്പറ്റിയുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ പഞ്ചായത്ത്, വാർഡ് അടിസ്ഥാനത്തിൽ നടത്തേണ്ടതുണ്ട്. നിലവിലുള്ള പദ്ധതികളുടെ പോരായ്മയെപറ്റിയും, പുതിയ പദ്ധതികളെക്കുറിച്ചുള്ള സമഗ്രമായ ധാരണ ബോധവത്ക്കരണത്തിലൂടെ നമ്മുടെ നാടുകളിൽ എത്തിക്കേണ്ടിയിരിക്കുന്നു.

*പ്രശ്നങ്ങൾ*

1. ഈ പഞ്ചായത്തിന്റെ 12 വാർഡുകളിലും വൈദ്യുതക്ഷാമം രൂക്ഷമാണ്.
2. വൈദ്യുതീകരിയ്ക്കാത്ത വീടുകളിൽ അടിയന്തിരമായി വൈദ്യുതീകരിക്കേണ്ടതുണ്ട്.
3. വൈദ്യുതീകരിച്ച വീടുകൾക്ക് പ്രത്യേകിച്ച് പട്ടികജാതി കോളനികളിലും മറ്റ് സെറ്റിൽമെന്റ് കോളനികളിലും അടിയന്തിരമായി വൈദ്യുത കണക്ഷൻ നല്കേണ്ടതുണ്ട്.
4. പുതുതായി രൂപീകരിച്ച റോഡുകളിലും, മറ്റ് പട്ടികജാതി കോളനികളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.
5. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വേപ്പർലാംബുകൾ സ്ഥാപിക്കേണ്ടതുണ്ട്.
6. പഞ്ചായത്തിലെ പ്രധനപ്പെട്ട കുളത്തിന്റെ കരകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.
7. സൗരോർജ്ജവിളക്കുകളും, ബയോഗ്യാസ് പ്ലാൻറുകളും സ്ഥാപിക്കേണ്ടതാണ്.
8. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലും, ഉൾപ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

9. ദുർബല ജനവിഭാഗങ്ങളുടെ വീടുകൾ അടിയന്തിരമായി വൈദ്യുതീകരിയ്ക്കേണ്ടതുണ്ട്.

10. പ്ലാവിള-നെല്ലിവിള, രാമപുരം, തച്ചൻവിളാകം, അന്തിയൂർ റോഡുകളുടെ മദ്ധ്യത്തിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റേണ്ടതാണ്.

*നിർദ്ദേശങ്ങൾ*

1. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തുവാൻ കഴിയുന്ന ചില പ്രദേശങ്ങൾ ഈ പഞ്ചായത്തിനകത്ത് സ്ഥിതി ചെയ്യുന്നു. 1-ാംവാർഡിൽ എരുത്താവൂർ മലയുടെ മുകളിൽ നിന്നും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കും അതുപോലെതന്നെ രണ്ടാംവാർഡിലെ പാറക്കുഴിയും, സമീപപ്രദേശങ്ങളും പ്രയോജനപ്പെടുത്തുവാൻ കഴിയും.

2. രൂക്ഷമായ വൈദ്യുതക്ഷാമം നിലനില്ക്കുന്ന പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.

3. ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി സൗജന്യമായി വൈദ്യുതീകരണം നടത്തുകയും കണക്ഷൻ നല്കുകയും ചെയ്യുക.

4. ആവശ്യത്തിനുമാത്രം വൈദ്യുതി ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ഗ്രാമവാസികളുടെയിടയിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്.

5. വൈദ്യുതി ഉപയോഗിച്ചുള്ള പാചകം ഒഴിവാക്കുന്നതിനും പകരം പാചകവാതകം ഉപയോഗിച്ച് പാചകം ചെയ്യുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്.

6. ലക്ഷംവീട് കോളനികളിൽ വൈദ്യുതക്ഷാമം പരിഹരിയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

7. ഇലക്ട്രിക് ലൈനിൽ തട്ടിനിൽക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റി അതുവഴിയുള്ള ഊർജ്ജനഷ്ടം ഒഴിവാക്കുന്നതിനും പഞ്ചായത്ത് നേതൃത്വം കൊടുക്കണം.

8. സൗരോർജ്ജം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ പഞ്ചായത്ത് നടപടിയെടുക്കണം.

9. ഇലക്ട്രിസിറ്റി ഓഫീസിന്റെ പ്രവർത്തനം പരിശോധിക്കുന്നതിനുള്ള അവകാശം ജനകീയ സമിതികൾക്ക് ലഭിക്കണം.

***പഞ്ചായത്തിതൽ അടിയന്തിരമായി വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ.***

1. എരുത്താവൂർ ക്ഷേത്രത്തിന് തെക്കും വടക്കും ഭാഗത്തുള്ള പ്രദേശം

2. തേമ്പാമുട്ടം-ഇടയ്ക്കോണം

3. ആമച്ചൽ നടമുതൽ പാറക്കുഴി ഹരിജൻ കോളനിവരെയുള്ള പ്രദേശങ്ങൾ

4. പുലയൻവിളാകം - കൊട്ടറക്കോണം - പുന്നയ്ക്കാട് റോഡ്

5. പുന്നയ്ക്കാട് കെ.വി.എൽ.പി.എസ്.

6. പറയാകോണം കരത്തോടിന്റെ കര മുതൽ കോനാട്ട് മൂലവരെ

7. പരുത്തിച്ചക്കോണം കുളത്തിൻകര, പനവിള തുടങ്ങിയ പ്രദേശങ്ങളിൽ

8. ആർ.സി. തെരുവ്, കരയ്ക്കാട്ടുവിള, തെങ്കറക്കോണം, പുനർക്കുന്ന്

9. അന്തിയൂർ - ചാമവിള

10. വഴിമുക്കിൽനിന്നും അന്തിയൂരിലേയ്ക്ക് പോകുന്ന ഇടവഴി

11. പത്താം വാർഡിലെ പുതിയതായി നിർമ്മിച്ച റോഡുകളിൽ

12. പനയറക്കുന്ന് കുളത്തിൻകരറോഡ് വിളയിൽ - മനയ്ക്കകത്ത് പ്രദേശം

13. പാലച്ചൽക്കോണം. നന്നംകുഴി, ചാമവിള, കണിയാംവിള, കാഞ്ഞിരംതോട്ടം, മിടാനൂർക്കോണം, വാറു

വിളാകം, ചിറയിൽ, കോഴോട്, അകരത്തുനട.

4. പാതിരിയോട് മുതൽ വാഴവിളാകം വരെയുള്ള പ്രദേശങ്ങൾ.

ബാലരാമപുരം ഇലക്ട്രിക്കൽ മേജർ സെക്ഷന്റെയും, നെയ്യാറ്റിൻകര ഇലക്ട്രിക്കൽ മേജർ സെക്ഷന്റെയും കീഴിലാണ് ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ മുഴുവൻ ആശ്രയം. ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങൾ നെയ്യാറ്റിൻകര ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലാണ്. ബാക്കി പ്രദേശങ്ങൾ മുഴുവൻ ബാലരാമപുരം മേജർ സെക്ഷനിലാണ് ഉൾപ്പെട്ടരിക്കുന്നത്.

### പൊതുനിർദ്ദേശം

ഈ പഞ്ചായത്തിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കളെയും ബാലരാമപുരം ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിൽ കൊണ്ട് വരേണ്ടതാണ്.

### ഇലക്ട്രോണിക്സ് ചോക്ക്

സാധാരണ ചോക്കിനെക്കാൾ 25% ഊർജ്ജം ലാഭിക്കുവാൻ പര്യാപ്തമാണ് ഇലക്ട്രോണിക്സ് ചോക്ക്. സാധാരണ ചോക്കിൽ ട്യൂബ് ലൈറ്റ് കത്തുന്നതിന് ആവശ്യമായ കറണ്ടിനേക്കാൾ 25% കൂടുതൽ കോർലോസ് ആയും കോപ്പർലോസായും അധികം നഷ്ടം ഉണ്ടാകുന്നു. എന്നാൽ ഇലക്ട്രോണിക്സ് ചോക്കിൽ ഈ നഷ്ടം ഉണ്ടാകുന്നില്ല.

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| നിലവിലുള്ള ഉപഭോക്താക്കൾ | | |
|---|---|---|
| a. | ഗാർഹികം | 3676 |
| b. | വ്യാപാരം | 536 |
| c. | വ്യാവസായികം | 98 |
| d. | കാർഷികം | 130 |
| | ആകെ | 4440 |

| കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം | | |
|---|---|---|
| a. | Ordinary | 210 |
| b. | OTP | 18 |
| c. | OYEC | 29 |
| അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി | | 22-11-1996 |

| സ്ട്രീറ്റുലൈറ്റുകളുടെ എണ്ണം | | |
|---|---|---|
| a. | ബൾബ് | 190 |
| b. | ട്യൂബ് | 253 |
| c. | മെർക്കുറി വേപ്പർ | 2 |
| d. | സോഡിയം വേപ്പർ | 20 |

| ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ തൻ വർഷത്തെ കണക്കുകൾ | | |
|---|---|---|
| a. | Ordinary | 68 |
| b. | OTP | 9 |
| c. | OYEC | 28 |

| പഞ്ചായത്തുപരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി ട്രാൻസ്ഫോർമറുകളുടെ പേരുകൾ | |
|---|---|
| 1. | B.C.P. (1-ാം വാർഡ്) |
| 2. | B.C.P. (2-ാം വാർഡ്) |
| 3. | തലയൽ |
| 4. | പരുത്തിച്ചക്കോണം |
| 5. | തേമ്പാമൂട്ടം |
| 6. | നെല്ലിവിള |
| 7. | റസ്സൽപുരം |
| 8. | റസ്സൽപുരം - 2 |
| 9. | കല്ലമ്പലം |
| 10. | പരുത്തിതോപ്പ് |
| സ്ട്രീറ്റ് വൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക - 13709 | |

**ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് നമ്പർ | ഹരിജൻ കോളനിയുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം | പണം നൽകി വൈദ്യുതി കണക്ഷൻ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| II | പുത്രക്കാട് | 18 | 9 | 9 |
| II | പാറക്കുഴി | 22 | 10 | 12 |
| I<br>I | തേമ്പാമുട്ടം<br>എരുത്താവൂർ | 8 | 5 | 3 |

5-(v)

# ഗതാഗതം

ഒരു രാഷ്ട്രത്തിന്റെ സർവതോന്മുഖമായ വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണല്ലോ ഗതാഗതം. നാടിന്റെ സാമൂഹികമായ നവോത്ഥാനത്തിന്റെയും സർവ്വോപരി എല്ലാവിധ വ്യാപനത്തിന്റെയും ശൃംഖലയാണ് ഗതാഗതം. മനുഷ്യൻ മനുഷ്യനെ അറിയുവാനും മനസ്സിലാക്കുവാനും, കണ്ടെത്താനും പുതിയ പ്രദേശങ്ങളിൽ എത്തിചേരുന്നതിനും, കൂടുതൽ അന്വേഷണ കൗതുകത്തിന്റെയും ഭാഗമായിട്ടാകാം പുരാതനമായ ചെറിയ പാതകളുടെ തുടക്കം. കാലക്രമത്തിൽ ചെറുപാതകൾ മനുഷ്യന് യഥേഷ്ടം സഞ്ചരിക്കുവാനുള്ള ചെറിയ ഇടവഴികൾ ആയിമാറുകയും ചെയ്തു. മനുഷ്യന്റെ ജിജ്ഞാസ ബോധത്തിന്റെ ഭാഗമായിട്ടുള്ള അന്വേഷണങ്ങളുടേയും, കണ്ടുപിടിത്തങ്ങളുടെയും ഫലമായി ഈ ചെറിയ തടങ്ങൾ ചെറിയ റോഡുകളായും, ബൈപാസുകളായും എൻ.എച്ച്. റോഡുകളായും മാറുകയുണ്ടായി. കാലക്രമ ത്തിൽ മനുഷ്യന്റെ ഭാവനയിൽ വിടർന്ന അന്വേഷണകൗതുകം ജലമാർഗ്ഗങ്ങളുടെയും വ്യാമമാർഗ്ഗങ്ങളുടെയും ചിന്താഗതിയിലേയ്ക്ക് എത്തിച്ചേർന്നു.

വേണാടിന്റെ അധിപനായിരുന്ന മാർത്താണ്ഡവർമ്മയുടെ ആസ്ഥാനമായ പത്മനാഭപുരത്തെയും, അനന്തപുരിയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുവേണ്ടി രാജഭരണകാലത്ത് സൃഷ്ടിയ്ക്കപ്പെട്ട റോഡാണ് ഇന്ന് ബാലരാമപുരത്തുകൂടെ കടന്നുപോകുന്ന എൻ.എച്ച്. 47 ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഒരു പ്രധാന റോഡാണ് എൻ.എച്ച്. 47. മഹാരാജാക്കൻമരുടെ പാദസ്പർശമേറ്റതുകൊണ്ടാകാം ഈ റോഡിനെ രാജവീഥിയായി ചിത്രീകരിക്കുന്നത്.

മുൻകാലഘട്ടങ്ങളിൽ ഈ റോഡിലെ പ്രധാന വാഹനങ്ങൾ എന്ന് പറയുന്നത് കുതിരവണ്ടിയും, വില്ലുവണ്ടിയും, കാളവണ്ടികളുമാണ്. അതിനുപുറമെ മഹാരാജാക്കന്മാരെ പല്ലക്കുകളിൽ എഴുന്നള്ളിക്കുന്നതും ഈ റോഡിലൂടെയാണ്. സർ. സി.പി. രാമസ്വാമി അയ്യരുടെ കാലഘട്ടത്തിൽ ഈ റോഡ് വികസിപ്പിക്കുകയും വീതികൂട്ടി കോൺക്രീറ്റ് ചെയ്യുകയും ചെയ്തു. തിരുവനന്തപുരം മുതൽ കന്യാകുമാരി വരെ 1920കളുടെ അവസാനത്തിൽ തന്നെ ബസ് സർവ്വീസ് ആരംഭിച്ചതായി ചരിത്രരേഖകളിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നു. പയനിയർ കമ്പനിയാണ് ബസ്സ് സർവ്വീസ് ആദ്യമായി ഈ റോഡിലൂടെ ആരംഭിച്ചത്. എട്ട് സീറ്റുകൾഉള്ള ബസ്സ് ആണ് ആദ്യമായി സർവ്വീസ് നടത്തിതുടങ്ങിയത്. 1948 മുതൽ 54 വരെയുണ്ടായ രൂക്ഷമായ ഇന്ധനക്ഷാമത്തെ തുടർന്ന് (രണ്ടാംലോകമഹായുദ്ധത്തിന്റെ അനന്തരഫലമായി) കരിഗ്യാസ് ബസ്സുകൾ ഓടിതുടങ്ങി ഇതിനുശേഷം സ്വകാര്യ മേഖലയിൽ ധാരാളം ബസ്സ് സർവ്വീസ് തുടങ്ങുകയുണ്ടായി. 1957ൽ ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത് ട്രാൻസ്പോർട്ട് ദേശസാൽക്കരിച്ചതിന്റെ ഫലമായി ഈ പ്രദേശത്ത് സ്വകാര്യ മേഖലയിലായിരുന്ന സർവ്വീസ് ദേശസാൽക്കരിക്കപ്പെട്ടു.

*ബസ്സ് സർവ്വീസ് നടത്തേണ്ട സ്ഥലങ്ങൾ*

1. കളത്തുവിള - ശാന്തിപുരം - പുന്നയ്ക്കാട് - റസ്സൽപുരം വഴി തിരുവനന്തപുരം (കൃത്യ സമയത്ത് സർവ്വീസ് നടത്തേണ്ടതാണ്.)
2. കിഴക്കേകോട്ടയിൽനിന്നും മുക്കംപാലമൂട് വഴി എരുത്താവൂരിലേയ്ക്ക് വരുന്ന സിറ്റിബസ്സ് റസ്സൽപുരം-പുന്നയ്ക്കാട് വരെ ദീർഘിപ്പിക്കേണ്ടതാണ്.

3. കിഴക്കേകോട്ടയിൽ നിന്നും ആരംഭിച്ച് ബാലരാമപുരം കല്ലുമ്പലത്ത്നിന്നും തിരിഞ്ഞ് വില്ലിക്കുളം - പാറക്കുഴി - ഊറ്റിയറത്തല - റെയിൽവേ പാലം വരെ ഒരു സിറ്റിസർവ്വീസ് ആരംഭിക്കേണ്ടതാണ്.

4. വിഴിഞ്ഞം ഡിപ്പോയിൽ നിന്നും ദിവസവും രണ്ട് ബസ്സുകൾ ബാലരാമപുരം - പുന്നക്കാട് വരെ സർവ്വീസ് നടത്തേണ്ടതാണ്.

5. സിറ്റിബസ്സുകൾക്ക് (ഫാസ്റ്റ്) തേമ്പാമുട്ടം റെയിൽവേ ക്രോസിന്റെ ഭാഗത്ത് സ്റ്റോപ്പ് അനുവദിക്കേണ്ടതാണ്.

6. ഐത്തിയൂർ - ഭഗവതിനട റോഡ് പുനർ നിർമ്മാണം ചെയ്യുകയും ബസ് സർവ്വീസ് ഏർപ്പെടുത്തുകയും ചെയ്തു.

7. രാമപുരത്ത് വരുന്ന ഷട്ടിൽ സർവ്വീസ് ഉച്ചയ്ക്ക് ശേഷവും സർവ്വീസ് നടത്തണം.

8. പൂവ്വാറിൽനിന്നും വരുന്ന ബസ്സുകൾ പ്ലാവിള വഴി തിരിഞ്ഞ് നെല്ലിവിള - ബാലരാമപുരത്തുകൂടെ തിരുവനന്തപുരത്ത് പോകേണ്ടതാണ്.

*പ്രശ്നങ്ങൾ*

1. അശാസ്ത്രീയമായ ടാറിംഗിന്റെ ഫലമായി റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞു കിടക്കുന്നു.

2. റോഡിന്റെ വശങ്ങളിലുള്ള പുറമ്പോക്കുകൾ കൈയേറിയുള്ള കെട്ടിടനിർമ്മാണം വ്യാപകമാണ്.

3. ഇലക്ട്രിക് പോസ്റ്റ്, ടെലിഫോൺ പോസ്റ്റ്, പ്രതിമകൾ കൊടിമരങ്ങൾ, ബോർഡുകൾ, കാണിക്കവഞ്ചികൾ ഇവ റോഡ് സൈഡിൽ അപകടമാംവിധം സ്ഥാപിച്ചിരിക്കുന്നു.

4. റോഡിലേയ്ക്ക് മലിനജലം ഒഴുക്കി വിടുന്നതും വശങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതും സാധാരണമാണ്.

5. റോഡുകൾ അടിയന്തിരമായി ടാർ ചെയ്യേണ്ടതുണ്ട്. റീ ടാറിംഗ് മിക്ക റോഡുകളിലും നടത്തേണ്ടതുണ്ട്.

6. റോഡുകൾക്ക് ഇരുവശവും ഓടകൾ സ്ഥാപിക്കുകയും മലിനജലം പ്രസ്തുത ഓടകൾ വഴി ഒഴുകി പോകുന്നതിനുള്ള സംവിധാനവും ഒരുക്കുക.

*പുതിയതായി റീ ടാർ ചെയ്യേണ്ട റോഡുകൾ*

1. പാറക്കുഴി ഹരിജൻ കോളനി (ആമച്ചൽ ട്രാൻസ്ഫോർമർ മുതൽ)

2. പാറക്കുഴി- ചിറയത്തല- ഊറ്റിയറത്തല- ആറാലുംമൂട് കന്നുകാലി ചന്തറോഡ്

3. നാലാം വാർഡിലെ ശിവൻകോവിൽ റോഡ്

4. കല്ലുമ്പലം- ആലുവിള- വില്ലിക്കുളം- പാറക്കുഴി- ഹരിജൻ കോളനി

5. നെല്ലിവിള ജംഗ്ഷൻ മുതൽ കോഴോട് തൂക്കുപാലം വരെയുള്ള റോഡ്

6. മംഗലത്തുകോണം- അകരത്തുനട റോഡ്

*പുതിയതായി ടാർ ചെയ്യേണ്ട റോഡുകൾ*

1. പറങ്കിമാംവിള- മുക്കംപാലമൂട് റോഡ്

2. തേമ്പാമുട്ടം- മുക്കംപാലമൂട് റോഡ്

3. തേമ്പാമുട്ടം- എള്ളുവിള റോഡ്

4. മുളമൂട്ടിൽ നിന്നും വടക്കേമലഞ്ചരിവ് റോഡ്

5. ശാന്തിപുരത്തുനിന്നും ആരംഭിച്ച് മുണ്ടുകോണം വഴി തേമ്പാമുട്ടത്ത് എത്തിച്ചേരുന്ന റോഡ്

6. ശാന്തിപുരത്തുനിന്നും ചാനൽബണ്ട് വഴി പുത്രക്കാട് കോളനിയിൽ എത്തിച്ചേരുന്ന 150 മീറ്റർ റോഡ്

7. കാറാത്തല- വില്ലികുളം- പുലയൻവിളാകം വഴി പാറക്കുഴി കുളവരമ്പ് റോഡ്

8. പുലയൻവിളാകം- കൊട്ടാറക്കോണം- പുന്നയ്ക്കാട് റോഡ്

9. പുന്നയ്ക്കാട്- തച്ചംക്കണ്ടം- ആറാലുംമൂട് റോഡ്

10. പുന്നയ്ക്കാട്- ഇടവിളാകം- തച്ചംകണ്ടം റോഡ്

11. കോരത്തലവിള മുതൽ കുന്നത്തു നട വരെയുള്ള റോഡ്
12. പുന്നയ്ക്കാട് പറയകോണം- മഞ്ചാടിത്തല റോഡ്
13. വടക്കേവിള സി എസ്സ് ഐ പള്ളിയിലേക്ക് വരുന്ന റോഡ്
14. കൂടല്ലൂർ- ഹരിജൻ സെറ്റിൽമെൻറ് റോഡ്
15. കൂടല്ലൂർ- നന്തലത്ത്- തോപ്പിൽറോഡ്
16. ഐത്തിയൂർ- തെങ്കറക്കോണം റോഡ്
17. ഐത്തിയൂർ- ഭഗവതി നട റോഡ്
18. തെക്കേക്കുളം റോഡ്
19. തയ്ക്കാപ്പള്ളി- വഴിമുക്ക് റോഡ്
20. തയ്ക്കാപ്പള്ളി- അന്തിയൂർ റോഡ്
21. കോഴോട്- ദുർഗ്ഗാദേവി ക്ഷേത്രം- കോഴോട്- തൂക്ക് പാലം വരെയുള്ള റോഡ്
22. പുതിച്ചൽ- മുറിക്കുളം മൈലമൂട് റോഡ്
23. എം. ജി. എം സ്ക്കൂൾ മുതൽ അന്തിയൂർ ഏലാ വരെയുള്ള റോഡ്

    രാമപുരം മുതൽ നാരങ്ങരക്കോണം വരെയുള്ള റോഡ്
24. പനയറക്കുന്ന്- മിടാന്നൂർക്കോണം
25. നെല്ലിവിള- വിളയിൽ മന- അഴിപ്പിൽ റോഡ്
26. പാതിരിയോട് റോഡ്
27. മംഗലത്തുകോണം- അകരത്തുനട റോഡ്
28. കാവിൻപുറം- മിടാന്നൂർക്കോണം റോഡ്
29. പൊറ്റിയിൽ- മിടാന്നൂർക്കോണംറോഡ്
30. വെങ്ങാന്നൂർ- ഇട്ടിക്കൽ- ഹരിജൻ കോളനി റോഡ്
31. തലയൽ ശിവൻ കോവിൽ റോഡ്

ഗ്രാമ പഞ്ചായത്തിലെ വാർഡുകളിൽ പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ (ഗ്രാമസഭ റിപ്പോർട്ട്)

1. തേമ്പാമുട്ടം- ഇടക്കോണം വഴി ഹരിജൻ കോളനി- എരുത്താവൂർ റോഡ്
2. മുളമൂട്ടിൽ നിന്നും തുടങ്ങുന്ന വടക്കെ മലം ചരിവ് ഹരിജൻ കോളനി റോഡ്
3. എരുത്താവൂർ- തെക്കേ മലഞ്ചരിവ് റോഡ്
4. ശാന്തിപുരം ആർ സി പള്ളിയിൽ നിന്നു് തുടങ്ങി തീയന്നൂർക്കോണം- നാച്ചി വിളാകം ചാനൽക്രോസ്സ്- മുണ്ടുക്കോണം
5. തേരന്നൂർ- പറച്ചാൻതല- മാങ്ങാമുറി നിലം നികത്തിയ പുരയിടം വരെ
6. പുന്നയ്ക്കാട് കുരിശ്ശടി മുതൽ കെ.വി. എൽ.പി.എസ് വരെയും പറയകോണം കുളംവരെയും.
7. പുള്ളിയിൽറോഡ്- ഊറ്റിയറത്തല - ചിറയത്തല - ആറാലുമൂട് കന്നുകാലി ചന്തറോഡ്.
8. കരിംപ്ലാവിള - പുള്ളിയിൽറോഡ് - ചാനൽ ബണ്ട് വീതിക്കൂട്ടി മണ്ണാഞ്ചിറപ്പാലം വരെ ചാനൽക്കരറോഡാക്കിമാറ്റി സഞ്ചാര യോഗ്യമാക്കണം.
9. ഇടമനക്കുഴിയിൽനിന്നും ഏലായിലേക്ക് പോകുന്ന റോഡ്.
10. മുറിക്കുളത്തിന് കിഴക്കുവശത്തുള്ള തോട്ടിൽ കരിങ്കൽ കെട്ടി കോഴോട് പാലം വരെ ഏതാണ്ട് ഒരു കിലോമീറ്റർ ദൂരം റോഡുണ്ടാക്കി ഗതാഗതസൗകര്യം മെച്ചപ്പെടുത്തണം.
11. പാലച്ചൽകോണം- എം.സി.ഐ സ്ക്കൂൾ റോഡ്.
12. ചിറയൽതോട് പാലം മുതൽ ആട്ടറ മൂലറോഡ്.

***ടാർചെയ്യേണ്ട മറ്റ് റോഡുകൾ.***

1. തേമ്പാമുട്ടത്തുനിന്നും തുമ്പോട്ടുകോണം വഴി താന്നിവിളയിൽ പോകുന്ന റോഡ്. മധ്യഭാഗത്ത് ഒരു ചാനൽ പാലവുമാവശ്യമാണ്.

2. പുല്ലയിൽക്കോണം - ചാമുണ്ഡേശ്വരി കോവിൽ റോഡ് കൃഷിയ്ക്കാവശ്യമായ വളവും, മറ്റ് വസ്തുക്കളും കൊണ്ടു പോകുന്നതിനുള്ള സൗകര്യം.

   മാവേലിസ്റ്റോറിൽ നിന്നും ഒറ്റത്തെരുവിൽ കയറുന്ന റോഡ് കോൺക്രീറ്റ് ചെയ്യണം.

   കോട്ടുകാൽകോണം സി.എസ്.ഐ. പള്ളിയിലേക്ക് പോകുന്ന റോഡിൽ ഒരു ചാനൽപാലം അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

*റെയിൽവേ ഗതാഗതം*

1978-ൽ കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രി ശ്രീ. മധു ദന്തവതെ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത തിരുവനന്തപുരം കന്യാകുമാരി ബ്രോഡ്ഗേജ് റെയിൽപ്പാത നാലുകിലോമീറ്റർ നീളത്തിൽ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ബാലരാമപുരത്ത് ഒരു റയിൽവേ സ്റ്റേഷൻ പ്രവർത്തിക്കുന്നു. ഈ പ്രദേശത്തിലെ ജനങ്ങളുടെ ഗതാഗതസൗകര്യ അപര്യാപ്തതയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് പ്രസ്തുത ഗതാഗതത്തിന് കഴിയുന്നുണ്ട്. അതോടൊപ്പം ധാരാളം പരാധീനതകളും, കുറവുകളും, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പ്രസ്തുത സ്റ്റേഷൻ പ്രവർത്തനത്തിൽ കാണുവാൻ കഴിയുന്നുണ്ട്.

*പ്രശ്നങ്ങൾ*

1. ബാലരാമപുരം റെയിൽവേ സ്റ്റേഷന്റെ പ്രവർത്തനം തൃപ്തികരമല്ല.

2. റെയിൽവേ സ്റ്റേഷനും പ്ലാറ്റ്ഫോമും തമ്മിൽ ഏകദേശം 55 അടിയുടെ വ്യത്യാസമുണ്ട്. തത്ഫലമായി യാത്രക്കാർ നന്നേ ബുദ്ധിമുട്ടുന്നു.

3. പ്ലാറ്റ്ഫോമിൽ നിന്നും സ്റ്റേഷനിലേയ്ക്ക് എത്തുവാനുള്ള പടികെട്ടുകൾ പൂർണ്ണമായി തകർന്ന സ്ഥിതിയിലാണ്.

4. സ്റ്റേഷനിൽ എത്തിചേരുന്ന യാത്രക്കാർക്ക് പ്രാഥമികസൗര്യങ്ങൾ നടത്തുവാനുള്ള യാതൊരുവിധ സൗകര്യങ്ങളും ലഭിക്കുന്നില്ല.

5. ബുക്കിംഗ് കൗണ്ടർ ഇല്ലാത്തസ്ഥിതിയാണ്.

*നിർദ്ദേശങ്ങൾ*

1. പ്രസ്തുത റെയിൽവേ സ്റ്റേഷൻ ബാലരാമപുരത്ത് ആരംഭിച്ചതിനുശേഷം നാളിതുവരെ ഏതൊരു വിധത്തിലുള്ള വികസനവും നടന്നിട്ടില്ല. ആയതിനാൽ ബാലരാമപുരം റെയിൽവേ സ്റ്റേഷന്റെ പുനരുദ്ധാരണവും വികസനവും അടിയന്തിരമായി നടപ്പിലാക്കാൻ പഞ്ചായത്ത് അധികൃതർ കേന്ദ്ര ഗവൺമെൻറുമായി ബന്ധപ്പെടേണ്ടതാണ്. പ്രസ്തുത റെയിൽവേ സ്റ്റേഷനിൽ എല്ലാ ട്രെയിനുകളും നിർത്താൻ സ്റ്റോപ്പുകൾ അനുവദിക്കേണ്ടതാണ്.പ്രത്യേകിച്ചും തിരുവനന്തപുരം - ഐലൻറ്, മധുര ജയന്തി ഗുരുവായൂർ തുടങ്ങിയ എക്സ്പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കേണ്ടതാണ്.

2. റെയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് കൗണ്ടർ പ്ലേറ്റ് ഫോമിനോട് അനുബന്ധിച്ച് നിർമ്മിക്കേണ്ടതാണ്.

3. റെയിൽവേ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷൻ ആക്കേണ്ടതാണ്.

4. റെയിൽവേ സ്റ്റേഷനിൽ റിസർവേഷൻ കൗണ്ടറും പാഴ്സൽ ബുക്കിംഗും അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

*പൊതു നിർദ്ദേശം (സാദ്ധ്യതകൾ)*

1. വിഴിഞ്ഞം - ബലരാമപുരം - കാട്ടാക്കട റോഡിൽ തേമ്പാമുട്ടത്തുള്ള റെയിൽവേ ക്രോസ്, പ്രസ്തുത റെയിൽവേ സ്റ്റേഷനടുത്താണ് സ്ഥിതി ചെയ്യുന്നത്. ആയിരക്കണക്കിന് വാഹനങ്ങൾ ദൈനംദിനം കടന്നു പോകുന്ന പ്രസ്തുത റോഡിലെ റെയിൽവേ ക്രോസ് യാത്രക്കാർക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ആയതിനാൽ പ്രസ്തുത റോഡിൽ ഒരു ഫ്ലൈഓവർ അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്. ഈ ഫ്ലൈഓവർ

സ്ഥാപിക്കുന്നതിലൂടെ, ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും സഹായകരമായിരിക്കും. ഈ റോഡ് അന്തർദേശീയ ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തെയും ഇൻറർ നാഷണൽ രംഗത്ത് കേരളത്തിലെ പ്രധാനപ്പെട്ട വന്യമൃഗസംരക്ഷണ കേന്ദ്രമായ നെയ്യാർഡാമിനെയും ബന്ധിപ്പിക്കുന്ന ജില്ലാ റോഡാണിത്.

2. തിരുവനന്തപുരത്ത് വർദ്ധിച്ചു വരുന്ന റെയിൽവേ തിരക്ക് കുറയ്ക്കുവാൻ ബാലരാമപുരത്ത് ഔട്ടർ റെയിൽവേ സ്റ്റേഷനായി ഉയർത്തുവാനുള്ള സ്ഥല സൗകര്യം ഈ പ്രദേശത്താണ് ആയതിനാൽ റെയിൽവേ അധികാരികളുടെ അടിയന്തിരമായ ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടായാൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിയുന്നതാണ്.

*നിർദ്ദേശങ്ങൾ*

. ബാലരാമപുരം പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡാണ് എൻ.എച്ച് 47 ബാലരാമപുരം ജംഗ്ഷനിൽ കൂടെകടന്നു പോകുന്ന പ്രസ്തുത റോഡ് നൂറ്റാണ്ടുകളുടെ പഴക്കമുള്ള റോഡാണ്. 8 ബസ്സുകൾ മാത്രം ഓടുന്നതിലേയ്ക്ക് വേണ്ടി സർ. സി.പി. യുടെകാലത്ത് പരിഷ്കരിച്ച ഈ റോഡ് കാലമേറെ കഴിഞ്ഞെങ്കിലും ഏതൊരു വിധ വികസനവും നടക്കാത്ത സ്ഥിതിയിലാണ്. മനുഷ്യന്റെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള പുരോഗതി പ്രസ്തുത റോഡിന് ലഭിച്ചിട്ടില്ല. ഗതാഗതകുരുക്ക് കൊണ്ട് പൊറുതിമുട്ടുകയാണ് പൊതുജനം. വാഹനങ്ങൾക്ക് യഥേഷ്ടം കടന്നു പോകുവാൻ കഴിയാതെ മണിക്കൂറുകളോളം ഗതാഗതം നിലയ്ക്കുന്ന സ്ഥിതിയിലാണ്. ഈ റോഡ് വീതികൂട്ടുക എന്നുള്ളത് കോടികളുടെ നഷ്ടം വരുത്തി വയ്ക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് എത്തിച്ചേരും. ആയതിനാൽ നെയ്യാറ്റിൻകര തിരുവനന്തപുരം റെയിൽവേ ലൈനിന് പാരലലായി ഒരു ബൈപാസ് റോഡ് നിർമ്മിക്കുകയാണെങ്കിൽ ലോറികളും മറ്റ് ചരക്കു വാഹനങ്ങളും ഇതുവഴിയ്ക്ക് തിരിച്ചു വിടാൻ സാധിക്കും.

2. നെയ്യാറ്റിൻകര പെരുമ്പഴുതൂർ റോഡിൽ റെയിൽവേ ഓവർബ്രിഡ്ജിനടുത്തുള്ള നെയ്യാർ മുറിച്ച് കടക്കുന്ന അറക്കടവ് നിർദ്ദിഷ്ട പാലത്തിൽ നിന്നും തൃക്കണ്ണാപുരത്ത് പുതുതായി നിർമ്മിക്കുന്ന പാലത്തിലേയ്ക്ക് ബന്ധിപ്പിക്കുന്ന രീതിയിലായിരിക്കണം പുതിയ ബൈപാസ് റോഡ്. എൻ.എച്ച്. 47ൽ നിലനില്ക്കുന്ന പ്രശ്നങ്ങൾക്കുള്ള ബദൽ സംവിധാനമായി കണക്കാക്കാം.

3. റോഡുകൾ ടാർ ചെയ്യുമ്പോൾ മദ്ധ്യഭാഗം ഉയർന്നതും വശങ്ങൾ താഴ്ന്നതുമായ നിർമ്മാണരീതി അവലംബിക്കേണ്ടതാണ്. ഇങ്ങനെ നിർമ്മിക്കുന്ന നിർമ്മാണരീതി സ്വീകരിച്ചാൽ റോഡുകളിൽ മഴവെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുക വഴി റോഡുകൾ പെട്ടെന്ന് തകരുന്നത് ഒഴിവാക്കാം.

*പൊതുനിർദ്ദേശം*

ബാലരാമപുരം ജംഗ്ഷനിൽ ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന യാത്രാക്ലേശത്തിന് പരിഹാരം കാണുവാൻ ബാലരാമപുരം കേന്ദ്രമാക്കി ഒരു ട്രാൻസ്പോർട്ട് സബ്ഡിപ്പോ സ്ഥാപിക്കേണ്ടതാണ്. അതുപോലെതന്നെ നിലവിലുള്ള ട്രാഫിക് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേയ്ക്ക് വേണ്ടി ശാസ്ത്രീയമായ രീതിയിലുള്ള ട്രാഫിക് പോസ്റ്റുകൾ സ്ഥാപിക്കേണ്ടതാണ്. ട്രക്കർ, ടെംബോ, ലോറി എന്നിവയ്ക്കും ആട്ടോ, ടാക്സി എന്നിവയ്ക്കും പ്രത്യേകം പ്രത്യേകം സ്റ്റാൻറുകൾ സ്ഥാപിക്കേണ്ടതാണ്. നാഷണൽ ഹൈവേയുമായി ബന്ധപ്പെടുന്ന ആറാലുംമൂട് ഊറ്റിയറത്തല പാറക്കുഴി റോഡിലെ റെയിൽവേ പാലം ഏതു സമയവും തകർന്ന് പോകാവുന്ന സ്ഥിതിയിലാണ്. ആയതിനാൽ ഈ പാലം അടിയന്തിരമായി പുനർനിർമ്മിക്കേണ്ടതാണ്.

ബാലരാമപുരത്ത് സ്റ്റേ ബസ് അനുവദിക്കേണ്ടതാണ്. കിഴക്കേകോട്ട, ബാലരാമപുരം, എരുത്താവൂർ, നരുവാമൂട്, സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കേണ്ടതും നാഷണൽ ഹൈവേയുമായി ബന്ധപ്പെടുന്ന കല്ലമ്പലം, ആലുവിള - വില്ലിക്കുളം - ഹരിജൻകോളനി റോഡിന്റെ മദ്ധ്യഭാഗത്തുകൂടെ റെയിൽവേ ഗതാഗതം ഉള്ളതിനാൽ ജനതിരക്കേറിയ ഈ പ്രദേശത്ത് റെയിൽവേ പ്ലാലം അടിയന്തിരമായി സ്ഥാപക്കേണ്ടതുമാണ്.

**റോഡിന്റെ സ്വഭാവം** (വാർഡ് തിരിച്ച കണക്ക്)

| വാർഡ് | ടാർ കി. മീ. | കോൺക്രീറ്റ് കി. മീ. | മെറ്റൽ കി. മീ. | പക്ക കി. മീ. | ആകെ കി. മീ. |
|---|---|---|---|---|---|
| 1 | 2.500 | - | - | 13.00 | 15.500 |
| 2 | 6.700 | - | - | 9.00 | 15.700 |
| 3 | 1.500 | - | - | 8.500 | 10.000 |
| 4 | 6.000 | 0.750 | - | 2.150 | 8.900 |
| 5 | 6.750 | - | - | 2.800 | 9.550 |
| 6 | 1.000 | - | 2.000 | 9.750 | 12.750 |
| 7 | 0.700 | - | - | 12.100 | 12.800 |
| 8 | 0.500 | 0.400 | - | 1.250 | 2.150 |
| 9 | 0.300 | - | - | 3.735 | 4.035 |
| 10 | 3.750 | 1.000 | - | 6.250 | 11.000 |
| 11 | 1.000 | 1.000 | - | 12.000 | 14.000 |
| 12 | 4.250 | - | - | 7.750 | 12.000 |

**റോഡിന്റെ സ്വഭാവം**

| ടാർ കി. മീ. | കോൺക്രീറ്റ് | മെറ്റൽ | പക്ക | ആകെ കി. മീ. | വാഹനസഞ്ചാരയോഗ്യം | അല്ലാത്തവ |
|---|---|---|---|---|---|---|
| 34.950 | 3.150 | 2.000 | 88.285 | 128.385 | 117.485 | 10.900 |

5 - (vi)

# മാർക്കറ്റ്

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വളർച്ചയിൽ മുഖ്യമായ സ്വാധീനം ചെലുത്തുന്ന ഘടകമാണ് അവിടെ ലഭ്യമായിട്ടുള്ള മാർക്കറ്റ് സംവിധാനം. കാർഷികരംഗത്തായാലും വ്യവസായിക രംഗത്തായാലും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഫലപ്രദമായ മാർക്കറ്റ് സംവിധാനം അത്യന്താപേക്ഷിതമാണ്. വിപണനസൗകര്യം മെച്ചപ്പെട്ടാൽ മാത്രമേ ഉല്പാദകനിൽ മെച്ചപ്പെട്ട ഉല്പാദനത്തിനായുള്ള താല്പര്യം സൃഷ്ടിക്കപ്പെടുകയുള്ളൂ. ജനസംഖ്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധന, കാർഷികരംഗത്തും വ്യവസായിക രംഗത്തും ഉണ്ടാകുന്ന മാറ്റങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മാർക്കറ്റ്സംവിധാനങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്.

മേൽപ്രസ്താവിച്ച വീക്ഷണത്തിൽ നിന്നുകൊണ്ടു വിലയിരുത്തുമ്പോൾ നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള മാർക്കറ്റ് സൗകര്യവും സംവിധാനവും തീരെ പര്യാപ്തമല്ലായെന്നുള്ളത് വ്യക്തമായ ഒരു കാര്യമാണ്. കാർഷികമേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ഭൂരിഭാഗം ആൾക്കാർ ഉൾക്കൊള്ളുന്ന 10.53 ച.കി.മീ. വിസ്തൃതിയുള്ള ഒരു പ്രദേശത്ത് വിപുലമായ മാർക്കറ്റ് സംവിധാനം ചിട്ടപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഗൗരവപൂർവ്വം വീക്ഷിക്കേണ്ടിയിരിക്കുന്നു. ഒരു നൂറ്റാണ്ടിനുമുമ്പുതന്നെ ഇവിടെ ഉണ്ടായിരുന്ന ഒരു അന്തിച്ചന്തയാണ് പില്ക്കാലത്ത് ബാലരാമപുരം പബ്ലിക് മാർക്കറ്റ് ആയിരൂപാന്തരപ്പെട്ടത്. പഞ്ചായത്തിനുള്ളിൽ മറ്റൊരിടത്തും ഒരു പബ്ലിക് മാർക്കറ്റ് പിന്നീട് സ്ഥാപിക്കപ്പെട്ടില്ല. മുൻകാലങ്ങളിൽ പരിമിതമായ ഉൽപാദന സൗകര്യങ്ങളും കുറഞ്ഞ ജനസാന്ദ്രതയും നിലനിന്നിരുന്നപ്പോൾപോലും നിലവിലുണ്ടായിരുന്ന മാർക്കറ്റ് സംവിധനം അപര്യാപ്തം തന്നെയായിരുന്നു. കാലങ്ങൾ പലതുമാറിയിട്ടും എന്തുകൊണ്ടോ ഈ രംഗത്തെ അവസ്ഥമാറ്റുന്നതിന് ആരും തന്നെ ശ്രദ്ധിച്ചുകണ്ടില്ല എന്നുള്ളതു വിചിത്രമാണെന്നല്ലാതെ പറയുവാൻ കഴിയുകയില്ല.

കാലത്തിന്റെ മാറ്റത്തിൽ സമൂഹത്തിൽ വന്നുപെട്ട ഭൗതികമാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ളതാവണം ഏതൊരു വികസനപ്രക്രിയയും. തിരുവനന്തപുരം ജില്ലയിലെതന്നെ പ്രധാനപ്പെട്ട പഴം, പച്ചക്കറി ഉല്പാദന കേന്ദ്രമാണ് ബാലരാമപുരം. എന്നാൽ ഇവിടെ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു ഒരു ചന്ത നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നുള്ളത് ചിന്തിക്കേണ്ട ഒരു വിഷയമാണ്. ബാലരാമപുരം ജംഗ്ഷനോട് ചേർന്ന് സ്ഥിതിചെയ്യുന്ന പബ്ലിക് മാർക്കറ്റാണെങ്കിൽ മത്സ്യക്കച്ചവടത്തിനു പ്രാധാന്യമുള്ള മാർക്കറ്റാണ്. പച്ചക്കറികളുടെയും വാഴക്കുലയുടെയും വിപണനത്തിനായുള്ള ഒരു മാർക്കറ്റ് ഈ പ്രദേശത്ത് അടിയന്തിരമായി അരംഭിക്കേണ്ടതാണ്. ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും വിറ്റഴിക്കുന്നതിലേക്കുവേണ്ടി മറ്റു പ്രദേശങ്ങളിലെ ചന്തകളിലാണ് ഇപ്പോൾ കൊണ്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇത് കർഷകന് ബുദ്ധിമുട്ടുണ്ടാകുന്നതിനോടൊപ്പം തന്നെ പഞ്ചായത്തിനു ലഭിക്കേണ്ടുന്ന വരുമാനത്തിനും നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ടുതന്നെ വിവിധ പ്രദേശങ്ങളിൽ അംഗീകൃതമായി ചന്തകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും കാണാം. നിലവിലുള്ള പബ്ലിക് മാർക്കറ്റുതന്നെ സ്ഥലപരിമിതി കാരണം വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

പരമ്പരാഗതമായിത്തന്നെ കൈത്തറിയുടെ നാട് എന്നാണല്ലോ ഈ പ്രദേശം അറിയപ്പെടുന്നത്. കേരളത്തിലെന്നല്ല ഇൻഡ്യയിലെതന്നെ മേൽത്തരം കൈത്തറിത്തുണികളാണ് ഇവിടെ ഉല്പാദിപ്പിക്കുന്നതെന്നുള്ളത് അന്താരാഷ്ട്രതലത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. കൈത്തറിത്തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിനായി ദിവസവും വൈകുന്നേരം ആയിരത്തിലധികം നെയ്ത്തുകാർ പബ്ലിക് മാർക്കറ്റിനുമുൻപിലുള്ള റോഡുവക്കിൽ തടിച്ചുകൂടുന്നു. ഈ തുണിത്തരങ്ങൾ വില്ക്കുവാൻ വേണ്ടി മാത്രമായി ഒരു മാർക്കറ്റ് സംവിധാനം ചെയ്യുകയാണെങ്കിൽ കൂടുതൽ ഫലപ്രദമായിരിക്കുന്നതാണ്. വൈകുന്നേരങ്ങളിൽ തിരക്കുള്ള വിഴിഞ്ഞം റോഡിന്റെ പാർശ്വങ്ങളിൽ ഉണ്ടാകുന്ന തിരക്ക് ഒഴിവാക്കുന്നതിനും ഇത് ഉപകരിക്കുന്നതാണ്.

*ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന പ്രധാനപ്രശ്നങ്ങൾ ചുവടെച്ചേർക്കുന്നു.*

1. ബാലരാമപുരം പബ്ലിക് മാർക്കറ്റിന്റെ വിസ്തൃതി തീരെക്കുറവാണ്. വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.
2. പച്ചക്കറി, പഴവർഗ്ഗങ്ങൾ ഇവയുടെ വിപണനത്തിനുവേണ്ടി ഒരു മാർക്കറ്റ് ഇല്ല.
3. പഞ്ചായത്തിലെ പബ്ലിക് മാർക്കറ്റിൽ മാലിന്യങ്ങൾ കൂടുന്നു. മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാനങ്ങൾ ഇല്ല.
4. പബ്ലിക് മാർക്കറ്റിനുമുന്നിലുള്ള റോഡിൽതിരക്ക് വർദ്ധിക്കുന്നു.
5. ശാസ്ത്രീയ സംവിധാനം ചെയ്ത മാർക്കറ്റുകൾ ഇല്ല
6. ഇപ്പോഴത്തെ പബ്ലിക് മാർക്കറ്റ് പട്ടണത്തിന്റെ വികസനത്തിന് തടസ്സമാണ്.

*നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതു വിപണികൾ സ്ഥാപിച്ചാൽ നിലവിലുള്ള പബ്ലിക് മാർക്കറ്റിലെ തിരക്ക് പരിമിതപ്പെടുത്താൻ കഴിയും.
2. പഴം, പച്ചക്കറി ഇവയുടെ വിപണനത്തിനായി മാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്. ഇതിനായി ഇ.ഇ.സി. മുതലായ ഏജൻസികളെ ആശ്രയിക്കാവുന്നതാണ്.
3. പബ്ലിക് മാർക്കറ്റിലെ മാലിന്യങ്ങൾ ദിവസേന മാറ്റേണ്ടതാണ്. മാലിന്യങ്ങളുടെ സംസ്ക്കരണത്തിനുള്ള സംവിധാനം ശാസ്ത്രീയമായി ചെയ്യേണ്ടതാണ്.
4. പബ്ലിക് മാർക്കറ്റിനുമുന്നിൽ വൈകുന്നേരങ്ങളിൽ നടക്കുന്ന കൈത്തറിത്തുണിക്കച്ചവടമാണ് തിരക്കുവർദ്ധിക്കുന്നതിനുള്ള കാരണം. കൈത്തറിത്തുണിത്തരങ്ങൾക്കുമാത്രമായി ഒരു മാർക്കറ്റു സ്ഥാപിക്കേണ്ടതാണ്.
5. ആധുനിക ക്രമീകരണങ്ങളുള്ള മാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്. അന്താരാഷ്ട്ര ഏജൻസികളുടെ സഹായം സ്വീകരിക്കാവുന്നതാണ്.

*പൊതുനിർദ്ദേശം*

ബാലരാമപുരത്ത് ഇന്ന് നിലവിലുള്ള പബ്ലിക് മാർക്കറ്റ് വിസ്തൃതി വളരെക്കുറവാണ്. മാത്രമല്ല പട്ടണത്തിന്റെ വികസനത്തിനു തടസ്സവും പരിസരമലിനീകരണത്തിനു കാരണവും ആകുന്നു. ആയതിനാൽ ജംഗ്ഷനിൽ നിന്നും മാറിയ ഒരു പ്രദേശത്ത് ചന്ത മാറ്റി സ്ഥാപിക്കേണ്ടതാണ്.

5 - (vi-a)

# പൊതുവിതരണം

ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനത്തിൽ കേരളം പൊതുവേ സ്വയം പര്യാപ്തമല്ല. എങ്കിൽത്തന്നെയും മറ്റു പല രംഗങ്ങളിലുമെന്നപോലെ പ്രശംസനീയമായ ഒരു പൊതുവിതരണ സമ്പ്രദായം ഇവിടെ നിലനിന്നു പോകുന്നുണ്ട്. ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ 98 ശതമാനത്തോളം ജനങ്ങൾ സർക്കാർതല പൊതുവിതരണ സംവിധാനത്തെയാണ് ആശ്രയിക്കുന്നത്. കൃഷിഭൂമിയുടെ ദുർവിനിയോഗത്താൽ നാൾക്കുനാൾ ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന കാർഷിക പരിതസ്ഥിതികണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ ആശ്രയത്വം വർദ്ധിക്കുവാനേ തരമുള്ളൂ. ജനസംഖ്യയിൽ 98 ശതമാനത്തോളം പേർ പൊതുവിതരണ ശൃംഘലയെയാണ് ആശ്രയിക്കുന്നത് എന്ന സത്യം പ്രസ്താവിക്കുമ്പോൾത്തന്നെ കാര്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണല്ലോ.

പഞ്ചായത്തിലെ പൊതുവിതരണകേന്ദ്രങ്ങളുടെ എണ്ണം ജനസംഖ്യാനുപാതികമായി നോക്കിയാൽ കുറവാണെന്നുകാണം. ഇവിടെ ഇപ്പോൾ പതിനഞ്ചു പൊതുവിതരണ കേന്ദ്രങ്ങളും (റേഷൻകടകൾ) ഒരു മാവേലി സ്റ്റോറുമാണ് പ്രവർത്തിച്ചുവരുന്നത്. ആകെ 5727 കാർഡുടമകൾ ഉണ്ട്. മാവേലിസ്റ്റോർ ഒഴിച്ചുള്ള കേന്ദ്രങ്ങളിൽ നിന്നും അരി, ഗോതമ്പ്, പഞ്ചസാര എന്നീ ഭക്ഷ്യവസ്തുക്കളും മണ്ണെണ്ണയും മാത്രമേ വിതരണം നടത്തിവരുന്നുള്ളൂ. ഈ പഞ്ചായത്തു പൂർണ്ണമായും ഒരു ഉപഭോഗപ്രദേശമായതിനാൽത്തന്നെ റേഷൻകടകൾവഴി വിതരണം നടത്തിവരുന്നുള്ളൂ. ഈ പ്രദേശം പൂർണ്ണമായും ഒരു ഉപഭോഗപ്രദേശമായതിനാൽത്തന്നെ റേഷൻകടകൾ വഴി വിതരണം നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ലഭ്യത പര്യാപ്തമല്ല എന്ന സത്യം അവശേഷിക്കുന്നു. മാവേലിസ്റ്റോർ മുഖാന്തിരം അരി, പലവ്യജ്ഞനങ്ങൾ, പയർ പരിപ്പ് ഉഴുന്ന്, കടല മുതലായ ധാന്യങ്ങളും പാമോയിലും വിതരണം നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ വിസ്തൃതിയും ജനസംഖ്യയും കണക്കാക്കിയാൽ ഇപ്പോഴുള്ള സംവിധാനം കൊണ്ട് എല്ലാവിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നില്ല എന്നു മനസ്സിലാക്കാവുന്നതാണ്. റേഷൻകടകൾ തമ്മിലുള്ള ദൂരം പലസ്ഥലങ്ങളിലും വളരെ കൂടുതലാണ്. ഒരു വാർഡിൽ രണ്ടു റേഷൻ കടകൾ വീതമെങ്കിലും അനുവദിച്ചെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ ജനങ്ങൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. മാവേലിസ്റ്റോർ ബാലരാമപുരം ജംങ്ഷനു സമീപനമാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിലെ എരുത്താവൂർ, തേരന്നൂർ, നന്നൻകുഴി മുതലായ പഞ്ചായത്ത് അതിർത്തി പ്രദേശങ്ങളിലുള്ളവർക്കുപോലും ഈ മാവേലിസ്റ്റോറിനെ മാത്രമേ ആശ്രയിക്കാൻ കഴിയുന്നുള്ളൂ. ആയതിനാൽത്തന്നെ ഭൂരിപക്ഷം ജനങ്ങളും ഇതിന്റെ സേവനം പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് ലഭിച്ചിട്ടുള്ള വിവരങ്ങളിൽ നിന്നും മനസ്സിലാക്കേണ്ടത്. പഞ്ചായത്തിൽ കുറഞ്ഞതു രണ്ടുമാവേലിസ്റ്റോറുകൾകൂടി ആരംഭിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഇതിന് ഒരു മാറ്റം വരുത്താൻ കഴിയുകയുള്ളൂ.

സർക്കാർ പൊതു ശൃംഖലക്കു പുറമേ വളരെ വിപുലമായ ഒരു സ്വകാര്യ ശൃംഖല ഈ പ്രദേശത്തുണ്ട് എന്നത് ചുറ്റുപാടുമുള്ളമറ്റു പ്രദേശങ്ങളെക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. തലസ്ഥാന നഗരമായ തിരുവനന്തപുരം നിവാസികളുൾപ്പെടെ ഈ പഞ്ചായത്തിന്റെ 20 കിലോമീറ്റർ

ചുറ്റളവിലുള്ള പ്രദേശങ്ങളിൽ നിന്നുള്ള ആൾക്കാർ അവശ്യവസ്തുക്കൾ വാങ്ങുന്നതിന് ഈ പ്രദേശത്തെയാണ് ആശ്രയിക്കുന്നത്. അരി, പലവ്യജ്ഞനങ്ങൾ, മറ്റു ഭക്ഷ്യധാന്യങ്ങൾ, വസ്ത്രം, എന്നിവയുടെ വ്യാപാര സ്ഥാപനങ്ങൾ ബാലരാമപുരത്ത് ശക്തമായി പ്രവർത്തിച്ചു വരുന്നുണ്ട്.

ജനസംഖ്യയിൽ ഭൂരിഭാഗവും സാധാരണക്കാരും ദാരിദ്ര്യരേഖക്കുതാഴെയുള്ളവരുമായവരാണ് എന്നതിനാൽത്തന്നെ ന്യായമായ വിലക്കു ആവശ്യസാധനങ്ങൾ വാങ്ങുന്നതിനുള്ള സംവിധാനത്തെയാണ് ഇവിടുത്തുകാർ ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. പൊതുവിതരണ കേന്ദ്രങ്ങളുടെ (മാവേലിസ്റ്റോർ ഉൾപ്പെടെ) എണ്ണം വർദ്ധിപ്പിക്കുകയും പലവ്യജ്ഞനങ്ങൾ, ധാന്യങ്ങൾ, ഭക്ഷ്യയെണ്ണ എന്നിവ റേഷൻ കടകൾവഴി വിതരണം നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് ഉപഭോക്താക്കൾക്കു തീരെതികയുന്നില്ല എന്നതു സത്യമാണ്. അനുവദിച്ചിട്ടുള്ള മണ്ണെണ്ണപോലും പലപ്പോഴും ലഭിക്കാതെ വരുന്നുണ്ട്. ഈയൊരവസ്ഥക്കു മാറ്റം വരുത്തേണ്ടതാണ്

*നിർദ്ദേശങ്ങൾ*

1. റേഷൻകടകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ് ആയിരം പേർക്ക് ഒരു കേന്ദ്രം എന്ന ക്രമത്തിൽ അനുവദിക്കേണ്ടതാണ്.
2. റേഷൻകടകൾവഴി അരി, ഗോതമ്പ് ഇവ ഉൾപ്പെടെ എല്ലാ ഭക്ഷ്യധാന്യങ്ങളും പലവ്യജ്ഞനങ്ങളും ഭക്ഷ്യയെണ്ണയും വിതരണം നടത്തുക.
3. മാവേലി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുക.
4. സഞ്ചരിക്കുന്ന മാവേലിസ്റ്റോർ ഏർപ്പെടുത്തുക.
5. വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവു വർദ്ധിപ്പിക്കുക.
6. ഈ പഞ്ചായത്തിലെ നല്ലൊരു വിഭാഗം പാചകത്തിനായി പാചകഗ്യാസിനെ ആശ്രയിക്കുന്നവരാണ്. ഇപ്പോൾ ഇവിടെ ഗ്യാസ് വിതരണകേന്ദ്രം ഇല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഒരു ഗ്യാസ് വിതരണ കേന്ദ്രം ആരംഭിക്കേണ്ടതാണ്.
7. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് നിലവിലുള്ളതിനേക്കാൾ സൗജന്യനിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തേണ്ടതാണ്.

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## പൊതുവിതരണത്തെ സംബന്ധിച്ച വിവരങ്ങൾ

| ക്ര. നമ്പർ | പൊതുവിതരണ കേന്ദ്രംനമ്പർ | കാർഡുടമകൾ | | | ഗുണഭോക്താക്കളുടെ എണ്ണം | | | വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കൾ (കി.ഗ്രാ) | | | | | | വിതരണം ചെയ്ത മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | NE | E | ആകെ | മൈനർ | മേജർ | ആകെ | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | ആകെ | പെർമിറ്റുകളുടെ എണ്ണം | പർമിറ്റിനു വഴി വിതരണം ചെയ്ത ലിറ്റർ | കാർഡുവഴി വിതരണം ചെയ്ത ലി. |
| 1 | TDRL III | 103 | 235 | 338 | 270 | 1565 | 1835 | 400 | 150 | .05 | 25 | 96 | | 16 | 191 | 1161 |
| 2 | ARD 472 | 141 | 226 | 367 | 120 | 1650 | 1770 | 325 | 360 | 5.40 | 150 | 105 | | 26 | 3732 | 18000 |
| 3 | ARD 544 | 155 | 154 | 350 | 171 | 1275 | 1446 | 528 | 240 | 9.80 | 32.40 | 69.12 | | 16 | 175 | 1083 |
| 4 | ARD 456 | 288 | 226 | 514 | 335 | 1908 | 2243 | 378.37 | 458.45 | 5.40 | 28.80 | 103.15 | | 23 | 197.520 | 22135 |
| 5 | ARD 495 | 211 | 213 | 424 | 274 | 1591 | 1865 | 383 | 317 | 07 | 26 | 64 | | 52 | 3300 | 13500 |
| 6 | ARD 381 | 147 | 333 | 480 | 242 | 1965 | 2207 | 450 | 240 | 05 | 30 | 108 | | 30 | 408 | 1400 |
| 7 | ARD 389 | 124 | 205 | 329 | 185 | 1489 | 1674 | 288 | 192 | 05 | 30 | 80 | | 18 | 2325 | 1030 |
| 8 | ARD 386 | 72 | 472 | 544 | 252 | 2294 | 2546 | 672 | 198 | 07 | 35 | 145 | | 61 | 9408 | 15480 |
| 9 | ARD 548 | 114 | 109 | 283 | 134 | 1086 | 1220 | 120 | 70 | 05 | 10 | 50 | | 25 | 280 | 800 |
| 10 | ARD 385 | 136 | 316 | 452 | 242 | 1807 | 2049 | 492 | 110 | 180 | 8.10 | 109 | | 25 | 3720 | 14680 |
| 11 | ARD 367 | 159 | 235 | 394 | 235 | 1471 | 1806 | 396 | 360 | 7.00 | 2.70 | 89 | | 26 | 3642 | 15180 |
| 12 | ARD 379 | 116 | 172 | 280 | 159 | 1162 | 1314 | 2476 | 2476 | | | 52.4 | | 20 | 276 | 921 |
| 13 | ARD 384 | 234 | 143 | 377 | 280 | 1462 | 1742 | 216.48 | 171.84 | 54.00 | 32.40 | 173.8 | | 12 | 1776 | 17732 |
| 14 | ARD 421 | 155 | 262 | 417 | 294 | 1527 | 1821 | 334.80 | 417 | 4.17 | 4.17 | 72.84 | | 52 | 562 | 1290 |
| 15 | Maveli Store | | | | | | | 32.007 | | | | 2601 | 789 | | | |
| 16 | TRC 112 | 154 | 216 | 370 | 349 | 1726 | 2075 | 180 | 122 | 0.90 | 11.00 | 99.60 | | 17 | 217 | |

അവലംബം: ദ്വിതീയ വിവരശേഖരണം

5 - (vii)

# കുടിവെള്ളം

"ജലം" ജീവന്റെ ഉത്പത്തിയോളം പഴക്കമുള്ളതാണ് ഈ ബന്ധം. ജീവജാലങ്ങളുടെ നിലനിൽപ്പ് ജലലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ഇതര ജീവജാലങ്ങൾ ജീവിത പ്രക്രിയകൾ നിലനിറുത്തിക്കൊണ്ടുപോകുന്നതിന് മാത്രമാണ് വെള്ളം ഉപയോഗിക്കുന്നത് എന്നാൽ മനുഷ്യൻ അവന്റെ എല്ലാക്കാര്യങ്ങൾക്കും ജലം ഉപയോഗിക്കുന്നു. മാനവരാശിയുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക നിമ്നോന്നതികൾ ജലലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ മനസ്സിലാകും.

ഭൂമിയിൽ വെള്ളം സുലഭമാണ് എന്നാൽ ഈ വെള്ളമത്രയും ഉപയോഗക്ഷമമല്ല. ജീവൻ നിലനിർത്താനായി ഒരു മനുഷ്യന് ഒരു വർഷം ഒരു ക്യൂബിക് മീറ്റർ ശുദ്ധജലം ആവശ്യമാണ്. എന്നാൽ നമുക്ക് ആവശ്യമായ ശുദ്ധജലം ലഭിക്കുന്നില്ലയെന്നതാണ് സത്യം "വെള്ളം വെള്ളം സർവത്രവെള്ളം, ഇല്ലകുടിപ്പാൻ വേണ്ടത്ര" ഇതാണ് നമ്മുടെ ഇന്നത്തെ സ്ഥിതി.

നമ്മുടെ പഞ്ചായത്തിൽ ഇന്നുംകുടിവെള്ളത്തിന്റെ കാര്യത്തിൽ വളരെയധികം രൂക്ഷത അനുഭവിക്കുന്നു. കോട്ടുകാൽ പഞ്ചായത്തിലെ നെയ്യാറ്റിൻക്കരവാട്ടർസപ്ലൈ സ്കീമുകൾ വാട്ടർസപ്ലൈസ്ക്രീമും വഴിയാണ് നമ്മുടെ പഞ്ചായത്തിന് ആവശ്യമായ കുടിവെള്ളം എത്തുന്നത്. എതിർക്കരവിള പാറക്കുഴി നന്നംകുഴി തുടങ്ങിയ പഞ്ചായത്തിലെ ജലലഭ്യത കൂടിയപ്രദേശങ്ങൾ (പഠന പര്യടനത്തിലൂടെ മനസ്സിലായത്.) നാം ഇതുവരെ പഞ്ചായത്തിന്റെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തിയില്ല എന്നുള്ള സത്യം മറച്ചുവച്ചുകൂടാ. കുടിവെള്ളത്തിനായി നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. നമ്മുടെ പഞ്ചായത്തിൽ 6567 കിണറുകളുണ്ട്. ഇതിൽ 26 പൊതുകിണറുകളും, 3312 സാനിറ്ററി കിണറുകളും 3255 സാധാരണ കിണറുകളുമുണ്ട്. 6567 ഓളം കിണറുകളുണ്ട് മത്രവുമല്ല 1261 സ്വകാര്യ വാട്ടർ കണക്ഷനുകളും 21 പൊതു പൈപ്പുകളുമുണ്ട്. പക്ഷെ കണക്കുകൾ ഇതാണെങ്കിലും കുംഭം, മീനം (ഏപ്രിൽ, മെയ്) മാസങ്ങളിലെ വേനലിൽ വറ്റി പോകുന്നതാണ് ഏറിയ കിണറുകളും കുളങ്ങളും.

നമ്മുടെ പഞ്ചായത്തിലെ 10,11,12 വാർഡുകൾ ചേരുന്ന ഭാഗം ഒരു നീർമറി പ്രദേശമാണ്. ഈ പ്രദേശങ്ങളിൽ ജലം സംഭരിച്ചുനിർത്താനുള്ള സംവിധാനങ്ങൾ ഒന്നും തന്നെയില്ല. ജലത്തിന്റെ ഒഴുക്കു തടഞ്ഞു നിർത്തുവാനുള്ള വിവിധമാർഗ്ഗങ്ങൾ അവിടെ പ്രയോഗിക്കാവുന്നതാണ്. ആഴത്തിൽ കുഴികുഴിച്ച് ഒഴുക്കുവെള്ളം സംഭരിച്ചുനിർത്തിയാൽ അത് ഭൗമജല സംഭരണത്തിലേക്ക് മുതൽ കൂട്ടാക്കാൻ സാധിക്കും. അതുപോലെ തന്നെ കുത്തൊഴുക്കിനെ നിയന്ത്രിക്കുന്നതിനു വേണ്ടി ഇടയ്ക്ക് തടസ്സങ്ങൾ സൃഷ്ടിക്കുവാനുള്ള തട്ടുകൾ നിർമ്മിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ പൊക്കം കൂടിയ പ്രദേശമാണ് എരുത്താവൂർമലയും അതിനോട് അനുബന്ധപ്രദേശങ്ങളും ഈ പ്രദേശങ്ങളിൽ ഏകദേശം 60 അടി മുതൽ 90 അടി വരെ കുഴിച്ചാൽ മാത്രമെ വെള്ളം ലഭിക്കുകയുള്ളു (പഠനപര്യടനത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്.) എതിർക്കരവിള എന്ന സ്ഥലത്ത് ഏത് കാലത്തും വറ്റാത്ത ഒരു ജലസ്രോതസ്സുണ്ട് അത് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുകയാണെങ്കിൽ ചുറ്റുമുള്ള പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

പ്രധാനമായും കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏരുത്താവൂർ ശാലിഗോത്ര തെരുവ്, ആർ സി തെരുവ്, നെല്ലിവിള, പ്ലാവിള കോഴോട് മംഗലത്ത്കോണം തുടങ്ങിയ പ്രദേശങ്ങളിലാണ്. നിലവിലുള്ള കിണറുകളിൽ നിന്നുള്ളതും പൈപ്പ് കണക്ഷനിൽ നിന്നും ലഭിക്കുന്ന കുടിവെള്ളം അപര്യാപ്തമാണ്.

*ഗ്രാമസഭകളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങൾ*

1. ഹരിജൻ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക
2. അംഗൻവാടികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക
3. നെയ്യാറ്റിൻകര വാട്ടർ സപ്ലൈ വഴിയും അരിവിപ്പുറം വാട്ടർ സപ്ലൈ വഴിയും ശുദ്ധ ജലം എത്തിക്കുക
4. പഞ്ചായത്തിലെ പ്രധാന റോഡുവക്കുകളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക
5. നന്നംകുഴി, പാറക്കുഴി, എതിർക്കരവിള എന്നീ ജലസ്രോതസ്സുകളെ മിനി വാട്ടർ സ്കീമുകളാക്കിയാൽ ശുദ്ധജലവിതരണത്തിന് പരിഹാരം കാണാൻ കഴിയും.
6. ഭൂഗർഭ ജലചൂഷണം പരമാവധി കുറയ്ക്കുക
7. നീർമറി പ്രദേശങ്ങൾ സംരക്ഷിച്ച് അവ ഉപയോഗപ്രദമാക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുക
8. പഞ്ചായത്തടിസ്ഥാനത്തിൽ ശാസ്ത്രീയമായ രീതിയിൽ സർവ്വെകൾ നടത്തി ജലസ്രോതസ്സുകളെ ഉപയോഗപ്പെടുത്തുക

കുടിവെള്ള സ്രോതസ്സ്

| കിണറുകൾ | | | | പൈപ്പ് | | കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന കുളങ്ങൾ | കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന നദികൾ |
|---|---|---|---|---|---|---|---|
| പൊതു കിണർ | സാനിറ്ററി വെൽ | സാധാരണ കിണർ | കുഴൽ കിണർ | പൊതു പൈപ്പ് | സ്വകാര്യ പൈപ്പ് കണക്ഷനുകൾ | | |
| 26 | 3312 | 3255 | 19 | 21 | 1261 | ഇല്ല | ഇല്ല |

അവലംബം പി.എച്ച്.സി സർവ്വെയും പഞ്ചായത്ത് ഓഫീസ് കണക്കുകളും.

5 - (vii - a)

# പൊതുജനാരോഗ്യവും പരിസരശുചിത്വവും

ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമാണ് ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യം. ഉയർന്ന പ്രതിശീർഷ ആയുസ്സ് കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ ജനനനിരക്ക്, കുറഞ്ഞ രോഗാതുരത കുറഞ്ഞ പൊതു മരണനിരക്ക് ഉവയൊക്കേയാണ് ഒരു സമൂഹത്തിന്റെ പൊതു ആരോഗ്യസ്ഥിതി കണക്കാക്കാനുള്ള പൊതു സൂചിക. അവികസിത രാജ്യങ്ങളിൽ പൂർണ്ണമായും വികസ്വരരാജ്യങ്ങളിൽ പൊതുവേയും ആരോഗ്യസ്ഥിതിയുടെ കാര്യത്തിൽ വളരെ പിന്നിലാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആരോഗ്യ സംരക്ഷണ രംഗത്ത് വളരെ പിന്നിലാണ്, മാത്രമല്ല നമ്മുടെ ഗ്രാമങ്ങളിൽ ഇന്നും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത അവസ്ഥയിലാണ്. പകർച്ചവ്യാധികൾ മൂലവും വ്യക്തമായ ആരോഗ്യ സംരക്ഷണ രീതികളുടെ അഭാവംമൂലവും നമുക്ക് പ്രാഥമിക ആരോഗ്യരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന അവസ്ഥയിലാണ്. പക്ഷെ ഇന്ത്യയിലെ സ്ഥിതി ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ സ്ഥിതി ദേശീയ ആരോഗ്യ സ്ഥിതിയിൽ നിന്നും തുലോം വ്യത്യസ്തമാണ്. രോഗാതുരതയുടെ കാര്യത്തിലൊഴിച്ചാൽ മറ്റെല്ലാ ആരോഗ്യ സൂചികകളിലും നമ്മുടെ സംസ്ഥാനം വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന തരത്തിൽ ഉയർന്നു കഴിഞ്ഞു.

ഉയർന്ന വിദ്യാഭ്യാസവും പ്രത്യേകിച്ച് സ്ത്രീകളുടെ ഇടയിൽ പൊതുവായുള്ള ഉയർന്ന ബോധനിലവാരവുമാണ് ഇതിന് പ്രധാന കാരണം. മാത്രവുമല്ല പൊതുവെ കേരളീയർ ആരോഗ്യപരിപാലന രംഗത്ത് വളരെ ശ്രദ്ധാലുക്കളാണ്. അലോപ്പതി ചികിത്സാരീതി പ്രാബല്യത്തിൽ വരുന്നതിന് മുൻപുതന്നെ നമ്മുടെതായ പഞ്ചകർമ്മ ചികിത്സാരീതി വളരെ പ്രശസ്തമായിരുന്നു. അഭിമാനമർഹിക്കുന്ന തരത്തിൽ ഇത്തരം നേട്ടങ്ങൾ നെയ്തെടുക്കുമ്പോഴും അവ നിലനിർത്താൻ നാം ഒട്ടറെ പരിശ്രമിക്കേണ്ടതായിവരും. സമൂഹത്തിലെ രോഗാതുരത കുറയ്ക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ രോഗാതുരതയ്ക്ക് പല പ്പോഴും പെട്ടുന്നുള്ള മരണങ്ങൾക്കും കാരണമാക്കുന്ന ദാരിദ്രരോഗങ്ങൾ പരിസര ജന്യരോഗങ്ങൾ, വാർദ്ധക്യജന്യരോഗങ്ങൾ എന്നിവയാണ്.

നമ്മുടെ സംസ്ഥാനത്ത് പട്ടിണി മരണങ്ങൾ ഇല്ലെന്ന് തന്നെ പറയാം എങ്കിലും പോഷകാഹാരക്കുറവ് കൊണ്ടുള്ള നിരവധി രോഗങ്ങളുണ്ട്. മാത്രവുമല്ല ശുദ്ധമായ കുടിവെള്ളത്തിന്റെ അപര്യാപ്തത മലിനമായ പരിസരം തുടങ്ങിയവയും നമ്മുടെ സംസ്ഥാനത്തിലെ രോഗങ്ങൾക്ക് പ്രധാന കാരണമാകുന്നു. താരതമ്യേന ഉയർന്ന ശുചിത്വബോധമുള്ളവരാണ് നാമെന്നാണ് പൊതുവെ കണക്കാക്കപ്പെടുന്നത്. എന്നാൽ നമ്മുടെ ചുറ്റുപാടിനെ ശുചിയാക്കി സൂക്ഷിക്കുന്ന കാര്യത്തിൽ നാം കൂടുതൽ ശ്രദ്ധ ചെലത്തുന്നില്ല.

ഒരു സമൂഹത്തിന്റെ പൊതുജനാരോഗ്യം നിലനിർത്താൻ അവശ്യം വേണ്ട ഘടകങ്ങൾ പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരിസരം മതിയായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗചികിത്സാ സൗകര്യങ്ങൾ എന്നിവയാണ്. സംസ്ഥനത്തിലെ കണക്കുകൾക്ക് വ്യത്യസ്തമല്ലാത്ത സ്ഥിതിയാണ് നമ്മുടെ ഗ്രാമ പഞ്ചായത്തിലും. നമ്മുടെ

പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും ഒരു ഗവൺമെൻറ് ആയൂർവേദ ആശുപത്രിയും പ്രവർത്തിക്കുന്നു. മാത്രവുമല്ല പി എച്ച് സി യുടെ സബ് സെൻററുകൾ കൂടി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ നാലോളം അലോപ്പതി ആശുപത്രികളും, മൂന്ന് ഹോമിയോ ആശുപത്രികളും മൂന്ന് ആയൂർവേദ സെൻററുകളും മൂന്ന് ദന്തൽ ആശുപത്രികളും ഒരു ചിൽഡ്രൻസ് ആശുപത്രിയും പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യ 31559 ഇതിൽ 15847 പുരുഷൻമാരും 15712 സ്ത്രീകളുമാണ് ഒള്ളത്. ഇതിൽ 6 വയസ്സിന് താഴെയുള്ള 3864 കുട്ടികളുമുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ ജനനനിരക്ക് 11.65ഉം മരണനിരക്ക് 1.023ഉം ആണ്. പഞ്ചായത്തിലെ ഹരിജൻ കോളനി പ്രദേശങ്ങളിലും ലക്ഷം വീട് കോളനി പ്രദേശങ്ങളിലും പോഷകാഹാര കുറവുമൂലമുണ്ടാകുന്ന രോഗം സാധാരണയായി കണ്ടുവരുന്നു. മാത്രവുമല്ല പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളായ ഐക്കോട്ടുകോണം നെല്ലിവിള, കാവിൻപുറം, ഐത്തിയൂർ, ചാമവിള തുടങ്ങിയ പ്രദേശങ്ങളിലും പോഷകാഹാരക്കുറവു് മൂലമുണ്ടാകുന്ന രോഗങ്ങൾ കണ്ടു വരുന്നു.

നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രധാനമായും കണ്ട് വരുന്ന വയറിളക്കം വിരരോഗങ്ങൾ മന്ത് തുടങ്ങിയ രോഗങ്ങൾ നമ്മുടെ പരിസര ശുചിത്വമില്ലായ്മയിലൂടെ പകരുന്നവയാണ്. പഞ്ചായത്ത് പി എച്ച് സി യുടെ കണക്ക് പ്രകാരം പഞ്ചായത്തിൽ ഏകദേശം 334 രക്തസമ്മർദ്ദ രോഗികളും 190 പ്രമേഹരോഗികളും 408 തൊക്ക് രോഗികളുമുള്ളതായാണ്. മാത്രമല്ല 1273 പകർച്ച വ്യാധികൾ ഉള്ളതായാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ 147 ജലജന്യ രോഗങ്ങളും 140 വായു ജന്യ രോഗങ്ങളും 42 പ്രാണി ജന്യരോഗങ്ങളും 36 മറ്റുള്ള പകർച്ചവ്യാധികളുമുണ്ട്. ഈ കണക്കുകൾ കാണിക്കുന്നത് നമ്മുടെ പരിസര ശുചിത്വമില്ലായ്മയിലൂടെ പകർന്ന രോഗങ്ങളാണെന്ന സത്യം നാം ഒരിക്കലും മറച്ച് വച്ചു കൂടാ.

നമ്മുടെ പഞ്ചായത്തിൽ ആകെ 7828 കുടിവെള്ളത്തിന് ആശ്രയിക്കുന്ന കിണറുകൾ ഉള്ളത്. ഇതിൽ 3312 കിണറുകൾ മാത്രമെ സാനിറ്ററി വെൽ എന്ന് പറയാൻ കഴിയൂ. ബാക്കിയുള്ള 3255 കിണറുകളിലും കാലാകാലങ്ങളിൽ രോഗാണു വിമുക്ത മാക്കാത്തതിനാൽ സാംക്രമിക രോഗങ്ങൾ പടരുന്നു. മാത്രവുമല്ല 10081 വീടുകളുള്ളതിൽ 7325 വീടുകളിൽ മാത്രമേ കക്കൂസുകൾ നിലവിലുള്ളൂ. പുറം സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നതിലൂടെ പകരുന്ന രോഗങ്ങളും കുറവല്ല.

നമ്മുടെ പഞ്ചായത്തിലെ ശാലിഗോത്ര തെരുവ് അഞ്ചുവർണ്ണ തെരുവ് വണിഗർ തെരുവ് പഴയകട തെക്കേക്കുളം തുടങ്ങിയ പ്രദേശങ്ങളിൽ കൊതുകു ശൈല്യവും ഉള്ളതിനാൽ ഈ പ്രദേശങ്ങളിൽ മന്ത് രോഗം സാധാരണമായി കണ്ടുവരുന്നു. നമ്മുടെ പഞ്ചായത്തിലെ അമ്മമാരുടെ ആരോഗ്യ സ്ഥിതി സംസ്ഥാന നിലവാരത്തിനേക്കാൾ മെച്ചമാണെന്ന് കാണാൻ സാധിക്കും. അതുപോലെ തന്നെ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരുടെ എണ്ണവും കുറവല്ല. പക്ഷെ വിരോധാഭാസമെന്ന് തന്നെ പറയാം നമ്മുടെ പഞ്ചായത്തിൽ 15-19 വയസ്സിനിടയ്ക്ക് ദമ്പതിമാരായ സ്ത്രീകളുടെ എണ്ണം ഏകദേശം 55 ഓളം വരും. എന്നാൽ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചവരുടെ എണ്ണം 3056 എന്നുള്ളത് പുരോഗമനപരമായ സ്ഥിതിയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

നമ്മുടെ രോഗാതുരതയ്ക്ക് പ്രധാന കാരണമായ പരിസരശുചിത്വത്തിൻെറ കാര്യത്തിൽ നമ്മുടെ ജനങ്ങൾ വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല എന്നതുതന്നെയാണ്. ആരോഗ്യമെന്നാൽ മരുന്ന് ചികിൽസ ആശുപത്രി എന്ന ധാരണ നിലനിൽക്കുന്നു. എന്നാൽ ഇന്നത് ആഹാരം ശുചിയായ പരിസരം രോഗപ്രതിരോധം എന്ന ധാരയിലേക്ക് നീങ്ങേണ്ടിയിരിക്കുന്നു. ശുദ്ധമായ കുടിവെള്ളവും ശരിയായ ഭക്ഷണവും പരിസരമാലിന്യങ്ങളുടെ ഇല്ലായ്മയും കൊണ്ട് മാത്രമേ ഈ അവസ്ഥ നമുക്ക്

മാറ്റിയെടുക്കാനാവൂ. ഈ ഗതിക്ക് പ്രാദേശിക ഭരണ കേന്ദ്രങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

*ഗ്രാമസഭാ നിർദ്ദേശങ്ങൾ*

1. ബഹുജന ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ പഞ്ചായത്ത് തലങ്ങളിൽ നടപ്പിലാക്കുക.
2. സാർവ്വത്രികരോഗ പ്രതിരോധ കുത്തി വയ്പ്പുകൾ കൂടുതൽ കാര്യക്ഷമമാക്കുക.
3. സ്ക്കൂൾ ആരോഗ്യപരിപാടികൾ പഞ്ചായത്ത് തലങ്ങളിൽ ആവിഷ്ക്കരിക്കുക.
4. ഗൃഹാരോഗ്യ സദസ്സുകൾ സംഘടിപ്പിക്കുക.
5. രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക.
6. പരിസര ശുചിത്വത്തിനുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുക.
7. ഗവ പി എച്ച് സിയിൽ ഇൻപേഷ്യൻറ് ഏർപ്പെടുത്തുക. അതോടൊപ്പം ജീവനക്കാരുടെ കുറവുകൾ പരിഹരിക്കുക.
8. പഞ്ചായത്ത് വക പൊതു ശ്മശാനം സ്ഥാപിക്കുക.
9. മലമൂത്ര വിസർജ്ജനത്തിനായി ജംഗ്ഷനിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
10. മന്ത് രോഗം പരത്തുന്ന കൊതുകുകളെ നശിപ്പിക്കുന്നതിന് വേണ്ട കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുക.
11. പഞ്ചായത്ത് പി എച്ച് സിയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും എത്തുന്നതിനുവേണ്ടി സബ് സെൻററുകൾ സ്ഥാപിക്കുക. അതോടൊപ്പം തന്നെ ഇവയ്ക്ക് സ്വന്തമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
12. ഗവ ആയൂർവ്വേദ ആശുപത്രി എല്ലാവർക്കും പ്രയോജനപ്പെടുന്ന രീതിയിൽ പഞ്ചായത്തിൻെറ പ്രധാന ഭാഗത്ത് സ്ഥാപിക്കുക.
13. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ചവറുകൾ നിക്ഷേപിക്കുന്നതിന് വേണ്ടി വേസ്റ്റ് പെട്ടികൾ സ്ഥാപിക്കുക.
14. ഒരു പഞ്ചായത്ത് ഹോമിയോ ക്ലിനിക്ക് സ്ഥാപിക്കുക
15. പൊതു മാർക്കറ്റ് ജംഷനിൽ നിന്ന് മാറ്റി സ്ഥാപിക്കുക.
16. മലിന ജലം കൊണ്ട് പോകുന്നതിനായി ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുക.
17. "എല്ലാവർക്കും ഔഷധസസ്യം എല്ലാവർക്കും ആരോഗ്യം" ഈ മുദ്രാവാക്യത്തിന് വേണ്ടുന്ന പ്രചാരങ്ങൾ നൽകുക.
18 സ്ക്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾക്ക് രൂപം നൽകുക.
19. പരിസ്ഥിതി സംരക്ഷിക്കുന്നതിന് വേണ്ടി റോഡുവക്കുകളിൽ വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുക.

## ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 355 | 41 | ഇല്ല |
| 1994-95 | 337 | 42 | ഇല്ല |
| 1995-96 | 368 | 39 | ഇല്ല |

അവലംബം പി.എച്ച്.സി

## പകർച്ച വ്യാധികൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണി ജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 152 | 149 | 40 | 37 |
| 1994-95 | 157 | 142 | 38 | 41 |
| 1995-96 | 147 | 140 | 42 | 36 |

അവലംബം പി.എച്ച്.സി

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## ആരോഗ്യ സംരക്ഷണം

| ഏത് ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃസംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം |
| അലോപ്പതി | 1 | 4 | - | - | - | - | 20 | 9 |
| ആയൂർവേദം | - | - | 1 | 3 | - | - | 44 | 6 |
| ഹോമിയോ | - | - | - | 3 | - | - | - | 6 |

അവലംബം: ദ്വിദീയ വിവര ശേഖരണം

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## പൊതുജനാരോഗ്യം

| ശുചീകരണത്തിനാവശ്യമായ ജീവനക്കാർ | മൂത്രപ്പുരകൾ | കക്കൂസുകൾ | പൈപ്പുവെള്ളം | | പൊതു കുഴൽ കിണർ | പൊതു കിണർ | കുളിക്കടവുകൾ | ശ്മശാനങ്ങൾ | അറവുശാലകൾ | മാലിന്യ നിക്ഷേപത്തിനുള്ള സ്ഥലം |
|---|---|---|---|---|---|---|---|---|---|---|
| | | | പൊതു ടാപ്പുകൾ | പാത കണക്ഷനുകൾ | | | | | | |
| 6 | 1 | 1 | 21 | 1261 | 19 | 26 | 26 | - | - | ഇല്ല |

അവലംബം പി.എച്ച്.സിയും പഞ്ചായത്താഫീസും.

## ബാലരാമപുരം ഗ്രാമപഞ്ചായത്ത് - ആരോഗ്യ സ്ഥിതിവിവരങ്ങൾ

| | |
|---|---|
| 1. ആകെ വീടുകൾ | 9083 |
| a. കോൺക്രീറ്റ് | 2422 |
| b. ഓടിട്ടത് | 3299 |
| c. ഓലമേഞ്ഞത് | 3019 |
| d. കുടിൽ | 343 |
| 2. കക്കൂസുള്ള വീടുകളുടെ എണ്ണം | 7325 |
| a. സെപ്റ്റിക് ടാങ്ക് | 2683 |
| b. ഇ.എസ്.പി | 4522 |
| c. മറ്റുള്ളവ | 120 |
| 3. കുടിവെള്ള സ്രോതസ്സ് | 7828 |
| a. സാനിട്ടറിവെൽ | 3312 |
| b. സാധാരണ കിണർ | 3255 |
| c. കുളം | - |
| d. നദി | - |
| e. പൈപ്പ് | 1261 |
| f. പൊതുവിതരണം | - |
| 4. തൊഴുത്ത് | |
| a. വീടിനോട് ചേർന്ന് | 392 |
| b. പ്രത്യേകിച്ച് | 302 |
| 5. കമ്പോസ്റ്റ്കുഴി | |
| a. ഉള്ളത് | 809 |
| b. ഇല്ലാത്തത് | 8209 |
| 6. വൈദ്യുതി | |
| a. വൈദ്യുതീകരിച്ചവ | 4895 |
| b. അല്ലാത്തവ | 4123 |
| 7. ജനംസഖ്യ | 33206 |
| a. പുരുഷൻമാർ | 11335 |
| b. സ്ത്രീകൾ | 13327 |
| c. കുട്ടികൾ | 8544 |
| 8. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം) | |
| a. 15-19 | 55 |
| b. 20-24 | 749 |
| c. 25-29 | 1025 |
| d. 30-34 | 908 |
| e. 35-39 | 560 |
| f. 40-44 | 203 |
| 9. അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ) | |
| a. 1 കുട്ടി | 860 |
| b. 2 കുട്ടികൾ | 1528 |
| c. 2ൽ കൂടുതൽ കുട്ടികൾ | 780 |
| 10. കുടുംബാസൂത്രണ മർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ) | |
| a. 1 കുട്ടി | 806 |
| b. 2 കുട്ടികൾ | 1500 |
| c. 2ൽ കൂടുതൽ കുട്ടികൾ | 750 |
| 11. അംഗവൈകല്യമുള്ളവർ | |
| a. അന്ധർ | 15 |
| b. ബധിരർ | 19 |
| c. മൂകർ | 7 |
| d. ബധിര-മൂകർ | 11 |
| e. ചലനവൈകല്യങ്ങൾ | 28 |
| ആകെ | 63 |
| 12. മന്ദബുദ്ധികൾ എണ്ണം പ്രായം | |
| a. 0-5 | 7 |
| b. 6-10 | 1 |
| c. 11-15 | 4 |
| d. പതിനാറിനുമേൽ | 9 |
| 13. സ്ഥായിയാ രോഗബാധിതർ | |
| a. രക്തസമ്മർദ്ദം | 334 |
| b. പ്രമേഹം | 190 |
| c. ക്യാൻസർ | 3 |
| d. കുഷ്ഠം | 9 |
| e. ക്ഷയം | 15 |
| f. ഹൃദ്രോഗം | 43 |
| ആകെ | 594 |
| 14. | |
| a. ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | 368 |
| b. പ്രതിരോധകുത്തിവയ്പ് നടത്തിയവർ | 328 |
| 15. ആകെ ഗർഭിണികൾ | 352 |

5 - (viii)

# വിദ്യാഭ്യാസം

നാടിന്റെ ജനതതിയുടെ ജീവിത ചര്യയിലുണ്ടായിക്കൊണ്ടിരിക്കുന്ന ദൈനംദിന പുരോഗതിയുടെ അടിസ്ഥാന ശിലയാണ് വിദ്യാഭ്യാസം. മനസ്സ് വളരുമ്പോൾ മനുഷ്യൻ വളരുന്നു. മനുഷ്യനും മനസ്സും വളരുമ്പോൾ വിദ്യാഭ്യാസം അത്യന്താപേക്ഷിതവും അനുപേക്ഷണീയവും ആയിത്തീരുന്നു. മൂല്യാധിഷ്ഠിത സംസ്ക്കാരങ്ങൾക്ക് ഉത്തേജനം നൽകുന്നതാണ് വിദ്യാഭ്യാസം. മനുഷ്യന്റെ വളർച്ചയും വ്യക്തിഗതവികാസവും വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമാണ് വിദ്യാഭ്യാസ വികസനത്തിന്റെ ബഹിർസ്ഫുരണമാണ് ഉൽകൃഷ്ടമായ മാനവികതാബോധം.

മാനവവിഭവശേഷിയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലും വികസിപ്പിക്കുന്ന രീതിയിലും ആയിരിക്കണം വിദ്യാഭ്യാസം. "ഇന്നത്തെ കുട്ടികൾ നാളത്തെ നാടിന്റെ ശിൽപ്പികൾ" വർത്തമാകാലത്തെ തലമുറയ്ക്ക് ഭാവിതലമുറയെക്കുറിച്ച് കാഴ്ചപ്പാടും ഉയർന്ന ചിന്താബോധവും ഉണ്ടാകണം. ഭൂതകാല അനുഭവങ്ങളിൽ നിന്നും പഠിച്ച് വർത്തമാനകാല ചിന്തകൾ ക്രോഡീകരിച്ച് ഭാവിതലമുറയിൽ ശരിയുടെ ദിശാബോധം വളർത്തുകയും "അക്ഷരവും അറിവും കടലിനോളവും ആകാശത്തോളവും" ഗഹനവും വ്യാപ്തവുമാണെന്ന സത്യം പഠിപ്പിക്കുകയും ചെയ്യണം. ചരിത്രാതീതകാലം മുതൽ കാട്ടാറുകളിലെ ജലം കുടിച്ചും കാട്ടിലെ കായ്കനികൾ ഭക്ഷിച്ചും ഉപജീവനം നടത്തിയിരുന്ന മനുഷ്യന് (ആദിമനുഷ്യന്) വിദ്യഭ്യാസം അന്യമായിരുന്നു. എങ്കിലും പ്രാചീന വിദ്യാഭ്യാസത്തിന്റെ തുടക്കം ആദിമനുഷ്യനിൽ നിന്നുതന്നെ.

ഉൽകൃഷ്ടമായ ചിന്തകളും ഉദാത്തമായ വികാരങ്ങളും സമഗ്ര-വ്യക്തിഗത വികസനവും ദേശീയബോധവും വളർത്തിയെടുക്കുന്ന തരത്തിൽ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്.

ചാതുർവർണ്യസംസ്ക്കാരം നിലവിലുണ്ടായിരുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസം വരേണ്യവൽക്കരിക്കരിക്കപ്പെട്ടിരുന്നു. അക്ഷരം കേൾക്കാൻ കേൾക്കാനാഗ്രഹിച്ച ചെവിയിൽ ഈയം ഉരുക്കിയൊഴിച്ച കഥ പൗരാണിക മാണെങ്കിലും ചരിത്രസത്യങ്ങളുടെ തെളിവായി അതിനെ വ്യാഖ്യാനിക്കപ്പെടുന്നു. പൗരാണിക കാലഘട്ടം കഴിഞ്ഞ് ചരിത്ര പഠനത്തിലേക്ക് തിരനോട്ടം നടത്തുമ്പോൾ ക്രിസ്തുമത പ്രചാര പ്രവർത്തകരുടെ ആഗമനത്തോടുകൂടിയും ജനാധിപത്യത്തിന്റെ വരവോടുകൂടിയും ഇന്ത്യയിൽ വിദ്യാഭ്യാസം ജനകീയ വൽക്കരിക്കപ്പെട്ടതായി പറയപ്പെടുന്നു. മട്ടാഞ്ചേരിയിലെ സി.എം.എസ്. സ്ക്കൂളിന്റെയും സി.എം.എസ്. കോളേജിന്റെയും സ്ഥാപിതത്തോടുകൂടി കേരളത്തിൽ ക്രിസ്തുമത മിഷനറിമാരുടെ വിദ്യാഭ്യാസപ്രചാരപ്രവർത്തനങ്ങൾക്ക് തുടക്കമായി.

ലോകത്തിന്റെ വിദ്യാഭ്യാസ-സംസ്ക്കാരിക ചരിത്രത്തിൽ ഗണ്യമായ സംഭാവനകൾ നൽകിയ നാടാണ് കേരളവും, തലസ്ഥാനമായ തിരുവനന്തപുരവും. നമ്മുടെ ഗ്രാമം തലസ്ഥാന നഗരിയിൽനിന്നും പതിനാല് കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്നു. നിരവധി പണ്ഡിതന്മാരെയും വിദ്യാഭ്യാസ വിചക്ഷണന്മാരെയും സംഭാവന ചെയ്തുവെന്ന യാഥാർത്ഥ്യം നമ്മെ പുളകം കൊള്ളിക്കുന്നു.

മഹാനായ അയ്യങ്കാളിയെ കുടിപ്പള്ളിക്കുടം കെട്ടി പഠിപ്പിച്ച ചരിത്രം ഈ നാടിനുണ്ട്. ശ്രീ അയ്യൻകാളിയുടെ അദ്ധ്യാപകനായ ശ്രീ.

പൊന്നൻസാർ നമ്മുടെ ഗ്രാമത്തിലെ ആദ്യകാല ഹരിജനവിഭാഗത്തിൽപ്പെട്ട അദ്ധ്യാപകനാണ്. ആദ്യകാലഘട്ടങ്ങളിൽ നമ്മുടെ ഗ്രാമത്തിൽ ഹരിജൻ വിഭാഗത്തിൽപ്പെട്ട അറിയപ്പെടുന്ന അധ്യാപകരായിരുന്നു ശ്രീ. എസ്.പി. ആനന്ദസ്വാമിയും, വില്ലിക്കുളം ഗോപാലൻസാറും, ശ്രീ. അരുണാചലം പിള്ള ആദ്യത്തെ ബിരുദധാരിയായി അറിയപ്പെടുന്നു. ശ്രീ. എസ്. കുട്ടൻ (കുട്ടൻവക്കീൽ) ആദ്യത്തെ എൽ.എൽ.ബി.ജേതാവാണ്. ഇദ്ദേഹം പിന്നീട് പ്രജാമണ്ഡലത്തിലെ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുകയുണ്ടായി. കോട്ടുകാൽക്കോണം പ്രദേശത്ത് താമസിച്ചിരുന്ന നാരായണൻ. ബി.എ., രാഘവൻസാർ, ശ്രീധരൻസാർ തുടങ്ങിയവരും ഈ കാലഘട്ടത്തിലെ വിദ്യാഭ്യാസ മണ്ഡലത്തെ പരിപോഷിപ്പിച്ചവരായി ചരിത്രപഠനങ്ങൾ തെളിയിക്കുന്നു. തേമ്പാമുട്ടം ഏറത്തുവീട്ടിൽ ശങ്കരപ്പിള്ള, വാളവിളാകത്തു രാമകൃഷ്ണപിള്ള സാർ, തലയൽ വലിയവീട്ടിൽ ഗോവിന്ദപ്പിള്ള സാർ, കുന്നത്തു വാസുപിള്ളസാർ എന്നിവരും നമ്മുടെ ഗ്രാമത്തിലെ വിദ്യാഭ്യാസ വിചക്ഷണ ശൃംഖലയിലെ കണ്ണികളാണ്. സ്വാതന്ത്ര്യസമരസേനാനിയായ ബാലരാമപുരം ജി. രാമൻപിള്ളയുടെ പൗത്രൻ ആർ.വി. ശ്രീകുമാർ, എം.എ. സംസ്ഥാനറാങ്കു ജേതാവും ഐ.പി.എസ്സ് ജേതാവുമാണ്. വിദ്യാഭ്യാസ വികസന ചക്രവാളത്തിൽ അറിയപ്പെടാത്ത മുത്തുകളെത്തേടിയുള്ള യാത്രയ്ക്കിടയിൽ പതിയപ്പെട്ട ചരിത്രത്തിന്റെ മുത്തുകളും പവിഴങ്ങളുമാണിവർ.... അനന്തമായ വിദ്യാവിഹായസ്സിൽ പറന്നകന്ന അറിയപ്പെടാത്തതും ഓർമ്മിക്കപ്പെടാത്തതുമായ എത്രയോ അക്ഷരപക്ഷികൾ ഇനിയും.....

സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപും നമ്മുടെ ഗ്രാമത്തിൽ രാജഭരണത്തിൻ കീഴിൽ വിദ്യാലയങ്ങൾ സ്ഥാപിതമായതായി ചരിത്രാന്വേഷണ പഠനങ്ങൾ തെളിയിക്കുന്നു. ഇന്ന് നമ്മുടെ ജില്ലയിൽ ഒരുപക്ഷേ വിദ്യാർത്ഥികളുടെ എണ്ണം കൊണ്ട് ഏറ്റവും ശ്രദ്ധേയമായ ബാലരാമപുരം ഗവൺമെൻറ് ഹൈസ്കൂളാണ് ആദ്യമായി വെർണക്കുലർ സ്ക്കൂളായി രൂപീകൃതമായത്. പിന്നീട് മലയാളം മിഡിൽ സ്ക്കൂൾ ആയി. അനന്തരം തേമ്പാമുട്ടം ഗവൺമെൻറ് എൽ.പി.എസ്സും. രൂപം കൊണ്ടതായി പറയപ്പെടുന്നു. ബാലരാമപുരം ഗവൺമെൻറ് സ്കൂളിന്റെറയും തേമ്പമുട്ടം എൽ.പി.എസ്സിന്റെറയും സ്ഥാപിതത്തോടെ നമ്മുടെ ഗ്രാമത്തിലെ സാധാരണക്കാരുടെ വിദ്യാഭ്യാസ ചരിത്രത്തിൽ പുത്തൻ അധ്യായങ്ങൾ രചിതമായി.

ക്രിസ്ത്യൻമിഷനറിമാരുടെ നമ്മുടെ ഗ്രാമത്തിലേക്കുള്ള വരവ് വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സാമുദായിക വിഭാഗങ്ങൾക്കിടയിൽ പ്രതീക്ഷയുടെ പുത്തൻ കിരണങ്ങൾ പരത്തി. സാമൂഹികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന താഴ്ന്ന ജാതിയിൽപ്പെട്ട അധഃസ്ഥിതരുടെ വിദ്യാഭ്യാസത്തിനായി നാന്ദിക്കുറിച്ചു. ക്രിസ്തുമത പ്രചരണത്തിനായി തങ്ങളുടെ ആരാധനാലയങ്ങൾ സ്ഥാപിക്കുകയും താണവിഭാഗങ്ങളെ പള്ളിയിലേക്ക് ആകർഷിക്കുകയും അവരുടെ വിദ്യാഭ്യാസത്തിനായി പള്ളികളോടൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ആദ്യമായി നമ്മുടെ പഞ്ചായത്തിൽ രൂപംകൊണ്ട പള്ളിക്കൂടമാണ് സെൻറ് ജോസഫ് എൽ.പി.എസ്.

നമ്മുടെ ഗ്രാമത്തിന്റെ കിഴക്കേ അറ്റത്ത് ദശാബ്ദങ്ങൾക്കുമുമ്പ് ഒരു കൊച്ചു പള്ളിക്കൂടം സ്ഥാപിതമായി. പുന്നയ്ക്കാട് കെ.വി.എൽ.പി.എസ്. നെയ്ത്തുകാർ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ഗ്രമീണ ജനങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസമെങ്കിലും എത്തിക്കാൻ ഈ കുടിപ്പള്ളിക്കൂടത്തിന് കഴിഞ്ഞതായി ഈ പ്രദേശത്തെ നിവാസികൾ അഭിപ്രായപ്പെടുന്നു.

ചുമട്ടുതൊഴലാളികളും നെയ്ത്തുകാരും ഇടത്തരം കർഷകരും തിങ്ങിപ്പാർക്കുന്ന ആലുവിളയിൽ എൻ.എസ്.എസ്.കരയോഗ മാനേജ്മെൻറിന്റെറ (503) കീഴിൽ ആദ്യം എൽ.പി.എസ്സും. കാലാന്തരത്തിൽ യു.പി.

എസും സ്ഥാപിതമായി. തലയിൽ ദേവി വിലാസം സ്ക്കൂളായി ഇത് അറിയപ്പെടുന്നു. ഇവിടത്തെ സാധാരണക്കാരുടെയും മധ്യവർഗ്ഗത്തിന്റെയും വിദ്യാഭ്യാസ പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളും നെയ്ത്തു തൊഴിലാളികളും കർഷകരും ഇടതിങ്ങിപ്പാർക്കുന്ന നെല്ലിവിളയിൽ അന്തിയൂർ ലൂഥറിൻ എൽ.പി.എസ്സ് സ്ഥാപിതമായതോടുകൂടി ഈ പ്രദേശത്തെ ഗ്രാമീണർക്ക് അക്ഷരവെളിച്ചം കാണാൻ ഭാഗികമായെങ്കിലും കഴിഞ്ഞു.

നമ്മുടെ ഗ്രാമത്തിന്റെ തെക്കേയറ്റത്ത് കോട്ടുകാൽക്കോണം - കാവിൻപുറം പ്രദേശങ്ങളിൽ ഹിന്ദുനാടാർ മഹാസഭയുടെ നേതൃത്വത്തിൽ മുത്താരമ്മൻ കോവിൽ സ്കൂൾ സ്ഥാപിതമായതോടുകൂടി ഈ പ്രദേശത്തെ വിദ്യാഭ്യാസസങ്കൽപ്പങ്ങൾക്ക് പുത്തൻ സാക്ഷാൽക്കാരമായി. ഇപ്പോൾ ഇത് കോട്ടുകാൽക്കോണം എം.സി.എച്ച്.എസ്. ആയി അറിയപ്പെടുന്നു.

സ്വാതന്ത്ര്യാനന്തരം നമ്മുടെ കൊച്ചു ഗ്രാമത്തിന് വ്യാവസായിക-കാർഷികവാണിജ്യ പുരോഗതി വിസ്മയിപ്പിക്കുന്ന രീതിയിൽ ഉള്ളതാണ്. എന്നാൽ വിദ്യാഭ്യാസരംഗത്ത് നാം ആഗ്രഹിച്ച രീതിയിലുള്ള പുരോഗതി നമ്മുടെ ഗ്രാമത്തിന് ഇന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കൊച്ചു ഗ്രാമത്തിൽ ആദ്യകാലയളവുകളിൽ സ്ഥാപിതമായ മിഷണറി സ്ക്കൂളുകളും ഗവൺമെൻറ് സ്ക്കൂളുകളും ഇപ്പോൾ ഹൈസ്ക്കൂളുകളായി രൂപാന്തരപ്പെട്ടിട്ടുണ്ട്. വെർണാക്കുലർ സ്ക്കൂൾ ആയി പ്രവർത്തനം ആരംഭിച്ച ഗവൺമെൻറ് സ്ക്കൂൾ ഇന്ന് ഗവൺമെൻറ് ഹൈസ്ക്കൂൾ ബാലരാമപുരമായി പ്രവർത്തിക്കുന്നു.

ഏറത്തുവീട്ടിലെ ശങ്കരപ്പിള്ളസാർ ആരംഭിച്ച തേമ്പാമുട്ടം സ്ക്കൂൾ പിൽക്കാലത്ത് ഗവൺമെൻറിന് കൈമാറി, പ്രസ്തുത സ്ക്കൂളിന്റെ പ്രവർത്തനത്തന് യാതൊരു പുരോഗതിയും ഉണ്ടായില്ല. ഇന്നും ഈ സ്ക്കൂൾ ഗവൺമെൻറ് എൽ.പി.എസ്സ്. ആയിതന്നെ തുടരുന്നു. ഈ സ്ക്കൂളിന്റെ അധ്യയന നിലവാരത്തെക്കുറിച്ച് രക്ഷിതാക്കളിൽ വളരെയധികം മതിപ്പുണ്ട്

അധഃസ്ഥിതജനവിഭാഗങ്ങളുടെ സമൂലമായ പരിവർത്തനത്തിനുവേണ്ടി ക്രിസ്ത്യൻ മിഷണറിമാർ ആരംഭിച്ച സെൻറ് ജോസഫ് സ്ക്കൂൾ ഇന്നും ഒരു ലോവർപ്രൈമറി സ്ക്കൂളായി തന്നെ നിലകൊള്ളുന്നു. നമ്മുടെ ഗ്രാമത്തിന്റെ മുഖഛായ മാറിയിട്ടും ഈ പള്ളിക്കൂടം നിരവധി പീഢിതരെ മോചിപ്പിച്ചിട്ടും നിരവധി പ്രതിഭാശാലികളെ ജന്മം നൽകിയിട്ടും നമ്മുടെ ഗ്രാമത്തിലെ ഈ പള്ളിക്കൂടത്തിന് പരിണാമമില്ലാതെ ഇപ്പോഴും നിലകൊള്ളുന്നു.

വിദ്യാഭ്യാസരംഗത്ത് കേരളം വൻപുരോഗതി നേടിയെങ്കിലും നമ്മുടെ കൊച്ചുഗ്രാമത്തിന് വിദ്യാഭ്യാസ വികസനം ഒരു വിദൂര സ്വപ്നമായി ഇന്നും അവശേഷിക്കുന്നു എന്നതിന് ഉത്തമദൃഷ്ടാന്തമാണ് ദശാബ്ദങ്ങളുടെ പാരമ്പര്യമുള്ള പുന്നയ്ക്കാട് കെ.വി.എൽ.പി.എസ്സ്. കൈത്തറി തൊഴിലാളികളുടെ സങ്കേതമായ ഈ പ്രദേശത്തിന്റെ വികസന സ്വപ്നങ്ങളിൽ ഒന്നാണ് ഈ സ്ക്കൂളിന്റെ വികസനം. കുടിപ്പള്ളിക്കൂടമായി ആരംഭിച്ച ഈ സ്ക്കൂൾ ക്രിസ്ത്യൻ മിഷനറിക്ക് കൈമാറി ഇന്ന് ആർ.സി. മാനേജ്മെൻറിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

നിരവധി പ്രതിഭാധനന്മാരെ വാർത്തെടുത്ത നമ്മുടെ ഗ്രാമത്തിലെ മാളോട്ട് ശ്രീ. ഭദ്രകാളിക്ഷേത്ര തിരുമുറ്റത്ത് സ്ഥിതിചെയ്യുന്ന തലയൽ ദേവിവിലാസം എൽ.പി.സ്ക്കൂളും, യു.പി.സ്ക്കൂളും വികസനം കാത്തു കഴിയുന്ന നമ്മുടെ ഗ്രാമത്തിലെ മറ്റൊരു സ്ക്കൂളാണ് ചുമട്ടുതൊഴിലാളികളുടെയും മധ്യവർഗ്ഗത്തിന്റെയും പ്രതീക്ഷാകേന്ദ്രമാണ് ഈ വിദ്യാലയം

മത്സ്യതൊഴിലാളികളുടെയും നെയ്ത്തുകാരുടെയും സിരാകേന്ദ്രമായ ഗ്രാമപ്രദേശമാണ് നെല്ലിവിള ലൂഥറിൻ മിഷണറിമാർ സ്ഥാപിച്ച അന്തിയൂർ ലൂഥറിൻ എൽ.പി. സ്ക്കൂൾ ഈ പ്രദേശത്തിന്റെ ഗ്രാമീണ

ജീവിതത്തിനു ധന്യത പകരുന്നതാണെങ്കിലും ഇവിടുത്തെ പുരോഗതി ഇന്നാട്ടുകാരുടെ ചിരകാലാഭിലാഷമാണ്. നമ്മുടെ ഗ്രാമത്തിന്റെ വിദ്യാഭ്യാസ മുരടിപ്പിന് ഉദാഹരണമാണ് ഈ സ്ക്കൂൾ.

പവിത്രമായ മുത്താരമ്മൻ കോവിലിന്റെ അങ്കണത്തിൽ സ്ഥിതിചെയ്യുന്ന കോട്ടുകാൽക്കോണം എം.സി.എച്ച്.എസ്. ഇന്ന് അറിയപ്പെടുന്ന ഹൈസ്ക്കൂളിൽ ഒന്നാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളാണ് ഗവൺമെൻറ് ഹൈസ്ക്കൂളും കോട്ടുകാൽക്കോണം എം.സി.എച്ച്.എസ്.ഉം ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്തിന്റെ നവോത്ഥാനത്തിന് തുടക്കം കുറിച്ചത് ഈ സ്ക്കൂളാണ്. ഇനിയും പുരോഗതി ഈ സ്ക്കൂളിനെക്കുറിച്ചു ഗ്രാമീണർ കാംക്ഷിക്കുന്നുണ്ട്.

നമ്മുടെ കൊച്ചുഗ്രാമം അതിവേഗം പട്ടണമായിക്കൊണ്ടിരിക്കുന്നു. ഉപഭോഗ സംസ്ക്കാരത്തിന്റെ വക്താക്കളും പ്രോക്താക്കളും ആയിത്തീരുവാനുള്ള അടങ്ങാത്ത അഭിനിവേശം നമ്മുടെ ഗ്രാമവാസികളിലും കണ്ടുവരുന്നു. ശാസ്ത്ര-സാങ്കേതിക രംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും നമ്മുടെ ഗ്രാമം എത്തിച്ചേരാനുള്ള വ്യഗ്രത അതീവതീവ്രതയോടെ നമ്മളിൽ നിലനിൽക്കുന്നു. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സമഗ്രമായ ഗ്രാമസഭാചർച്ചകളിൽ നിന്നും മനസ്സിലാക്കുന്നത് നമ്മുടെ ഗ്രാമീണർ (സമസ്ത മേഖലയിലും പണിയെടുക്കുന്നവർ) ഇന്നലകളിൽ തങ്ങൾക്ക് അന്യമായതും ഇന്നുകളിൽ അവർ അനുഭവിക്കുന്ന കയ്പേറിയ ജീവിതസാഹചര്യങ്ങളും നാളെകളിൽ നമ്മുടെ കുഞ്ഞുങ്ങൾ അനുഭവിക്കരുത് എന്നാണ് ഗ്രാമസഭാവാസികളുടെ ഏകകണ്ഠമായ അഭിപ്രായം "വിദ്യാഭ്യാസം സമഗ്രമായി പരിഷ്ക്കരിക്കണം എന്നുതന്നെയാണ്". എൽ.പി.സ്ക്കൂളുകളെയും, യു.പി.സ്ക്കൂളുകളെയും അപ്ഗ്രേഡ് ചെയ്ത ഹൈസ്ക്കൂളുകളാക്കണം. നിലവിലുള്ള പാഠ്യക്രമം നവീകരിക്കണമെന്നും അദ്ധ്യായനനിലവാരം മെച്ചപ്പെടുത്താൻ അധ്യാപകർക്ക് ഓറിയന്റേഷൻ കോഴ്സുകൾ കാലക്രമത്തിൽ നൽകണമെന്നും വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ നൽകണമെന്നും ഗ്രാമസഭാവാസികൾ ഒറ്റസ്വരത്തിൽ ആവശ്യപ്പെടുന്നു.

*പ്രശ്നങ്ങൾ*

വിദ്യാഭ്യാസരംഗം പരിശോധിക്കുമ്പോൾ പ്രൈമറിതലം മുതൽ കണ്ടുവരുന്ന ഒരു പ്രവണതയാണ് വിദ്യാലയങ്ങളിലെ കൊഴിഞ്ഞ് പോക്ക്. കൊഴിഞ്ഞുപോകുന്നതിന് നിരവധി കാരണങ്ങൾ ഉണ്ട്. സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങൾതന്നെയാണ് പ്രധാനമായും കണ്ടുവരുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് നിർബന്ധമായും ഉച്ചഭക്ഷണം നൽകി കൊഴിഞ്ഞുപോക്ക് തടയേണ്ടതാണ്.

ആധുനിക വിദ്യാർത്ഥികൾക്കിടയിൽ കണ്ടുവരുന്ന കമ്പോള സംസ്ക്കാരത്തിന്റെ ഉൽപ്പന്നമാണ് ലക്ഷ്യബോധമില്ലായ്മ "എന്തിന് വേണ്ടി പഠിക്കുന്നു, ആർക്കുവേണ്ടി പഠിക്കുന്നു. പഠിച്ചിട്ട് എന്ത് നേടാൻ" എന്നുള്ള വ്യർത്ഥമായ ചിന്തകൾ വിശിഷ്യ ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമായി കണ്ടുവരുന്നു.

വിദ്യാലയങ്ങളിലെ പ്രവർത്തന നിലവാരം താണുപോകുന്നു എന്നുള്ള പരക്കെയുള്ള അഭിപ്രായം വിദ്യാർത്ഥികളുടെ പരീക്ഷാഫലങ്ങൾ പരോശോധിക്കുമ്പോൾ ശരിയാണ് എന്ന് കാണാവുന്നതാണ്. എസ്സ്.എൽ.സി. പരീക്ഷയ്ക്ക് റാങ്കേ നേടി ഈ നാടിന്റെ അഭിമാനം സംരക്ഷിക്കുകയും നമ്മുടെ ഗ്രാമത്തിന്റെ യശസ്സ് സംസ്ഥാനത്തുടനീളം ഉയർത്തിയ മിടുക്കികളും മിടുക്കന്മാരും നമ്മുടെ ഗ്രാമത്തിലുണ്ട്. പ്രിയാ വേലപ്പൻ എസ്.എസ്.എൽ.സി. 4-ാം റാങ്കും, പ്രീഡിഗ്രി 3-ാം റാങ്കും, മെഡിക്കൽ 6-ാം റാങ്കും നേടുകയും പ്രവീൺവേലപ്പൻ എസ്.എസ്.എൽ.സി. 7-ാം റാങ്കും, പ്രീഡിഗ്രി. 7-ാം റാങ്കും നേടുകയും ചെയ്തു.

പൊതുവേ പറഞ്ഞാൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ എല്ലാവിദ്യാലയങ്ങളിലെയും അധ്യായനനിലവാരം സംസ്ഥാനത്തെ ശരാശരിയുമായി പരിശോധിക്കുമ്പോൾ വളരെ ഭേദമാണ്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സ്വാധീനം ഗ്രാമങ്ങളിൽ ജനങ്ങൾക്കിടയിൽ ഉയർന്ന പ്രതീക്ഷകൾ നൽകിയിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസവും മലയാളം മീഡിയം വിദ്യാഭ്യാസവും ഇടകലർത്തപ്പെട്ടപ്പോൾ വിദ്യാഭ്യാസരംഗത്ത് പ്രശ്നങ്ങൾ സങ്കീർണ്ണമായി.

വിദ്യാലയങ്ങളിൽ കഴിഞ്ഞ പത്ത് വർഷമായി വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞവരുന്നതായി കണ്ടുവരുന്നു. കാരണം സ്ക്കൂളുകളുടെ വർദ്ധനവും കുട്ടികളുടെ എണ്ണക്കുറവും ആണ് നമ്മുടെ ഗ്രാമത്തിലെ വിദ്യാലയങ്ങളിൽ ഡിവിഷൻ ഫാൾ അനുഭവപ്പെടുന്നുല്ല.

സ്ക്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പി.റ്റി.എ. കമ്മിറ്റികൾ ശക്തിപ്പെടുത്തേണ്ടതാണ്. നിലവിലുള്ള സ്ക്കൂളുകളിലെ പി.റ്റി.എ. കമ്മിറ്റികൾ താരതമ്യേന ശക്തമാണ്. എങ്കിലും വിദ്യാലയങ്ങളുടെ സംരക്ഷണത്തിന് പി.റ്റി.എ. കമ്മിറ്റികൾ കൂടുതൽ വിപുലമാക്കേണ്ടതാണ്.

നമ്മുടെ ഗ്രാമത്തിലെ എല്ലാ സ്ക്കൂളുകളിലും പ്രത്യേകിച്ച് മാനേജ്മെൻറ് സ്ക്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. തേമ്പാമുട്ടം കെ.വി.എൽ.പി.എസ്സിലും, തലയൽ ദേവിവിലാസം എൽ.പി.എസ്സിലും പുനയ്ക്കാട് എൽ.പി.എസ്സിലും അടിയന്തിരമായി പ്രാഥമിക ആവശ്യങ്ങളുടെ ഉപയോഗത്തിനായി യൂറിനൽ ഷെഡുകൾ സ്ഥാപിക്കുക.അടിസ്ഥാനസൗകര്യങ്ങളുടെ ഭാഗമായി എല്ലാ സ്കൂളുകളിലും ഫർണിച്ചറുകളും ബ്ലേക്ക്ബോർഡുകളും സ്ഥാപിക്കേണ്ടതാണ്. ഇതിലേയ്ക്കായി സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പി.റ്റി.എ. കമ്മിറ്റിയുടെ സഹായത്തോടെ പ്രാദേശിക വിഭവ സമാഹരണം നടത്താവുന്നതാണ്. നമ്മുടെ ഗ്രാമത്തിലെ എല്ലാ സ്ക്കൂളുകളിലും ശുദ്ധജലം എത്തിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അൺഎയിഡഡ് സ്കൂളുകൾ അനുവദിക്കുന്നത് അടിയന്തിരമായി തടയേണ്ടതാണ്. വിദ്യാഭ്യാസ കച്ചവടവും സ്വകാര്യ വൽക്കരണവും നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യുക എന്നതും വിദ്യാഭ്യാസ രംഗത്ത് ചെയ്തു തീർക്കേണ്ട വിഷയങ്ങളിൽ ഒന്നാണ്.

നമ്മുടെ ഗ്രാമത്തിലെ വിദ്യാഭ്യാസ വികസനത്തിന് സർക്കാർ മേഖലകളോടൊപ്പം സമാന്തര വിദ്യാഭ്യാസ മേഖലയും നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. നമ്മുടെ കൊച്ചുഗ്രാമത്തിൽ സർക്കാർ കോളേജുകൾ ഒന്നും തന്നെയില്ലെങ്കിലും സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളും പാരലൽകോളേജുകളും ടൈപ്പ്റൈറ്റിംഗ് സ്ക്കൂളുകളും കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടുകളും നിരവധിയാണ്.

*സാധ്യതകൾ*

ആധുനികതലമുറയിലെ യുവജനങ്ങൾക്കിടയിൽ കാണുന്ന ലക്ഷ്യബോധമില്ലായ്മ മാറ്റാൻ വിദ്യാർത്ഥികളിൽ പ്രതീക്ഷകൾ ജനിപ്പിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്ക്കരിക്കേണ്ടത് ഭരണാധികാരികളുടെ കടമയാണ്. സ്വഭാവരൂപീകരണത്തിലധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്ക്കരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ സമൂലമായ പരിവർത്തനം ഇന്നിന്റെ ആവശ്യതകളിൽ പ്രഥമവും പ്രധാനവുമാണ്. ഇന്നത്തെ പാഠ്യക്രമത്തിൽ (കരിക്കുലത്തിൽ) തൊഴിൽപരവും സദാചരപരവുമായ പഠനക്രമങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ആധുനിക തലമുറയിലെ ലക്ഷ്യബോധമില്ലായ്മ മാറ്റാനും അക്രമവാസനകൾ നശിപ്പിക്കാനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം. കുരുന്നു

മനസ്സുകളിൽ അങ്കുരിക്കേണ്ടത് പ്രതീക്ഷകളും സാധ്യതകളും ആയിരിക്കണം. ഒരു വിദ്യാർത്ഥി വിദ്യാലയം വിട്ടിറങ്ങുമ്പോൾ അവന് ജീവിതഭാരം തോന്നിപ്പിക്കുന്ന തരത്തിൽ അവൻ ആർജ്ജിച്ച വിദ്യാഭ്യാസം അധഃപതിക്കരുത്. അതുപോലെ കലാലയ അങ്കണം വിട്ടിറങ്ങുമ്പോൾ കലാലയസ്വപ്നങ്ങളെ താലോലിക്കുകയും വത്സരങ്ങൾക്കുശേഷം നിരാശയുടെ ഗർത്തങ്ങളിലേക്ക് എറിയപ്പെടുകയും ചെയ്യുന്ന രീതി മാറണം. പതിനഞ്ച് വയസ്സു പൂർത്തിയാകുമ്പോൾ അക്ഷരവിദ്യക്കൊപ്പം ജീവിത വിദ്യയും നേടിയിരിക്കണം.

നമ്മുടെ ഗ്രാമത്തിൽ തൊഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നന്നെക്കുറവാണ്. വിദ്യാർത്ഥികൾക്ക് തൊഴിലഭ്യസിപ്പിക്കാൻ വിദഗ്ധരെ സ്ക്കൂളിലേക്ക് ക്ഷണിച്ചുവരുത്തേണ്ടതാണ്. മോട്ടോർ വർക്കേഷോപ്പ് വിദഗ്ധരെയും കരകൗശല വിദഗ്ധരെയും നെയ്ത്തു പരിശീലകരെയും കൃഷി വിദഗ്ധരെയും ഇലക്ട്രോണിക്സ് രംഗത്തെ പ്രഗൽഭരെയും നിർമ്മാണതൊഴിൽ വിദഗ്ധരെയും കാർപ്പെൻറർമാരേയും നമ്മുടെ ഗ്രാമത്തിലെ സ്ക്കൂളുകളിലേക്ക് ക്ഷണിച്ചുവരുത്തുകയും വിദ്യാർത്ഥികളെ അഭിരുചിക്കനുസരിച്ച് വേർതിരിക്കുകയും, അതിൻെറയടിസ്ഥാനത്തിൽ അവരെ പരിശീലിപ്പിക്കുകയും ചെയ്യണം. അങ്ങനെ യുവതലമുറയുടെ മനസ്സിൽ തൊഴിൽ സങ്കൽപ്പങ്ങളെക്കുറിച്ച് ഒരു പുത്തൻ സംസ്ക്കാരം വാർത്തെടുക്കുകയും ചെയ്യണം.

തൊഴിൽ സംസ്ക്കാരത്തോടൊപ്പം സദാചാരബോധ ചിന്തകളും കുട്ടികളിൽ പരിശീലിപ്പിക്കേണ്ടതാണ്. സമൂഹത്തിൽ അനുദിനം നശിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണവും സദാചാരഭ്രംശവും നിഷ്ക്കാസനം ചെയ്യേണ്ടത് കാലത്തിൻെറ മറ്റൊരു പ്രധാനഘടകമാണ്. ഗുരുകുല വിദ്യാഭ്യാസകാലഘട്ടം മുതൽ ജനകീയ വിദ്യാഭ്യാസ പരമ്പരവരെ പരിശോധിക്കുമ്പോൾ അധ്യാപകരെ ആദരിക്കുകയും ബഹുമാനിക്കുയും ചെയ്യുന്ന രീതിയിൽ ഗണ്യമായ മാറ്റം ദൃശ്യമായിട്ടുണ്ട്. സദാചാര മൂല്യശോഷണത്തിൻെറ ഭാഗമാണിത്. "മാതാപിതാ-ഗുരു-ദൈവം" എന്ന വിഖ്യാതമായ ആപ്തവാക്യം കുട്ടികളിൽ സദാചാരപാഠ്യ ക്രമത്തിൻെറ അടിസ്ഥാനശിലയാക്കി മാറ്റണം.

ഉപഭോഗ സംസ്ക്കാരത്തിൻെറയും കമ്പോള വ്യവസ്ഥയുടെയും മൽസരാധിക്യത്താൽ സമൂഹമദ്ധ്യത്തിൽനിന്നും ചോർന്ന് പോകുന്ന സത്യസന്ധത, ധീരത, പരസ്പരസ്നേഹം, സാമൂഹിക ബോധം, നിസ്വാർത്ഥത എന്നീ സാൻമാർഗ്ഗിക ഗുണങ്ങൾ ആധുനിക തലമുറയിൽ പരിശീലിപ്പിക്കുകയും സാമൂഹിക ബോധവും ദേശിയ ചിന്തയും സദാചാര നിഷ്ടയും ഉത്തരവാദിത്വ ബോധവും ഉന്നത ചിന്താശക്തിയുമുള്ള പൗരൻമാരെ വാർത്തെടുക്കാൻ വിദ്യാഭ്യാസ സമ്പ്രദായത്തെ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ്.

**വികസനപ്രവർത്തനങ്ങൾ**

ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ ഗ്രാമപഞ്ചായത്തിൻെറ ഒന്നാം വാർഡിൽ അവരുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി എസ്.സി.ഡെവലപ്മെൻറ് റസിഡൻഷ്യൽ സ്ക്കൂൾ സ്ഥാപിക്കുകയും ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. ഈ വാർഡ് കേന്ദ്രീകരിച്ച് മലയാളമീഡിയവും ഇംഗ്ലീഷ് മീഡിയം സ്ക്കൂളും സ്ഥാപിക്കേണ്ടതാണ്. ഇവിടെ സ്ഥാപിക്കുന്ന സ്ക്കൂളികളിൽ കുട്ടികളുടെ കായികക്ഷേമത്തിനായി ഒരു കായിക അദ്ധ്യാപകനെയും നിയമിക്കേണ്ടതാണ്.

പഞ്ചായത്തിലെ രണ്ടാംവാർഡിൽപ്പെട്ട തേമ്പാമുട്ടം ഗവൺമെൻറ് എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്യുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. സ്ക്കൂളിൽ ചുറ്റുമതിൽ കെട്ടുകയും പാചകപ്പുര നിർമ്മിക്കുകയും കുട്ടികളുടെ ആവശ്യത്തിനായി മൂത്രപ്പുര നിർമ്മിക്കുകയും ചെയ്യുക. പാറക്കുഴി, വില്ലിക്കുളം പ്രദേശങ്ങളിൽ ഒരു റസിഡൻഷ്യൽ സ്ക്കൂൾ സ്ഥാപിക്കേണ്ടതാണ്. പാറക്കുഴിയിൽ സ്ഥിതിചെയ്യുന്ന ഹരിജൻ വെൽഫയർ നഴ്സറിസ്ക്കൂളിന് സ്ഥലവും കെട്ടിടവും നിർമ്മിച്ച് നല്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ ഏക വിദ്യാലയമായ പുന്നയ്ക്കാട് കെ.വി.എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്യേണ്ടതും ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ സ്ഥാപിക്കേണ്ടതുമാണ്. നമ്മുടെ ഗ്രാമത്തിനു കൂടി സൗകര്യപ്രദമായ തരത്തിൽ മൂന്നാം വാർഡിലോ സമീപ പ്രദേശങ്ങളിലോ ഒരു സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കുകയും സ്ക്കൂളുകളിൽ ലൈബ്രറിയും ലബോറട്ടറിയും സ്ഥാപിച്ച് വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പുന്നയ്ക്കാട് കെ.വി.എൽ.പി.എസ്സിൽ ഫർണിച്ചറുകളും ബ്ലാക്ക് ബോർഡുകളും എത്തിക്കേണ്ടതും കലാകായിക പരിശീലനം സിദ്ധിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കേണ്ടതുമാണ്. പ്രാഥമിക വിദ്യാഭ്യാസ വികസനത്തിനായി ഒരു പ്രീ-പ്രൈമറി സ്ക്കൂൾ സ്ഥാപിക്കുകയും ഈ വാർഡിലെ മത്സ്യത്തൊഴിലാളികളുടെ മേഖലയിൽ ഒരു നഴ്സറിസ്ക്കൂൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

പൊതുവിദ്യാലയങ്ങൾ ഒന്നുംതന്നെയില്ലാത്ത നാലാംവാർഡിൽ തൊഴിലധിഷ്ഠിത വിദ്യാലയങ്ങൾ അരംഭിക്കുകയും ശ്രമിക്ക് വിദ്യാപീഠത്തിന്റെയും സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും സഹായം സ്വീകരിക്കുകയും ചെയ്യുക. സാക്ഷരതാപ്രവർത്തനം ശക്തിപ്പെടുത്തുകയും. തുടർപഠനം നൽകുകയും ചെയ്യുക.

മൂന്നു സ്ക്കൂളുകൾ നിലനിൽക്കുന്ന ഒരു വാർഡാണ് ഗ്രാമപഞ്ചായത്തിന്റെ അഞ്ചാംവാർഡ്. തലയൽ ദേവിവിലാസം യു.പി.എസ്. അപ്ഗ്രേഡ് ചെയ്യുകയും സ്ക്കൂളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സ്ക്കൂളിൽ ഫർണിച്ചർ, ബ്ലാക്ക്ബോർഡ്, കർട്ടൺ എന്നിവ എത്തിയ്ക്കുകയും പി.റ്റി.എ. കമ്മിറ്റി ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സ്ക്കൂളിന്റെ ശുചീകരണത്തിനായി ഒരു സ്വീപ്പറെ നിയമിക്കുകയും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറെ നിയമിക്കുകയും ചെയ്യേണ്ടതാണ്. സ്ക്കൂൾ കിണറിൽ മോട്ടോർ വയ്ക്കുന്നതിലുള്ള സൗകര്യം ഉണ്ടാക്കുകയും പൈപ്പുകൾ സ്ഥാപിക്കേണ്ടതുമാണ്. ഈ വാർഡിൽ സ്ഥിതിചെയ്യുന്ന റേഡിയോ കീയോസ്ക് ഒരു ഗ്രന്ഥശാലയാക്കി മാറ്റേണ്ടതാണ്.

ആറാംവാർഡിൽപ്പെട്ട ബാലരാമപുരം ഗവൺമെൻറ് ഹൈസ്ക്കൂളിനെ ഒരു ഹയർസെക്കണ്ടറി സ്ക്കൂളാക്കി അപ്ഗ്രേഡ് ചെയ്യുകയും സ്ക്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്ക് പി.റ്റി.എ. കമ്മിറ്റിയും അധ്യാപക സമിതിയും ശക്തിപ്പെടുത്തുക സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് യൂണിഫോമുകളും പഠനോപകരണങ്ങളും സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഏഴാംവാർഡിലെ സെൻറ്. ജോസഫ് സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതും സ്ക്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് നൽകേണ്ടതും ആണ്.

പഞ്ചായത്തിലെ 8-ാംവാർഡിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ഒരു കംപ്യൂട്ടർ കേന്ദ്രം സ്ഥാപിക്കുകയും ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

ഒൻപതാം വാർഡിലെ നിലവിൽ സ്ക്കൂളുകൾ ഒന്നുംതന്നെയില്ല. ഈ വാർഡിൽ പുതുതായി സ്ക്കൂളുകൾ സ്ഥാപിക്കുകയും ഒരു കൈത്തറി വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക. അനൗപചാരിക വിദ്യാഭ്യാസകേന്ദ്രം സ്ഥാപിക്കുക.

പഞ്ചായത്തിലെ പത്താം വാർഡിൽ ഒരു സി.ബി.എസ്.ഇ. സിലബസുള്ള ഒരു ഗവൺമെൻറ് സ്ക്കൂൾ ആരംഭിക്കുകയും സ്ക്കൂളുകളിൽ കായികപരിശീലനം

ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പ്രാഥമിക വിദ്യാഭ്യാസം മലയാളത്തിൽ ആക്കേണ്ടതാണ്. പബ്ലിക് സ്ക്കൂളിന്റെ പ്രവർത്തനം പരിശോധിക്കേണ്ടതാണ്.

ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ പത്തും പതിനൊന്നും വാർഡുകൾക്ക് ഉപകാരപ്രദമായിട്ടുള്ള അന്തിയൂർ ലൂഥറിൻ എൽ.പി.എസിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അടിയന്തിരമായി അപേഗ്രേഡ് ചെയ്യുകയും ചെയ്യേണ്ടതാണ്.

പന്ത്രണ്ടാം വാർഡിലെ കോട്ടുകാൽക്കോണം എം.സി.എച്ച്.എസ്സ് ഹയർ സെക്കണ്ടറി സ്ക്കൂളാക്കി അപ്ഗ്രേഡ് ചെയ്യുക. നവസാക്ഷരർക്കുവേണ്ടി ഒരു സാക്ഷരതാ കേന്ദ്രവും വയോജന വിദ്യാഭ്യാസ കേന്ദ്രവും സ്ഥാപിക്കുക. ഈ പ്രദേശത്ത് ഒരു എൽ.പി.സ്ക്കൂൾ സ്ഥാപിച്ച് പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുകയും ചെയ്യുക.

*സാക്ഷരതാ പ്രവർത്തനവും വയോജന വിദ്യാഭ്യാസവും*

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറിൽ ആരംഭിച്ച സാക്ഷരതാപ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി നടന്നു. നിശ്ചിത കാലയളിവിനുള്ളിൽ തന്നെ ബാലരാമപുരം ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ സാക്ഷരതയിലേക്ക് നയിച്ചു. സാക്ഷരതാ പ്രവർത്തനങ്ങൾക്ക് മുൻപ് വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നിലനിന്നിരുന്നു. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഉൾക്കൊണ്ട് നമ്മുടെ ഗ്രാമത്തിലെ ഗ്രന്ഥശാലകളിലും ക്ലബ്ബുകളിലും സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

*പൊതുനിർദ്ദേശങ്ങൾ*

തിരുവനന്തപുരം ജില്ലയിൽ പ്രധാനവ്യവസായിക വാണിജ്യ-കേന്ദ്രമായ ബാലരാമപുരം പട്ടണം ജനസാന്ദ്രത കൊണ്ട് ശ്രദ്ധേയമാണ്. നൂറ്റാണ്ട് പഴക്കമുള്ള സ്ക്കൂളുകൾ ഇന്നും സ്ക്കൂളുകളായിതന്നെ നിലകൊള്ളുന്നു. ആയതിനാൽ ബാലരാമപുരം ഗവൺമെൻറ് ഹൈസ്ക്കൂൾ ഹയർസെക്കണ്ടറി സ്ക്കൂളുമായി അപ്ഗ്രേഡ് ചെയ്യണം.

സാങ്കേതിക വിദ്യാഭ്യാസത്തിനായി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂൾ നമ്മുടെ ഗ്രാമപട്ടണത്തിൽ സ്ഥാപിക്കുക. ഒരു ഗവൺമെൻറ് ഐ.റ്റി.ഐയും ഒരു റ്റി.റ്റി.സി. കേന്ദ്രവും, ഒരു കോളേജും നമ്മുടെ പ്രദേശത്ത് സ്ഥാപിക്കുക. ഗവൺൻറിന്റെ അധീനതയിൽ ഒരു പോളിടെക്കനിക്ക് കേന്ദ്രവും ഒരു കേന്ദ്രീകൃത വിദ്യാലയവും സ്ഥാപിക്കേണ്ടതാണ്. ഒരു ഇഞ്ചിനീയറിംഗ് കോളേജ് നമ്മുടെ ഠൗണിൽ സ്ഥാപിക്കുകയും ശാസ്ത്ര-സാങ്കേതിക-വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കണം തടയുകയും കച്ചവടമനോഭാവം അവസാനിപ്പിക്കാൻ ശക്തമായ നടപടി ഉണ്ടാക്കുകയും ചെയ്യണം. സ്ക്കൂളുകളിൽ മലയാളം നിർബ്ബന്ധിത വിഷയമായക്കുകയും, സയൻസ്, കണക്ക് എന്നീ വിഷങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സ് നൽകേണ്ടതും അണ്.

സ്ക്കൂളുകളിലെ ആൾ പ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുകയും ചെയ്യുക. മൂല്യശോഷണം മാറ്റി സ്വഭാവ രൂപീകരണത്തിനും സദാചാരമൂല്യങ്ങൾക്കും അധിഷ്ഠിതമായ പഠനക്രമ സമ്പ്രദായം (കരിക്കുലം) ആവിഷ്ക്കരിക്കുക. പബ്ലിക് സ്ക്കൂളുകളിലെ ഡൊണേഷൻ സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്.

സാമ്പത്തിക സഹായങ്ങളും ഉച്ചഭക്ഷണവും നൽകി സ്ക്കൂളുകളിലെ കൊഴിഞ്ഞ് പോക്ക് തടയുക.

സ്ക്കൂൾ കോംപ്ലക്സ് പരിപാടി നടപ്പിലാക്കിയും അയൽപക്കസ്ക്കൂൾ സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താവുന്നതാണ്.

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## സ്കൂളുകളുടെ ഭൗതിക വിവരങ്ങൾ പട്ടിക - 1

| ക്രമനമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം ഏക്കറിൽ | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവൺമെൻറ് ഹൈസ്കൂൾ ബാലരാമപുരം | 3.5 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഭാഗികം | ഉണ്ട് | ഉണ്ട് |
| 2 | എം.സി ഹൈസ്കൂൾ കോട്ടുകാൽക്കോണം | 3.5 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | ഡി.വി. യൂ.പി.എസ്, തലയൽ | 1.7 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 4 | ഡി.വി. എൽ.പി.എസ്, അതിയന്നൂർ | 1.000 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 5 | കെ.വി. എൽ.പി.എസ്, പുന്നക്കാട് | 0.45 സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 6 | കെ.വി. എൽ.പി.എസ്, തലയൽ | 0.19 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 7 | ലൂഥറൻ എൽ.പി.എസ്, അന്തിയൂർ | 0.30 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല |
| 8 | സെൻറ് ജോസഫ് എൽ.പി.എസ്, ബാലരാമപുരം | 0.25 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |

# ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക - 2

| വാർഡ് നമ്പർ | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S/H.S | | | | | U.P.S | | | | | L.P.S | | | | | നഴ്സറി | | | | | | | | | | | | |
| | സർക്കാർ | എയ്ഡഡ് | അൺ. എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ. എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ. എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ. വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ കോഴ്സുകൾ നടത്തുന്നവ | കോളേജ് കോഴ്സുകൾ മാത്രം നടത്തുന്നവ | സ്കൂൾ കോളേജ് കോഴ്സുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | | | | | | | | | | | | | | | | | | 1 | 1 | | | | | | | | | |
| II | | | | | | | | | | | 1 | | | | | 3 | | 1 | 4 | | | | | | | | | |
| III | | | | | | | | | | | | 1 | | | 1 | | | 1 | 1 | | | | | | | | | |
| IV | | | | | | | | | | | | | | | | | | | | | 2 | 2 | | | | | | 2 |
| V | | | | | | | 1 | | | 1 | | 1 | | 1 | 2 | | | 1 | 1 | | | | | | | | 1 | |
| VI | 1 | | | | 1 | | | | | | | | | 1 | 1 | | | 1 | 1 | | 1 | 1 | | | | | | 1 |
| VII | | | | | | | | | | | | 1 | | | | | | | | | | | | | | | | |
| VIII | | | | | | | | | | | | | | | | | | | | | | | | | | | | 1 |
| IX | | | | | | | | | | | | | | | | | | 1 | 1 | | 1 | 1 | | | | | | |
| X | | | | | | | | | | | | | | 1 | 2 | | | 1 | 1 | | | | | | | 1 | | |
| XI | | | | | | | | | | | | | | | | | | | | | | | | | | | | |
| XII | | 1 | | | 1 | | | | | | | | | | | | | 1 | 1 | | 1 | 1 | | | | | | 4 |
| ആകെ | 1 | 1 | 0 | 0 | 2 | 0 | 1 | 0 | 0 | 1 | 1 | 4 | 0 | 3 | 7 | 3 | 0 | 9 | 12 | 0 | 5 | 5 | 0 | 0 | 0 | 1 | 1 | 8 |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം പട്ടിക - 3

| സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| H.S | | | | | U.P.S | | | | | L.P.S | | | | | നഴ്സറി | | | | | | | | | | | |
| സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പ്രൈവറ്റ് | സർക്കാർ | ആകെ | സർക്കാർ | എയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | ആകെ | സ്കൂൾ കൂടിയും നടത്തുന്നവ | കോളേജ് കൂടിയും നടത്തുന്നവ | സ്കൂൾ കൂടിയും നടത്തുന്നവ |
| 1 | 1 | 0 | 0 | 2 | 0 | 1 | 0 | 0 | 1 | 1 | 4 | 0 | 3 | 7 | 3 | 0 | 9 | 12 | 0 | 5 | 5 | 0 | 0 | 0 | 1 | 1 | 8 |

അവലംബം ദ്വിതീയ വിവരശേഖരണം

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ പട്ടിക - 4
Ref. AVFG

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H.S | - | - | - | 666 | 685 | 1351 | 1 | 1 | 1 | 1 |
| U.P.S | 5 | 16 | 21 | 599 | 538 | 1137 | 1 | - | 0 | 1 |
| L.P.S | 8 | 28 | 36 | 675 | 737 | 1412 | 5 | - | - | 5 |
| Preprimary | - | 3 | 3 | 32 | 29 | 61 | - | 3 | - | 3 |
| ആകെ | 13 | 47 | 60 | 2272 | 1989 | 3961 | 7 | 4 | 1 | 10 |

# ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരും വിവരങ്ങളും ചുവടെ ചേർക്കുന്നു. പട്ടിക - 5

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ക്ലാസ് | | | | | | | | | അദ്ധ്യാപകരുടെ എണ്ണം | | മറ്റു ജീവനക്കാർ | കെട്ടിടം | ദ്വിഭാഷ പരിശീലനം നേടിയവർ | ലബോറട്ടറി | അദ്ധ്യാപകർക്കുള്ള റൂം | ഗ്രന്ഥശാല | സ്കൂൾ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | I PDC | | | II PDC | | | Degree | | | | | | | | | | | | |
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | | | | | | | |
| 1 | യൂണിയൻ കോളേജ് | 52 | 54 | 106 | 45 | 56 | 101 | 38 | 78 | 116 | 12 | 5 | 1 | സ്വന്തം | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | 324 |
| 2 | ഗുരുകുലം കോളേജ് | 20 | 10 | 30 | 22 | 13 | 35 | 20 | 12 | 32 | 10 | 4 | - | വാടക | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 238 |
| 3 | സാഗർ കോളേജ് | 35 | 110 | 145 | 30 | 95 | 125 | 25 | 95 | 120 | 11 | 6 | 2 | വാടക | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 4 | പ്രഭാത് കോളേജ് കോട്ടുകാൽക്കോണം | | | | | | | | | | | | | | | | | | |
| 5 | തൂലിക ട്യൂട്ടോറിയൽസ് കോട്ടുകാൽക്കോണം | | | | | | | | | | | | | | | | | | |
| 6 | വിദ്യാസാഗർ കോളേജ് കോട്ടുകാൽക്കോണം | | | | | | | | | | | | | | | | | | |
| 7 | അക്ഷര കോളേജ് രാമപുരം | | | | | | | | | | | | | | | | | | |
| 8 | ത്രിവേണി കോളേജ് ബാലരാമപുരം | 15 | 10 | 25 | 14 | 11 | 25 | 6 | 4 | 10 | 12 | 5 | 1 | വാടക | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## വിദ്യാലയ വിവരങ്ങൾ പട്ടിക - 6

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ഉൾപ്പെടുന്ന വാർഡ് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആൺ | പെൺ | ആകെ |
| 1 | ഗവൺമെൻറ് ഹൈ സ്കൂൾ, ബാലരാമപുരം | VI | സർക്കാർ | 1008 | 991 | - | - | - |
| 2 | എം.സി ഹൈസ്കൂൾ കോട്ടുകാൽക്കോണം | XII | എയ്ഡഡ് | 377 | 341 | 7 | 26 | 33 |
| 3 | ഡി.വി. യൂ.പി.എസ്, തലയൽ | V | എയ്ഡഡ് | 102 | 98 | 1 | 6 | 7 |
| 4 | ഡി.വി. എൽ.പി.എസ്, അതിയന്നൂർ | II | എയ്ഡഡ് | 89 | 77 | 1 | 4 | 5 |
| 5 | കെ.വി. എൽ.പി.എസ്, പുന്നക്കാട് | V | എയ്ഡഡ് | 143 | 130 | 4 | 4 | 8 |
| 6 | കെ.വി. എൽ.പി.എസ്, തലയൽ | III | എയ്ഡഡ് | 67 | 57 | 1 | 3 | 4 |
| 7 | ലൂഥറൻ എൽ.പി.എസ്, അന്തിയൂർ | X | എയ്ഡഡ് | 110 | 129 | 1 | 6 | 7 |
| 8 | St. Joseph എൽ.പി.എസ്, ബാലരാമപുരം | VII | എയ്ഡഡ് | 234 | 190 | 1 | 11 | 12 |

അവലംബം ദ്വിതീയ വിവരശേഖരണം

## ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ പ്രിൻറിംഗ്, ടൈപ്പ്റൈറ്റിംഗ് ആൻറ് കമ്പ്യൂട്ടർ സ്ഥാപനങ്ങളുടെ പേർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക - 7

| കമ്പ്യൂട്ടർ പഠനകേന്ദ്രം | പ്രിൻറേഴ്സ് | ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് |
|---|---|---|
| ബാസ് കമ്പ്യൂട്ടേഴ്സ് | ജി.വി പ്രിൻറേഴ്സ് | ഹരീസ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് |
| വൈഷ്ണവി മായ കമ്പ്യൂട്ടേഴ്സ് | എ.എം.കെ പ്രിൻറേഴ്സ് | നിയോ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് |
| | രാജ് പ്രിൻറേഴ്സ് | |
| | ബ്രദേഴ്സ് പ്രിൻറേഴ്സ് | |
| | തൂലിക പ്രിൻറേഴ്സ് | |
| | നവീൻ പ്രിൻറേഴ്സ് | |
| | പ്രദീപ് പ്രസ്സ് | |

5-(ix)

# പാർപ്പിടം

ആധുനിക ജീവിതത്തിൽ ഏറെ പരിശ്രമവും ശ്രദ്ധയും അർഹിക്കുന്ന ഒരു പ്രശ്നമാണ് എല്ലാവർക്കും പാർപ്പിടം. മനുഷ്യന്റെ മാനസികവും ശാരീരികവും സാമൂഹിക-സാമ്പത്തികവുമായ അവസ്ഥമെച്ചപ്പെടുത്തുവാൻ സുരക്ഷിതവും വാസയോഗ്യവുമായ സംവിധാനം ആവശ്യമാണ്. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശസംരക്ഷണ രേഖയിൽ യോഗ്യമായ വാസഗൃഹം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായി ഉൾകൊള്ളിച്ചിട്ടുണ്ട്.

ആദിമനുഷ്യൻ വസിക്കാൻ ഗുഹകളെ ആശ്രയിച്ചിരുന്നു. അപരിഷ്കൃത സംസ്കാരത്തിൽ നിന്നും ആദിമനുഷ്യന്റെ പ്രയാണത്തിൽ നദീതടങ്ങളിൽചേക്കേറിയ ഇവർ അടിസ്ഥാന സൗകര്യങ്ങയളോടുകൂടിയ ലളിതവും കലാമേൻമയുള്ള വാസഗൃഹങ്ങൾ നിർമ്മിച്ചിരുന്നു.

കാലത്തിന്റെ ഒഴുക്കിനിടയിൽ പാർപ്പിട നിർമ്മാണത്തിൽ സുകുമാരകലകൾ പ്രയോഗത്തിൽ വരികയും ചെയ്തു. മുഗളൻമാരുടെ വരവോടുകൂടി പാർപ്പിടനിർമ്മാണരംഗത്ത് പുത്തൻ രീതികൾ അവലംബിക്കാൻ തുടങ്ങി അതോടുകൂടി ഭരണസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് രമ്യഹർമ്മ്യങ്ങൾ ഉയരാൻ തുടങ്ങി മാത്രവുമല്ല അത്യാവശ്യം വസിക്കാനുള്ള പാർപ്പിടം എന്ന ആശയത്തിൽനിന്നും ആഢംബരസൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങൾ നിർമ്മിക്കാൻ തുടങ്ങി. യൂറോപ്യൻമാരുടെ വരവോടുകൂടി ബഹുനിലകെട്ടിടങ്ങളും വില്ല മോഡൽവീടുകളും കൂടുതൽ പ്രചരിക്കുവാനും തുടങ്ങി. ഇത്തരം പ്രവണതകൾ പാർപ്പിടനിർമ്മാണരംഗത്തെ കൂടുതൽ ശാസ്ത്രീയവൽക്കരിക്കുവാനും സർവ്വകലാശാലകളിൽ പാഠ്യവിഷയങ്ങളാക്കുവാനും സാധിച്ചു.

കൂട്ടുകുടുംബങ്ങളുടെ പതനത്തോടുകൂടെയും മനുഷ്യൻ സൗകര്യങ്ങൾക്ക് വേണ്ടി നഗരങ്ങളെ ആശ്രയിച്ച്തുടങ്ങിയതോടുകൂടിയും ബഹുനിലഅപ്പാർട്ട്മെന്ടറുകൾക്ക് പ്രചാരം വന്നു തുടങ്ങി. ഇതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്തിലും ഇത്തരം ആധുനിക പാർപ്പിടങ്ങൾക്ക് പ്രചാരം ലഭിച്ചുതുടങ്ങി.

'ഗൾഫ് മണി'യുടെ വരവോടുകൂടി നമ്മുടെ പഞ്ചായത്തിൽ ആർഭാടഭവനനിർമ്മാണങ്ങൾക്ക് ആക്കംകൂട്ടാൻ കഴിഞ്ഞു. കൃഷിയിടങ്ങൾ നികത്തി മണിമാളികകൾ പണിയുവാൻ ഇത്തരക്കാർ മടികാണിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ 10083 വീടുകൾ ഉള്ളതിൽ 1947 കോൺക്രീറ്റ് വീടുകളും 3578 ഓടിട്ട വീടുകളുമാണ്. ഇതിൽ 201 -ഒന്നിൽ കൂടുതൽ നിലയുള്ള വീടുകളും 343 കുടിലുകളും 885 മറ്റുള്ള വീടുകളും 418 വിവിധഭവനനിർമ്മാണപദ്ധതികളിലൂടെ നിർമ്മിച്ചവയുമാണ്.

നമ്മുടെ പഞ്ചായത്തിൽ കെട്ടിടനിർമ്മാണതൊഴിൽ രംഗത്ത് ഏകദേശം 473ഉം തൊഴിലാളികളുണ്ട്. ഇതിൽ 291 പുരുഷൻമാരും 182 സ്ത്രീകളുമുണ്ട്. ഇവരിൽ ഭൂരിഭാഗവും മറ്റ് പ്രദേശങ്ങളിൽ പോയി പണിയെടുക്കുന്നവരാണ്.

കണക്കുകൾ ഇത്തരത്തിലാണെങ്കിലും ഭവനരഹിതരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. പാർപ്പിടങ്ങൾ ഉള്ളവരിൽ ബഹുഭൂരിപക്ഷവും പ്രാഥമികസൗകര്യങ്ങൾ പോലും ലഭ്യമല്ലാത്ത അവസ്ഥയിലാണ്. വാസയോഗ്യമായ ഭവനം, ശുദ്ധമായ അന്തരീക്ഷം, ജലലഭ്യത, പര്യാപ്തമായ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ പാവപ്പെട്ട ജനതയ്ക്ക് അപ്രാപ്യമാകുന്നുവെന്നത് ഭീതിദമായ ഒരവസ്ഥയാണ്. ഭവനരഹിതരുടെ പ്രശ്നങ്ങൾ സാമൂഹ്യഅരക്ഷിതാവസ്ഥയും ദാരിദ്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഭവനരാഹിത്യം ദാരിദ്ര്യത്തിന്റെ മറ്റൊരു മുഖമാണ്. സുരക്ഷിതവും വാസയോഗ്യവുമായ ഭവനങ്ങളുടെ അഭാവം ഏറെ ബാധിക്കുന്നത് നിർദ്ധനരെയാണ്. നമ്മുടെ പഞ്ചായത്തിൽ കമ്മ്യൂണിറ്റിഡെവലപ്പ്മെന്റ് സൊസൈറ്റികൾ വഴി ദരിദ്രജനങ്ങൾക്ക് വേണ്ടി വീടുകൾ വയ്ക്കുന്നതിനുവേണ്ടുന്ന പദ്ധതികൾ നടപ്പിലാക്കിയാൽ ദരിദ്രരുടെ

# ബാലരാമപുരം പഞ്ചായത്ത്

പട്ടിക -1

| ആകെ കെട്ടിടങ്ങളുടെ എണ്ണം | അതിൽകൂടുതൽ നിലയുള്ളവ | മേൽക്കൂരയുടെ സ്വഭാവം | | | | | കരം ഒഴിവായി കിട്ടിയിട്ടുള്ളത് | വിവധയിനം നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ചവ |
|---|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | കുടിൽ | മറ്റുള്ളവ | | |
| 10083 | 201 | 1947 | 3578 | 3330 | 343 | 885 | 761 | 418 |

അവലംബം : പഞ്ചായത്ത് അസ്സസ്മെന്റ് രജിസ്റ്റർ

# കെട്ടിടനിർമ്മാണ തൊഴിലാളികളെ കുറിച്ചുള്ള വിവരങ്ങൾ

പട്ടിക -2

| നിർമ്മാണരംഗത്ത് തെഴിലെടുക്കുന്നവർ | | ആകെ | കൂലിനിരക്ക് | | | |
|---|---|---|---|---|---|---|
| | | | 1990 | | 1996 | |
| പുരുഷൻ | സ്ത്രീ | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 291 | 182 | 473 | 80 | 50 | 125 | 90 |

അവലംബം : ലോക്കൽ സർവ്വെ

പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. മാത്രവുമല്ല സ്വന്തമായി വീടുവയ്ക്കാൻ കഴിയാതെ വാടകവീടുകളിൽ അഭയം പ്രാപിക്കുന്ന ഇടതരം ജീവനക്കാരുടെ എണ്ണം കുറവല്ല. നമ്മുടെ പഞ്ചായത്തിലെ ഐക്കോട്ടുകോണം മുണ്ടുകോണം, നെല്ലിവിള, കാവിൻപുറം പ്രദേശങ്ങളിൽ ഇന്നും വീടുകൾ ഇല്ലാതെ കഴിയുന്നവർ ധാരാളമാണ്. ആയതുകൊണ്ട് ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായി പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്.

ബൃഹത്തായ ഒരു പ്രശ്നമാണ് നമ്മുടെ മുന്നിൽ പരിഹരിക്കപ്പെടാനുള്ളത്. മനുഷ്യപ്രയത്നത്തിന്റെ ഉപഭോഗം, ശരിയായ വിഭവവിഭജനം, സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും സഹകരണം എന്നിവയിലൂടെ മാത്രമേ 'എല്ലാവർക്കും പാർപ്പിടം' എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയൂ.

***പ്രശ്നങ്ങൾ***

1. കെട്ടിട നിർമ്മാണസാമഗ്രികളുടെ അനുദിനം വർദ്ധിച്ചുവരുന്ന വിലവർദ്ധനവുകാരണം നമ്മൾ ആഗ്രഹിക്കുന്ന തരത്തിൽ വീടുകൾ പൂർത്തിയാക്കാൻ കഴിയുന്നില്ല.

2. വൃദ്ധഅനാഥരെ സംരക്ഷിക്കുന്നതിലെ അപര്യാപ്തത .

3. കെട്ടിട നിർമ്മാണ തെഴിലാളികളുടെ കൂലി നിരക്കിലുള്ള വർദ്ധനവ്.

4. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് ഭവനവായ്പകൾ ലഭ്യമാക്കുവാനുള്ള ബുദ്ധിമുട്ട്.

5. വയലുകൾ നികത്തി വീടുകൾ വയ്ക്കുന്നു.

6. കോളനികളിൽ സമയബന്ധിതമായി അറ്റകുറ്റപണികൾ നടത്തുക.

7. ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കുക.

8. അതിഥിമന്ദിരത്തിന്റെ അപര്യാപത്ത.

9. ഭവനനിർമ്മാണ പദ്ധതികളിലെ നിയമതടസ്സം.

10. മറ്റ് പ്രദേശങ്ങളിൽ ജോലിയെടുക്കുന്നത് കാരണം നിർമ്മാണ തൊഴിലാളികളെ കിട്ടാനില്ല.

11. തൊട്ടുതൊട്ട് വീടുകൾ നിർമ്മിക്കുന്നത് കാരണം ധാരാളം ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

12. ലക്ഷം വീടിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക – ഒരു വീട്ടിൽ ഒരു കുടുംബത്തെ പാർപ്പിക്കുക.

13. രജിസ്റ്റർ ഓഫീസിലെ അമിതമായ ഫീസും കാലതാമസവും ഒഴിവാക്കുക.

***നിർദ്ദേശങ്ങൾ***

1. പുറമ്പോക്കിൽ താമസിക്കുന്ന ദുർബലവിഭാഗങ്ങളെയും ദരിദ്രവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുക

2. അബലരെയും അശരണരെയും പാർപ്പിക്കുന്നതിനായി ശരണാലയം സ്ഥാപിക്കുക

3. വിവിധഭവനനിർമ്മാണപദ്ധതികളിലെ നിയമങ്ങൾ സുതാര്യമാക്കുക

4. അപേക്ഷകളിൻമേൽ തീർപ്പുകൽപിക്കുക.

5. പട്ടികജാതി പട്ടികവർഗ്ഗജനവിഭാഗങ്ങൾക്ക് വീട് വയ്ക്കാനുള്ള സഹായം ഉറപ്പുവരുത്തുക.

6. കെട്ടിടനിർമ്മാണതോഴിലാളികൾക്കായി ഒരു സഹകരണസ്ഥാപനം സ്ഥാപിക്കുക.

7. മിച്ചഭൂമി ഏറ്റെടുത്ത് ദരിദ്ര ദുർബലവിഭാഗക്കാർക്ക് വീടുവയ്ക്കുന്നതിനായി നൽകുക.

8. ഹൗസിംഗ് സൊസൈറ്റികളിലെ നിയമങ്ങൾ സുതാര്യമാക്കുക. അതോടൊപ്പം പ്രവർത്തനം ഏല്ലാ വാർഡുകളിലും വ്യാപിപ്പിക്കുക.

9. വയലുകൾ നികത്തി വീടുവയ്ക്കുന്നതിനെ കർശനമായി നിരോധിക്കുക.

10. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ സർവ്വെ നടത്തുക.

11. പഞ്ചായത്ത്വകയായിഒരു അതിഥി മന്ദിരം സ്ഥാപിക്കുക.

12. ഷെൽറ്റർ അപ്ഗ്രഡേഷൻ പരിഗണനകൊടുക്കുക.

13. കമ്മ്യൂണിറ്റിഡെവലപ്പ്മെന്റ് സൊസൈറ്റി

കളുടെ സേവനങ്ങൾ ഉറപ്പുവരുത്തുക.

14. ഹരിജൻ കോളനികളിലെയും ലക്ഷംവീട് കോളനികളിലെയും വീടുകൾ നവീകരിക്കുന്നതിനും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

15. ചെലവുകുറഞ്ഞ വീടുകൾക്ക് പ്രചരണം നൽകുകയും ഭവനനിർമ്മാണ വായ്പയുടെ സംഖ്യ വർദ്ധിപ്പിക്കുക.

16. സാങ്കേതിക അറിവുള്ളവരെ നിർമ്മാണ പ്രവർത്തനങ്ങളിൽ ബന്ധപ്പെടുത്തുക.

17. പ്രകൃതിവിഭവങ്ങളെ പ്രയോജനപ്പെടുത്തി പഞ്ചായത്ത് അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കാവുന്നതാണ്.

18. പുതിയവീടുകൾ നിർമ്മിക്കുന്നതിന് അമിതമായി കൂടിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ വിലയും തടസ്സമായിരിക്കുന്നു. ആയതുകൊണ്ട് പഞ്ചായത്തിൽ ഭൂമിയടുടെ വില നിജപ്പെടുത്തുക.

19. വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധപ്രവർത്തകരുടെയും യോഗം വിളിച്ചു കൂട്ടി ഗുണഭോക്താക്കൾക്ക് എത്രരൂപാ സമാഹരിക്കണമെന്ന് മനസ്സിലാക്കി സർക്കാർഫണ്ടിന് പുറമെ സാധനങ്ങളും മനുഷ്യാദ്ധ്വാനവും സംഭാവനവഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

❖

5-(ix-a)

# സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമവകുപ്പിലെ നേമം ബ്ലോക്ക് ഐ.സി.ഡിഎസ്സ് പ്രോജക്ടിന്റെ കീഴിൽ ബാല രാമപുരം ഗ്രാമപഞ്ചായത്തിൽ 16 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ 11 എണ്ണത്തിന് കെട്ടിടം വയ്ക്കുന്നതിന് സ്ഥലം കിട്ടിയിട്ടുണ്ട്. ബാക്കി 5 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല.

നിലവിലുള്ള സ്കീമുകൾ

(1) ശിശു വിദ്യാഭ്യാസം
(2) പൂരകപോഷകാഹാരം
(3) വീട്ടമ്മമാർക്ക് പോഷകാഹാരവിദ്യാഭ്യാസം
(4) ന്യൂട്രീഷൻ സെക്ടർ + വനിതാക്ഷേമം (Scp)
(5) കെട്ടിടനിർമ്മാണം – ജനറൽ സെക്ടർ

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ നമ്മുടെ പഞ്ചായത്തിൽ 3371 പേരാണ്. ഇവരിൽ SC 649 പേരും മറ്റുള്ളവർ 2722 പേരും ആണ്.

നമ്മുടെ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ

**ദരിദ്രരേഖയ്ക്ക് താഴെയുള്ളവർ**

| ക്ര: നം: | സ്ഥലം | SC/ST | മറ്റുള്ളവർ |
|---|---|---|---|
| 1. | തേമ്പാമുട്ടം | 115 | 275 |
| 2. | റസ്സൽപുരം | 116 | 275 |
| 3. | പുന്നയ്ക്കാട് | 115 | 275 |
| 4. | ബാലരാമപുരം ഠൗൺ | 15 | 170 |
| 5. | തലയൽ | 35 | 270 |
| 6. | മണലി | 8 | 92 |
| 7. | ഐത്തിയൂർ | 39 | 356 |
| 8. | ഓഫീസ് വാർഡ് | 15 | 110 |
| 9. | തോപ്പിൽ | 1 | 139 |
| 10 | അന്തിയൂർ | 33 | 212 |
| 11. | നെല്ലിവിള | 24 | 286 |
| 12 | കോട്ടുകാൽക്കോണം | 33 | 262 |
| | ആകെ | 649 | 2722 |

## സാമൂഹ്യക്ഷേമം – പ്രശ്നങ്ങൾ

1. നിലവിലുള്ള സാമൂഹ്യക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

2. നിലവിലുള്ള അംഗൻവാടികൾ പരിഷ്കരിക്കണം.

3. കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ, കളിസ്ഥലങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ലാത്ത സ്ഥിതിയിലാണ്.

4. അംഗൻവാടികളിൽ തയ്യൽ പരിശീലനങ്ങൾ നടത്തേണ്ടതുണ്ട്.

5. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള നേഴ്സറിസ്കൂളുകളുടെ പ്രവർത്തനം തൃപ്തികരമല്ല,

6. അംഗൻവാടികളിലും മറ്റ് സാമൂഹ്യക്ഷേമസ്ഥാപനങ്ങളിലെ നേഴ്സറി സ്ക്കൂളികളിലെ കുട്ടികൾക്ക് പോഷകാഹാരങ്ങളും മരുന്നുകളും വിതരണം ചെയ്യേണ്ടതാണ്.

7. അംഗൻവാടികളിലും നേഴ്സറിസ്ക്കൂളുകളിലും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. ഓലമേഞ്ഞ വീടികളിൽ കഴിയുന്നവരുടെ അടിസ്ഥാനസൗക്ര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

9. അർഹതപ്പെട്ടവർക്ക് പെൻഷൻ കിട്ടുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്.

10. വികലാംഗർക്കായി ക്ഷേമപ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.

11. അഗതിപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ തുടങ്ങിയവ യഥാസമയം ലഭിക്കുന്നില്ല.

14. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഒന്നും തന്നെയില്ല.

15. പകർച്ചവ്യാധികൾ കൂടിതലുള്ള നെല്ലിവിള R.C. തെരുവ് തുടങ്ങിയ പ്രദേശങ്ങളിൽ മാസം തോറും ഡോക്ടറുടെ സന്ദർശനം ഉറപ്പുവരുത്തേണ്ടതുണ്ട്

*നിർദ്ദേശങ്ങൾ*

1. ഈ പഞ്ചായത്തിൽ സ്വന്തമായി കെട്ടിടമി ല്ലാത്ത 5 അംഗൻവാടികൾക്ക് കുട്ടികൾക്ക് എത്താൻ സൗകര്യമുള്ള സ്ഥലങ്ങളിൽ സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിനുള്ള സംവി ധാനം ഉണ്ടാക്കുക.

2. നിലവിലുള്ള 16 അംഗൻവാടികളിലെയും വെൽഫെയർ കമ്മിറ്റി പുനസംഘടിപ്പിക്കുക.

3. വാർഡ്മെമ്പർമാർ വെൽഫെയർ കമ്മിറ്റി മുഖേന അംഗൻവാടിയുടെ പ്രവർത്തനം അവ ലോകനം നടത്തി മാസത്തിലൊരിക്കൽ അംഗൻവാടി പ്രവർത്തകരുടെ മീറ്റിംഗിൽ പ്രശ്ന ങ്ങൾ അവതരിപ്പിക്കുക.

4. നിലവിലുള്ള എല്ലാ അംഗൻവാടികളിലും മഹി ളാസമാജം പ്രവർത്തനം നിർബന്ധമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
മഹിളാ സമാജം പ്രസിഡന്റിന് 50 രൂപ ഓണ റ്റേറിയം നൽകി പ്രവർത്തനം പ്രോത്സാഹിപ്പി ക്കുക.

5. മഹിളാസമാജഅംഗങ്ങളിൽ തൊഴിൽരഹിത രായവർക്ക് തൊഴിൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

6. അംഗൻവാടി ഏര്യയിലെ കൗമാരപ്രായക്കാ രായ കുട്ടികൾക്ക് (11–18 വരെ) ആരോഗ്യകു ടുംബ വിദ്യാഭ്യാസ പരിശീലനം ഏർപ്പെടു ത്തുക.

7. അംഗൻവാടി ഏര്യയിലെ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് ക്രഷ് സൗകര്യം ഏർപ്പെടുത്തുക.

8. പോഷകാഹാരം അംഗൻവാടികളിൽ വന്ന് കഴിയ്ക്കാൻ സാധിക്കാത്ത ഉൾപ്രദേശങ്ങളിലെ ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും 5 വയസ്സിനുതാഴെയുള്ള കുട്ടികൾക്കും പോഷകാ ഹാരം ലഭിക്കുന്നതിനുവേണ്ടി മിനിഅംഗൻവാടി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരി ക്കുക.

9. നിലവിൽ പ്രവർത്തിക്കുന്ന അംഗൻവാടിക ളിൽ സ്ക്കൂൾകുട്ടികളുടെ എണ്ണം കുറവുള്ള അംഗൻവാടികളെ കുട്ടികൾ കൂടുതൽ ഉള്ള പ്രദേശത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുക.

10. അംഗൻവാടി പ്രവർത്തകരുടെ സേവനം മെച്ച പ്പെടുത്തുന്നതിനായി ഏറ്റവും നല്ല അംഗൻവാടി പ്രവർകർക്ക് പ്രോത്സാഹനസമ്മാനങ്ങൾ ഏർപ്പെടുത്തുക.

11. അംഗൻവാടി വർക്കർമാരുടെയും, ഹെൽപ്പർ മാരുടെയും വേതനം വർദ്ധിപ്പിക്കുക.

12. അംഗൻവാടികളിൽ കളികോപ്പുകളും പഠനോ പകരണങ്ങളും പൊതുജനപങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കുക.

13. പ്രീസ്ക്കൂൾ നിലവാരം മെച്ചപ്പെടുത്തുന്നതി നായി അംഗൻവാടികളിൽ കളികോപ്പുകളും പഠ നോപകരണങ്ങളും പഞ്ചായത്തിന്റെയും പൊതു ജനപങ്കാളിത്തത്തോടുകൂടി ലഭ്യമാക്കുക.

14. സാമൂഹ്യക്ഷേമപദ്ധതികളെക്കുറിച്ച് ബോധ വൽക്കരണം തംഘടിപ്പിക്കേണ്ടതാണ്.

15. അംഗൻവാടികളിൽ മാസത്തിലോരിക്കൽ മാതൃസംഗമം സംഘടിപ്പിക്കേണ്ടതാണ്.

16. പഞ്ചായത്തിൽ ജനകീയപങ്കാളിത്തത്തോടു കൂടിയുള്ള ശുചീകരണപ്രവർത്തനങ്ങൾ സംഘ ടിപ്പിക്കുക.

17. പഞ്ചായത്ത് കേന്ദ്രമാക്കി അശരണർക്കായി ഒരു ഷെൽറ്റർ നിർമ്മിച്ചുകൊടുക്കുക.

## ക്ഷേമപെൻഷനുകൾ

നമ്മുടെ പഞ്ചായത്തിൽ വിവിധ സ്ക്കീമുകളിലായി 265 പേർ ക്ഷേമപെൻഷനു കൾ വാങ്ങുന്നു. വിവിധസ്ക്കീമുകളിലൂടെ ക്ഷേമ

പെൻഷനുകൾ വാങ്ങുന്നവരുടെ കണക്ക് (പട്ടിക-1) ൽ കൊടുത്തിട്ടുണ്ട്.

ക്ഷേമപെൻഷനുകൾ വാങ്ങുവാൻ യോഗ്യതയുള്ള ധാരാളം വ്യക്തികൾ ഈ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. അശാസ്ത്രീയമായ നിയമവ്യവസ്ഥകളാണ് പെൻഷൻ കുട്ടുവാനുള്ള സാങ്കേതിക തടസ്സങ്ങൾ. പഞ്ചായത്ത് അടിസ്ഥാനത്തിൽ വെരിഫിക്കേഷൻ നടത്തി സമൂഹത്തിലെ അശരണരായ ജനവിഭാഗൾക്ക് പെൻഷൻ ആനുകൂല്യം നേടികോടുക്കേണ്ടതാണ്. അതിലേക്ക് വേണ്ടിയുള്ള സന്നദ്ധപ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ എല്ലാ മേഖലയിലും കാണേണ്ടതാണ്.

| സ്ക്കീം | | എണ്ണം |
|---|---|---|
| അഗതി പെൻഷൻ | – | 75 |
| വിധവാ പെൻഷൻ | – | 72 |
| വികലാംഗ പെൻഷൻ | – | 23 |
| കാനസർരേഗികളുടെ പെൻഷൻ | – | 12 |
| വാർദ്ധക്യം | – | 46 |
| ക്ഷയരോഗം | – | 13 |
| കുഷ്ഠരോഗം | – | 4 |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## ICDS -ൽ നിന്നും ശേഖരിച്ച വിവരം

| | |
|---|---|
| 1. a) പഞ്ചായത്തിലെ ആകെ ജനസംഖ്യ | : 35343 |
| b) പുരുഷൻമാർ | : 17100 |
| c) സ്ത്രീകൾ | : 18243 |
| 2. a) പട്ടികജാതി ജനസംഖ്യ | : 4804 |
| b) പട്ടിക വർഗ്ഗ ജനസംഖ്യ | : ഇല്ല |
| 3. അംഗൻവാടികളുടെ എണ്ണം | : 16 |
| 4. a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | : 440 |
| b) 1–2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : 410 |
| c) 2–1 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : 450 |
| d) 3–5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : 823 |
| 5.a) വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | : 207 |
| b) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : |
| 6. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) | : 210 |
| 7. a) കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | : 440 |
| b) ചാപിള്ള ജനനങ്ങൾ | : ഇല്ല |
| 8. a) ഒരു വയസ്സിന് താഴെ പ്രായത്തിൽ | : (95–96) |
| മരിച്ച കുട്ടികളുടെ എണ്ണം | : ഇല്ല |
| b) 10 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | : ഇല്ല |
| c) 3–6 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം | : ഇല്ല |
| 9. a) ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | : ഇല്ല |
| b) മറ്റു മരണങ്ങളുടെ എണ്ണം | : 40 |
| 10. a) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : ഇല്ല |
| b) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : 815 |
| c) അനുരൂപക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : 82 |

അവലംബം ICDS

5-(4)

# സംസ്കാരം

ലോകത്തിലെ പ്രഗത്ഭനായ ജനാധിപത്യവാദിയും സോഷ്യലിസ്റ്റ് ചിന്തകനും ഗണിതശാസ്ത്രപ്രതിഭയും , താത്വികനും ആദർശവാദിയും ആണവ വിരോധിയും നോബൽ സമ്മാനജേതാവുമായ ബർട്ടാൺഡ് റസ്സൽ അഭിപ്രായപ്പെട്ടു. "മനസ്സിന്റെ വികാസമാണ് സംസ്കാരം". ഒരു രാജ്യത്ത് കൂടുതൽ ബസുകൾ ഓടിയാൽ, ധാരാളം ഫാക്ടറികൾ ഉണ്ടായാൽ, യന്ത്രവത്കരണം അതിവേഗതയിലായാൽ, ധാരാളം മണിസൗധങ്ങൾ ഉയർന്നാൽ, അത് സംസ്കാരത്തിന്റെ കൂട്ടിച്ചേർക്കലുകളാണ്. ചിന്തകന്മാരുടെയും പണ്ഡിതൻമാരുടേയും സങ്കൽപ്പങ്ങൾക്കും ചിന്തകൾക്കും അപ്പുറം ആഴമേറിയതാണ് ഒരു നാടിന്റെ സംസ്കാരം. പ്രപഞ്ചോൽപ്പത്തിക്ക് ശേഷം ഇവിടെ ജനിച്ചു വളർന്നുജീവിച്ചു മരിച്ച മുഴുവൻ ചരാചരങ്ങളുടെയും ഉദാത്തമായ ജീവിത രീതിയും, അവരുടെ അളവറ്റ സംഭാവനകളും, ഉൽകൃഷ്ടമായ ഭാവനകളിൽ ഉദയം ചെയ്ത അനശ്വരമായ കലാസൃഷ്ടികളും കാലദേശങ്ങൾക്കപ്പുറം പ്രശോഭിതമായ ആദർശത്തിന്റെ മരതകങ്ങളും കാലചക്രത്തിന്റെ ഗതിവിഗതികൾക്കിടയിൽപ്പെട്ട് മണ്ണിനോട് അലിഞ്ഞുചേർന്ന അമൂല്യ വ്യക്തി പ്രഭകളും, മത-ജാതി-ഭാഷാ-വേഷ-ഗോത്ര നിരകൾ സൃഷ്ടിച്ച പവിത്രവും പരിപാവനവുമായ ആചാരാനുഷ്ടാനങ്ങളും, ആരാധനാ ക്രമങ്ങളും രാഷ്ട്രീയ നേതൃത്വം രചിച്ച ഭരണേതിഹാസങ്ങളും സംസ്കരിച്ചെടുക്കുമ്പോൾ ലഭിക്കുന്നതാണ് സംസ്കാരം.

സംസ്കാരത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾ വിപുലമാക്കുമ്പോൾ കലയും സാഹിത്യവും മാത്രമല്ല സംസ്കാരം, മാനസിക സംസ്കാരവും ഭൗതിക സംസ്കാരവും ഇതിന്റെ വകഭേദങ്ങളാണ്. നൂറ്റാണ്ടുകളായി മനസ്സുകളിൽ അന്തർലീനമായിരിക്കുന്ന വിശ്വാസങ്ങളും മൂല്യബോധവും മിഥ്യാബോധവും മാനസിക സംസ്കാരത്തിന്റെ ഭാഗമാകുമ്പോൾ ആചാരങ്ങളും അനാചാരങ്ങളും ഭൗതികസംസ്കാരപ്പട്ടികയിൽപ്പെടുന്നു. ജാതിമതചിന്തകളും സംസ്കാരസൃഷ്ടിയുടെ ഭാഗമാണ്. സ്വാതന്ത്ര്യത്തിനു മുമ്പും അതിന്ശേഷവും നമ്മുടെ ഭാരതസംസ്കാരസൃഷ്ടിയിൽ ജാതിവ്യസ്ഥയ്ക്ക് നിർണ്ണായകസ്വാധീനമുണ്ടായിരുന്നു. നമ്മുടെ ഗ്രാമത്തിന്റെ സാസ്കാരിക ചരിത്രശ്രേണിയിലും ജാതിവ്യവസ്ഥസ്വാധീനിച്ചിരുന്നു. എല്ലാജാതികളും മതങ്ങളും നമ്മുടെ ഗ്രാമത്തിൽ ഇല്ലാതിരുന്നെങ്കിലും പ്രധാനജാതികൾ എല്ലാം നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു. ബ്രാഹ്മണർ, നായർ, ഈഴവർ, നാടാർ, മുസ്ലീംങ്ങൾ ഹരിജനങ്ങൾ ചേരൻമാർ,വിശ്വകർമ്മൻ, ഗണകർ, ആശാരിമാർ. മുക്കുവർ,മണ്ണാർ തുടങ്ങിയ വിവിധ ജാതികൾ നമ്മുടെ ഗ്രാമത്തിലെ സാമൂഹിക സാംസ്കാരിക ശൃംഖലയിലെ കണ്ണികളാണ്. ജാതികൾക്കൊപ്പം വിവിധ മതവിഭാഗങ്ങളും ഇവിടെ താമസിക്കുന്നുണ്ട്. ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം, എന്നീ മതവിഭാഗങ്ങളാണ് ഇവിടുത്തെ സാസ്കാരസൃഷ്ടിയിൽ സ്വാധീനം ചെലുത്തുന്നത്.

നാനാത്വത്തിൽ ഏകത്വം എന്ന അടിസ്ഥാനമൂല്യത്തിൽ അധിഷ്ഠിതമാണ് നമ്മുടെ മതേതതര സങ്കൽപ്പം. ആയിരം ജാതികളും ഉപജാതികളും നൂറുകണക്കിന് മതങ്ങളും ആരാധനാക്രമങ്ങളും ഇവിടെ ഇപ്പോഴും നിലനിൽക്കുന്നു. ഇത്രയും വൈവിധ്യതയുള്ള ഒരുസംസ്കാരം ഒരുപക്ഷേ ലോകചരിത്രത്തിൽ അന്യമാണ്. ഒരു വർണ്ണമാലയിലെ വിവിധപുഷ്പങ്ങളെപ്പോലെയാണ് നമ്മുടെ നാടിന്റെ മതസൗഹാർദ്ദം. മതസൗഹാർദ്ദത്തിന്റെ വിളനിലമാണ് നമ്മുടെ ഗ്രാമം.

ഏതൊരു ദേശത്തിന്റെയും സാംസ്കാരികചരിത്രം രചിക്കുമ്പോൾ അവിടങ്ങളിലെ ആരാധനാലയങ്ങളെക്കുറിച്ച് പ്രതിപാദിക്കപ്പെടണമല്ലോ അതിപുരാതനമായ ഹൈന്ദവ ക്ഷേത്രങ്ങൾ കൊണ്ടും വർഷങ്ങളുടെ പഴമ അർഹിക്കുന്ന ക്രിസ്ത്യൻ ദേവാലയങ്ങൾ

കൊണ്ടും മുസ്ലീംമതആരാധനാലയങ്ങൾ (മസ്ജിദ്) കൊണ്ടും പവിത്രവും, ധന്യവുമാണ് നമ്മുടെ ഗ്രാമം. രാജ്യത്തുടനീളം വർഗ്ഗീയകോമരങ്ങൾ താണ്ഡവനൃത്തം ചെയ്തപ്പോഴും കേരളത്തിലുടനീളം വർഗ്ഗീയവിഘടനവാദികൾ മതഭ്രാന്തുറഞ്ഞ് തുള്ളിയപ്പോഴും മതസൗഹാർദ്ദത്തിന്റെമതിൽകെട്ടുകൾക്കുള്ളിൽ നിന്ന് രാജ്യചിത്രം വീക്ഷിക്കുകമാത്രമായിരുന്നു നമ്മുടെഗ്രാമീണർ ചെയ്തത്. നമ്മുടെ ഗ്രാമത്തിന്റെ ആരാധനാലയങ്ങളിലേക്ക് ഒന്നിറങ്ങിച്ചെല്ലാം.

വേദങ്ങളും ഇതിഹാസങ്ങളും., പുരാണങ്ങളും ശാസ്ത്രങ്ങളുമെല്ലാം ജന്മമെടുത്തപവിത്രവും പൗരാണികവുമായ ഭാരതഭൂമിസനാതനധർമ്മത്തിന്റെ വിളഭൂമിയാണ്. ഈ ഭാരതഭൂമിയിൽ അവതാരമെടുത്ത പാവനചരിതന്മാരായ ആധ്യാത്മികാചാര്യൻമാർ നമുക്ക് അനർഘമായ ആധ്യാത്മികജ്ഞാനം നേടാനുള്ള വഴികാട്ടിത്തന്നു. സത്യധർമ്മാദികളിലടിയുറച്ചുനിന്നുകൊണ്ട് ഭക്തിസാധനകളിലൂടെ മുക്തിപ്രാപിക്കാൻ അവർ മാർഗ്ഗദർശികളായി. "ലോകാസമസ്താസുഖിനോഭവന്തു" ഈപ്രാർത്ഥനസഫലമായിത്തീരുവാൻ പ്രയത്നിച്ച ഋഷിശ്വരൻമാർ നേടിവച്ചആധ്യാത്മികശക്തി ഇന്നും നമ്മുടെ ഗ്രാമത്തിൽ പ്രസരിച്ചുകൊണ്ടേയിരിക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ കേന്ദ്രബിന്ദുവായ ബാലരാമപുരത്തുനിന്നും കാട്ടാക്കട റോഡിൽ രണ്ടു കിലോമീറ്റർ അകലെ റോഡിനു പടിഞ്ഞാറുഭാഗത്തായി ഉന്നതമായ എരുത്താവൂർമല സ്ഥിതിചെയ്യുന്നു. പൗരാണികകാലത്തുതന്നെ സന്യാസിമാരും ഋഷീശ്വരന്മാരും ഇവിടെ തങ്ങിതപസനുഷ്ഠിച്ചിരുന്നുതായും അഗസ്ത്യമുനിഈ മലയിൽ തങ്ങിതപസ്സ് ചെയ്തതായും ചരിത്രരേഖാപഠനങ്ങൾ തെളിയിക്കുന്നു. നമ്മുടെ ഗ്രാമത്തിന് ധന്യതപകരുന്ന ഈ മലമുകളിൽ പൗർണ്ണമി ദിവസം പടിഞ്ഞാറ് സൂര്യസ്തമനവും കിഴക്ക് ചന്ദ്രോദയവും ഒരേസമയത്ത് കാണാൻ കഴുയുമെന്നുള്ളത് ഇവിടത്തെ പ്രധാനസവിശേഷതയാണ്. ഭീമന്റെ പാദസ്പർശനമേറ്റപാറയും ഇവിടെ ദൃശ്യമാണ്. ഐശ്വര്യത്തിന്റേയും ശക്തിയുടെയും ജ്ഞാനത്തിന്റേയും പ്രതിരൂപമാണ് ശ്രീസുബ്രഹ്മണ്യൻ. അസുരന്മാരെക്കൊന്ന് ദേവന്മാരെ രക്ഷിച്ച ഷൺമുഖനാണ് മുരുകൻ. ഇവിടത്തെ ക്ഷേത്രോൽപ്പത്തിയെക്കുറിച്ച്പലകഥകളും നിലനില്ക്കുന്നുണ്ട്.

പണ്ടുകാലത്ത് മലമുകളിൽ കാലികളെ മേയ്ക്കാനും കാട്ടിൽ വിറകൊടിക്കാനും മാത്രമേ ആരെങ്കിലും പോകുമായിരുന്നുള്ളൂ. ധാരാളം കണിക്കൊന്നമരങ്ങൾ ഇവിടെ പൂത്തുലഞ്ഞുനിന്നിരുന്നു. ദുർഘടമായ കയറ്റവും പാറക്കെട്ടുകളും നിറഞ്ഞിരുന്നതിനാൽ മലയിലേക്ക് പോകാൻ ജനങ്ങൾഭയപ്പെട്ടിരുന്നു. ഒരിക്കൽ വിറകുവെട്ടാൻ പോയ ഒരു യുവാവ് ഒരു ഉണങ്ങിയകണിക്കൊന്നമരം വെട്ടിവീഴ്ത്താനുള്ള ശ്രമം ആരംഭിച്ചു. വെട്ടുകൊണ്ടഭാഗത്തുനിന്നും രക്തം പ്രവഹിക്കുന്നതുകണ്ട് ആ യുവാവ് ബോധരഹിതനായി വീണു. അല്പം കഴിഞ്ഞപ്പോൾ തേജസ്വിയായ ഒരു ബാലൻ തന്റെ സമീപത്ത് നില്ക്കുന്നതായി സ്വപ്നം കാണുകയും കണ്ണ്തുറന്നപ്പോൾ ശരീരമാസകലം ഭസ്മം പൂശിയ ഒരു ബാലൻ അടുത്തുനില്ക്കുന്നതായി കാണുകയും പൂർണ്ണമായും ബോധം വീണുകഴിഞ്ഞപ്പോൾ അവിടെ ആരെയും കാണാൻ കഴിഞ്ഞില്ല. മരംവെട്ടുപേക്ഷിച്ച് ആ യുവാവ് മലയിറങ്ങിഓടുകയും വഴിയിൽ കണ്ടവരോട് തനിക്കുണ്ടായ അനുഭവം അയാൾ പറയുകയും കാട്ടിൽ ഇങ്ങനെയൊരു ബാലനുണ്ടെങ്കിൽ കണ്ടുപിടിക്കണമെന്ന് നാട്ടുകാർ തീരുമാനിക്കുകയും അന്വേഷണത്തിൽ കണിക്കൊന്നമരത്തിൽ വെട്ടുകൊണ്ടഭാഗത്ത് രക്തം ഉണങ്ങിയിരിക്കുന്നതായും അവർ കണ്ടു. എല്ലാപേരും കുന്നിറങ്ങിപ്പോൾ മുരുകഭക്തനായ ഒരു വൃദ്ധൻ ക്ഷീണംകൊണ്ടു മയങ്ങുകയും കണ്ണു തുറന്നപ്പോൾ സമീപത്ത് ആരേയും ദർശിക്കാൻ കഴിഞ്ഞില്ല. വൃദ്ധന് തനിച്ച് മലയിറങ്ങാൻ പ്രയാസമാവുകയും മുരുകനെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ കാലികളുടെ ഒച്ച കേൾക്കുകയും തൽക്ഷണം തേജസ്വിയായ ഒരു ബാലൻ ശരീരമാസകലം ഭസ്മം പുശി കാലികളെയും തെളിച്ചുകൊണ്ട് അവിടെ പ്രത്യക്ഷപ്പെടുകയും തന്നെയൊന്ന് മലയിറങ്ങാൻ സഹായിക്കണമെന്ന് വൃദ്ധൻ അപേക്ഷിക്കുകയും ചെയ്തു. കാലികളെ എരുത്തിലിൽ കെട്ടിയിട്ടുവരാമെന്ന് പറ

ഞ്ഞുകൊണ്ട് ആബാലൻ പോയികുറെക്കഴിഞ്ഞ് മടങ്ങിവന്ന് വൃദ്ധനെ മലയിറക്കിവിട്ടിട്ട് അപ്രത്യക്ഷനാകുകയും ചെയ്തു. അവിടെ എരുത്തിലോ, വീടുകളോ ഒന്നും കണ്ടതുമില്ല. കണിക്കൊന്നമരത്തിലെ രക്തം, തേജസ്വിയായബാലൻ, ആനകളുടെ സാന്നിദ്ധ്യംഇതെല്ലാം ഗണപതിയോ, മുരുകനോകുന്നിൽ സാന്നിദ്ധ്യം വഹിക്കുന്നതായി സംശയിക്കുന്നു. ഏതായാലും ദൈവജ്ഞന്മാരെ വിളിച്ചു പ്രശ്നം വയ്പിച്ചു.

കണിക്കൊന്നമരം നിന്നസ്ഥലത്ത് ബാല സുബ്രഹ്മണ്യന്റെ സാന്നിദ്ധ്യം ഉണ്ടെന്നും ജ്യേഷ്ഠനായ ഗണപതി ഒപ്പമുണ്ടെന്നും പ്രശ്നത്തിൽ തെളിഞ്ഞു. അങ്ങനെ എരുത്താവൂർ കുന്നിൻ മുകളിൽ ബാലസുബ്രഹ്മണ്യക്ഷേത്രം പണികഴിപ്പിക്കുന്നതിന് നാട്ടുകാർ തീരുമാനിക്കുകയും ക്ഷേത്രപ്പണിക്കായി ഭൂമികുഴിച്ചപ്പോൾ ബാലസുബ്രഹ്മണ്യന്റെ ഒരു വിഗ്രഹം കിട്ടുകയും ചെയ്തു. അഗസ്ത്യമുനി പൂജിച്ചിരുന്ന വിഗ്രഹമാണിതെന്ന് ഐതീഹ്യം.

അഗസ്ത്യമുനിയെ ക്ഷേത്രവുമായി ബന്ധിപ്പിക്കുന്ന മറ്റൊരു ഐതീഹ്യം കൂടിയുണ്ട്. വേളിമലയിൽ വള്ളിപരിണയത്തിനായി സുബ്രഹ്മണ്യൻ ഗണപതിയെയും കൂട്ടിയാത്രയായി. വഴിയാത്രയ്ക്കിടയിൽ മയിൽ വാഹനൻ എരുത്താവൂർ മലയിൽ വിശ്രമിച്ചു. സുബ്രഹ്മണ്യൻ വേടന്റെരൂപത്തിൽ എരുത്താവൂർ കുന്നിൽ വസിക്കുന്ന വിവരമറിഞ്ഞു അഗസ്ത്യമുനിതന്റെ ഗുരുവിനെ ദർശിക്കാൻ പുറപ്പെട്ടു. ഈവിവരം ജ്യേഷ്ഠനെ അറിയിക്കാൻ ഗണപതി ആനയുടെ വേഷത്തിൽ ഓടിയെത്തി. മുരുകൻ മുനിയെ അങ്ങോട്ടുപോയി ദർശിക്കാമെന്നുറച്ചു യാത്രയായി. രണ്ടുപേരും മാർഗ്ഗത്തിൽ വച്ചുകണ്ടുമുട്ടി. പരസ്പരം ആശീർവദിച്ചു. ഈ ചടങ്ങിനെ ഓർമ്മിപ്പിക്കുന്നതായിരുന്നു ക്ഷേത്രത്തിൽ നടന്നുവന്നിരുന്ന ഉത്സവച്ചടങ്ങുകൾ. വേളിമലയിലെ തൃക്കല്യാണത്തോടുപ്പിച്ചാണ് എരുത്താവൂർ ഉത്സവം. ഇതാണ് ക്ഷേത്രോൽപ്പത്തിയെക്കുറിച്ചുള്ള ഐതീഹ്യം.

മഹാമുനിമാരുടേയും ഋഷിശൃംഗൻമാരുടേയും പാദസ്പർശമേറ്റ് അനുഗൃഹീതവും പരിപാവനവുമാണ് നമ്മുടെ ഗ്രാമം. നമ്മുടെ ഗ്രാമത്തിലെ തലയൽ ഭരദ്വാജഋഷിശ്വരശിവക്ഷേത്രത്തിന് ത്രേതായുഗത്തോളം പഴക്കമുണ്ട്. ത്രേതായുഗത്തിൽ ഭരദ്വാജമഹാമുനി തപസ്സ് ഇവിടെ അനുഷ്ഠിച്ചിരുന്നതായും ഭരദ്വാജമുനിയെ ശ്രീരാമൻ സന്ദർശിച്ച് അനുഗ്രഹം വാങ്ങിയതായും എഴുത്തച്ഛന്റെ ആദ്ധ്യാത്മിക രാമായണത്തിൽ പറയുന്നു. അങ്ങനെ ഭരദ്വാജദ്വാജ മഹാമുനി സമാധിയായസ്ഥലം ഇവിടെ തലയൽ ഭരദ്വാജ ഋഷീശ്വരശിവക്ഷേത്രമായി. നമ്മുടെ ഗ്രാമത്തിലെ ദേശീയതയുടേയും മതസൗഹാർദ്ദത്തിന്റേയും പ്രശസ്തി വിളംബരം ചെയ്യുന്ന വിധത്തിലുള്ളതാണ് ഇവിടെത്തെ ഉത്സവം. ആറാട്ടോടുകൂടി സമാപിക്കുന്ന ഇവിടെത്തെ മഹാശിവരാത്രി മഹോത്സവം ദീപാലങ്കാരം കൊണ്ടും സമൂഹസദ്യകൊണ്ടും ശ്രദ്ധേയമാണ്.

നമ്മുടെ ഗ്രാമത്തിന്റെ സംസ്കാരത്തിന് പ്രാചീനകാലത്തോളം പഴക്കമുണ്ടെന്നതിന് തെളിവാണ് പുരാതനമായ പുള്ളിയിൽ ഭഗവതിക്ഷേത്രം. തിരുവിതാംകൂർ മഹാരാജാവ് ഉരിക്കുറനിലവും ആയിരപ്പറനിലവും ഇരുകരപുരയിടവും പുള്ളിയിൽ തറവാട്ടുകാർക്ക് പതിച്ചുകൊടുത്ത് താമസിപ്പിച്ചതായും അവരുടെ പരദേവതയായ ഭഗവതിയെ ഇവിടെ കുടിയിരുത്തുകയും അങ്ങനെ പുള്ളിയിൽ ഭഗവതിക്ഷേത്രം ഉണ്ടായതായും ചരിത്രപഠനം തെളിയിക്കുന്നു. ഏകദേശം അറുന്നൂറു വർഷങ്ങളുടെ പഴക്കമുള്ള ഈ ക്ഷേത്രത്തിൽ മീനമാസത്തിലെ ഭരണിനാളിലാണ് ഉത്സവം. നാനാജാതി മതസ്ഥർ ജാതിസ്പർധമറന്നുകൊണ്ടു ഒത്തുചേരുന്ന മഹനീയ സംഗമമാണ് ഇവിടത്തെ ഉത്സവം.

ഏകദേശം മുന്നൂറ് വർഷങ്ങളുടെ പഴക്കമുള്ള തലയൽ മാളോട്ടുശ്രീ ഭദ്രകാളിക്ഷേത്രം നമ്മുടെ ഗ്രാമത്തിന്റെ സംസ്കാരത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും മണിവിളക്കാണ്. മീനമാസത്തിൽ നടക്കുന്ന ഇവിടത്തെ ഉത്സവം പ്രാചീനകലാരൂപങ്ങൾ കൊണ്ട് ശ്രദ്ധേയമാണ്. ഭദ്രകാളിപ്പാട്ട്, തോറ്റംപാട്ട്, വിളക്കെഴുന്നെള്ളിപ്പ്, ഹാലസ്യപാരായണം, തിരുമുടി എഴുന്നെള്ളിപ്പ് ഇവയെല്ലാം കേരളത്തനിമയെ വിളിച്ചോതുന്നതുകൊണ്ട് ഇവിടത്തെ മഹോത്സവം കേരളസംസ്കാരത്തിന്റെ തനിയാവർത്തനമാണെന്ന്

നമുക്ക് വിശേഷിപ്പിക്കാം.

നമ്മുടെഗ്രാമസംസ്കാര സൃഷ്ടിയിലെ മറ്റൊരു പൊൻതൂവലാണ് ശാലിഗോത്രത്തെരുവിലെ പ്രസിദ്ധമായ അഗസ്ത്യർ സ്വാമിക്ഷേത്രം. കേരളത്തിലെ ഒരേയൊരു അഗസ്ത്യർ സ്വാമി ക്ഷേത്രമായ ഇതിന് നൂറ്റാണ്ടുകളുടെ പാരമ്പര്യം ഉള്ളതായി പറയപ്പെടുന്നു. എരുത്താവൂർ ബാല സുബ്രഹ്മണ്യക്ഷേത്രവും ഈ ക്ഷേത്രവുമായി വളരെയധികം ബന്ധമുള്ളതായി ഇവിടെത്തെ ഉത്സവങ്ങളോടനുബന്ധിച്ച് നടക്കുന്ന ഘോഷ യാത്രയും തിരുവാഭരണഎഴുന്നെള്ളിപ്പും കാവ ടിയാട്ടവും തെളിയിക്കുന്നു. നേരത്തെ പ്രതിപാ ദിച്ചതുപോലെ മതസൗഹാർദ്ദത്തിന്റെ മകുടോ ദാഹരണമാണ് ഇവിടത്തെ ഉത്സവവും. അഗ സ്ത്യമുനിക്ഷേത്രത്തിന് സമീപത്തായി നൂറ്റാ ണ്ടുകളുടെ പഴക്കമുള്ള വിഘ്നേശ്വരാലയം ഗണപതിക്ഷേത്രവും മുത്താരമ്മൻകോവിലും സ്ഥിതിചെയ്യുന്നു. ഒരു വിഭാഗത്തിലെ ഭിന്നമായ ആരാധനാക്രമങ്ങളിലേയ്ക്കും മൂർത്തീവിശ്വാസ ങ്ങളിലേയ്ക്കും ഇത് വിരൽ ചൂണ്ടുന്നു.

നമ്മുടെ ഗ്രാമീണസംസ്കാരത്തിന് ചാരുത പകരുന്ന വി[illegible]ലാണ് ഇവിടെത്തെ ക്ഷേത്രങ്ങളും പള്ളികളും സ്ഥിതിചെയ്യുന്നത്. നെല്ലിവിള ശ്രീകൃഷ്ണസ്വാമിക്ഷേത്രം അഴു പ്പിൽ ശ്രീഭദ്രകാളിക്ഷേത്രം, കോട്ടുകാൽകോണം മുത്താരമ്മൻകോവിൽ ഐത്തിയൂർ ശ്രീമഹാവി ഷ്ണുക്ഷേത്രം, അകരത്തുനടസുബ്രഹ്മണ്യ ക്ഷേത്രം(ബ്രഹ്മണരുടെ ഇലങ്കം). പരുത്തിമഠം ചാമുണ്ഡീശ്വരക്ഷേത്രം കാവിൻപുറം മഹാദേ വർക്ഷേത്രം, വണിഗർത്തെരുവിലെ മുത്താര മ്മൻകോവിൽ എന്നിവ നമ്മുടെ ഗ്രാമത്തിലെ സംസ്കാരസൃഷ്ടിയുടെ ഭാഗങ്ങളാണ് . നമ്മുടെ ഗ്രാമത്തിലെ ഒരേയൊരു ശ്രീകൃഷ്ണസ്വാമിക്ഷേ ത്രമാണ് നെല്ലിവിള ശ്രീകൃഷ്ണസ്വാമിക്ഷേത്രം.

പുത്രവിളാകം പുരയിടത്തിൽ പാറക്കെ ട്ടിന്റെ ഇടയിൽ നിന്നും കല്ലിളക്കിയപ്പോൾ ജന ങ്ങൾ ഒരു വിഗ്രഹം കണ്ടെടുത്തതായും തുടർന്ന് നായർ നാടാർ സമുദായങ്ങൾതമ്മിൽ അവകാ ശതർക്കം ഉണ്ടാകുകയും അവസാനം കോടതി വിധി ഹിന്ദുനാടാർ മഹാസഭയ്ക്ക് കൈമാറു കയും അങ്ങനെ കോട്ടുകാൽക്കോണം മുത്താ രമ്മൻകോവിൽ ഉണ്ടായതായി ചരിത്രപഠനം തെളിയിക്കുന്നു. പുരാതനമായ കാവ് വെട്ടിമാ റ്റിയപ്പോൾ ഒരു ശിവവിഗ്രഹം കണ്ടെത്തുകയും അതിനെത്തുടർന്ന് ക്ഷേത്രം പണിത് പൂജആ രംഭിക്കുകയും ചെയ്തു. ഇത് കാവിൻപുറം മഹാ ദേവർക്ഷേത്രമായി പിന്നീട് മാറുകയുണ്ടായി.

നാലുനൂറ്റാണ്ടുകളേറെ പഴക്കമുള്ള ഒരു ക്ഷേത്രമാണ് ഐത്തിയൂർ മഹാവിഷ്ണു ക്ഷേത്രം ബ്രഹ്മസുഭസ്വാമികൾ മഹാവിഷ്ണു ക്ഷേത്രത്തിന് മുകളിലായി താമസിച്ചിരുന്നതായി പറയപ്പെടുന്നു. മീനമാസത്തിലെ ഇവിടത്തെ ഉത്സവം നാനാജാതി മതവിഭാഗങ്ങളും ഒത്തു കൂടുന്ന ഒന്നാണ്. സമൂഹസദ്യഘോഷയാത്ര തുടങ്ങിയവയോടുകൂടിയ ഇവിടെത്തെഉത്സവം കേരളത്തനിമയെ വിളിച്ചറിയിക്കുന്നതാണ്.

ക്ഷേത്രങ്ങളെപ്പോലെത്തന്നെ നമ്മുടെ ഗ്രാമത്തിൽ ധാരാളം ക്രിസ്തുമതദേവാലയ ങ്ങളും സ്ഥിതിചെയ്യുന്നു. "നാനാത്വത്തിൽ ഏകത്വം" എന്ന സത്യം നമ്മുടെ ഗ്രാമത്തിന്റെ വിവധഭാഗങ്ങളിലൂടെ പ്രദക്ഷിണം ചെയ്യുമ്പോൾ കാണാവുന്ന യാഥാർത്ഥ്യമാണ്. ലോകത്തിന്റെ വെളിച്ചമായ യേശുദേവനിൽ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ആയിരക്കണക്കിന് ആളുകൾ നമ്മുടെ ഗ്രാമത്തിലുണ്ട്. ക്രൈസ്ത വദേവാലയങ്ങളിൽ പ്രഥമവും പ്രധാനവുമാണ് സെന്റ് സെബാസ്ത്യനോസ് പള്ളി. നൂറ്റാണ്ടു കളുടെ ചരിത്രം ഉറങ്ങുന്ന ഈ ദേവാലയത്തെ ക്കുറിച്ച് ഐതീഹ്യവും പഴങ്കഥകളുമുണ്ട്. നാടിന്റെ സംസ്കാരസൃഷ്ടിയിൽ പഴങ്കഥ കൾക്കും ഐതീഹ്യങ്ങൾക്കും സാരമായ പങ്കു ണ്ട്. ഒരു ദിവസം വിശുദ്ധപുണ്യാളൻ സെന്റ്സെ ബാസ്ത്യനോസ് പ്രത്യക്ഷപ്പെട്ട ഉടൻ അപ്രത്യക്ഷമായെന്നും അടുത്തദിവസം ഈ പ്രത്യക്ഷപ്പെട്ടസ്ഥലത്ത് ഒരപൂർവ്വസസ്യം കിളിർത്തതായും അതിന്റെ ഇല ഭക്ഷിച്ചാൽ രോഗം ഭേദമാകുമെന്നും പറയപ്പെടുന്നു. നൂറു കണക്കിന് രോഗികളും അബലകളും ഈപള്ളി യിൽ എത്തി പ്രാർത്ഥനനടത്തുകയും ആശ്വാ സം നേടുകയും ചെയ്യുന്നു.

സെന്റ് മേരിസ് പള്ളി, സെന്റ് സേവിയസ് പള്ളി, അസംബ്ലീസ് ഓഫ് ഗോഡ്, തോപ്പിലിലെ,

സി.എസ്.ഐ പള്ളി, മൈലാമൂട് പള്ളി നെല്ലിവിള ലൂഥറിൻ പള്ളി, കോട്ടുകാൽകോണം, സെവൻത്ഡേചർച്ച്, സി.എസ്.ഐ.പള്ളി, ആലുവിള ആർ.സി.ചർച്ച്, സി.എസ്.ഐ. ചർച്ച് വില്ലിക്കുളം പള്ളി, വണിഗർത്തെരുവ് സി.എസ്.ഐ. പള്ളി ഇവയെല്ലാം നമ്മുടെ ഗ്രാമത്തിലെ ക്രിസ്തീയ ദേവാലയങ്ങളാണ്. ഈ ദേവാലയങ്ങളിലെല്ലാം ഞായറാഴ്ചകളിൽ വിശ്വാസികൾ എത്തിച്ചേരുകയും സർവ്വവും മറന്ന് പ്രാർത്ഥനകളിൽ മുഴുകുകയും ചെയ്യുന്നു. യേശുദേവൻ ഭൂമിയിൽ ജാതനായ ദിവസം ക്രിസ്തുമസ് അത്യധികം ആഘോഷപൂർവ്വം കൊണ്ടാടുന്നു. ക്രിസ്തുമസ് സന്ദേശം വിളിച്ചുണർത്തിക്കൊണ്ട് ക്രിസ്മസ് കരോൾ, ക്രിസ്മസ് അപ്പൂപ്പൻ ഇവയെല്ലാം ആഘോഷങ്ങൾക്ക് നിറക്കൂട്ടവർദ്ധിപ്പിക്കുന്നു. അതുപോല പെസഹവ്യാഴാഴ്ചയും, ദു:ഖവെള്ളിയാഴ്ചയും ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പ് ദിവസമായ ഞായറാഴ്ചയും (ഈസ്റ്റർ) ക്രിസ്ത്യാനികൾ ഭക്തിപൂർവ്വം ആചരിക്കുന്നു.

നമ്മുടെ നാടിന്റെ സംസ്കാര സൃഷ്ടിയിൽ മുസ്ലീം മതവും മസ്ജിദുകളും പവിത്രമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ബാലരാമപുരത്തിന്റെ മതചരിത്രത്തിൽ സൗഹാർദ്ദത്തിന്റെ മണിദീപമാണ് തയ്ക്കാപ്പള്ളി. മതപ്രചരണത്തിനായി എത്തിയ മുസ്ലീംമതപ്രചാരകൻ മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കബർ അടക്കിയ സ്ഥലത്ത് പിൽക്കാലത്ത് ആൽമരം കിളിർക്കുകയും പിന്നീട് അവിടം തയ്ക്കാപ്പള്ളി ആകുകയും ചെയ്തു. ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്ന ഈ മസ്ജിത്ത് നാനാജാതി മതവിഭാഗങ്ങളുടെ ഐക്യവും മതസഹിഷ്ണതയേയും വിളിച്ചുപറയുന്നു. അനൈക്യത്തിനും അനാചാരത്തിനുമെതിരായി ദൈവികമായ കല്പനനുസരിച്ച് അന്ത്യപ്രവാചകനായ നബിതിരുമേനി സ്ഥാപിച്ച ഇസ്ലാം മതം നമ്മുടെ ഗ്രാമത്തിന്റെ അനിഷേധ്യഘടകമാണ്. അഞ്ചുവർണ്ണത്തെരുവ് മീരാസാഹിബ്മസ്ജിദ്, ബാലരാമപുരത്തിന്റെ നെറുകയിലെ മെഹ്ദീൻ പള്ളി,എരുത്താവൂർ മസ്ജിദ്, വഴിമുക്കിലെ വലിയപള്ളി, ഇവയെല്ലാം നമ്മുടെ ഗ്രാമത്തിലെ പ്രധാന മുസ്ലീം ദേവാലയങ്ങളാണ്. ദേവാലയങ്ങളോടൊപ്പംമദ്രസകളും സ്ഥിതിചെയ്യുന്നു. വെള്ളിയാഴ്ചയിലെ ജുംആ നമസ്കാരത്തിൽ ഇവിടത്തെ ആബാലവൃദ്ധം മുസ്ലീം മതവിശ്വാസികളും തങ്ങളുടെ ദേവാലയങ്ങളിൽ പോകുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. മതസൗഹാർദ്ദത്തിനും മതസഹിഷ്ണതയ്ക്കും പേരുകേട്ടതാണ് നമ്മുടെ ഗ്രാമം. ഇവിടെ ഹിന്ദുക്കളും മുസ്ലീംങ്ങളും ക്രിസ്ത്യാനികളും ഐക്യത്തോടെജീവിക്കുന്നത് നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ സംസ്കാരത്തിന്റെ മേന്മയാണ്.

ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹ്യപരിഷ്ക്കരണപ്രവർത്തനങ്ങൾ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ആചാരനുഷ്ടാനങ്ങൾ ഗ്രന്ഥശാലകൾ കലാസമിതികൾ സാഹിത്യകലാപ്രവർത്തന സംഘടനകൾ സാംസ്കാരിക സംഘടനകൾ ഇവയൊക്കെ നാടിന്റെ സംസ്കാരത്തിന്റെ പ്രവർത്തനങ്ങളുടെ അവിഭാജ്യഘടകങ്ങളാണ്.

നമ്മുടെ ഗ്രാ[illegible]ലെ സാംസ്കാരികനായകന്മാർ കേരളത്ത[illegible]പ്രസിദ്ധിനേടിയവരും അല്ലാത്തവരുമായി ഒത്തിരിയുണ്ട്. കേരളത്തിലെ ഒരു പ്രത്യേകകലാരൂപമായ വിൽപ്പാട്ട്, യുഗസന്ധ്യ എന്ന പേരിൽ ശ്രീ.തലയിൽകേശവൻ നായരും സംഘവും അവതരിപ്പിച്ചുപോകുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിലെ പട്ടണത്തിലായിരുന്നു പ്രവർത്തനകേന്ദ്രം. കേരളത്തിന്റെ തനിമയാർന്ന കലാരൂപമായ തിരുവാതിരക്കളിക്ക് നമ്മുടെ ഗ്രാമത്തിൽ പ്രസിദ്ധിയാർജിച്ച ഒരനുഗ്രഹീതകലാകാരനാണ് ശ്രീ.വാസുദേവക്കുരുക്കൾ. നാടകലോകത്ത് നമ്മുടെ ഗ്രാമം സംഭാവന ചെയ്ത അഭിനേതാവും സംവിധായകനുമാണ് ശ്രീ.തലയൽ വി.വി. എന്നറിയപ്പെടുന്ന വേലപ്പൻ നായർ. ഇദ്ദേഹം വിൽമേളയിലെയും പ്രധാനകലാകാരനാണ്. നാടകനടനും, സംഗീതജ്ഞനുമായിരുന്ന സുകുമാരനാശാൻ നമ്മുടെ ഗ്രാമത്തിന്റെ ഒരമൂല്യസംഭാവനയാണ്. പ്രാചീനകലാരൂപങ്ങളായ ഓട്ടൻതുള്ളൽ കഥകളി, കൂത്ത്, കൂടിയാട്ടം, ഘടം എന്നിവയും നമ്മുടെ ഗ്രാമത്തിലെ കലാരൂപങ്ങളാണ്. ഘടം ഒരു കലാരൂപമായി അവതരിപ്പിച്ചിരുന്നത് നേശ

മണിയാണ്. ക്ഷേത്രങ്ങളിൽ നടത്തുന്ന നാടൻ കലാരൂപങ്ങളോടൊപ്പം നമ്മുടെ ഗ്രാമത്തിൽ കളരിപ്പയറ്റ്. പോലുള്ള കായികപ്രകടനങ്ങളും നിലവിലുണ്ട്. റസ്സൽപുരം കേന്ദ്രീകരിച്ചുള്ള ബിനിതാ കളരിസംഘത്തിന്റെ തലവൻ തങ്കപ്പനാശാൻ കളരിപ്പയറ്റ് രംഗത്തെ നമ്മുടെ ഗ്രാമപഞ്ചായത്തിലെ പ്രധാനിയാണ്. കളരിപ്പയറ്റിനെ കൂടാതെ കരാട്ടെയും നമ്മുടെ ഗ്രാമത്തിലെ സംസ്കാരത്തിൽ സ്വാധീനം ചെലുത്തുന്നുണ്ട്. ഹംസിവൈദ്യൻ എന്നറിയപ്പെടുന്ന പി.കെ. രാമകൃഷ്ണവൈദ്യൻ സിദ്ധവൈദ്യരംഗത്തെ പ്രഗത്ഭനായിരുന്നു. ഇദ്ദേഹത്തിന്റെ നമ്മുടെ ഗ്രാമത്തിലെ പള്ളിവിളവീട്ടിൽ ശ്രീ നാരായണഗുരു താമസിച്ചിരുന്നു. ഇവിടെ നിന്നും അരുവിപ്പുറം ശിവരാത്രി മഹോത്സവത്തിന് പതാക കൊണ്ടു പോകുന്നു. സിദ്ധചികിത്സാരംഗത്ത് ശ്രീ രാജേന്ദ്രനാഥ് നിസ്തുലമായ സേവനം ഇന്നും നടത്തിവരുന്നു.

ശാസ്ത്രസാഹിത്യ പരിഷത്ത്, പുരോഗമന കലാസാഹിത്യ സംഘം, ഉപഭോക്തൃസമിതി തുടങ്ങിയ സാംസ്കാരിക സംഘടനകൾ നമ്മുടെ ഗ്രാമത്തിൽ ഇന്നും സജീവമായി പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരിക സംഘടനകളോടൊപ്പം സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പു മുതൽ നാളിതു വരെ നാടിന്റെ സാമൂഹിക സാംസ്കാരിക രംഗത്ത് ചരിത്രപരമായ സ്വാധീനം ചെലുത്തുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും നമ്മുടെ ഗ്രാമത്തിലുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ(മാർക്സിസ്റ്റ്) , സി.പി.ഐ., ആർ. എസ്.പി., ബി.ജെ.പി., ജനതാദൾ, മുസ്ലീം ലീഗ്, പി. ഡി. പി., കേരളാ കോൺഗ്രസ് എന്നീ രാഷ്ട്രീയ പാർട്ടികൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുകയും അവരുടെ നേതാക്കന്മാർ നമ്മുടെ ഗ്രാമത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സംസ്കാരത്തിന് നിസ്തുലമായ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ നിരവധി കലാ സാംസ്കാരിക സംഘടനകൾ പ്രവർത്തിച്ചിരുന്നു. തലയൽ കൈരളി കലാക്ഷേത്രം മോഡേൺ തീയേറ്റേഴ്സ്, സന്തോഷ് തീയേറ്റേഴ്സ് രാമപുരം, പ്രതിഭാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് തേമ്പാമുട്ടം, സോണി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, യുവജന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് തേമ്പാമുട്ടം, മലയാള കലാവേദി പരുത്തിച്ചക്കോണം എന്നിവ ഇത്തരത്തിലുള്ള സംഘടനകളിൽ ചിലതാണ്. ബാലരാമപുരം ജി. രാമൻപിള്ളയുടെ പത്രാധിപത്യത്തിൽ 'നവശക്തി'. പത്രം നടത്തിയിരുന്നു. ഭരണകൂടത്തിനെതിരായി പ്രധിഷേധത്തിന്റെ കൊടുങ്കാറ്റ് അഴിച്ചുവിടാൻ ഇതിനു കഴിഞ്ഞു.

മാനസിക സംസ്കാരത്തോടൊപ്പം കായിക സംസ്കാരവും രൂപപ്പെടുത്തിയെടുക്കേണ്ടതാണ്. ഒരുവനിലെ കായിക വികാസം വ്യക്തി വികാസത്തിന്റെ ഭാഗമാണ്. ആരോഗ്യമുള്ള മനുഷ്യനിൽ ആരോഗ്യമുള്ള മനസ്സുണ്ടാകും. ഒരു ജനതയുടെ കായിക വികാസം നാടിന്റെ വികാസമാണ്. കായിക അധ്വാനത്തിലൂടെ മാത്രമേ ജന്മനാടിന്റെ സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്താൻ കഴിയൂ. ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്. മാനസികവും ശാരീരികവുമായ വികസനത്തിന്റെ അടിസ്ഥാന ഘടകം കായിക സംസ്കാരം തന്നെയാണ്. നമ്മുടെ ഗ്രാമത്തിൽ പി.ടി. ഉഷമാരോ, വൽസമ്മമാരോ, ഷൈനി മാരോ ഇന്നലെകളിൽ ഉണ്ടായിട്ടില്ലെങ്കിലും നാളെകളിൽ കായികസംസ്കാരത്തിന് പ്രോത്സാഹനം കൊടുത്താൽ ദേശീയ തലത്തിലും - അന്തർദേശീയ തലത്തിലും മത്സരിപ്പിക്കാൻ പ്രാപ്തിയുള്ള കായികതാരങ്ങളെ സംഭാവന ചെയ്യാൻ കഴിയും.

നാടിന്റെ സംസ്കാരം കുറച്ചുകൂടി വിശാലമായി പറഞ്ഞാൽ ഗ്രന്ഥശാലകളിലെ പുസ്തകങ്ങളിലും വായനശാലകളിലെ പ്രസിദ്ധീകരണങ്ങളിലും മാധ്യമങ്ങളുടെ കടന്നുകയറ്റത്തിലും അധിഷ്ഠിതമാണ്. നമ്മുടെ ഗ്രാമത്തിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമതയുള്ളതല്ല. പൊതുവേ സാംസ്കാരിക രംഗത്ത്

ബാധിച്ചിരിക്കുന്ന മൂല്യച്യുതി നമ്മുടെ ഗ്രാമത്തിനേയും ബാധിക്കുന്നില്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

സാംസ്കാരിക രംഗത്തെക്കുറിച്ച് നമ്മുടെ ഗ്രാമസഭകളിൽ സജീവ ചർച്ചകൾ ഉയരുകയുണ്ടായി. സാംസ്കാരിക നവോത്ഥാനം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിൽ ഗ്രന്ഥശാല ആരംഭിക്കണമെന്നും വാർഡ് അതിർത്തിയിൽ വരുന്ന സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കണമെന്നും കായിക രംഗം പ്രോത്സാഹിപ്പിക്കാൻ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കണമെന്നുള്ള ക്രീയാത്മകമായ നിർദ്ദേശങ്ങളുമുണ്ടായി.

നമ്മുടെ ഗ്രാമത്തിന്റെ രണ്ടാം വാർഡിൽ തേമ്പാമുട്ടം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക സ്ഥാപനമാണ് മഹാത്മാഗാന്ധി സ്മാരക വായനശാല. രാഷ്ട്രപിതാവിന്റെ നാമധേയത്തിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥശാലക്ക് അയ്യായിരം പുസ്തകങ്ങളും നിരവധി റഫൻസ് ഗ്രന്ഥങ്ങളും സ്വന്തമായിട്ടുണ്ട്. രണ്ടര സെന്റ് വസ്തുവും ജീർണ്ണാവസ്ഥയിലായ ഒരു കെട്ടിടവും സ്വന്തമായിട്ടുണ്ട്. വളരെയധികം പാരമ്പര്യം അർഹിക്കുന്ന ഈ ഗ്രന്ഥശാല പുനരുദ്ധരിക്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന സംസ്കാരികസ്ഥാപനങ്ങൾ പ്രോഗ്രസിവ് ആർട്സ് ആന്റ് റീഡിംഗ് സെന്റർ സർഗാസോയൂത്ത്ക്ലബ്, സർവ്വംസഹാ ക്ലബ് എന്നിവയാണ്. പ്രോഗ്രസിവ് ആർട്സ് ആന്റ് റീഡിംഗ് സെന്റർ ഒരു ഗ്രന്ഥശാലയാക്കി ഉയർത്തേണ്ടതാണ്. നെഹ്റുയുവജനകേന്ദ്രവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സർഗാസോയൂത്ത്ക്ലബിന്റെ ഇപ്പോഴത്തെപ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. ഇവിടെത്തെ സാംസ്കാരികവികസനത്തിന് ഒരു ടി.വി. കിയോസ്ക്കും, റേഡിയോപാർക്കും സ്ഥാപിക്കേണ്ടതാണ്. ഈ വാർഡിൽ ഒരു സാംസ്കാരികനിലയം സ്ഥാപിക്കേണ്ടതാണ്.

സാംസ്കാരിക കേന്ദ്രങ്ങളോ ഗ്രന്ഥശാലകളോ ഒന്നും തന്നെ ഇല്ലാത്ത നമ്മുടെ ഗ്രാമത്തിലെ നാലാം വാർഡിൽ ഒരു സാസ്കാരിക കേന്ദ്രം സ്ഥാപിക്കുകയും വർഷങ്ങൾക്ക്മുമ്പ് പ്രവർത്തിച്ചിരുന്ന ഗ്രന്ഥശാല പുനസ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

നിരവധി സ്കൂളുകളും ക്ഷേത്രങ്ങളും പള്ളികളും നിറഞ്ഞുനിൽക്കുന്ന ഗ്രാമത്തിലെ അഞ്ചാം വാർഡിൽ ഒരു ഗ്രന്ഥശാലയും സാംസ്കാരിക നിലയവും സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള റേഡിയോപാർക്ക്, ടി.വി. കിയോസ്ക് ആക്കിമാറ്റേണ്ടതാണ്.

നമ്മുടെ ഗ്രാമത്തിന്റെ ആറാം വാർഡിൽ ഠൗണിൽ സ്ഥിതിചെയ്തിരുന്ന ശ്രീചിത്തിരുന്നാൾ ഗ്രന്ഥശാല അടിയന്തിരമായി പുനർനിർമ്മിക്കേണ്ടതാണ്.

ഈ വാർഡി125ൽ നിലവിലുള്ള കച്ചേരികുളത്തിലും കാഞ്ഞിരംകുളത്തിലും ഇടയിലുള്ള പഞ്ചായത്തുകുളം നികത്തിസ്വകാര്യ വ്യക്തി കൈയടക്കിവച്ചിരിക്കുന്നു. പ്രസ്തുത സ്ഥലം പിടിച്ചെടുത്ത് ഒരു റീഡിംഗ്സെന്റർ സ്ഥാപിക്കേണ്ടതാണ്. ഈ റീഡിംഗ് റൂമിന് വേണ്ടിയുള്ള ഒരു സാന്ത്വത്തിക സമാഹരണം വാർഡിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ സാംസ്കാരികമായ പിന്നോക്കവസ്ഥ പരിഹരിക്കുന്നതിലേക്കുവേണ്ടി നിലവിലുള്ള ഗ്രന്ഥശാലയെ കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കണം. ഈ വാർഡിൽ സ്ഥിതിചെയ്യുന്ന വായനശാലയ്ക്ക് വേണ്ടി സ്വന്തമായി കെട്ടിടം ഉണ്ട്. ഇതിനെ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ പഞ്ചായത്തിൽ നിന്നും സഹായം എത്തിക്കേണ്ടതാണ്. ആർ.സി.തെരുവിൽ നിലവിലുള്ള റേഡിയോപാർക്ക് മാറ്റി ടി.വി. പാർക്ക് സഥാപിക്കേണ്ടതാണ്.

ഐത്തിയൂർ ജംഗഷനിൽ ഒരു ടി.വി. പാർക്ക് സ്ഥാപിക്കുകയും ഒരു സ്പോർട്സ് ക്ലബ് സ്ഥാപിക്കുകയും അതിന് അനുബന്ധമായി ഒരു കളി സ്ഥലം നിർമ്മിക്കേണ്ടതുമാണ്. പ്രസ്തുതപ്രവർത്തനങ്ങൾക്കായി വാർഡിൽ നിന്നും വിഭവസമാഹരണം നടത്താവുന്നതാണ്.

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ എട്ടാംവാർഡ് സാംസ്കാരികമായി പിന്നോക്ക വസ്ഥയിലാണ്. കിംങ്ങ്സ് സ്പോർട്സ് ആന്റ് ആർട്സ് ക്ലബും ഒരു ജനവിദ്യാകേന്ദ്രവും ആണ് ഇവിടെത്തെ സാംസ്കാരികകേന്ദ്രങ്ങൾ. ഈവാർഡിൽ ടി.വി. കിയോസ്കും സ്ഥാപിക്കേണ്ടതാണ്. കിംങ്ങ്സ് ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽനിന്നും ധനസഹായം ലഭ്യമാക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ സ്റ്റേഡിയം പണി ഉടൻ ആരംഭിക്കണം. (തെക്കേകുളം) ഒരു സാംസ്കാരികനിലയം സ്ഥാപിക്കുകയും സാംസ്കാരികപരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്. സാംസ്കാരികപ്രവർത്തനങ്ങളുടെ ഭാഗമായി പൗരബോധം വളർത്തുന്ന പരിശീലനപരിപാടികളും സംഘടിപ്പിക്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചാത്തിലെ ഒമ്പതാം വാർഡിൽ സാംസ്കാരിപുരേഗതിക്കായി സാംസ്കാരിക നിലയം സ്ഥാപിക്കേണ്ടതാണ്. ഒരു വായനശാല, ടെലിവിഷൻസെന്റർ, റേഡിയോപാർക്ക് തുടങ്ങിയവ ആരംഭിക്കേണ്ടതാണ്. മദ്യവിപത്തിനെതിരെ ബോധവത്കരണം നടത്തേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ ഒരു ഗ്രന്ഥശാലസ്ഥാപിക്കുകയും നിലവിലുള്ള ക്ലബുകൾക്ക ഗ്രാൻഡ് നല്കുകയും ചെയ്യുക. ഒരു റേഡിയോപാർക്ക് സ്ഥാപിക്കുകയും കൗൺസിലിംഗ് സെന്റർ നടപ്പാക്കുകയും ചെയ്യേണ്ടതാണ്. വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ ജനങ്ങളുടെ സാംസ്കാരിക പ്രവണത വളർത്തുന്നതിനാവശ്യമായ സമഗ്രപദ്ധതികൾക്ക് രൂപം നല്കുക. ഈ വാർഡിൽ ദേശാഭിമാനി സ്പോർട്സ് ആന്റ് ആർട്സ് ക്ലബും ജനവിദ്യാകേന്ദ്രവവും ഉണ്ട്.

സാംസ്കാരികമായി പിന്നോക്കം നിൽക്കുന്ന ഒരു വാർഡാണ് നമ്മുടെ ഗ്രാമത്തിലെ 11-ാം വാർഡ്. ഈ പ്രദേശത്തുള്ള കുട്ടികളുടെ കലാ-കായിക കഴിവുകൾ വികസിപ്പിക്കുവാൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകളും സ്ഥാപിക്കേണ്ടതാണ്. ഈ വാർഡിൽ നിലവിലുള്ള താരാ ലൈബ്രറിയെ വികസിപ്പിക്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ 12-ാം വാർഡിൽ സാംസ്കാരിക പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി മംഗലത്തുകോണം ദേശോദ്ധാരണ ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങൾ പുനരുദ്ധരിക്കേണ്ടതാണ്. കോട്ടുകാൽകോണം അശോകസ്മാരക ഗ്രന്ഥശാലയ്ക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കേണ്ടനടപടികൾ സ്വീകരിക്കുക. ഈ വാർഡിൽ എംസി. ആർട്സ് ആന്റ് സ്പോർട്സ് ക്ലബും, ഇസ്ര ആർട്സ് ആന്റ് സ്പോർട്സ് ക്ലബും നിലവിലുണ്ട്. ഇവയുടെ കെട്ടിടനിർമ്മാണത്തിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വാർഡിൽ ഒരു പൊതു കളിസ്ഥലം നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. ഒരു ടെലിവിഷൻ സെന്റർ സ്ഥാപിക്കുകയും ഒരു സാംസ്കാരിക കലാകേന്ദ്രം സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. (ഈ വാർഡിൽ ഒരു ജനവിദ്യാകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

*നിർദ്ദേശങ്ങൾ*

1. സാംസ്കാരികജീർണ്ണതയ്ക്കും മൂല്യച്ചുതിക്കുമെതിരെ ഗ്രാമപഞ്ചായത്തുതലത്തിൽ ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കണം.

2. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം തടയുകയും ലൈംഗികാസ്ക്തി ജനിപ്പിക്കുന്നതരത്തിലുള്ള സിനിമകൾ തടയേണ്ടതുമാണ്.

3. അന്ധവിശ്വാസങ്ങൾക്കും അനാചരങ്ങൾക്കുമെതിരെ ബോധവത്കരണം നടത്തുക.

4. വിവാഹാദി ചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം നിയമം മൂലം തടയുകയും ബോധവത്കരണപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

5. നാടൻ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കാൻ ഒരു പ്രാദേശിക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

6. ലൈബ്രറികളുടെ പ്രവർത്തനം കാലോചിത

മായി നവീകരിക്കുകയും വീഡിയോക്ലബുകളും ഫിലിം സൊസൈറ്റികളും സ്ഥാപിക്കേണ്ടതുമാണ്.

7. മതസൗഹാർദ്ദം വളർത്തുവാനുള്ള ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

8. ചിത്തിരതിരുന്നാൾ ലൈബ്രറിയെ ഒരു റഫറൻസ് ലൈബ്രറിയായി പ്രവർത്തിപ്പിക്കേണ്ടതാണ്.

9. ഈ ഗ്രാമത്തിലെ ജയലക്ഷ്മി, ഉണ്ണി, ടാക്കീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടനടപടികൾ സ്വീകരിക്കുക.

10. അഭിനയകല പ്രോത്സാഹിപ്പിക്കുന്നതിലേക്ക് വേണ്ടി ഒരു നാട്യഗൃഹം സ്ഥാപിക്കുക.

11. പഞ്ചായത്തുതലത്തിൽ അവശകലാകാരൻമാരെ കണ്ടെത്തുകയും അവരുടെ ക്ഷേമം ഉറപ്പുവരുത്തുകയും പെൻഷനുകൾ നൽകുകയും ചെയ്യുക.

12. പഞ്ചായത്തുതനതായി, കവിയരങ്ങ്, ചിത്രരചനാമത്സരം, നാടൻ കലാരൂപങ്ങളുടെ പ്രകടനങ്ങൾ, സാംസ്കാരിക സെമിനാറുകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

13. സായാഹ്നങ്ങളിൽ വിശ്രമിക്കുന്നതിലേക്കു വേണ്ടി ഒരു പാർക്ക് ആധുനിക രീതിയിൽ നിർമ്മിക്കുക.

14. നമ്മുടെ പഞ്ചായത്തിന്റെ ഒരു സാംസ്കാരികനിലയവും കമ്മ്യൂണിറ്റിഹാളും ആധുമനിക സംവിധാനങ്ങോളോടുകൂടിയ കല്യാണമണ്ഡപവും നിർമ്മിക്കുക.

5-(xi)

# വനിത

ലോകത്തിൽ സാംസ്കാരിക ചരിത്രത്തിൽ മറ്റെങ്ങും കാണാൻ കഴിയാത്ത വിധം ഉത്കൃഷ്ടവും ഉദാത്തവമായ സ്ഥാനമാണ് ഇതിഹാസകാലത്ത് ഭാരത സ്ത്രീത്വത്തിന് കൽപ്പിച്ചിരുന്നത്. പ്രപഞ്ചത്തെ മാതാവായും പ്രകൃതിയെ ദേവിയായും ആരാധിക്കുവാനും ആദരിക്കുവാനും ഉദ്ഘോഷിക്കുന്നതാണ് ഭാരത സംസ്കാരം. സ്ത്രീയെ പരമോന്നത ദേവസങ്കൽപ്പങ്ങളായിട്ടാണ് കണ്ടു പോന്നത്. നമ്മുടെ അർദ്ധനാരീശ്വര സങ്കൽപ്പം തന്നെ സ്ത്രീപുരുഷ സമത്വത്തിന്റെ പ്രതീകാത്മകതയല്ലാതെ മറ്റൊന്നുമല്ല. എന്നാൽ കാലത്തിന്റെ കുത്തൊഴിക്കിൽ എത്തിപ്പെട്ട ചരിത്രഗതിയിൽ എവിടെയോ സംഭവിച്ച ചില സ്ഥാപിത താത്പര്യ ജത്പന്നങ്ങളാൽ ഈ സ്ഥിതിക്ക് ഇടക്കാലത്തെപ്പോഴോ അപചയം സംഭവിച്ചതായി കാണാം. വിദ്യാ-ദേവിയായും,ധന-ലക്ഷ്മിയായും ശക്തി-രൂപിണിയായും -വാഴ്ത്തപ്പെട്ട സ്ത്രീത്വം അടിമത്വത്തിന്റെ ഗർത്തങ്ങളിൽ വലിച്ചെറിയപ്പെട്ട ദുഃഖകരമായ അവസ്ഥ ചരിത്രത്തിന് കാണേണ്ടിവന്നു. സ്വാർത്ഥതയുടെ ഭീഭൽസമായ താണ്ഡനമേൽക്കേണ്ടി വന്ന അവൾ സതി അനുഷ്ടാത്തിന്റെയും ദേവദാസി സംബ്രദായത്തിന്റെയും ഇരയായി അധഃപതിക്കേണ്ടി വന്നു എന്നതാണ് സത്യം.

ഈ പരിതസ്ഥിതിയിൽ നിന്ന് മാറ്റത്തിന്റെ കാറ്റ് വീശിതുടങ്ങുന്നത് 19-20 നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രാജാറാം മോഹൻറോയ് ഇൻഡ്യൻ ദേശീയപ്രസ്ഥാനത്തിന്റെ കണ്ണിയായിത്തീരുമ്പോഴാണ്. കാട്ടുനീതിയെപ്പോലും ലജ്ജിപ്പിക്കുന്ന കിരാതമായ 'സതി' (ഉടന്തടിച്ചാട്ടം) സമ്പ്രദായത്തിനെതിരെ സമൂഹമനസ്സാക്ഷിയെ ഉണർത്തുകയും സംഘടിപ്പിക്കുകയും ചെയ്തതിന്റെ പരിണിതഫലമാണ് പിൽക്കാലത്ത് നിയമംമൂലം ഈ സമ്പ്രദായത്തെ നിരോധിക്കുന്നതിൽ എത്തിച്ചേർന്നത്. സ്ത്രീവിദ്യാഭ്യാസത്തിനും വിധവാവിവാഹം അനുവദിപ്പിക്കുന്ന കാര്യത്തിലും റാംമോഹൻറായ് വഹിച്ച പങ്ക് ഇൻഡ്യൻ സാമൂഹിക ചരിത്രത്തിന് മറക്കാൻ കഴിയുന്നതല്ലല്ലോ.

എന്നാൽ അടിമത്വത്തിന്റെ കരവലയത്തിൽ ആഴ്ന്നിറങ്ങിയിരുന്ന ഇൻഡ്യൻ സ്ത്രീകളിൽ അന്തർലീനനമായ ശക്തി സ്രോതസ്സിനെ കുറിച്ച് ഫലപ്രദമായ ചിന്താസരണി പടുത്തുയർത്തിയത് രാഷ്ട്രപിതാവായ മഹാത്മജി ആണ് എന്നുള്ളത് ചരിത്രപരമായ വസ്തുതയാണ്. ഉറങ്ങിക്കിടക്കുന്ന സ്ത്രീ ശക്തി ഇൻഡ്യൻ ദേശീയപ്രസ്ഥാനത്തിന് എത്രമാത്രം ഇപയോഗപ്പെടുത്താമെന്നും അമർത്തപ്പെട്ട ശക്തിയുടെ ബഹിർസ്ഫുരണം അളക്കാൻ പറ്റാത്ത പ്രവാഹമാണെന്നും മനസ്സിൽ കണ്ട ബാപ്പുജി ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ സജീവമായ പങ്കാളിത്തം നൽകാൻ ഇൻഡ്യൻ സ്ത്രീകളെ ആഹ്വാനം ചെയ്തു. ഗാന്ധിജിയെപ്പോലും അതിശയിപ്പിച്ച തരത്തിലുള്ള പ്രതികരണം ഇക്കാര്യത്തിൽ സ്ത്രീ സമൂഹത്തിൽ നിന്നുണ്ടായി എന്നത് ചരിത്ര സത്യമാണ്. സ്വാതന്ത്ര്യസമരങ്ങളിൽ എല്ലാംതന്നെ മുന്നണിപ്പോരാളികളായി എണ്ണമറ്റ സ്ത്രീകളുണ്ടായിരുന്നു. സരോജിനി നായിഡു, വിജയലക്ഷ്മി പണ്ഡിറ്റ്, അരുണാ ആസഫലി തുടങ്ങിയവർ ഇവരിൽ ചിലർ മാത്രം. ഒരു പക്ഷെ രാജാറാം മോഹൻ റോയ് തുടങ്ങിവച്ച സ്ത്രീ പരിവർത്തന പ്രക്രിയയുടെ സത്ഫലങ്ങൾ പ്രകടമായി തുടങ്ങിയത് ബാപ്പുജിയുടെ ആഹ്വാനത്താലാണ് എന്ന് പറയാം. അടിച്ചമർത്തപ്പെട്ട സ്ത്രീത്വത്തിന്റെ ആവേശോജ്ജ്വലമായ ഉയർത്തെഴുന്നേൽപ്പ് കണ്ട് ലോകത്തിന്റെ ഇതരഭാഗങ്ങളിലെ സ്ത്രീവിമോചനത്തിന്റെ പ്രചാരകർപോലും അതിശയിച്ചു എന്നു പറഞ്ഞാൽ അധികമാവില്ല.

20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകം മുതൽ കൊടുമ്പിരിക്കൊണ്ട ഇൻഡ്യൻ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളിൽ പുരുഷനോടൊപ്പം തോളോട്തോൾ ചേർന്ന്കൊണ്ട് രാജ്യത്തിനുവേണ്ടി പൊരുതുന്നതിനോടൊപ്പം തന്നെ തനതായ

വ്യക്തിത്വം സംരക്ഷിക്കുന്നതിനും ഭാരത സ്ത്രീക്ക് കഴിഞ്ഞിരിന്നു. ലോകത്തെ മറ്റെല്ലാ ഭാഗങ്ങളിലും തന്നെ, പരിഷ്കാരത്തിന്റെ പറുദീസ എന്ന് അറിയപ്പെടുന്ന യൂറോപ്യൻ രാജ്യങ്ങൾ ഉൾപ്പെടെ അവസരസമത്വത്തിന് വേണ്ടി സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ (Feminism) ശക്തവും ദീർഘവുമായ സമരങ്ങൾ നടത്തേണ്ടി വന്നപ്പോൾ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം 1947 ൽ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനോടൊപ്പം തന്നെ സ്ത്രീകളുടെ അവസരസമത്വവും അംഗീകരിക്കപ്പെട്ടു ചരിത്രത്തിന്റെ അപൂർവ്വതതന്നെ. എന്നാൽ നേടിയെടുത്ത അവകാശങ്ങളെയും അവസരങ്ങളെയും സംരക്ഷിക്കുന്നതിന് എത്രമാത്രം കഴിഞ്ഞു എന്നുള്ളത് സ്വാതന്ത്ര്യം നേടി അരനൂറ്റാണ്ടു കഴിഞ്ഞ ഈ അവസരത്തിലും ചിന്തനീയമായി അവശേഷിക്കുന്നു. കമ്പോള സംസ്കാരത്തിന്റെ പ്രജണ്ടമായ പ്രചരണത്തിൽ ഇൻഡ്യൻ സ്ത്രീ സമൂഹം ആകർഷിക്കപ്പെടുന്ന ദുഃഖകരമായ അവസ്ഥ ഉണ്ടാകുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽ ഉണ്ടായ സ്ത്രീത്വത്തിന്റെ ഉയർത്തെഴുന്നേൽപ്പ് അതിന്റെ എല്ലാ അർത്ഥത്തിലും കേരളത്തിലും പ്രതിഫലിച്ചു. രാഷ്ട്രീയ പ്രക്ഷോഭ രംഗത്ത് വിപ്ലവജ്വാലകളായി തീർന്ന അക്കാമ്മച്ചെറിയാനേയും ആനീ മസ്ക്രീനെയും ചരിത്രത്തിന് മറക്കാൻ കഴിയുമോ. ഇൻഡ്യയിലെ തന്നെ ആദ്യത്തെ വനിതാജഡ്ജി എന്ന ബഹുമതിക്ക് അർഹയായ അന്നാചാണ്ടി സാക്ഷര കേരളത്തിന്റെ എന്നത്തേയും അഭിമാനമാണല്ലോ കേരളത്തിൽ അലയടിച്ച സ്ത്രീജന മുന്നേറ്റ പ്രസ്ഥാനങ്ങളുടെ അലകൾ നമ്മുടെ പഞ്ചായത്തിലുമുണ്ടായി. എണ്ണത്തിൽ കുറവാണെങ്കിൽ പോലും ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുവാൻ സന്നദ്ധരായ പ്രഗത്ഭമതികൾ ഇവിടെ ഉണ്ടായിരുന്നു. എന്നത് വിസ്മരിക്കാനാവില്ല. നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ സ്ത്രീകളെ ബോധവൽക്കരിക്കുന്നതിനും നാട്ടിന്റെ പുരോഗമന പ്രസ്ഥാനങ്ങളുടെ മുഖ്യധാരയിൽ അവരെക്കൊണ്ടുവരുന്നതിനും ജീവിത കാലം മുഴുവൻ ഉഴിഞ്ഞുവച്ച ശ്രീമതി പി. പങ്കജാക്ഷി അമ്മ ഈ നാട്ടിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. എങ്കിൽ തന്നെയും മറ്റ് മേഘലകളെ അപേക്ഷിച്ച് നോക്കുമ്പോൾ സാമൂഹിക രാഷട്രീയ പ്രസ്ഥാനങ്ങളിൽവനിതാ നേതൃത്വം തുലോം കുറവാണ് എന്നുള്ള വസ്തുത അംഗീകരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ വർദ്ധിച്ച സ്ത്രീ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടുന്ന അവസ്ഥയാണ് നിലവിലുള്ളത്. വിദ്യാഭ്യാസം നേടിയവരിൽ സർക്കാർ അർദ്ധസർക്കാർ മേഖലകളിലെ ഉദ്യോഗസ്ഥകളും ആയ സ്ത്രീകളുടെ എണ്ണം എടുത്തു പറയത്തക്ക വർദ്ധനവിൽ അല്ല എന്ന് തന്നെയാണ് പഠനങ്ങളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയുന്നത്. പണിയെടുക്കുന്ന സ്ത്രീകളെ സംബന്ധിച്ചാണെങ്കിൽ അധികവും അസംഘടിത മേഖലയിലാണുതാനും. കൈത്തറിമേഖലയിലും കരിങ്കൽ മേഖലയിലും തൊഴിൽ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളാണ് ഏറെയും. കാർഷികരംഗത്ത് പണിയെടുക്കുന്ന ഒരു വിഭാഗവും അസംഘടിതരാണ് എന്ന് പറയാതെ വയ്യ. പാരമ്പര്യമായി ഇക്കൂട്ടർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദാരിദ്ര്യം, അഞ്ജത, മറ്റ് കുടുംബ സാഹചര്യങ്ങൾ എന്നിവ ഇവരുടെ പുരോഗതിക്ക് തടസ്സം നിൽക്കുന്ന ചിത്രമാണ് കാണാൻ കഴിയുന്നത്. ആയതിനാൽ തന്നെ നമ്മുടെ പഞ്ചായത്തിലെ വനിതാ ക്ഷേമ പ്രവർത്തനങ്ങൾ ബോധപൂർവ്വവും അതിവിദഗ്ധവുമായി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. കുടുംബ സാഹചര്യങ്ങളുടെയും സാമ്പത്തിക പരാധീനതയുടെയും കാരണത്താൽ ചെറുപ്രായത്തിലെ പെൺക്കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കുന്ന പ്രവണത പരക്കെ കാണുവാൻ കഴിയുന്നു. കൈത്തറിമേഖലയിലും കരിങ്കൽ തൊഴിൽ മേഖലയിലും ഇത് വ്യാപകമായി കണ്ടുവരുന്നു. ഇതിനെതിരായ ബോധവൽക്കരണം തീർത്തും അവശ്യമായി വന്നിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്.

പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിൽ നടന്ന വിശേഷാൽ ഗ്രാമസഭ

കളിലെല്ലാം തന്നെ അത്യന്തം പ്രാധാന്യത്തോടുക്കൂടിത്തന്നെയാണ് വനിതകളുടെ പ്രശ്നം അവതരിക്കപ്പെട്ടതും ചർച്ച[illegible]
സ്ത്രീകളുടെ സാമൂഹിക പിന്നേയുടെപശ്ചാത്തലത്തെക്കുറിച്ചും പരിഹാരങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടക്കുകയുണ്ടായി. സംഘടിതമായ സ്ത്രീ പീഠനത്തിനെതിരെ സ്വീകരിക്കേണ്ട പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും ചർച്ചചെയ്യപ്പെടുകയുണ്ടായി. ഗ്രാമസഭകളിൽ നടന്ന സമഗ്രമായ ചർച്ചകളിലൂടെ പൊന്തിവന്ന നിർദ്ദേശ്ശങ്ങളും പരിഹാരങ്ങളുമാണ് ചുവടെ ചേർക്കുന്നു.

## ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ

1. വനിതകൾക്കായി റെഡിമെയ്ഡ് യൂണിറ്റ് സ്ഥാപിക്കുക.

2. ഹരിജൻ കോളനിയിലെയും ലക്ഷംവീട് കോളനിയിലെയും വനിതകളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക വീട്ടമ്മമാർക്കായി പരമ്പരാഗത തൊഴിലുകൾചെയ്യുന്നതിന് വേണ്ടുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3. വീട്ടമ്മമാർക്കായുള്ള മാതൃകാഅടുക്കള പച്ചക്കറിതോട്ടങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.

4. കോളനികളിലെ സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ പഠിച്ച് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുക.

5. മദ്യ വിൽപനയിൽ ഏർപ്പെട്ടിരുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ നടപ്പിലാക്കുക.

6. സ്ത്രീകൾക്ക് തൊഴിൽ പങ്കാളിത്തം നൽകുക.

7. പുകയില്ലാ അടുപ്പുകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

8. കൂലിപ്പണിചെയ്യുന്ന സ്ത്രീകളിലെ നിരക്ഷരതാനിർമ്മാർജ്ജനം ചെയ്യുന്നതിനായി തുടർ[illegible] സമ്പ്രദായം പുനഃസ്ഥാപിക്കുക.
[illegible] സമാജങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുക.

9. സ്ത്രീകൾക്കായി തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

## പരിഹാര മാർഗ്ഗങ്ങൾ

1. വനിതകൾക്കായി ഒരു പരസ്പര സഹായ വിവിധോദ്ദേശ സഹകരണസ്ഥാപനം തുടങ്ങിയാൽ വിവിധ ചെറുകിടതൊഴിലുകൾ ഈ സ്ഥാപനം വഴി തുടങ്ങാവുന്നതാണ്.

2. വനിതകൾക്ക് നേരെ വർദ്ധിച്ച് വരുന്ന സാമൂഹിക അസമത്വങ്ങൾക്കെതിരെയും സ്ത്രീധനം പോലുള്ള സാമൂഹിക വിപത്തിനെതിരെയും ചർച്ചചെയ്യുന്നതിന് ഒരു വനിതാ സെൽ രൂപീകരിക്കുകയും ബോധവത്കരണം വിപുലപ്പെടുത്തുകയും ചെയ്യുക.

3. പഞ്ചായത്തിലെ വിവിധ കോളനി പ്രദേശങ്ങളിലെ സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കോളനി പ്രദേശങ്ങളിൽ ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുക.

4. വിവിധതൊഴിലുകൾക്ക് വേണ്ടുന്ന ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കുക വഴി തൊഴിൽ രംഗങ്ങളിൽ വനിതകൾക്ക് കടന്ന് വരാനുള്ള അവസരം ഒരുക്കിക്കൊടുക്കാനാവും.

5. മാതൃശിശുക്ഷേമ പരിപാടികൾകൂടുതൽ ഊർജ്ജിതപ്പെടുത്തുക.

6. വനിതാവികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികളിലെ നിബന്ധനകൾ ലഘൂകരിക്കുക.

7. അഗതി പെൻഷൻ, സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹആവശ്യത്തിനായുള്ള ധനസഹായം, അംഗവൈകല്യം, മാന

സിക വൈകല്യം സംഭവിച്ചവർക്ക് പെൻഷൻ തുടങ്ങിയവ കാലതാമസം കൂടാതെ നൽകുക. സ്ത്രീകളുടെ സാമ്പത്തികശേഷി ഉയർത്തുന്നതിന് ആവശ്യമായ തൊഴിലുകൾ കണ്ടെത്തുന്നതിന് വേണ്ടി DWCRA യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുക.

8. മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടുന്ന ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

9. മാധ്യമങ്ങളിലൂടെ സ്ത്രീകൾക്ക് നേരെയുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും നിയമനിർമ്മാണം നടത്തുകയും ചെയ്യുക.

10. വീട്ടമ്മമാരുടെ ജോലികൾ ലഘൂകരിക്കുന്നതിനും സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും വേണ്ടി പുകയില്ലാത്ത അടുപ്പുകൾക്ക് പ്രചാരം നൽകുക. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് ആടു, കോഴി, പശു, തുടങ്ങിയവ നൽകുക.

11. ഗ്രാമപ്രദേശങ്ങളിലെ വിശിഷ്യ കോളനികളിലെ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അംഗൻവാടികളിൽ നിന്ന് പോഷക ആഹാര പരിപാടി വിപുലുപ്പെടുത്തുക.

### *പൊതുനിർദ്ദേശങ്ങൾ*

സ്ത്രീകൾക്ക് മാത്രമായി കൈത്തറിത്തുണികളുടെ ഡിസൈൻ ആന്റ് പ്രിന്റിംഗ് വ്യവസായസ്ഥാപനം തുടങ്ങേണ്ടതാണ്.
അസംഘടിതമായ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുക.
പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾക്ക് പുരുഷൻമാരോടൊപ്പം കൂലിവ്യവസ്ഥ തുല്ല്യമാക്കുക.
ലോക്കൽപോലീസ് സ്റ്റേഷനുകളോട് അനുബന്ധിച്ച് സ്ഥിരമായി ഒരു വനിതാസെൽ രൂപികരിക്കേണ്ടതാണ്.

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം

| തൊഴിൽ മേഖല | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| കൃഷിക്കാർ | കർഷക തൊഴിലാളികൾ | മൃഗപരിപാലനം | പാരമ്പര്യേതര വ്യവസായം | കുടിൽ വ്യവസായം | കുടിലേതരവ്യവസായം | കെട്ടിട, റോഡ് നിർമ്മാണം | സർക്കാർ ജീവനം | വാണിജ്യം | മറ്റുസേവനങ്ങൾ | ഗതാഗതം, വാർത്താവിനിമയം | |
| 269 | 917 | 19 | 97 | 1271 | 305 | 89 | 517 | 141 | 185 | 55 | 3865 |

അവലംബം പ്രാദേശിക സർവ്വെ

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## JRY പണി സംബന്ധിച്ച വിവരങ്ങൾ
## JRY ആക്ഷൻ പ്ലാൻ 96-97

| ക്രമ നമ്പർ | പണിയുടെ പേർ | ജനറൽ സെക്ടർ രൂപ തുക | SC/ST വിഭാഗം രൂപ തുക | ആകെ രൂപ തുക |
|---|---|---|---|---|
| 1 | 2 | 3 | 4 | |
| 1 | ബാലരാമപുരം പഞ്ചായത്തിൽ 13 ഹരിജനങ്ങൾക്ക് കക്കൂസ് നിർമ്മാണം | - | 26,000 | 242520 |
| 2 | തേമ്പാമുട്ടം പി.എച്ച് സബ്സെൻററിന്റെ മെയിൻറനൻസ് പണിയും മതിൽ നിർമ്മാണവും | 60,000 | | |
| 3 | കൊട്ടറക്കോണം കുളം മെയിൻറനൻസ് | 40,000 | | |
| 4 | ഐത്തിയൂർ റോഡ് സൈഡ്വാൾ കെട്ടുക | 25,000 | | |
| 5 | സുപ്രിയ ഇടവഴിൽ സ്ലിൽഓവർ തുകയിൽ അധികത്തുക | 15,000 | | |
| 6 | കുണ്ടറ വീട്ടുവളപ്പിൽ സൈഡ്വാൾ കെട്ടുക | 25,000 | | |
| 7 | കോഴോട് [illegible] സ്ലാബ് ഇടുന്നതിന് | 20,000 | | |
| 8 | [illegible] റോഡ് നന്നാക്കുന്നതിന് | 31,520 | | |

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

| | ബി.സി.ജി. | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | | | | മീസിൽഡ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ID | IID | IIID | BD | ID | IID | IIID | BD | ID | IID | IIID | BD | |
| ഒരു വയസ്സിനു താഴെ | 440 | 390 | 360 | 325 | ഇല്ല | 390 | 360 | 325 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 68 |
| 1–3 വയസ്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 75 | ഇല്ല | ഇല്ല | ഇല്ല | 75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3–6 വയസ്സ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

അവലംബം ICDS

## ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| ഒരു വയസ്സിനു താഴെ | 100 | 96 | 85 | 90 | 29 | 40 | ഇല്ല | ഇല്ല |
| 1–3 വയസ്സ് | 214 | 254 | 149 | 153 | 47 | ഇല്ല | 2 | ഇല്ല |
| 3–6 വയസ്സ് | 240 | 227 | 127 | 137 | 42 | 50 | ഇല്ല | ഇല്ല |

അവലംബം ICDS

| | ID | IID | BD |
|---|---|---|---|
| ഗർഭിണികൾ | 60 | 65 | ഇല്ല |

അവലംബം ICDS

5-(xii)

# സഹകരണം

മാനവസംസ്കാരത്തോളം പഴക്കമുള്ള ഒരു സാമൂഹ്യസാമ്പത്തിക പ്രമാണമാണ് സഹകരണം. ഒരു വിഭാഗം ആളുകൾ ഒരു പൊതുല ക്ഷ്യത്തെ മുൻനിർത്തിലാഭേച്ഛകൂടാതെ കൂട്ടായി പ്രവർത്തിക്കുന്ന രീതിയാണ് സഹകരണം.

## സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം

കാർഷിക വ്യവസായിക വിപ്ലവത്തിന്റെ ഫലമായി യന്ത്രവത്കരണം മൂലമുണ്ടായ തൊഴിൽ നഷ്ടം സാധാരണക്കാരായ തൊഴി ലാളികളെ അലട്ടുവാൻ തുടങ്ങി. മനുഷ്യശ ക്തിയ്ക്കു പകരം യന്ത്രശക്തിയെസ്വായത്ത മാക്കുവാൻ കഴിഞ്ഞ സമ്പന്നരായ ന്യൂനപക്ഷം സമൂഹത്തിൽ ആധിപത്യം സ്ഥാപിക്കുകയും പട്ടണങ്ങളിൽ പ്രവർത്തനങ്ങൾ കേന്ദ്രീകരി യ്ക്കുവാനും തുടങ്ങി. ക്രമേണഗ്രാമജീവിതം ദുസ്സഹമാകുകയും പട്ടിണിമരണങ്ങൾ വർദ്ധി ക്കുകയും ചെയ്തു. ഉപജീവനത്തിനായി ഗ്രാമീ ണർ പട്ടണങ്ങളിലേയ്ക്ക് പ്രവേശിക്കുവാൻ തുട ങ്ങിയതോടുകൂടി പട്ടണങ്ങളിലെ ജനസാന്ദ്രത നാൾക്കുനാൾ വർദ്ധിച്ചു. നിത്യോപയോഗസാ ധനങ്ങളുടെ വില അമിതമായി വർദ്ധിക്കുകയും മായം ചേർക്കലും പൂഴ്ത്തിവയ്പും സർവ്വസാ ധാരണമാകുകയും ചെയ്തു. ജനജീവിതം കൂടു തൽ ദുരിതത്തിലായി 1840 മുതൽ 1850 വരെ നീണ്ടുനിന്ന ഈ കലഘട്ടത്തെ "വിശപ്പിന്റെ നാല്പതുകൾ" എന്ന് ചരിത്രകാരൻമാർ വിശേ ഷിപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യങ്ങളിൽ തൊഴിലാളിക ളുടെ പരിതാപകരമായ ജീവിത ചുറ്റുപാടുക ളിൽ നിന്നും അവർക്ക് മോചനം നല്കുന്നതി നായി പ്രഗല്ഭരായ പല സാമൂഹ്യപ്രവർത്ത കരും തൊഴിലാളി നേതാക്കൻമാരും രംഗത്തു വന്നു. അതിൽ പ്രധാനിയായിരുന്ന റോബർട്ട് ഓവൻ.

### *റോബർട്ട് ഓവൻ*

സഹകരണ പ്രസ്ഥാനത്തിന്റെ പിതാ വായ റോബർട്ട് ഓവൻ, സഹകരണ പ്രസ്ഥാന ത്തിന്റെ ആദ്യകാലസംഘാടകനുമായിരുന്നു. 'പരസ്പര സഹായത്തിൽ കൂടിയുള്ള സ്വാശ്ര യത്വം എന്ന സന്ദേശമാണ് അദ്ദേഹം ജന ങ്ങൾക്കു നല്കിയത്.

സഹകരണ സോഷ്യലിസത്തിന്റെ ആദ്യ പാഠങ്ങൾ തൊഴിലാളിവർഗ്ഗത്തിനിടയിൽ പ്രാവർ ത്തികമാക്കിയത് റോബർട്ട് ഓവൻ ആയിരുന്നു. ഇംഗ്ലണ്ടിലെ ഉപഭോക്തൃപ്രസ്ഥാനത്തിന് മാത്ര മല്ല ലോകത്തെമ്പാടുമുള്ള സഹകരണധിഷ്ഠി തമായ പ്രവർത്തനങ്ങൾക്ക് ആവേശം നല്കിയ സഹകരണമെന്ന ആശയം പ്രയോഗക്ഷമമാക്കി മാറ്റിയ ആദർശധീരനായ ഒരു വ്യക്തിയായി രുന്നു റോബർട്ട് ഓവൻ. 1771-ൽ ഇംഗ്ലണ്ടിലെ ന്യൂട്ടൻ എന്ന സ്ഥലത്ത് ഒരു സാധാരണ കുടും ബത്തിൽ ജനിച്ച് വളർന്ന് തന്റെ ബുദ്ധിസാ മർത്ഥ്യം കൊണ്ടും, കഠിനപ്രയത്നംകൊണ്ടും ന്യൂലണാർക്കു മിൽസ്സിന്റെ ഉടമയായി. തന്റെ ഫാക്ടറിയിൽ പണി എടുത്തിരുന്ന സാധാരണ തൊഴിലാളികളുടെ ദു:ഖം തന്റെ സ്വകാ ര്യദു:ഖമാക്കി മാററുകയായിരുന്നു റോബർട്ട് ഓവൻ അവരുടെ ക്ഷേമത്തിനായി ജീവിതാവ സാനം വരെ ശ്രമിച്ചിരുന്നു.

### *റോച്ചു ഡയൽപയനിയേഴ്സ്*

റോബർട്ട്ഓവന്റെ മഹത്തായ ആശയം പ്രാവർത്തികമാക്കി മാനവരാശിയ്ക്ക് സംഭാവ നചെയ്ത 28പേർ അടങ്ങുന്ന സഹകാരിസംഘ ത്തെയാണ് റോച്ചുഡയൽ പയനിയേഴ്സ് എന്നു വിളിക്കുന്നത്. ഇവർ നെയ്ത്തുതൊഴിലാളിക ളാണ്. ചാൾസ്ഹൊവാർത്ത് ആണ് ഇതിന്റെ ചെയർമാൻ. ദി റോച്ചുഡയൽ ഇക്വിറ്റബിൾ പ യനിയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇവ രുടെ നേതൃത്വത്തിൽ ലോകത്താദ്യമായി രജി സ്റ്റർ ചെയ്യപ്പെട്ട സഹകരണസ്ഥാപനം. 1844

ഡിസംബർ 21 ന് റ്റോഡ്ലെയൻ എന്ന തെരുവിൽ ആദ്യത്തെ സഹകരണ വ്യാപാരശാല പ്രവർത്തനമാരംഭിച്ചു. മാന്ഞ്ചസ്റ്റർ ഹോൾസെയിൽ സ്റ്റോർ എന്ന പേരിൽ ധാരാളം ശാഖകളോടുകൂടി ഇന്നും നിലനില്ക്കുന്നു.

## ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം.

പുരാതന ഇൻഡ്യയുടെ ചരിത്രത്തിൽ സഹകരണം എന്ന ആശയത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ദൃശ്യമാണ്. മരപ്പണിക്കാർ, തൂകൽപ്പണിക്കാർ കൈത്തറിതൊഴിലാളികൾ, മത്സ്യതൊഴിലാളികൾ തുടങ്ങി വിവിധ മേഖലകളിൽ ഉള്ള തൊഴിലാളി വർഗ്ഗം സംഘടിച്ച് കൂട്ടായി പ്രവർത്തിച്ചിരുന്നതായി മഹാന്ജന്റെ പുരാതന ഇൻഡ്യ എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുരാതന ഇൻഡ്യയുടെ കൂട്ടുകുടുംബങ്ങൾ സഹകരണത്തിന്റെ ഉത്തമമാതൃകകൾ തന്നെയാണ്. ഉത്തരേന്ത്യയിൽ നിലനിന്നിരുന്ന നിഥികൾ വായ്പാവശ്യങ്ങൾ നിറവേറ്റാനുള്ള സഹകരണമാതൃകയിലുള്ള ഉപാധികളായിരുന്നു. ഇപ്രകാരം ബോധപൂർവ്വമായോ അല്ലാതെയൊ സഹകരണം ഒരു ജീവിതരീതിയായി മാനവസമുദായത്തിന്റെ ആദ്യകാലം മുതൽ തന്നെ അംഗീകരിച്ച് പോന്നിരുന്നുവെങ്കിലും, ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ഒരു സാമ്പത്തിക ക്രമമായിസഹകരണത്തിനെ അംഗീകരിയ്ക്കുവാൻ തുടങ്ങിയത് 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ സഹകരണത്തിന്റേതായ ഒരു പുതുയുഗത്തിന് നാന്ദി കുറിച്ചു.

1904-ലെ 10-ാം നമ്പർ ആക്ട് ആയി ഇന്ത്യയിലെ ആദ്യത്തെ സഹകരണനിയമം നിലവിൽ വന്നു. ഈ നിയമത്തിന്റെ പൂർണ്ണപേര് ഇൻഡ്യൻ കോപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റീസ് ആക്ട് ഓഫ് 1904 എന്നായിരുന്നു. ഈ നിയമം നിലവിൽവന്നതോടെ സഹകരണ പ്രസ്ഥാനത്തിന്റെ ഔദ്ദോഗികരംഗപ്രവേശം ഇന്ത്യയിൽ നടക്കുകയും ചെയ്തു. മറ്റൊരർത്ഥത്തിൽ ഇൻഡ്യയിലെ സാധാരണക്കാരനെ പട്ടിണിയിൽ നിന്നുംസമൃദ്ധിയിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തിലേയ്ക്കുള്ള പരിവർത്തനകാലഘട്ടത്തിന്റെ തുടക്കം കുറിയ്ക്കുകയും ചെയ്തു.

### *സഹകരണ നിയമനിർമ്മാണം കേരളത്തിൽ*

തിരുവിതാംകൂറിൽ ആദ്യമായി ഒരു സഹകരണനിയമം നിലവിൽ വന്നത് ശ്രീ.രാജഗോപാലാചാരി ദിവാൻ ആയിരുന്നകാലത്താണ്. 1914-ൽ ആണ് പ്രസ്തുത നിയമം പാസ്സായത്. ഈ നിയമപ്രകാരം രൂപീകരിച്ച തിരുവിതാംകൂർ സെൻട്രിൽ സഹകരണബാങ്കാണ് ഇന്നത്തെ കേരള സംസ്ഥാനസഹകരണബാങ്ക്.

1956 നവംബർ 1ന് കേരള സംസ്ഥാനം നിലവിൽ വന്നുവെങ്കിലും പൊതുവായ ഒരു സഹകരണ നിയമത്തിന്റെ അഭാവം സംസ്ഥാനത്തുണ്ടായി. 1967-ൽ ശ്രീ പി.ആർ.കുറുപ്പ് സഹകരണ മന്ത്രിയായിരുന്നപ്പോൾ ഒരു സഹകരണ സംഘ നിയമബിൽ അവതരിപ്പിച്ച് പാസ്സാക്കി. ഇതിന് 1969 ഏപ്രിൽ 5-ാം തീയതി ഇൻഡ്യൻ പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയും 1969 മേയ് 15-ാം തീയതി മുതൽ ഇത് പ്രബല്യത്തിൽ വരുകയും ചെയ്തു. അങ്ങനെ കേരളത്തിന് പൊതുവായി ഒരു സഹകരണനിയമം നിലവിൽ വന്നു. 1969 ലെ 21-ാമത്തെ ആക്ടായ കേരളാ സഹകരണസംഘനിയമം എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്.

മഹാനായ റോബർട്ട് ഓവൻ വിഭാവന ചെയ്ത സഹകരണ പ്രസ്ഥാനം സാർവ്വദേശീയമായും, ദേശീയമായും പ്രത്യേകിച്ച് കേരളത്തിന്റെ ഗ്രാമീണ മേഖലകളെ തട്ടി ഉണർത്തി പുതിയൊരാവേശത്തിന്റെ ഉദ്ഘോഷവുമായി കൈത്തറിതൊഴിലാളികളുടേയും, കർഷകരുടേയും വിവിധ തുറകളിലുള്ള ജനവിഭാഗങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കി ബലാരാമപുരം എന്ന കൊച്ചു ഗ്രാമത്തിലും ഉദയം ചെയ്യുകയായിരുന്നു. തറികളിൽ താളം പിടിക്കുന്ന കൈത്തറി തൊഴിലാളികളുടെ ജീവിതചുറ്റുപാടുകളിൽ നിന്നും അവരെ മോചിപ്പിക്കുക എന്ന

ലക്ഷ്യത്തോട്കൂടി ആദ്യമായി ഒരു കൈത്തറി സഹകരണസംഘം 1925 – ൽ സ്ഥാപിതമായി. "പരസ്പര സഹായ സഹകരണ സംഘം" എന്ന പേരിലാണ് ആ സംരംഭം ഉടലെടുത്തത്. പിൽക്കാലത്ത് ഇത് ഒരു സർവ്വീസ് സഹകരണ ബാങ്ക് ആയി വളരുകയുണ്ടായി. ഈ സ്ഥാപനമാണ് അന്തീയൂർ സർവ്വീസ് സഹകരണ ബാങ്ക്.

1958–ൽ സ്ഥാപിതമായ ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്കാണ് ഈ പഞ്ചായത്തിലെ സഹകരണപ്രസ്ഥാനത്തിന്റെ രജതരേഖയായി ചിത്രീകരിക്കപ്പെടുന്നത്. കാരഷിക വായ്പാരംഗത്ത് വിപ്ലവകരമായ കുതിച്ച് ചാട്ടം നടത്താൻ പ്രസ്തുത ബാങ്കിന്റെ പ്രവർത്തനത്തിന് കഴിഞ്ഞിട്ടുണ്ട്. നെയ്ത്താറ്റിൻകരതാലൂക്കിൽ ലാഭകരമായി പ്രവർത്തിക്കുന്ന സർവ്വീസ് ബാങ്കുകളിൽ ഒന്നാണ് പ്രസ്തുത ബാങ്ക്. 14 സ്ഥിരം ജീവനക്കാരും 4 താല്കാലിക ജീവനക്കാരും പ്രസ്തുത സംഘത്തിൽ ജോലി ചെയ്യുന്നുണ്ട്.

ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകൾ നിലനില്ക്കുന്നു.

1. ബാലരാമപുരം സർവ്വീസ് സഹകരണബാങ്ക്
2. അന്തിയൂർസർവ്വീസ് സഹകരണ ബാങ്ക്

## ബാലരാമപുരം സർവ്വീസ് സഹകരണബാങ്ക്

1958–ലാണ് ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക് രൂപീകൃതമായത്. പൂർണ്ണമായി പറഞ്ഞാൽ 14.7.1958–ൽ പ്രവർത്തനമാരംഭിച്ചു.

ദൈവസേൻ, സബ്രജിസ്ട്രാർ ആയിരുന്ന അരുണാചലം പിള്ള, മാധവൻപിള്ള, പി.ഫക്കീർ ഖാൻ, സദാനന്ദൻ, പി. സെയ്നുദ്ദീൻ എന്നിവരായിരുന്നു ആദ്യകാല ഡയറക്ടർ ബോർഡ് അംഗങ്ങൾ. ഇതിൽ ദൈവസേൻ ആയിരുന്നു ആദ്യത്തെപ്രസിഡന്റ്. പി. ഫക്കീർഖാനാണ് രണ്ടാമത്തെ പ്രസിഡന്റ്. അതിനുശേഷം എ.സദാശിവൻ പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ 24 വർഷമായി ശ്രീ.എ.സദാശിവൻബാലരാമപുരം സർവ്വീസ് സഹകരണബാങ്കിന്റെ പ്രസിഡന്റായി തുടരുന്നു. ഇപ്പോൾ 9 അംഗങ്ങൾ അടങ്ങിയ ഒരു ഡയറക്ടർ ബോർഡ് ആണ് നിലവിലുള്ളത്. പ്രസ്തുത ബാങ്കിന്റെ ആദ്യത്തെ സെക്രട്ടറി സുബ്ബയ്യാപിള്ളയാണ്. ഇപ്പോൾ ഈ ബാങ്കിന്റെ സെക്രട്ടറി കെ.വിജയകുമാരിയാണ്.

**നിലവിലുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾ**

1. എ. സദാശിവൻ (പ്രസിഡന്റ്)
2. അഡ്വ. എൻ. നാഗപ്പൻനായർ (ഡയറക്ടർ ബോർഡ് അംഗം)
3. എ. മുഹമ്മദ്മസൂദ് ,,
4. എം.എച്ച്. സലീം ,,
5. എസ്.രത്തിനസ്വാമി ,,
6. എസ്.അജയകുമാർ ,,
7. ജി.ബാലകൃഷ്ണൻ ,,
8. വൈ.ചന്ദ്രമോഹനൻ
9. എ. വസുമതി

ബാലരാമപുരം പഞ്ചായത്തിലെ ഒന്നുമുതൽ ഒമ്പതുവരെയും പതിനൊന്നാം വാർഡും ഉൾപ്പെട്ടതാണ് ഈ സംഘത്തിന്റെ പ്രവർത്തന പരിധി.

| | |
|---|---|
| ആകെ അംഗങ്ങൾ – | 8901 |
| ഒരു ഓഹരിയുടെ വില – | 10 |
| അംഗീകൃതമൂലധനം – | 30,00,000 |
| പിരിഞ്ഞുകിട്ടിയ മൂലധനം – | 14,23,119 |
| സർക്കാരിൽ നിന്ന് വഭിച്ചത് | 1,10,000 |
| പരമാവധി കടം എടുക്കാവുന്നതുക | 6,50,64,400 |
| പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | |
| എ. സ്ഥിരനിക്ഷേപം | 1,56,75,977 |
| ബി. ഹ്രസ്വകാല നിക്ഷേപം | 61,47,822 |

### നല്കിയിട്ടുള്ള വായ്പകൾ

| ഇനം | തുക |
|---|---|
| ലോൺ | 17,24,500 |
| ലോൺ | 2,30,277 |
| ലോൺ | 12,156 |
| മറ്റുവായ്പകൾ | 17,18,500 |
| സ്വർണ്ണപണയവായ്പ | 1,58,88,450 |
| പ്രത്യേകവായ്പകൾ | |
| ലോൺ | 17,77,900 |
| സ്റ്റാഫ് സി.സി. | 4,66,316 |

### സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വായ്പ

*തിരുവനന്തപുരം ജില്ലാ സഹകരണബാങ്ക്*

| | |
|---|---|
| കാർഷികവായ്പ | 15,40,500 |
| ഓവർഡ്രഫ്റ്റ് | 19,500 |
| നല്കിയവായ്പകൾ | |
| കാലാവധികഴിഞ്ഞ് കിട്ടാനുള്ളവ | |
| കാർഷികവായ്പ | 2,91,610 |
| കാർഷികവായ്പ | 23,775 |
| കാർഷികവായ്പ | 27,985 |
| കാർഷികവായ്പ | 23,260 |
| സാധാരണ വായ്പ | 71,015 |
| 10 വായ്പ | 27,645 |
| വിദ്യാഭ്യാസ വായ്പ | 1,271 |
| കെട്ടിടവായ്പ | 16,566 |
| എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് | 5,46,364.00 |
| കണ്ടിജൻസീസ് | 3,38,526.00 |

## അന്തിയൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 1166

1925- ൽ ഒരു കൈത്തറി സഹകരണ സംഘമയി രജിസ്റ്റർ ചെയ്യപ്പെട്ടു. 1975-ൽ ഈ കൈത്തറിസംഘം അന്തീയൂർ സർവ്വീസ് സഹകരണബാങ്കായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടരുന്നു. ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 10ഉം 12ഉം വാർഡ് അടങ്ങിയതാണ് സംഘത്തിന്റെ പ്രവർത്തനപരിധി. പ്രസ്തുത സംഘം സർവ്വീസ് സഹകരണബാങ്കായി ഉയർന്നപ്പോൾ കെ.നടേശൻ ആണ് ആദ്യകാല പ്രസിഡന്റ്. പ്രസ്തുത വായ്പാസംഘത്തിൽ 3333 അംഗങ്ങൾ നിലവിൽഉണ്ട്.

| | |
|---|---|
| ഒരു ഓഹരിയുടെ വില | 10 രൂപ |
| അംഗീകൃതഓഹരിമൂലധനം | 8.30ലക്ഷം |
| പിരിഞ്ഞ് കിട്ടിയ | |
| ഓഹരി മൂലധനം | 4,33,435 രൂപ |
| സർക്കാർ ഓഹരി - | 15,000യ/- രൂപ |
| പരമാവധി കടം | |
| എടുക്കാവുന്നതുക | 43,89,690 |
| പൊതുജനങ്ങളിൽ നിന്നും | |
| സ്വീകരിച്ച നിക്ഷേപങ്ങൾ - | 31,22,454 |
| സ്ഥിരം | 20,34,206 |
| ഹ്രസ്വകാലം | 10,88,248 രൂപ |
| നല്കിയിട്ടുള്ള വായ്പകൾ | 39,35,906 |

### കാർഷികവായ്പകൾ

| ഇനം | തുക |
|---|---|
| ഹ്രസ്വകാലകാർഷികവായ്പ | 11,67,679 |
| | 1,01,879 |
| | 1,96,996 |
| | 108 |

### മറ്റ് വായ്പകൾ

| ഇനം | തുക |
|---|---|
| സാധാരണ വായ്പ | 7,44,789 |
| സ്വർണ്ണവായ്പ | 11,50,519 |
| വിദ്യാഭ്യാസവായ്പ | 2,579 |
| | 5,54,886 |

### പ്രത്യേകവായ്പകൾ

| ഇനം | തുക |
|---|---|
| ലോൺ | 16,471 |

### സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| | കാർഷികവായ്പ | 13,10,587 |
| | മറ്റുവായ്പകൾ | 7,002 |
| | | 2,44,904 |

നല്കിയ വായ്പകൾ

| വായ്പാസ്വഭാവം | തുക |
|---|---|
| 1. ഹ്രസ്വകാലകാർഷികവായ്പ | 3,79,129 |
| | 46,736 |
| 2. മറ്റുവായ്പകൾ | 2,06,442 |
| | 108 |
| | 6,815 |
| | 93,406 രൂപ |
| | 63,031 രൂപ |

എസ്. കൃഷ്ണൻകുട്ടിനായരാണ് നിലവിലുള്ള പ്രസിഡന്റ് ആർ. മോഹനൻ എസ്.ഗിരീഷ്ലാൽ, കെ.നാഗപ്പൻ, പി.ഗോപിനാഥൻനായർ, കെ.അംബിക എന്നിവരാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾ. പി.സുധാകരനാണ് ഇപ്പോഴത്തെ സെക്രട്ടറി.

## ബാലരാമപുരം റൂറൽ ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം

ബാലരാമപുരം, പള്ളിച്ചൽ വെങ്ങാനൂർ പുവ്വാർ കാഞ്ഞിരംകുളം തിരുപുറം പഞ്ചായത്തുകളാണ് ഈ സംഘത്തിന്റെ പ്രവർത്തനപരിധി. 1972-ലാണ് പ്രസ്തുത സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങി.യത്. ആകെ 555 അംഗങ്ങളാണ് സംഘത്തിൽ നിലവിലുള്ളത്.
ഒരു ഓഹരിയുടെ വില 100 രൂപയാണ്
അംഗീകൃതഓഹരി മൂലധനം 25,00,000
പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം 33,10,000
സർക്കാർ ഓഹരിയില്ല.
പരമാവധി കടം എടുക്കാനുള്ള തുക 5 ലക്ഷം രൂപയാണ്.
ഭവനനിർമ്മാണവായ്പകൾ 49,81,800
237 പേർക്ക് ഭവനനിർമ്മാണവായ്പയായി നലികിയതുകയാണ് മേൽ സൂചിപ്പിച്ച കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനാണ് പ്രസ്തുത സംഘത്തിനാവശ്യമായ വായ്പകൾ നല്കുന്നത്. സംഘം സ്ഥാപിതമായ നാളുകളിൽ ധാരാളം ഭവന വായ്പകൾ നല്കിയിട്ടുണ്ട്. എന്നാൽ തിരിച്ചടവ് ഇല്ലാത്ത കാരണത്താൽ സംഘത്തിൽ നിന്ന് വായ്പകൾ ലഭിക്കാത്ത സാഹചര്യമായിരുന്നു നിലനിന്നിരുന്നത്. എന്നാൽ അടുത്തകാലത്തായി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും സംഘം സ്വയംപര്യാപ്തത കൈവരിച്ചതിന്റെ ഭാഗമായി ഇപ്പോൾ ഹൗസിംഗ് ഫെഡറേഷനിൽ നിന്നും പുതിയ വായ്പ്കൾ അനുവദിക്കുന്നുണ്ട്. കുടിശ്ശികപിരിക്കുന്ന കാര്യത്തിൽ ശുഷ്കാന്തി കാണിച്ചാൽ പ്രസ്തുത സംഘത്തിന് പുരോഗതികൈവരിയ്ക്കുവാൻ കഴിയുന്നതാണ്. ശ്രീ.പാറക്കുഴി സുരേന്ദ്രൻ പ്രസിഡന്റായിട്ടുള്ള ഡയറക്ടർ ബോർഡാണ് നിലവിലുള്ളത്. എൻ. വിക്രമൻനായരാണ് സെക്രട്ടറി.

## നിലവിലുള്ള ക്ഷീരോല്പാദ സംഘങ്ങൾ

### *തലയൽ ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം 4165*

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഒന്ന്, മൂന്ന്,നാല് വാർഡുകൾ ഉൾപ്പെട്ടതാണ് ഈ സംഘത്തിന്റെ പ്രവർത്തനപരിധി. 1957-ൽ സ്ഥാപിതമായി. 369 അംഗങ്ങളാണ് ഇപ്പോൾ പ്രസ്തുത സംഘത്തിലുള്ളത്. ക്ഷീരോല്പാദകരംഗത്ത് ബാലരാമപുരം പഞ്ചായത്തിലെ ആദ്യത്തെ സ്ഥാപനമാണിത്. ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിൽ നിലവിലുള്ള സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെട്ടരീതിയിലാണ്. 10000 രൂപയാണ് അംഗീകൃതഓഹരിമൂലധനം ടി.കെ.ബാലചന്ദ്രൻനായരാണ് നിലവിലുള്ള പ്രസിഡന്റ്.

### *പുന്നയ്ക്കാട് ക്ഷീരോല്പാദ സഹകരണസംഘം ക്ലിപ്തം*

ബാലരാമപുരം പഞ്ചായത്തിലെ രണ്ടും മൂന്നും വാർഡുകൾ ഉൾപ്പെട്ടതാണ് പ്രസ്തുത സംഘം. 4.7.1983 -ൽ പ്രസ്തുത സംഘം സ്ഥാപിതമായി. 338 അംഗങ്ങൾ സംഘത്തിൽ ഇപ്പോൾ നിലവിലുണ്ട്. പതിനായിരം രൂപ ആണ് അംഗീകൃതഓഹരി മൂലധനം. കഴിഞ്ഞ പതിമൂന്ന്

വർഷമായി പ്രസ്തുത സംഘം മെച്ചപ്പെട്ടനിലയിലാണ് പ്രവർത്തിക്കുന്നത്. ശ്രീ. എം.തങ്കപ്പന്റെ നേതൃത്വത്തിലുള്ള ഡയറക്ടർ ബോർഡ് ആണ് സംഘത്തിന്റെ പ്രവർത്തനം നടത്തുന്നത്. ക്ഷീരകർഷകന്റെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിൽ ആത്മാർത്ഥതയും ശുഷ്കാന്തിയും നിലനിർത്തി പ്രസ്തുതസംഘം പുരോഗതിയുടെ പാതയിൽ തന്നെയാണ്.

***കോട്ടുകാൽകോണം ക്ഷീരോല്പാദ സഹകരണസംഘം***

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ പഴയ 9,10,11 എന്നീവാർഡുകളാണ് പ്രവർത്തന പരിധി.

ആകെ അംഗങ്ങൾ – 212
അംഗീകൃത ഓഹരി മൂലധനം 10,000
പിരിഞ്ഞുകിട്ടിട ഓഹരി മൂലധനം 2,970
1.7.1987 –ൽ പ്രസ്തുത സംഘനിലവിൽവന്നു.
മൊത്തം ശേഖരിയ്ക്കുന്ന പാൽ 13,500 ലിറ്റർ (ഒരുമാസം)
പഞ്ചായത്തിൽ തന്നെ വില്ക്കുന്നത് 600 ലിറ്റർ
പുരത്തേയ്ക്ക് അയയ്ക്കുന്നത് 12,900 ലിറ്റർ

***തെങ്കരക്കോണം ക്ഷീരോല്പാദക സഹകരണസംഘം***

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 5,6, വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു സംഘമാണ് 1979–ൽ സ്ഥാപിതമായ തെങ്കരക്കോണം ക്ഷീരോല്പാദസഹകരണസംഘം ഈ പ്രദേശത്തുള്ള ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിൽ പ്രസ്തുത സംഘം ആത്മാർത്ഥതകാണിക്കുന്നുണ്ട്. സൗജന്യമായ പുൽവിത്ത് വിതരണത്തിലൂടെയും, കാലിത്തീറ്റസബ്സിഡി അനുവദിച്ചും പ്രസ്തുത സംഘത്തിൽ പാൽ ഉൽപാദിപ്പിക്കാവുന്നതാണ്. ഒരു ദിവസം 250 ലിറ്റർ പാൽവരെ സംഭരിക്കാവുന്നതാണ്. ആകെ 178 അംഗങ്ങൾ നിലവിലുണ്ട്. കുറച്ചുകാലത്തിനുമുമ്പ് പ്രസ്തുത സംഘം ലിക്വിഡേറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ സംഘം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്.

***ബാലരാമപുരം വനിതാസഹകരണസംഘം.***

പ്രസ്തുത വനിത സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധി ബാലരാമപുരം പഞ്ചായത്ത് മുഴുവൻ 1988 ലാണ് പ്രസ്തുത സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയത്. 609 അംഗങ്ങൾ പ്രസ്തുത സംഘത്തിൽ നിലവിലുണ്ട്.
ഓഹരി മൂലധനം – 1,50,000 രൂപ
കൊടുത്തുട്ടുള്ള വായ്പകൾ 5,79.803
നിക്ഷേപം 5,60,272

ഈ പഞ്ചായത്തിലെ വനിതാ ക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിൽ സംഘം പ്രവർത്തനം കൂടുതൽ വ്യാപിക്കേണ്ടതാണ്.
സെക്രട്ടറി – രമ
പ്രസിഡന്റ് – ജി. സാവിത്രി അമ്മ

## സർവ്വീസ് സഹകരണ മേഖല (ഗ്രാമസഭാ നിർദ്ദേശങ്ങൾ)

നിലവിലുള്ള രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളുടെയും പ്രവർത്തനം മെച്ചപ്പെട്ട രീതിയിലാണ്.

***നിർദ്ദേശങ്ങൾ***

1. ഗ്രാമക്ഷേമത്തിനായി ഗ്രാമസഭകൾക്കെല്ലാം എല്ലാഗുണവും ക്ഷേമവും പ്രതീക്ഷിക്കാവുന്ന തരത്തിൽ ഒരു വിവിദ്ധോദ്ദേശസഹകരണ സംഘം സ്ഥാപിക്കേണ്ടതാണ്.

2. കൂട്ടായ പ്രവർത്തനത്തിലൂടെ വ്യക്തികളുടെ ക്ഷേമം ഉറപ്പാക്കുന്ന ഒരു ജനകീയജനാധിപത്യ പ്രസ്ഥാനമാണ് സഹകരണമെന്ന ബോധം വളർത്തിയെടുക്കേണ്ടതാണ്.

3. തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയിൽ നിക്ഷിപ്തമായ ഒരു തൊഴിലാളി ബാങ്ക് സ്ഥാപിക്കുകയും ഇതിനുള്ള വിഭവസമാഹരണമെന്നനിലയിൽ

ഗ്രാമത്തിലെ ഓരോ അംഗങ്ങളുടേയും ചെറിയ ഒഹരികൾ പഞ്ചായത്ത്, സർക്കാർ എന്നിവയിൽ നിന്നുള്ള ഗ്രാന്റ്, സബ്സിഡി, എന്നിവ ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

4. അന്തിയൂർസർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി കൂടുതൽ ധനസഹായം ഗവൺമെന്റിന്റെ ഭാഗത്ത്നിന്ന് നല്കുകയും കൂടതൽ വായ്പകൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

5. നിലവിലുള്ള രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളും വായ്പകൾ നല്കുമ്പോൾ കുറച്ചും കൂടി ഉദാരമായ നയം സ്വീകരിക്കാവുന്നതാണ്.

***നിർദ്ദേശങ്ങൾ (കൈത്തറി മേഖല)***

1. കൈത്തറി തൊഴിലാളികളുടെ ഉന്നമനത്തിനായി രൂപം കൊണ്ട കൈത്തറി സംഘങ്ങൾ യഥാർത്ഥ നെയ്ത്തുകാർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനം നടത്തണം.

2. സ്ത്രീകൾക്ക് മാത്രം തൊഴിലവസരം ലഭിക്കുന്ന ഒരു വനിതാ കൈത്തറി സംഘം രജിസ്റ്റർ ചെയ്താൽ വനിതാ കൈത്തറി തൊഴിലാളികളുടെ പ്രശ്നത്തിന് ഒരു വിധം പരിഹാരം കാണാൻ കഴിയുന്നതാണ്.

3 വ്യാജകൈത്തറി സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുകയോ അല്ലെങ്കിൽ അതു തൊഴിലാളികളുടെ ഉന്നമനത്തിനായി പ്രവർത്തിപ്പിക്കുകയൊ ചെയ്യുക.

4. കൈത്തറി സംഘങ്ങളിൽ യഥാർത്ഥ തൊഴിലാളികളെ അംഗങ്ങളാക്കി നിലവിലുള്ള പ്രശ്നത്തിന് പരിഹാരം കാണവാൻ കഴിയുന്നതാണ്.

5. കൈത്തറി സഹകരണ സംഘത്തിൻ നിന്നും സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥതൊഴിലാളികൾക്ക് ലഭ്യമാക്കുക.

6. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിർത്തലാക്കി യഥാർത്ഥനെയ്ത്തുകാർക്കും, തൊഴിലാളികൾക്കും ഉപകാരപ്രദമായരീതിയിൽ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി വ്യാജസഹകരണസംഘങ്ങളിലെ റിബേറ്റ് നിർത്തലാക്കുക.

7. യഥാർത്ഥ നെയ്ത്തുകാരെ സംരക്ഷിക്കുന്നതിനുവേണ്ടി സഹകരണസംഘങ്ങളെ ഫെഡറേഷന്റെ കീഴിൽ കൊണ്ടുവരുക.

8. കൈത്തറിസംഘങ്ങളുടെ യഥാർത്ഥ മെമ്പറന്മാരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് അംഗങ്ങളുടെ ഹാജർ നില പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

9. കൈത്തറി തുണികൾ ഉല്പാദിപ്പിക്കുന്നതിന് ഒരു നെയ്ത്ത് പരിശീലനയൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ രൂപീകരിയ്ക്കുവാൻ കഴിയുന്നതാണ്.

10. രണ്ടാം വാർഡിൽ സഹകരണവ്യവസായസ്ഥാപനങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ കൈത്തറി വ്യവസായം തുടങ്ങുന്നതിന് വനിതകളെ ഉൾപ്പെടുത്തി ഒരു സഹകരണ സംഘം സ്ഥാപിക്കാവുന്നതാണ്.

11. സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് ഗാർമെന്റ്സ്, പനയോല വ്യവസായം, മെഴുകുതിരിവ്യവസായം എന്നിവ നടത്താവുന്നതാണ്

***ക്ഷീരോല്പാദകസംഘങ്ങൾ***

***പ്രശ്നങ്ങൾ***
(ഗ്രാമസഭാ ചർച്ചയിൽ നിന്ന് ഉയർന്ന് വന്നത്)

1. ബാലരാമപുരം പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ ഒരു ക്ഷീരസഹകരണസംഘത്തിന്റെ ആവശ്യകതയുണ്ട്.

2. ഒരു ക്ഷീരവ്യവസായസഹകരണസംഘം ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ പത്താം

വാർഡിൽ വേണമെന്നുള്ള ആവശ്യം ശക്തമായി ഉയരുകയുണ്ടായി.

3. ക്ഷീരവ്യവസായസംഘത്തിന് പുറമെ ഒരു ഡയറി യൂണിറ്റും ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ സ്ഥാപിക്കേണ്ടതാണ്.

*നിർദ്ദേശങ്ങൾ*

1. ക്ഷീരോല്പാദകസഹകരണ സംഘങ്ങളുടെ നിലവിലുള്ള നിയമം ഭേദഗതി ചെയ്ത് വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കുക.

2. ക്ഷീരോല്പാദനമേഖലയിൽ നിലവിലുള്ള ത്രിടയർ സിസ്റ്റം നിർത്തലാക്കുക, പ്രാഥമികസംഘങ്ങളായും മേഖലയുമായി നിജപ്പെടുത്തുക.

3. കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തുക

4. ഗുണമേന്മയുള്ള പുൽവിത്ത് വിതരണം ചെയ്യുക. പുൽകൃഷി പ്രോത്സാഹിപ്പിക്കുക.

5. പഞ്ചയത്തുതലത്തിൽ സഹകരണമേഖലയിൽ കാലി-കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

6. പഞ്ചായത്തു തലത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ക്ഷീരവികസനത്തിന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ വഴി നൽകുക.

7. നല്ലയിനം കറവമാടുകളെ ക്ഷീരസംഘങ്ങൾ ഏജൻസിയായിനിന്ന് കർഷകർക്ക് വായ്പയായി കൊടുക്കുക.

8. ക്ഷീരോല്പാദക സംഘത്തിലെ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*കൺസ്യൂമർ മേഖല*

വളരെക്കാലമുമ്പ് ഈ പഞ്ചായത്തിൽ ചില കൺസ്യൂമർ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു. അതുപലതും നഷ്ടത്തിലായതിനാൽ പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. കൺസ്യൂമർസ്റ്റോറുകളുടെ തകർച്ചയ്ക്ക് കാരണം മനസ്സിലാക്കി നല്ലരീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഒരു കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കേണ്ടതാണ്.

*പൊതുവായ നിർദ്ദേശങ്ങൾ*

1. ഈ പഞ്ചായത്തിൽ ഇപ്പോൾ ഏറ്റവും കൂടുതൽ കെട്ടിടം പണികൾ നടന്നു വരുന്നു. ഇതിനാവശ്യമായ കമ്പി, സിമന്റ് മണൽ , ചുടുകല്ല്, കരിങ്കല്ല്, ചല്ലി നിർമ്മാണത്തിനാവശ്യമായ എല്ലാ സാധനങ്ങളും ഒരു സഹകരണസംഘം രൂപീകരിച്ചാൽ ന്യായവിലയ്ക്ക് കൊടുക്കുവാൻ കഴിയും.

2. ഗവൺമെന്റിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ കോഴി, ആട്, പന്നി, മുയൽ എന്നിവയുടെ കുഞ്ഞുങ്ങളെ ഒരുമിച്ച് വാങ്ങി കൃഷിക്കാർക്ക് വീടുകളിൽ വളർത്താൻ നല്കണം ഇങ്ങനെ നല്കുന്ന മൃഗങ്ങളെയും, പക്ഷികളെയും കൃഷിക്കാർ രൂപീകരിയ്ക്കുന്ന സഹകരണസ്ഥാപനം വഴി വില്ക്കണം. ഈ പദ്ധതിയിലൂടെ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാം.

3. സംഘങ്ങളിൽ നിലവിലുള്ള ചിട്ടിനിയമവ്യവസ്ഥകൾ ലഘൂകരിക്കുക

4. സഹകരണരംഗത്തെ പിഴപ്പലിശ സമ്പ്രദായം നിർത്തലാക്കുക.

5. വായ്പാ നല്കുന്നതിന് ഒരു ഷെയർമാത്രം ഈടാക്കുക

6. തിരിച്ചടവ് ശേഷിയുടെഅടിസ്ഥാനത്തിൽ വായ്പനല്കുക.

7.സഹകരണസംഘങ്ങൾ കൊപ്രാസംഭരണം നടപ്പിൽ വരുത്തുക

8. ലേബർ കോൺട്രാക്ട് സംഘം രൂപീകരിക്കുക.

9. പിരിയാകടമായി നിൽക്കുന്നവായ്പകൾ അടച്ചുതീർക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളുക.

10. സംഘങ്ങളുടെ നഷ്ടത്തിന് തുല്യതുക പലിശരഹിതദീർഘകാലവായ്പയായോ, ഓഹരിമൂ

ലധനമായോ അനുവദിക്കുക.

11. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം സഹകരണ സംഘങ്ങളിൽ നടത്തേണ്ടതാണ്.

12. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നാട്ടിൽ നടക്കുന്ന വികസനപ്രക്രിയകളിൽ സാമ്പത്തികമായും, സാങ്കേതികമായിട്ടുള്ള സഹായങ്ങൾ നല്കുക.

13. വനിതാക്ഷേമം ലക്ഷ്യമാക്കി വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കുകയും സംഘത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായിതീർക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.

14. സംഘങ്ങളിൽ ക്രഡിറ്റ് കാർഡ് നല്കുക.

15. സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കുക.

***കൈത്തറി ക്ഷീരമേഖല പൊതുനിർദ്ദേശം***

കൈത്തറി സഹകരണസംഘങ്ങളെ ഉല്പാദകസഹകരണസംഘങ്ങളായി നിലനിറുത്തിവിപണന്ത്തിന് സംസ്ഥാനതലത്തിൽ ഒരു ഏജൻസി വഴി മാത്രമായാൽ സാമ്പത്തിക ചോർച്ച ഒഴിവാക്കാം.

ക്ഷീരസംഘങ്ങളിലെ പാലിന്റെ കൊഴുപ്പ് നിർണ്ണയത്തിലുള്ള അപാകത പരിഹരിക്കാൻ പ്രയാസമായതിനായൽ ക്ലിപ്തവിലനൽകി പാൽസംഭരിക്കുക.

മിൽമയുടെ മൊത്തം ലാഭത്തിന്റെ 50% കർഷകർക്ക് പാൽ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ലാഭവിഹിതമായി നൽകുക. മിൽമപോലുള്ള കർഷകതാല്പര്യസംഘങ്ങൾമൊത്തം വരുമാനവും മണിസൗധങ്ങൾക്കും ആഡംബരങ്ങൾക്കും വേണ്ടി ചെലവഴിക്കുന്നത് നിയന്ത്രിക്കുക.

◆

| സംഘത്തിന്റെ പേര് | ബാലരാമപുരം വനിതാ സഹകരണസംഘം Ltd. No. T 961 | | | ബാലരാമപുരം ഉജ്ജയിന്റ് ഫാമിംഗ് സഹകരണസംഘം T 1248 | ബാലരാമപുരം വനിത സഹകരണസംഘം T 961 |
|---|---|---|---|---|---|
| ആരംഭിച്ച വർഷം | 1988 | | 1980 | 1994 | 1988 |
| പ്രവർത്തന പരിധി | ബാലരാമപുരം പഞ്ചായത്ത് | | ബാലരാമപുരം പഞ്ചായത്തിലെ 5,6,7 വാർഡുകൾ | കോട്ടുകാൽക്കോണം നെല്ലിവിള പ്ലാവിള ഐത്തിയൂർ ശാലിഗോത്രത്തെരുവ് | ബാലരാമപുരം പഞ്ചായത്ത് |
| അംഗങ്ങളുടെ എണ്ണം | 609 | | 100 | 149 | 609 |
| ഓഹരി മൂലധനം | 1,50,000 | | 2,00,000 | 110,90,000 | 1,50,000 |
| സർക്കാർ ഓഹരി | 25,000 | | 1,11,000 | 74,000<br>1,00,500 | 25,222<br>5,60,271 |
| കൊടുത്തിട്ടുള്ള വായ്പകൾ | 5,79,083 | | 1 | 1,77,000 | 5,51,119 |
| നിക്ഷേപം<br>ലാഭം/ നഷ്ടം | 5,60,271<br>ലാഭം | | ലാഭം | ലാഭം | ലാഭം |
| ജീവനക്കാരുടെ എണ്ണം | 2 | | | 3 | 2 |



| 2. | | 1. | ക്ര.നം. | |
|---|---|---|---|---|
| അന്തിയൂര് സർവ്വീസ് സഹകരണ ബാങ്ക് No: 1166 | | ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക് T-14 | സ്ഥാപനത്തിന്റെ പേര് | |
| 1925 | | 1958 | പ്രവർത്തനം ആരംഭിച്ച വർഷം | |
| ബാലരാമപുരം പഞ്ചായത്തിലെ 10-12 വാർഡുകൾ | | ബാലരാമപുരം പഞ്ചായത്തിലെ 1 മുതൽ 9വരെയും 11-ാം വാർഡും ഉൾപ്പെടുന്നു | പ്രവർത്തന പരിധി | |
| 3333 | | 8901 | വ്യക്തി അംഗത്വം | |
| 8,50,000 | | 30,00,000 | ഓഹരി മൂലധനം | |
| 15,62,493 | | 15,60,000 | കടം | |
| 31,22,454 | | 2,18,23,799 | നിക്ഷേപം | |
| 14,66,662 | | 36,85,433 | കാർഷികം | ഉൽപ്പാദന |
| 24,69,244 | | 1,81,32,666 | കാർഷികേതരം | |
| 4,33,435 | | 14,23,119 | പ്രവർത്തന മൂലധനം | |
| ലാഭം | | ലാഭം | ലാഭം/നഷ്ടം | |
| 4 | | 14 | സ്ഥിരം | ജീവനക്കാർ |
| 1 | | 4 | മാറ്റുള്ളവർ | |

ഉൽപ്പാദന വ്യവസായ സഹകരണ സംഘങ്ങൾ

5-(xiii)

# പട്ടികജാതി പട്ടികവർഗ്ഗ വികസനം

അനാചാരങ്ങളുടെയും അടിച്ചമർത്തലുകളുടെയും. അയിത്തത്തിന്റെയും ചുരുക്കത്തിൽ സാമൂഹ്യ അസമത്വങ്ങളുടെയും എല്ലാരുക്ഷതയും നിലനിന്നിരുന്ന പ്രദേശമായിരുന്നു ബാലരാമപുരം . 'തൊട്ടുകൂടാത്തവർ തീണ്ടി കൂടാത്തവർ. ദൃ,ഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവർ എന്നിങ്ങനെ ഇന്നാട്ടിലെ അധഃസ്ഥിത വർഗ്ഗത്തെ മാറ്റിനിർത്തുകയും, അവർക്ക് സാമൂഹ്യനീതി നിഷേധിച്ച് , ജീവിത ചുറ്റുപാടുകളിൽ നിന്നുപോലും മാറ്റിനിർത്തി ഇന്നാട്ടിലെ സവർണ്ണ മേധാവിത്വം ഈ ജനവിഭാഗങ്ങളെ അടിച്ചമർത്തുകയായിരുന്നു. പകലന്തിയോളം പാടത്ത് കഷ്ടപ്പെട്ട് അവർ വിളയിക്കുന്ന ഫലങ്ങൾ നേരിട്ടാസ്വാദിക്കുന്ന ഈ സമ്പന്ന വർഗ്ഗത്തിന്റെ പീഠനങ്ങളുടെ തിക്താനുഭവം അയവിറക്കുന്ന, ഓർമ്മകളിൽ ഇന്നും സൂക്ഷിക്കുന്ന അവശ ജനവിഭാഗങ്ങളിലെ മുൻതലമുറയിലെ ചിലരെങ്കിലും ഇപ്പോഴും അവശേഷിക്കുന്നുണ്ട്. കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കളുടെ നേതൃത്വത്തിലും, പുരോഗമന വിപ്ലവ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലും നടന്ന ഉജ്ജ്വലമായ സമരങ്ങൾ ഈ രംഗത്തേക്ക് വിരൽ ചൂണ്ടുന്നു. മഹാനായ അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന സമരം ഇന്നും ജനഹൃദയങ്ങളിൽ മാറ്റൊലി കൊള്ളിക്കുന്നു. അക്കാല ഘട്ടത്തിൽ ഈ പ്രദേശത്തുള്ള പട്ടിക ജാതിക്കാർക്ക് ഹോട്ടലുകളിൽ നിന്ന് ചായകുടിയ്ക്കുവാനോ ബാർബർഷോപ്പുകളിൽ കയറുവാനോ എന്തിനേറെ സഞ്ചാര സ്വാതന്ത്ര്യംപോലും നിഷേധിച്ചിരുന്നു. ഇത്തരണത്തിൽ അടിച്ചമർത്തലുകളുടെ ഭീകരത ഏറ്റുവാങ്ങിയ ഈ സമുദായംഗങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് അയ്യൻകാളി ബാലരാമപുരത്ത് സമരം നയിച്ചത്.

സവർണ്ണ മേധാവിത്വത്തിന്റെ പ്രതീകമായി അക്കാലത്ത് വിശേഷിപ്പിച്ചിരുന്ന കണ്ടല പിള്ളയുടെ നേതൃത്വത്തിൽ നടന്ന അടിച്ചമർത്തലിനെതിരെയാണ് അയ്യൻകാളി സമരം നയിച്ചത്. അക്കാലത്ത് ബാലരാമപുരത്തെ സവർണ്ണ മേധാവികളുടെ പിണിയാളുകൾ അയ്യൻകാളിയെ മർദ്ദിച്ചതായി മുൻ തല മുറക്കാരുടെ അഭിപ്രായത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നു. ബാർബർഷോപ്പുകളിൽ പ്രവേശനം നിഷേധിച്ച ഈ ജനവിഭാഗത്തിനു വേണ്ടി തേമ്പാമുട്ടത്ത് സ്വന്തമായി ഒരു ബാർബർ ഷാപ്പ് നടത്തി വ്പ്ലവം സൃഷ്ടിച്ച മഹാനാണ് എബ്രായി. ഈ സൃഷ്ടി ഇന്നാട്ടിലെ അവശജനവിഭാഗത്തിന്റെ മോചനപോരാട്ടത്തിന്റെ ഉജ്ജ്വലമായ മുഹൂർത്തമായിരുന്നു.

സ്വാതന്ത്ര്യലബ്ദിക്ക് ശേഷവും ഈ സമുദായഗംങ്ങൾ കൂടുതൽ പീഢനങ്ങൾക്ക് ഇരയായിട്ടുണ്ട്. ഇക്കാലഘട്ടത്തിൽ ഈ സമുദായങ്ങളുടെ മോചനപോരാട്ടങ്ങൾക്ക് ഉജ്ജ്വലമായ നേതൃത്വം നല്കിയത്. പുരോഗമനവിപ്ലവപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലായിരുന്നു. കുടിയൊഴിപ്പിക്കലിനെതിരെയുള്ള തീഷ്ണമായ സമരങ്ങൾക്ക് നേതൃത്വം നല്കിയ ഈ പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ ക്രൂരമായ മർദ്ദനത്തിന് വിധേയമായിട്ടുണ്ട്. നിരവധിതവണ ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം ത്യാഗോജ്ജ്വലമായ സമരത്തിന്റെ ഫലമായി ഈ സമുദായഗംങ്ങൾക്ക് സമൂഹത്തിൽ തനതായ വ്യക്തിത്വം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു സമുദായംഗങ്ങളുമായി സൗഹാർദ്ദത്തോടും സമഭാവനയോടും ഇടപഴകുന്നതിന് ഇന്ന് കഴിയുന്നുണ്ട്.

ബാലരാമപുരം പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ ബഹുഭൂരിപക്ഷവും പുലയസമുദായവും, സാംബവസമുദായവുമാണ്. പുലയസമുദായത്തിൽതന്നെ ചേരമർവിഭാഗം ഉൾകൊള്ളുന്നത്. ഇതിനുപുറമെ അയ്യനവർ, മണ്ണാൻ, പരവർ, തണ്ടാൻ തുടങ്ങിയ പലവിഭാഗങ്ങളും

പട്ടികജാതിവിഭാഗങ്ങളിൽ കാണുന്നു.

***പട്ടികജാതിപട്ടികവർഗ്ഗക്ഷേമം ഗ്രാമസഭ ചർച്ചകളിൽ നിന്നും ഉരുതിരിഞ്ഞ പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ***

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിൽ നിന്നും ലഭിച്ചിട്ടുള്ള ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിരവധി പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നു.

(1) കോളനികളിൽ സർക്കാർ പണിചെയ്ത് കൊടുത്ത സൗജന്യവീടുകൾ തകർന്ന് വീഴാറായി. അത്യാവശ്യമായി അവ മെയിന്റനൻസ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുക.

(2) പട്ടികജാതിക്കാരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ചുവെങ്കിലും ഇതുവരെ കണക്ഷൻ ലഭിച്ചിട്ടില്ല.

(3) കോളനിനിവാസികൾക്ക് പട്ടയം അനുവദിക്കണം.

(4) പട്ടികജാതിക്കാരുടെ ഭവനങ്ങൾക്ക് സൗജന്യമായി കക്കൂസുകൾ നല്കുക.

(5) ഹരിജനങ്ങളും മറ്റുള്ളവരും കൂടുതൽ തിങ്ങിപാർക്കുന്ന എരുത്താവൂർ പ്രദേശത്ത് ഒരു ആസ്ഥർവ്വേദാശുപത്രി സ്ഥാപിക്കുക.

(6) ഗ്രാമപഞ്ചായത്തിലെ 2-ാംവാർഡിൽ ടകഉജ പദ്ധതി പ്രകാരം നല്കിയിട്ടുള്ള കക്കൂസുകൾ ഉപയോഗശൂന്യമാണ്. കകൂസിന്റെ ടാങ്കിൽ ചാനൽ വെള്ളം കയറുന്നു. ഇതിന് പരിഹാരം കാണണം.

7) വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

8) ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ തരന്നൂർ, കോരത്തല, പാറക്കുഴി, നൈനാക്കോണം എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി തേരൂർ, പാറക്കുഴി എന്നീ രണ്ട് IHDP Settlememt കോളനികളായി പ്രഖ്യാപിക്കുക.

) പട്ടകജാതിക്കാരായ കൈത്തറിതൊഴിലാളികൾക്ക് വേണ്ടി വർക്ക്ഷോപ്പ് അടങ്ങിയ കൈത്തറിസംഘങ്ങൾ അനുവദിക്കുക.

10. ഹരിജനങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

11. കൂടല്ലൂർ ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ് ടാർ ചെയ്യുക.

12. എല്ലാ പട്ടികജാതികോളനികളിലും പൊതുകിണർ, പൊതുകക്കൂസ്, പൊതവായനശാല എന്നിവ സ്ഥാപിക്കണം.

13. ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ ഇരുപത്തഞ്ചോളം വരുന്ന മണ്ണാർകുടുംബങ്ങൾക്ക് അവരുടെ തൊഴിൽ ആവശ്യത്തിനായി ഒരു ഊറ്റുകുഴി നിർമ്മിച്ച് കൊടുക്കുകയും ഇത്തരക്കാരുടെ വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക.

14. ഹരിജനങ്ങൾക്ക് വാട്ടർകണക്ഷൻ നല്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കണം.

15. നെല്ലിവിള പ്രദേശത്തെ ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന മേഖലയിൽ IHDP സെറ്റിൽമെന്റ് കോളനിയായി പ്രഖ്യാപിക്കുകയും അവിടത്തേയ്ക്ക് ആവശ്യമായ അടിസ്ഥാനസൊകര്യങ്ങൾ ഉറപ്പുവരിത്തുകയും ചെയ്യുക.

16. ഗ്രാപഞ്ചായത്തിലെ XI-ാം വാർഡിലെ തെങ്ങുവിള പ്രദേശത്ത് ഇരുപത്തഞ്ചോളം വരുന്ന ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നു. ആയതിനാൽ പ്രസ്തുത പ്രദേശം IHDP സെറ്റിൽമെന്റ് കോളനിയായി പ്രഖ്യാപിക്കണം.

17. TRYSEM പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ പരിശീലനം നൽകുന്നതോടൊപ്പം തൊഴിൽ നേടുന്നതിനുള്ള സാമ്പത്തികസഹായവും നൽകുക.

***നിർദ്ദേശങ്ങൾ***

(1) പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് സൗജന്യമായി വീട്വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) സ്വന്തമായി ഒരു തുണ്ട് ഭൂമിയില്ലാത്ത ധാരാളം ഹരിജനങ്ങൾ ഈ വാർഡിലുണ്ട്. അതുപോലെ തന്നെ നിലവിലുള്ള വീടുകൾ തന്നെ തകർന്ന് പോകുന്ന സ്ഥിതിയാലാണ്. ആയതിനാൽ ഇത്തരത്തിലുള്ള ആൾക്കാർക്ക്

ഗവണ്മെന്റിൽ നിന്നും അടിയന്തിരമായി സഹായങ്ങൾ എത്തിക്കേണ്ടതാണ്.

(3) തൊഴിൽരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് ഗ്രൂപ്പായോ, വ്യക്തിയായോ തൊഴിൽ ചെയ്യുവാനുള്ള സാമ്പത്തികസഹായം നല്കുക. അതുപോലെതന്നെ അനാരോഗ്യം കാരണം തൊഴിൽ ചെയ്യുവാൻ കഴിയാത്ത ആളുകളെ സഹായിക്കുവാൻ കഴിയുന്ന പദ്ധതികൾക്കും രൂപം കൊടുക്കേണ്ടതാണ്.

(4) പഞ്ചായത്തിലെ പട്ടികജാതിവിഭാഗക്കാർക്ക് ഗവൺമെന്റിൽനിന്നും അനുവദിച്ച സൗജന്യവീടുകൾക്ക് പട്ടയം നല്കിയിട്ടില്ല. ഇതുകാരണം ഇവർക്ക് മറ്റ് വായ്പാസ്ഥാപനങ്ങളിൽനിന്നും ഒരു ആനുകൂല്യവും ലഭിക്കുന്നില്ല. ഇക്കാരണത്താൽ അടിയന്തിരമായി കോളനികളിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം നല്കേണ്ടതുണ്ട്.

(5) ഹരിജനങ്ങളുടെ വീടുകൾ വൈദ്യുതീകരിയ്ക്കേണ്ടതാണ്. അതുപോലെ തന്നെ വൈദ്യുതീകരിച്ച വീടുകൾക്ക് കണക്ഷൻ നല്കേണ്ടതാണ്. ഇത് എത്രയും പെട്ടെന്ന് ആകേണ്ടതാണ്.

(6) പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിന് പഞ്ചായത്ത് തലത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

(7) SIDP പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ക്കകൂസുകൾ ഇപ്പോൾ ഉപയോഗശൂന്യവും പരിസരമലിനീകരണവും സൃഷ്ടിക്കുന്നു. അടിയന്തിരമായി ക്കകൂസുകൾ പുനർനിർമ്മാണം ചെയ്യേണ്ടതും സാമ്പത്തിക സഹായം നവ്കേണ്ടതാണ്.

(8) പട്ടികജാതിവിഭാഗക്കാർക്ക് താമസിക്കുന്ന കോളനികൾക്ക് പൊതു കക്കൂസ്, പൊതികിണർ. പൊതുവാട്ടർടാങ്ക് തുടങ്ങിയവ സ്ഥാപിക്കേണ്ടതാണ്.

(9) പട്ടികജാതിവിഭാഗക്കാരുടെ സർവ്വതോന്മുഖമായ തൊഴിൽ വികസനം ലക്ഷ്യമാക്കി നല്ലരീതിയിൽ പ്രവർത്തിക്കേണ്ടതുമായ ഒരു കൈത്തറി വ്യവസായശാല സ്ഥാപിക്കേണ്ടതാണ്.

(10) ഈ വിഭാഗത്തിലെ ആളുകൾക്ക് പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കുവാൻ വേണ്ട വിത്തുകളും വളങ്ങളും കൃഷിഭവൻ വഴി നൽകുക.

(11) ഹരിജനങ്ങൾ താമസിക്കുന്ന കോളനികളിലെ മിക്കവീടുകളിലും രണ്ടും മൂന്നും കുടുംബങ്ങളാണ് താമസിക്കുന്നത്. ഇവർക്ക് സ്വന്തമായി വസ്തുവാങ്ങി വീട് വയ്ക്കുന്നതിനുള്ള ഗ്രാന്റ് തുക (ഹരിജൻ വെൽഫയർ വഴി) വർദ്ധിപ്പിക്കുകയും അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുകയു വേണം.

(12) IHDP ഹരിജൻ കോളനികളിൽ റ്റി.വി. പാർക്ക് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ തുടങ്ങിയവ സ്ഥാപിക്കേണ്ടതാണ്. ഇതിലൂടെ ഈ വിഭാഗത്തിലെ കുട്ടികളുടെ കലാകായിക മികവ് പ്രകടിപ്പിക്കുന്നതിനും സാംസ്കാരികമായ ബോധം ഉണ്ടാക്കിയെടുക്കാനും സാധിക്കും.

(13) പട്ടികജാതി കോളനികളിൽ വാർത്താവിതരണസമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി ലറ്റർബോക്സുകൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

(14) കോളനിപ്രദേശങ്ങൾ പരിപൂർണ്ണമായി വൈദ്യുതീകരിക്കുകയും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതുമാണ്.

(15) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗക്കാർക്ക് വിദ്യാഭ്യാസപരമായി ഉയർച്ച ലഭിക്കുന്നതിനുവേണ്ടി അനൗപചാരിക വിദ്യാഭ്യസ പ്രവർത്തനങ്ങൾ ഊർജ്ജിതമാകേണ്ടതാണ്. ഉന്നതവിദ്യാഭ്യാസത്തിനുള്ള സാമ്പത്തികസഹായങ്ങൾ നല്കേണ്ടതാണ്.

5-(xiv)

# വിഭവസമാഹരണം

സമൂഹ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കി വയ്ക്കുന്ന പ്രക്രിയക്കാണ് ആസൂത്രണം എന്ന് പറയുന്നത്. അതുകൊണ്ട് തന്നെ വിഭവം കൂടാത വികസനം സാദ്ധ്യമല്ല. ഒരു സമൂഹത്തിന്റെ വികസനത്തിന് നീതിപൂർവ്വകവും സ്ഥായിയുമായ ഉന്നമനത്തിന് വേണ്ടുന്ന വിഭവം സമാഹരിക്കേണ്ടത് അത്യാവശ്യമാണ്. മനുഷ്യന്റെ കായികവും ബൗദ്ധികവുമായ വിഭവമാണ് ഏറ്റവും പ്രധാനപ്പെട്ടത്.

വികസന പദ്ധതികളെ മുകളിൽ നിന്നും കിട്ടുന്ന സൗജന്യങ്ങളായാണ് ബഹുഭൂരിപക്ഷം ജനങ്ങളും ഇന്ന് കാണുന്നത്. എന്നാൽ തങ്ങൾക്ക് എന്ത് കിട്ടും എന്നല്ലാതെ തങ്ങൾക്ക് എന്ത് ചെയ്യാം എന്നാരും ചിന്തിക്കാറില്ല. ഈ നില മാറണം മനുഷ്യൻ തന്റെ ശേഷിയെ പ്രകൃതിയിൽ പ്രയോഗിച്ച് ഉണ്ടാക്കിയെടുത്ത വസ്തുക്കളെ സംഭരിച്ച് പ്രയോജനപ്രദമാംവിധം ഉപയോഗിക്കുന്നതിലൂടെയും വികസനത്തെ തങ്ങളെ ജീവിതത്തെയും ചുറ്റുപാടുകളെയും മെച്ചപ്പെടുത്തുന്നതിനായുള്ള കൂട്ടായ യത്നമായി വീക്ഷിക്കുന്നതിലൂടെ ചെറുതല്ലാത്തൊരു പങ്ക് വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കുവാനും അതിലൂടെ മാത്രമേ സർവ്വതോൻമുഖമായ വികസനം എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയൂ.

മാനവശേഷിയുടെ പ്രയോജനപ്രദമായ ഉപയോഗിക്കലിന് ചില അടിസ്ഥാന ഘടകങ്ങൾ ആവശ്യമാണ് അതിൽ ഏറ്റവും പ്രധാനം അത് ഉപയോഗിച്ച് ജീവനോപാധികളെ സൃഷ്ടിക്കാനുള്ള അവസരം ലഭ്യമാക്കുകയാണ്. അനുഭജ്ഞാനത്തോടൊപ്പം ആധുനിക ശാസ്ത്രവിജ്ഞാനത്തെ സംയോജിപ്പിക്കാനും ഉപയോഗപ്പെടുത്താനും കഴിയണം. ഇതിനായി ശാസ്ത്ര സാങ്കേതിക വിദഗ്ദർ ഗവേഷണശാലകളിൽ നിന്നും പണിശാലകളിലേയ്ക്കും വയലേലകളിലേയ്ക്കും നീങ്ങണം. സ്വകാര്യ ലാഭം ഒന്നു മാത്രം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം അസമത്വത്തെ വർദ്ധിപ്പിക്കുന്നതിലേയ്ക്കും ദാരിദ്ര്യത്തെ രൂക്ഷമാക്കുന്നതിലേയ്ക്കും നയിക്കും അവസാനമായി ഒറ്റപ്പെട്ട വ്യക്തികളുടെ തന്നിഷ്ട പ്രകാരമുള്ള തീരുമാനം, വിഭവങ്ങളുടെ ദുർവിനിയോഗത്തിലേയ്ക്കും കാര്യ ക്ഷമതയില്ലായ്മയിലേയ്ക്കും നയിക്കും. ഇക്കാരണങ്ങൾകൊണ്ട് സ്ഥായിയും നീതിപൂർവ്വവുമായ സംഭരണ വിതരണങ്ങൾ ഉറപ്പാക്കുന്നതിലൂടെ മാത്രമേ മനുഷ്യന്റെ തളർച്ചമാറ്റി ഊർജ്ജസ്വലനും സമൂഹത്തിന് ഉപകാരിയും ആക്കിമാറ്റുവാൻ സാധിക്കുകയുള്ളൂ. എന്നാൽ മാത്രമേ ജനകീയ ആസൂത്രണപ്രക്രിയയിലൂടെ നാം ലക്ഷ്യമിടുന്നത് നേടാനാവൂ.

നമ്മുടെ പഞ്ചായത്തിലെ 12 വാർഡുകളിലെയും ഗ്രാമസഭകളിൽ വിഭവസമാഹരണങ്ങൾ, അത് അപരിമേയവും അപ്രതിരോധ്യവുമായ വിഭങ്ങൾ സംഭാവന ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചു എന്നത് തന്നെ പുത്തൻ വികസന സങ്കൽപ്പങ്ങളിൽ ആശാജനകമായ വസ്തുതയാണ്. നമ്മുടെ പഞ്ചായത്തിൽ ജലവിഭാഗങ്ങളുടെ ഒരു കൂടാരമാണ്. എതിർക്കരവിള, പാറക്കൂഴി, നന്നൻക്കുഴി തുടങ്ങിയ പ്രദേശങ്ങൾ ജലസ്ത്രോതസ്സുകളുടെ ഉറവിടങ്ങളാണ്. പഞ്ചായത്തിൽ കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 24 കുളങ്ങൾ ഉണ്ട് മാത്രവുമല്ല നെല്ല്, തെങ്ങ്, പച്ചക്കറിവർഗ്ഗങ്ങൾ, മരച്ചീനി കുരുമുളക്, റബ്ബർ, തുടങ്ങിയ കാർഷിക വിളകളെ പരിപാലിക്കുവാൻ പോകുന്ന മണ്ണാണ് നമുക്കുള്ളത്.

## മാനുഷിക വിഭവങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയവിഭവം മാനവശേഷിയാണ്. പഞ്ചായത്തിലെ നാലിൽ ഒരു ഭാഗംപേർക്കും തൊഴിലെടുക്കാൻ

ആഗ്രഹമുണ്ടെങ്കിലും പണിയില്ല എന്നുള്ളതാണ് അവസ്ഥ. മാത്രവുമല്ല ഭൂരിപക്ഷം പേർക്കും മുഴുവൻ സമയം പണിയില്ല ഇവരുടെ കായിക ബൗദ്ധികശേഷി ഇന്ന് വ്യഥാവിലായിപ്പോയിക്കൊണ്ടിരിക്കുകയാണ്. മാനവശേഷിയെ ഉത്പാദനപരമായി തിരിച്ചുവിടുന്നതിന് വളരെ ശക്തമായ പ്രതിബന്ധങ്ങൾ ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്. എന്നിരുന്നാൽ തന്നെയും ഇവരെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ കർമ്മരംഗത്ത് അണിനിരത്താൻ നമുക്ക് കഴിയും. സന്നദ്ധതയുടെ അടിസ്ഥാനത്തിൽ കായിക ബൗഘ്ലികാധ്വാനം മാത്രമല്ല സാമ്പത്തികവും മറ്റ് സാങ്കേതികവിദ്യകളും സമാഹരിക്കാനാവും. നമ്മുടെ പഞ്ചായത്തിന് ഇത്തരം സന്നദ്ധ പ്രവർത്തനങ്ങൾ അന്യമല്ല.

നമ്മുടെ പഞ്ചായത്തിൽ നിന്നും വിദേശത്ത് (ഗൾഫ്, മറ്റ് രാജ്യങ്ങൾ) പോയിജോലി ചെയ്യുന്നവരായി ഏകദേശം 891 ആളുകളുണ്ട്. പ്രാദേശിക സർവ്വെയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഇവരുടെ വരുമാനത്തിന്റെ ഒരു ഭാഗം നിയമാനുസരണമായി പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞാൽ നമ്മുടെ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയാൽ പണിയെടുക്കുന്ന ഏകദേശം 11987 പേരുള്ളതായി കണക്കാക്കപ്പെടുന്നു. ഇവരുടെ സേവനവും നമ്മുക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. മാത്രവുമല്ല. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള 480 ഓളം പേരുണ്ട്. ഇവർ അവിദഗ്ദ്ധർക്ക് പരിശീലനം നൽകിയാൽ തൊഴിലാളികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ഗ്രാമീണ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തിലധിഷ്ഠിതമായ സാമൂഹിക പുരോഗതിക്ക് തുടക്കം കുറിക്കാവുന്നതാണ്. അതോടൊപ്പം തന്നെ നിലവിലുള്ള കോൺട്രാക്ട് വ്യവസ്ഥമാറ്റി വികസന പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാനും സാധിക്കും അതിലൂടെ കോൺട്രാക്റ്റിൽ കേന്ദ്രീകൃതമായ വികസനകാഴ്ചപ്പാട് വികേന്ദ്രീകരിക്കുവാനും പ്രാദേശിക സമിതികളുടെ മേൽനോട്ടത്തിൽ അഴിമതിരഹിതമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാനാകും.

### *പഞ്ചായത്ത് വരുമാനങ്ങൾ*

നമ്മുടെ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ സർക്കാർ ഗ്രാന്റുകളും, നികുതിയിനത്തിൽ ഈടാക്കുന്നവയുമാണ്. ഇതിൽ 1,82,781 രൂപ സർക്കാർ ഗ്രാന്റുകളായി ലഭിച്ചതായി പഞ്ചായത്ത് കണക്കുകൾ കാണിക്കുന്നു. മറ്റ പ്രധാന നികുതി വരുമാനങ്ങൾ കെട്ടിടനികുതിക്കും തൊഴിൽ നികുതിക്കുമാണ്. എന്നാൽ ഇവ പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയുന്നില്ല അതോടൊപ്പം തന്നെ വിനോദ നികുതി, പ്രദർശനനികുതി, ചന്ത വരവ്, ലൈസൻസ് ഫീസ്, വസ്തു കൈമാറ്റ നികുതി തുടങ്ങിയവയാണ് മറ്റ് നികുതി മാർഗ്ഗങ്ങൾ.

വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന ചില മേഖലകൾ മാത്രമാണ് ഗ്രാമസഭാറിപ്പോർട്ടുകളിലുള്ളത്. സന്നദ്ധ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം നമ്മുക്ക് പുതിയ വികസന സംസ്കാരത്തിന് ജനകീയാസൂത്രണ പദ്ധതിയോട് കൂടി നാന്ദികുറിക്കാം.

### *പ്രശ്നങ്ങൾ*

1. പഞ്ചായത്ത് നികുതികൾ പിരിച്ചെടുക്കുന്നതിൽ വീഴ്ച്ച വരുത്തുന്നു.

2. പഞ്ചായത്തിനുള്ളിലുള്ള ധനകാര്യ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങൾക്കായി ധനം വിനിയോഗിക്കുന്നില്ല.

3. മനുഷ്യന്റെ കായിക ബൗദ്ധികശേഷി വേണ്ടവിധത്തിൽ വിനിയോഗിക്കുന്നില്ല.

4. കച്ചവടസ്ഥാപനങ്ങൾക്ക് നിർബന്ധമായും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക.

5. ബാലരാമപുരം ഠൗണിന് സമാന്തരമായി ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

6. കോൺട്രാക്റ്റ് വ്യവസ്ഥ മാറ്റി വികസന പ്രവർത്തനങ്ങൾ ജനകീയ സമിതികളെ ഏൽപ്പിക്കുക.

*നിർദ്ദേശങ്ങളും സാദ്ധ്യതകളും*

1. കൂടുതൽ പൊതുചന്തകൾ പഞ്ചായത്തിലാരംഭിച്ച് ഫീസ് ഏർപ്പെടുത്തിയാൽ വരുമാനം ഉണ്ടാക്കാവുന്നതാണ്.

2. കെട്ടിട അസ്സസ്മെന്റിലെ ന്യൂനതകൾ പരിഹരിച്ച് പരിഷ്കരിച്ച് നിർബന്ധമായും പിരിച്ചെടുത്ത് വരുമാനം കൂട്ടാവുന്നതുമാണ്. മാത്രവുമല്ല കുടിശ്ശിക ഇടുന്നവർക്ക് പിഴ ഈടാക്കുന്ന രീതി കൂടി അവലംബിക്കുക.

3. പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപങ്ങളുടെ ഒരു നിശ്ചിത ഭാഗം ഇവിടെ തന്നെ വിനിയോഗിക്കുവാൻ ധനകാര്യ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുക.

4. പഞ്ചായത്ത് വകയായി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് ഫീസ് ഈടാക്കുക.

5. പഞ്ചായത്ത് വകയായി ഒരു കല്ല്യാണ മണ്ഡപം നിർമ്മിച്ച് ഫീസ് ഈടാക്കുക.

6. പഞ്ചായത്ത് വകയായി ഒരു അതിഥി മന്ദിരം നിർമ്മിച്ച് ഫീസ് ഈടാക്കുക.

7. കാറുകൾ, ആട്ടോറിക്ഷകൾ, ലോറികൾ ഇവ പാർക്കുചെയ്യുന്നതിനായി പൊതു പാർക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തി ഫീസ് ചുമത്തുക. അതിലൂടെ ബാലരാമപുരം ഠൗണിന്റെ തിരക്ക് കുറയ്ക്കാനാകും.

8. പഞ്ചായത്ത് പ്രദേശത്തുള്ള സാങ്കേതിക വൈദ്ഗ്ദ്യമുള്ളവരുടെ സേവനങ്ങൾ ഉറപ്പുവരുത്തുക.

9. കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ നികുതി 10ശതമാനമായി ഉയർത്തുക.

10. സുചീകരണത്തിന് സർവ്വീസ് ചാർജ്ജ് ഈടാക്കുക.

11. മിനി സിവിൽ സ്റ്റേഷൻ നിർമ്മിച്ച്, പഞ്ചായത്തിനുള്ളിലെ വാടകകെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ഓഫീസുകളെ മിനി സിവിൽ സ്റ്റേഷനിൽ മാറ്റി സ്ഥാപിച്ച് വാടക ഈടാക്കാവുന്നതാണ്.

12. ഠൗണിൽ നിന്നും മാറ്റി ഗതാഗത സൗകര്യത്തോടുകൂടിയ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് ഫീസ് ഈടാക്കാവുന്നതാണ്. അതിലൂടെ ഠൗണിന്റെ തിരക്ക് കുറയ്ക്കാനാകും.

13. വളർത്ത് പട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

14. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്വകാര്യ ആശുപത്രികൾക്കും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക.

15. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരമാവധി ചുരുക്കുക.

## പട്ടിക – 2

## പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ

| ധനകാര്യസ്ഥാപനങ്ങൾ | നിക്ഷേപങ്ങൾ | വായ്പകൾ |
|---|---|---|
| എസ്സ്.ബി.റ്റി. ബാലരാമപുരം | 425800000 | 104809000 |
| കേരള സംസ്ഥാന ഫൈനാൻഷ്യൽ എന്റെർപ്രൈസസ്, ബാലരാമപുരം | 7800000 | 9840000 |
| ഇൻഡ്യൻ ബാങ്ക്, ബാലരാമപുരം | 38000000 | 23277000 |
| ബാങ്ക് ഓഫ് ഇൻഡ്യ, ബാലരാമപുരം | 9070000 | 7388000 |
| തമിഴ്നാട് മെർക്കന്റയിൽ ബാങ്ക്, ബാലരാമപുരം | 11324000 | 7890000 |
| തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, ബാലരാമപുരം | 74166168 | 21135000 |
| ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക്, റ്റി.14 | 21823799 | 21898099 |
| അന്തിയൂർ സർവ്വീസ് സഹകരണബാങ്ക് നമ്പർ.1116 | 3122454 | 3935906 |

അവലംബം: ദ്വിതീയ വിവരശേഖരണം.

## പട്ടിക – 1

## വരവ് ചെലവ് കണക്കുകൾ 1995–1996

| വരവുകൾ | രൂപ | പൈസ | ചെലവ് | രൂപ | പൈസ |
|---|---|---|---|---|---|
| 1994–95 നീക്കിയിരിപ്പ് | 827618 | 44 | ഭരണം | 631459 | 5 |
| കെട്ടിട നികുതി | 314765 | | പൊതുമരാമത്ത് | 534526 | |
| തൊഴിൽ നികുതി | 222180 | | വിദ്യാഭ്യാസം | 6261 | 50 |
| സർവ്വീസ് ചാർജ് | 9281 | 85 | ജലവിതരണം, ഓടകൾ | 186548 | 50 |
| വിനോദ നികുതി | 71741 | 50 | പൊതുജനാരോഗ്യം | 174221 | |
| അഡി. വിനോദ നികുതി | 71741 | 50 | പൊതുജനാരോഗ്യം | 174221 | |
| പ്രദർശന നികുതി | 4143 | | മറ്റുള്ളവ | 51761 | 90 |
| പ്രദർശന നികുതി സർചാർജ് | 1344 | 50 | നീക്കിയിരിപ്പ് | 399038 | 41 |
| ചന്ത വരവ് | 115700 | | | | |
| ലൈസൻസ് ഫീസ് | 47617 | | | | |
| വസ്തു കൈമാറ്റനികുതി 75% | 124541 | | | | |
| വസ്തു കൈമാറ്റനികുതി 25% | 150000 | | | | |
| ഗ്രാന്റുകൾ, മറ്റു വരവുകൾ | 182781 | | | | |
| ഡെപ്പോസിറ്റ് | 44609 | | | | |
| മറ്റുള്ളവ | | | | | |
| ആകെ | 2157388 | 46 | ആകെ | 2157388 | 46 |

അവലംബം: ദ്വിതീയ വിവരശേഖരണം.

## പട്ടിക – 3

പിരിച്ചെടുത്ത ലൈസൻസ് ഫീസ്

| വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണകടകൾ | മറ്റുള്ളവ | ആകെ ഫീസ് |
|---|---|---|---|---|
| 54 | 22 | 430 | 09 | 47617 |

അവലംബം : ഗ്രാമപഞ്ചായത്ത് ആഫീസ്

## പട്ടിക – 4

നികുതി കുടിശ്ശിക

| | | | |
|---|---|---|---|
| നികുതി ഇനം | 605540 | 314765 | 290775 |
| തൊഴിൽ നികുതി | 354042 | 222180 | 131862 |
| ആകെ | 959582 | 536945 | 422637 |

അവലംബം : ഗ്രാമപഞ്ചായത്ത് ആഫീസ്

## ബാലരാമപുരം ഗ്രാമപഞ്ചായത്ത് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ

| ക്ര. നം. | സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി വില | ഓഹരി മൂലധനം | ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ് | സർക്കാർ ഓഹരി | ലാഭം/നഷ്ടം | ജീവനക്കാർ | മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|---|
| 1. | ബാലരാമപുരംവീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണസംഘം H IND 258 | 1969 | 233 | 200 | 30,00,000 | NC | 6,85,400 | | | |
| 2. | മൈലാമൂട് കൈത്തറി നെയ്ത്ത് സഹകരണസംഘം H IND 302 | 1966 | 297 | 500 | 25,00,000 | NC | 3,34,400 | | | |
| 3. | വിജയാകൈത്തറി നെയ്ത്തു സഹകരണസംഘം H 36 | 1982 | 155 | 100 | 2,00,000 | NC | 15,57,100 | | | |
| 4. | പനയറക്കുന്ന് വീവേഴ്സ് ഇന്ഡസ്ട്രിയൽ സഹകരണസംഘം H IND (T) 239 | 1966 | 207 | 200 | 20,00,000 | NC | 2,65,000 | | | |
| 5. | ബാലരാമപുരം വീവേഴ്സ്പ്രൊഡക്ഷൻ & വിൽപ്പന സഹകരണസംഘം No.1469 | 1927 | 441 | 100 | 6,00,000 | NC | 1,67,200 | | | |
| 6. | ബാലരാമപുരം ഹരിജൻ ഹാന്റ്ലൂം ഇൻഡസ്ട്രിയൽ സഹകരണസംഘം HIND (T)357 | 981 | 185 | 200 | 4,83,008/80 | NC | 215,500 | | | |
| 7. | പുന്നയ്ക്കാട് കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം No.T.319 | 1979 | 120 | 300 | 1,01,847/89 | NC | 69,700 | | | |
| 8. | ബാലരാമപുരം കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം No.3399 | 1954 | 162 | 200 | 2,00,000 | NC | ഇല്ല | | | |
| 9. | അന്തിയൂർ കൈത്തറി നെയ്ത്ത് സഹകരണസംഘം No. H. 135 | 1957 | 179 | 2500 | 50,00,000 | NC | 5,17,500 | | | |
| 10. | മിഡാന്നൂർക്കോണം കൈത്തറി (ഉല്പാദക ക്രയവിക്രയ)സഹകരണസംഘം No. HIND (T)395 | 1984 | 81 | 500 | 10,00,000 | NC | 1,01,400 | | | |
| 11. | ബാലരാമപുരം ഠൗൺ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം No. 3364 | 1954 | 116 | 1000 | 25,862/73 | NC | ഇല്ല | | | |

| ക്ര. നം. | സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി വില | ഓഹരി മൂലധനം | ഓഡിറ്റ്/നോൺ ഓഡിറ്റ് | സർക്കാർ ഓഹരി | ലാഭം/നഷ്ടം | ജീവനക്കാർ | മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|---|
| 12. | പാലച്ചൽക്കോണം കൈത്തറി നെയ്ത്ത് സഹകരണസംഘം No. T 346 | 1980 | 245 | 2500 | 25,00,000 | NC | 3,06,000 | | | |
| 13. | തലയൽ കൈത്തറി നെയ്ത്ത് സഹകരണസംഘം No. T 3366 | 1955 | 213 | 200 | 2,00,000 | NC | 6000 | | | |
| 14. | വനിത കൈത്തറി നെയ്ത്ത് സഹകരണസംഘം No. T 331 | 1980 | 100 | 100 | 2,00,000 | NC | 1,01,000 | | | |
| | | | | | | | | | | |
| 15. | വട്ടവിള കൈത്തറി നെയ്ത്ത് സഹകരണസംഘം Ltd. No. H 196 | 1958 | 245 | 500 | 25,00,000 | NC | 7,18,800 | | | |
| 16. | പുതിച്ചവിള കൈത്തറി നെയ്ത്ത് (ഉല്പാദക വിക്രയ) സഹകരണസംഘം No. 3417 | 1954 | 129 | 500 | 1,00,000 | NC | 1,09,200 | | | |
| 17. | മാതാനന്ദമയിപോയസ്റ്റ് കൈത്തറി നെയ്ത്ത് സഹകരണസംഘം HIND (T) 631 | 1996 | 60 | 500 | 10,00,000 | NC | ഇല്ല | | | |

# ബാലരാമപുരം ഗ്രാമപഞ്ചായത്ത് - തൊഴിൽ പങ്കാളിത്തം

തൊഴിലാളികളുടെ എണ്ണം - വിവിധ മേഖലകളിൽ

| തൊഴിൽ | പുരുഷൻ | സ്ത്രീ | ആകെ | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 1195 | 269 | 1464 | 4.63 |
| കർഷകത്തൊഴിലാളികൾ | 2508 | 425 | 2933 | 9.29 |
| മൃഗപരിപാലനം, മത്സ്യ ബന്ധനം | 52 | 09 | 61 | 0.19 |
| പാറപൊടിക്കൽ | 18 | - | 18 | 0.05 |
| കുടിൽ വ്യവസായം | 939 | 1013 | 1952 | 6.18 |
| കുടിലേതര വ്യവസായം | 703 | 289 | 992 | 3.14 |
| കെട്ടിട റോഡ് നിർമ്മാണം | 184 | 08 | 192 | 0.60 |
| സർക്കാർ ജീവനം | 855 | 404 | 1259 | 3.98 |
| വാണിജ്യം | 1172 | 123 | 1295 | 4.10 |
| മറ്റുസേവനങ്ങൾ | 193 | 173 | 366 | 1.15 |
| ഗതാഗതം, വാർത്താവിനിമയം | 480 | 16 | 496 | 1.57 |
| തൊഴിലില്ലാത്തവർ | 4445 | 7542 | 11987 | 37.98 |
| ആകെ | 8299 | 2729 | 11028 | 34.94 |

അവലംബം പ്രാദേശിക സർവ്വെ

## ബാലരാമപുരം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് രാജ്നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നുംഅനുവദിച്ച തുക സംബന്ധിച്ച്

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | 2500 | - | 2500 |
| ആരോഗ്യം | 77125 | - | 77125 |
| കൃഷി | 228840 | - | 228840 |
| പി.ഡബ്ല്യു.ഡി | 77100 | - | 77100 |
| ഹരിജനക്ഷേമം | 86750 | - | 86750 |
| മറ്റുള്ളവ | 78720 | - | 78720 |
| | പെൻഷൻ | | |
| ആകെ | 551035 | - | 551035 |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത് തൊഴിലെടുക്കുന്നവരുടെ വിവരം

| തൊഴിലിന്റെ സ്വഭാവം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| പ്രധാന തൊഴിലുകൾ | 8106 | 2556 | 10662 |
| ഭാഗിക തൊഴിലുകൾ | 193 | 173 | 366 |
| ആകെ | 8299 | 2729 | 11028 |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## കെട്ടിടങ്ങളുടെ എണ്ണം - താരതമ്യപഠനം

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| 10083 | 812 | 891 | 921 | 998 | 10083 |

അവലംബം പഞ്ചായത്താഫീസ്

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ (വിഭവ സമാഹരണം) ലേല രജിസ്റ്റർ

| ചന്ത | സ്റ്റാൾ | ചവറ് | പട്ടമരങ്ങൾ | ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ് / കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 115600 | 123673 | 3750 | 3750 | 3530 | 62 | 4500 | 263273 |

അവലംബം പഞ്ചായത്താഫീസ്

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## ഗ്രാൻറ് വിവരങ്ങൾ (ഗ്രാൻറ് രജിസ്റ്ററും, സ്പെഷ്യൽ ഗ്രാൻറ് രജിസ്റ്ററും)

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി | | Spl.Grand രൂപ | JRY രൂപ | അൺടൈഡ് ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% രൂപ | 75% രൂപ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| തുക 17540 | 5950 | 77269 | 150,000 | 71712 | | 174500 | 251490 | |

അവലംബം പഞ്ചായത്താഫീസ്

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## ആക്ഷൻ പ്ലാൻ 96-97 (അൺടൈഡ് ഫണ്ട്)

| | | |
|---|---|---|
| | ജനറൽ സെക്ടർ | |
| 1 | ഗ്രാമീമ ആരോഗ്യ പദ്ധതിപ്രകാരം പി.എച്ച്. സെൻറർ റോഡ് ടാറിങ് നടത്തുക അടങ്കൽ തുക | 1,25,000 |
| 2 | ശാസ്താം കോവിൽ റോഡ് പുനരുദ്ധാരണ പദ്ധതി | 1,00,000 |
| 3 | എൻ.എച്ച് ഇടവഴി കോൺക്രീറ്റ് | 75,000 |
| 4 | ഇടമനക്കുഴി തെക്കേക്കുളം ഇടവഴി കോൺക്രീറ്റ് | 40,000 |
| 5 | അകരത്ത് നടപ്പാലം കെട്ടുക | 30,000 |
| | എസ്.സി.പി | |
| 1 | പാറക്കുഴി ഹരിജൻ നഴ്സറി സ്കൂളിന് 5 സെൻറ് സ്ഥലം വാങ്ങുക (പ്രൈമറി വിദ്യാഭ്യാസം) | 30,000 |
| 2 | ഇടക്കോണം ഹരിജൻ കോളനി ബണ്ട് നിർമ്മാണം | 15,000 |
| 3 | തേമ്പാമുട്ടം എരുത്താവൂർ കാഞ്ഞിരംവിളാകം റോഡ് സൈഡ്വാൾ കെട്ടി സ്ലാബിടുക (ശുദ്ധജല പദ്ധതി പ്രകാരം) | 40,000 |
| 4 | തേരന്നൂർ ഹരിജൻ കോളനി റോഡ് റീ ടാറിംങ്ങ് | 1,00,000 |
| 5 | നെല്ലിവിള അടുപ്പിൽറോഡ് ടാറിംങ്ങ് | 92,48,000 |
| | | 6,48,000 |
| | പി.ഡി. സ്കീം | |
| 1 | പൂവാർ റോഡിൽ നിന്നും ശാസ്താംകോവിൽ റോഡ് കോൺക്രീറ്റ് | 50,000 |
| 2 | ഐത്തിയൂർ ഭഗവതി നട റോഡിൽ ആവശ്യമായ ഭാഗത്ത് സൈഡ്വാൾ കെട്ടുക | 50,000 |
| 3 | ആലുവിള റോഡിൽ തലയൽ തോട് വരെ റീടാറിംങ്ങ് | 1,17,000 |
| | | 2,17,000 |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | നെയ്ത്ത്, എംബ്രോയിഡറി | 2 | 2 | - | - |
| 2 | നെയ്ത്ത്, | 3 | 3 | - | - |
| | റേഡിയോ, ടിവി മെക്കാനിസം | 2 | | കടയിൽ തൊഴിൽ ചെയ്യുന്നു. | |
| 3 | എംബ്രോയിഡറി | 1 | 1 | | |
| | വെൽഡിംഗ് | 1 | | വർക്ക്ഷോപ്പിൽ പണി ചെയ്യുന്നു. | |
| 4. | നെയ്ത്ത് | 2 | 2 | | |
| | എംബ്രോയിഡറി | 3 | 3 | | |
| | വെൽഡിംഗ് | 2 | 2 | വർക്ക് ഷോപ്പിൽ പണിചെയ്യുന്നു. | |
| 6. | [illegible] ചെരുപ്പു നിർമ്മാണം | 16 | 8 | 4 | 4 |
| | എംബ്രോയിഡറി | 4 | 2 | - | 2 |
| 11. | എംബ്രോയിഡറി | 2 | 1 | 1 | - |

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്
## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| VI | നെയ്ത്ത് | 1993-94 | 10 | നല്ലരീതിയൽ പ്രവർത്തിക്കുന്നു |
| XI | നെയ്ത്ത് | 1994-95 | 10 | നല്ലരീതിയൽ പ്രവർത്തിക്കുന്നു |
| II | നെയ്ത്ത് | 1995-96 | 10 | നല്ലരീതിയൽ പ്രവർത്തിക്കുന്നു |

പഞ്ചായത്തിലെ ഗ്രാമവികസന പദ്ധതികൾക്കായി പൊതുനിർദ്ദേശങ്ങൾ

1. മിനി സിവിൽസ്റ്റേഷൻ
2. ബസ്സ്റ്റാൻഡ്
3. വിനോദ സഞ്ചാരകേന്ദ്രം
4. ഠൗണിന് സമീപത്ത് ഒരു ആധുനിക പാർക്ക്
5. കൈത്തറി വ്യവസായത്തിന് ആധുനിക വനിതാ ഡിസൈൻ സെൻറർ
6. സ്റ്റേഡിയം
7. സാസ്ക്കാരിക നിലയം
8. കമ്മ്യൂണിറ്റി ഹാൾ
9. കല്യാണമണ്ഡപം
10. നാടൻ കലാരൂപങ്ങൾക്ക് ഒരു നാട്യഗൃഹം
11. നിയമവിദഗ്ധരുടെ ലീഗൽസെൽ
12. വിഷ ചികിത്സാകേന്ദ്രം
13. എൻ.എച്ച്-47ൽ ഒരു ഫ്ലൈ ഓവർ
14. ഒരു കോളേജ്
15. റ്റി.റ്റി.സി. കേന്ദ്രം
16. ഗവൺമെൻറ് പോളിടെക്നിക്
17. ഇൻജിനീയറിംഗ് കോളേജ്
18. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ
19. ഗവൺമെൻറ് ഐ.റ്റി.സി.
20. പരിസരശുചീകരണത്തിന് ആരോഗ്യകേന്ദ്രം
21. സാസ്ക്കാരിക ഗവേഷണകേന്ദ്രം.
22. കിടക്കകളോടുകൂടിയ ഗവൺമെൻറ് ആശുപത്രി
23. ആയുർവേദ ആശുപത്രി കിടക്കകളോടുകൂടി ഠൗണിന് സമീപം വയ്ക്കുക.
24. മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്.